www.malankaralibrary.com

# വേദോപദേശ സംഗ്രഹം

ഒന്നും, രണ്ടും, മൂന്നും ഭാഗങ്ങൾ.

---

റവ. ഫാദർ തോമ്മസ് വടശ്ശേരി
എൽ. ഡി. (റോം)
പരിഷ്ക്കരിച്ചത്

സെന്റ് ജോസഫ്സ് പ്രിന്റിംഗ് ഹൗസ്
തിരുവല്ലാ

www.malankaralibrary.com

# വേദോപദേശ സംഗ്രഹം.

## ഒന്നും, രണ്ടും, മൂന്നും ഭാഗങ്ങൾ.

ശ്രേഷ്ഠാനുമതിയോടുകൂടി
"ക്രിസ്തീയവേദോപദേശസംക്ഷേപം"
എന്ന ഗ്രന്ഥത്തിൽ കൂടുതൽ ചോദ്യോത്തരങ്ങൾ
ചേർത്തു്

റവ. ഫാദർ തോമ്മസ്സ് വടശ്ശേരി
എൽ. ഡി. (റോം)
പരിഷ്കരിച്ചതു്.

സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൌസ്
തിരുവല്ലാ.

www.malankaralibrary.com

*Imprimatur*

+ Zacharias Mar Athanasios,
Bishop of Tiruvalla.

Marygiri,
Tiruvalla,
15—10—1958.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിഷയാനുക്രമണി.

## ഒന്നാംഭാഗം.


| പാഠം. | വിഷയം. | പുറം. |
|---|---|---|
| 1. | വിശുദ്ധ കുരിശിന്റെ അടയാളം, കൌമാ | 2 |
| 2. | കർത്താവിന്റെ പ്രാർത്ഥന | 3 |
| 3. | നന്മനിറഞ്ഞമറിയം | 4 |
| 4. | ത്രിത്വസ്തുതി | 4 |
| 5. | ത്രികാലപ്രാർത്ഥന | 5 |
| 6. | "ഹാശാ" ബുധനാഴ്ച സന്ധ്യതുടങ്ങി "ഹാശാ" ശനിയാഴ്ച കാലത്തുവരെ ചൊല്ലേണ്ട പ്രാർത്ഥനം. | 6 |
| 7. | "ഹാശാ" ശനിയാഴ്ച തുടങ്ങി വി. ത്രിത്വത്തിന്റെ (പെന്തിക്കോസ്തി കഴിഞ്ഞുവരുന്ന) ഞായറാഴ്ചയുടെ തലേ ശനിയാഴ്ചവരെ ചൊല്ലേണ്ട പ്രാർത്ഥനം. | 6 |
| 8. | "എത്രയും ദയയുള്ള മാതാവേ" | 7 |
| 9. | അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം | 8 |
| 10. | നിഖ്യാവിശ്വാസപ്രമാണം | 9 |
| 11. | ദൈവകല്പനകൾ | 11 |
| 12. | തിരുസഭയുടെ കല്പനകൾ | 12 |
| 13. | മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും | 13 |
| 14. | കൂദാശകൾ | 14 |
| 15. | ഫലപ്രദമായി കുമ്പസാരിക്കാൻ, അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ | ,, |
| 16. | A. കുമ്പസാരപ്രകരണം | 15 |
| ,, | B. മൌദ്യോനൂസോ | 16 |
| 17. | മനസ്താപപ്രകരണം | ,, |
| 18. | വി. കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കാൻ ചെയ്യേണ്ട കാര്യങ്ങൾ | 17 |
| 19. | "സ്വർഗ്ഗരാജ്ഞീ" | ,, |

www.malankaralibrary.com




| പാഠം | | പുറം |
|---|---|---|
| 20. | ദൈവത്തിന്റെ പ്രധാന ലക്ഷണങ്ങൾ | 18 |
| 21. | ദൈവിക പുണ്യങ്ങൾ | ” |
| 22. | A. വിശ്വാസപ്രകരണം (വലിയത്) | 18 |
| | B. വിശ്വാസപ്രകരണം (ചെറുത്) | 19 |
| 23. | പ്രത്യാശാപ്രകരണം | 19 |
| 24. | സ്നേഹപ്രകരണം | 20 |
| 25. | സന്മാർഗ്ഗജീവിതത്തിന് ഉപകരിക്കുന്ന പുണ്യങ്ങൾ | 20 |
| 26. | മൌലിക സൽകൃത്യങ്ങൾ | ” |
| 27. | കാരുണ്യപ്രവൃത്തികൾ | ” |
| 28. | സുവിശേഷപരമായ ഉൽകൃഷ്ടനിർദ്ദേശങ്ങൾ | 21 |
| 29. | സുവിശേഷപരമായ ഭാഗ്യങ്ങൾ | 21 |
| 30. | പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ | 22 |
| 31. | പരിശുദ്ധാത്മാവിന്റെ പ്രസാദഫലങ്ങൾ | ” |
| 32. | പരിശുദ്ധാത്മാവിന് എതിരായ പാപങ്ങൾ | 23 |
| 33. | ദൈവസന്നിധിയിൽ പ്രതികാരത്തിന് വിലപിക്കുന്ന പാപങ്ങൾ | 23 |
| 34. | മനുഷ്യന്റെ അന്ത്യം | 24 |
| 35. | അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവളേ | 24 |
| 36. | മോറാനീശോമ്ശിഹാ | 24 |
| 37. | 51-ാം മസ്മൂറാ | 25 |


## രണ്ടാം ഭാഗം.

### വേദസത്യങ്ങളെ സംബന്ധിച്ചുള്ള ചോദ്യോത്തരങ്ങൾ.


| അദ്ധ്യായം | വിഷയം | പുറം |
|---|---|---|
| 1. | ദൈവവും സൃഷ്ടിയുടെ ഉദ്ദേശ്യവും | 27 |
| | 1) ദൈവം | ” |
| | 2) സൃഷ്ടിയുടെ ഉദ്ദേശ്യം | 28 |

www.malankaralibrary.com




| അദ്ധ്യായം | | പുറം |
|---|---|---|
| 2. | നിത്യരക്ഷ പ്രാപിക്കുവാൻ അവശ്യം അറിഞ്ഞു വിശ്വസിക്കേണ്ട വേദസത്യങ്ങൾ. | 29 |
| | 1. പ്രധാന വേദസത്യങ്ങൾ | 29 |
| | 2. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും | 30 |
| 3. | ദൈവപുത്രന്റെ മനുഷ്യാവതാരം | 31 |
| 4. | പരിശുദ്ധാത്മാവും തിരുസഭയും | 33 |
| | 1) പരിശുദ്ധാത്മാവു് | 34 |
| | 2) തിരുസഭ | 35 |
| | 1) തിരുസഭയുടെ പരമാദ്ധ്യക്ഷൻ | 35 |
| | 2) റോമ്മാസിംഹാസനവുമായുള്ള ഐക്യത്തിന്റെ ആവശ്യകത | 36 |
| | 3) തിരുസഭയ്ക്കു പുറമേ നിത്യരക്ഷയില്ല | 38 |
| | 4) സത്യസഭയുടെ ലക്ഷണങ്ങൾ | 42 |
| | 5) കത്തോലിക്കാസഭമാത്രമാണു സത്യസഭ | 42 |
| | 6) തിരുസഭയുടെ അപ്രമാദിത്വം | 44 |
| | 7) തിരുസഭാഭരണം | 46 |


## മൂന്നാം ഭാഗം.


| | | |
|---|---|---|
| 1. | ദൈവകല്പനകൾ | |
| | 1) ദൈവകല്പനകൾ അനുസരിക്കേണ്ടതിന്റെ ആവശ്യകത | 47 |
| | 2) ഒന്നാം കല്പന | 48 |
| | 3) രണ്ടാം കല്പന. | 49 |
| | 4) മൂന്നാം കല്പന. | 50 |
| | 5) നാലാം കല്പന | 50 |
| | 6) അഞ്ചാം കല്പന | 51 |
| | 7) ആറാം കല്പന | 51 |
| | 8) ഏഴാം കല്പന | 51 |
| | 9) എട്ടാം കല്പന | 52 |
| | 10) ഒൻപതാം കല്പന | 52 |

www.malankaralibrary.com




| അദ്ധ്യായം | പുറം |
|---|---|
| 11) പത്താം കല്പന | 53 |
| 12) ദൈവകല്പനകളുടെ സംഗ്രഹം | 54 |
| 2. സുവിശേഷപരമായ ഉൽകൃഷ്ടോപദേശങ്ങളും, തിരുസഭയുടെ കല്പനകളും | 54 |
| 1) സുവിശേഷപരമായ ഉൽകൃഷ്ടോപദേശങ്ങൾ | 54 |
| 2) തിരുസഭയുടെ കല്പനകൾ | 54 |
| 1) ,, അഞ്ചു കല്പനകൾ | ,, |
| 2) ,, ഒന്നാം കല്പന | 55 |
| 3) ,, രണ്ടാം കല്പന | ,, |
| 4) ,, മൂന്നാം കല്പന | 56 |
| 5) ,, നാലാം കല്പന | 59 |
| 6) ,, അഞ്ചാം കല്പന | 59 |
| 7) ,, കല്പനകൾ അനുസരിക്കുന്നതിനുള്ള ചുമതല | 60 |
| 3. പാപം | 61 |
| 1) പാപത്തിന്റെ നിർവ്വചനവും വിഭാഗവും | ,, |
| 2) ജന്മപാപം | 61 |
| 3) കർമ്മപാപം | 62 |
| 4) മരണകരമായ പാപം | 62 |
| 5) ലഘുപാപം | 63 |
| 6) പുണ്യവസ്തുദൂഷണം | 65 |
| 7) മൂലപാപങ്ങൾ | 65 |
| 8) പരിശുദ്ധാത്മാവിന് എതിരായ പാപങ്ങൾ | 67 |
| 9) ദൈവസന്നിധിയിൽ പ്രതികാരത്തിന് വിലപിക്കുന്ന പാപങ്ങൾ | 67 |
| 4. പുണ്യങ്ങൾ | 67 |
| I. പുണ്യത്തിന്റെ നിർവ്വചനവും വിഭാഗവും | ,, |
| II. ദൈവിക പുണ്യങ്ങൾ | |
| III. വിശ്വാസം, പ്രത്യാശ, ഉപവി എന്നീ ദൈവിക പുണ്യങ്ങളുടെ പ്രകരണങ്ങൾ | 70 |
| 1) വിശ്വാസപ്രകരണം (ചെറുത്) | ,, |
| 2) പ്രത്യാശാപ്രകരണം | ,, |
| 3) സ്നേഹപ്രകരണം | ,, |
| IV. സാന്മാർഗ്ഗിക പുണ്യങ്ങൾ | ,, |

www.malankaralibrary.com



| അദ്ധ്യായം | പുറം |
|---|---|
| 5. പ്രസാദവരം, പ്രാർത്ഥനകൾ, കൂദാശകൾ | 71 |
| I. പ്രസാദവരം | 71 |
| II. പ്രാർത്ഥന | 72 |
| III. കൂദാശകൾ | 74 |
| 1) മരിച്ചവരുടെ കൂദാശകൾ | 76 |
| 2) ജീവിച്ചിരിക്കുന്നവരുടെ കൂദാശകൾ | „ |
| 3) ആത്മാവിൽ അക്ഷയചിഹ്നം (മുദ്ര) പതിക്കുന്ന കൂദാശകൾ | „ |
| 4) മാമ്മോദീസാ | 77 |
| 5) മൂറോൻ (സ്ഥിരീകരണം) | 81 |
| 6) കുർബാന | „ |
| 7) കുമ്പസാരം | 82 |
| 8) രോഗികളുടെ തൈലാഭിഷേകം (അന്ത്യലേപനം) | „ |
| 9) പട്ടത്വം (പൌരോഹിത്യം) | 83 |
| 10) വിവാഹം | 84 |
| 6. കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകളെ സംബന്ധിച്ചുള്ള പ്രത്യേകപാഠം | 85 |
| I. കുമ്പസാരം | „ |
| 1) കുമ്പസാരത്തെപ്പറ്റി പൊതുവായി അറിയേണ്ടവ | „ |
| 2) ഫലപ്രദമായി കുമ്പസാരിക്കുവാൻ അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ | 88 |
| 3) കുമ്പസാരത്തിന്റെ ഒന്നാം വ്യവസ്ഥ | „ |
| 4) കുമ്പസാരത്തിന്റെ രണ്ടാം വ്യവസ്ഥ | 89 |
| 5) കുമ്പസാരത്തിന്റെ മൂന്നാം വ്യവസ്ഥ | 93 |
| 6) കുമ്പസാരത്തിന്റെ നാലാം വ്യവസ്ഥ | 96 |
| 7) കുമ്പസാരത്തിനു ശേഷം ചൊല്ലാവുന്ന കൃതജ്ഞതാപ്രകരണം | 97 |
| 8) കുമ്പസാരത്തിന്റെ അഞ്ചാം വ്യവസ്ഥ | 100 |
| 9) ബന്ധവിമോചനം | 102 |
| II. വിശുദ്ധ കുർബാന | 104 |
| 1) വിശുദ്ധ കുർബാനയുടെ നിർവചനവും വിഭാഗവും | 104 |

www.malankaralibrary.com




| അദ്ധ്യായം | | പുറം |
|---|---|---|
| | 2) വിശുദ്ധ കർബ്ബാനയുടെ സ്ഥാപനവും അതിൽ യേശുവിന്റെ സാക്ഷാൽ സാന്നിദ്ധ്യവും | 106 |
| | 3) വിശുദ്ധ കർബ്ബാന ആത്മാവിന്റെ ഭോജനമാകുന്നു. | 109 |
| | 4) വിശുദ്ധ കർബ്ബാന യോഗ്യതാപൂർവ്വം സ്വീകരിക്കുവാൻ വേണ്ട ഒരുക്കങ്ങൾ | 111 |
| | 5) വിശുദ്ധ കർബ്ബാന സ്വീകരിക്കുന്നതിനുള്ള കടമ | 115 |
| | 6) അനുദിന ദിവ്യകാരുണ്യ സ്വീകരണം | 116 |
| | 7) വിശുദ്ധ കർബ്ബാനയോടുള്ള ഭക്തി | 117 |
| | 8) വിശുദ്ധ കർബ്ബാന ദിവ്യബലിയാകുന്നു | 118 |
| 7. | ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനം | 121 |
| | കത്തോലിക്കരുടെ ഇടയിൽ ഏറ്റവും പ്രചാരത്തിലിരിക്കുന്ന ചില പ്രാർത്ഥനകൾ. | |
| 1. | പരിശുദ്ധ ദൈവമാതാവിന്റെ ജപമാല | 139 |
| 2. | തിരുസഭയുടെ മദ്ധ്യസ്ഥനായ മാർ യൌസേപ്പു പിതാവിനോടുള്ള പ്രാർത്ഥന | 149 |
| 3. | തിരുഹൃദയജപമാല | 150 |
| 4. | അകത്തോലിക്കരുടെ മാനസാന്തരത്തിനായുള്ള പ്രാർത്ഥന | 152 |

www.malankaralibrary.com

St. Anne's Church
Eraviperoor

# വേദോപദേശ സംഗ്രഹം.

## ഒന്നാം ഭാഗം.

### കുരിശുവരയുടെ സാരാംശം.

✠

ഒരു ദൈവമേ ഉള്ളൂ. ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമാകുന്നു. ആയതുകൊണ്ടു ത്രിത്വൈക്യം കാണിക്കുവാനായി മൂന്നു വിരലുകൾ ഒന്നായി ചേൎത്തു കുരിശു വരക്കേണം.

ത്രിത്വത്തിൽ രണ്ടാമത്തെ ആളായ പുത്രനായ ദൈവം മനുഷ്യരെ രക്ഷിപ്പാനായി സ്വൎഗ്ഗത്തിൽനിന്നും ഭൂമിയിലേക്കു ഇറങ്ങിയതിനെ കാണിക്കുന്നതിനു നെററിയിൽനിന്നും നെഞ്ചിലേക്കും, പാപം മൂലം ഇടത്തേതിലായിരുന്ന (അതായതു ദൈവത്തിന്റെ അപ്രീതിക്കു പാത്രീഭൂതരായിരുന്ന) നമ്മെ രക്ഷകനായ യേശുക്രിസ്തുവിന്റെ കുരിശുമരണംമൂലം വലത്തുഭാഗത്തെ മക്കളാക്കിത്തീൎത്തതിനെ (അതായതു ദൈവത്തിന്റെ പ്രീതിക്കു പാത്രീഭൂതരാക്കിത്തീൎത്തതിനെ) കാണിപ്പാനായി ഇടത്തെ തോളിൽ നിന്നു വലത്തെ തോളിലേക്കും കുരിശു വരക്കേണം.

www.malankaralibrary.com



## പാഠം 1.

### വിശുദ്ധ കുരിശിന്റെ അടയാളം.

വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽനിന്ന ദൈവമേ! ഞങ്ങളെ നീ രക്ഷിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മീൻ.

### കൌമാ.

(കുരിശു വരച്ചുകൊണ്ട് ആരംഭിക്കണം)

ബാവായും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ ആമ്മീൻ.

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ.

ഉയരങ്ങളിൽ ഓശാന. ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

ദൈവമേ! നീ പരിശുദ്ധനാകുന്നു. ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ✝ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു. ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ✝ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

---

+ ഇവിടെ കുരിശുവരച്ചു കുമ്പിട്ടു വന്ദിക്കണം. ഞായറാഴ്ചയും മാറാനായ പെരുനാളുകളിലും കുമ്പിടേണ്ടാ.

www.malankaralibrary.com


ദൈവമേ! നീ പരിശുദ്ധനാകുന്നു. ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ✝ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

ഞങ്ങളുടെ കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ടു് ഞങ്ങളെ അനുഗ്രഹിക്കണമേ.

ദൈവമേ! നിനക്കു സ്തുതി. സ്രഷ്ടാവേ! നിനക്കു സ്തുതി. പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാരാജാവേ! നിനക്കു സ്തുതി. ബാറെക്ക്മോർ.

## പാഠം 2.

### കർത്താവിന്റെ പ്രാർത്ഥന.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ, നിന്റെ തിരുവിഷ്ടം ആകാശത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കു് ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ, ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

www.malankaralibrary.com



## പാഠം 3.

### നന്മനിറഞ്ഞ മറിയം.

നന്മനിറഞ്ഞ മറിയമേ! നിനക്കു സ്വസ്തി. കൎത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. നിൻെറ ഉദരഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു. വിശുദ്ധ മറിയമേ, തമ്പുരാൻെറ അമ്മേ! പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

## പാഠം 4.

### ത്രിത്വസ്തുതി.

പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി.

* ആദിമുതൽ എന്നേക്കും. ആമ്മീൻ.

### ഉണരുമ്പോൾ.

✝ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ. ആമ്മീൻ.

### ഉണൎന്നാലുടൻ.

കൎത്താവേ, സുഖത്തോടെ എന്നെ എഴുന്നേല്പിച്ചതിനായി നിനക്കു സ്തോത്രം. ഇന്നു പകൽ മുഴുവൻ നിന്നോടുള്ള സ്നേഹത്തിലും നിനക്കുവേണ്ടിയും ജീവിപ്പാൻ എന്നെ ഞാൻ നിനക്കു സമൎപ്പിക്കുന്നു. എന്നെ സഹായിക്കണമെ.

---

* ആദിമുതൽ എന്നേക്കും ആമ്മീൻ = ആദിയിലെപ്പോലെ ഇപ്പോഴും, എല്ലായ്പോഴും, കാലാകാലത്തോളവും ആമ്മീൻ.

www.malankaralibrary.com



## പാഠം 5.

### * ത്രികാലപ്രാൎത്ഥന.

കൎത്താവിൻെറ മാലാഖാ മൎത്തമറിയാമ്മിനോടു വചിച്ചു; പരിശുദ്ധാത്മാവിനാൽ അവൾ ഗൎഭിണിയായി. 1 നന്മ.

ഇതാ! ഞാൻ കൎത്താവിൻെറ ദാസി; നിൻെറ വചനംപോലെ എനിക്കു ഭവിക്കട്ടെ. 1 നന്മ.

വചനം ശരീരിയായി * നമ്മോടുകൂടെ വസിച്ചു. 1 നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സൎവ്വേശ്വരൻെറ പരിശുദ്ധമാതാവേ! ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

നമുക്കു പ്രാൎത്ഥിക്കാം.

സൎവ്വേശ്വരാ, കൎത്താവേ! മാലാഖാ അറിയിച്ചു പ്രകാരം നിൻെറ പുത്രൻ ഈശോമിശിഹാ മനുഷ്യനായി എന്നതു് അറിഞ്ഞിരിക്കുന്ന ഞങ്ങൾ, അവൻെറ പീഡാനുഭവത്താലും കുരിശിനാലും ഉയിൎപ്പിൻെറ മഹിമയെ പ്രാപിക്കാൻ അനുഗ്രഹം ചെയ്യണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. വിശേഷിച്ചു മരിച്ചവിശ്വാസികളുടെ ആത്മാക്കൾ, നിൻെറ കാരുണ്യത്താൽ സ്വൎഗ്ഗത്തിൽ പ്രവേശിക്കുവാൻ ഇടയാകട്ടെ. ഈ യാചനകളൊക്കെയും ഞങ്ങളുടെ കൎത്താവീശോമിശിഹാ മുഖേന ഞങ്ങൾക്കു നീ നല്കണമേ. ആമ്മീൻ. 1 ആ. 3 ത്രി.

---

* ത്രികാലപ്രാൎത്ഥന=കാലത്തും, ഉച്ചയ്ക്കും, സന്ധ്യയ്ക്കും ചൊല്ലേണ്ട പ്രാൎത്ഥന.
* വചനം ശരീരിയായി=ദൈവപുത്രൻ മനുഷ്യനായി.

www.malankaralibrary.com



## പാഠം 6.

“ഹാശാ” ബുധനാഴ്ച സന്ധ്യമുതടങ്ങി
“ഹാശാ” ശനിയാഴ്ച * കാലത്തുവരെ
ചൊല്ലേണ്ട പ്രാൎത്ഥന.

മിശിഹാ നമ്മെപ്രതി മരണത്തോളം കീഴ്‌വഴങ്ങി, കുരിശിൽമരിച്ചു. അതുകൊണ്ടു പിതാവായ ദൈവം അവനെ മഹത്വപ്പെടുത്തി, എല്ലാ നാമത്തേക്കാറം വലുതായ നാമധേയം + അവനു നൽകി.

നമുക്കു പ്രാൎത്ഥിക്കാം.

സൎവ്വേശ്വരാ! കൎത്താവേ! ഞങ്ങളുടെ രക്ഷിതാവായ ഈശോമിശിഹാ, പാപികളായ ദുഷ്ടന്മാൎക്ക് ഒറ്റിക്കൊടുക്കപ്പെട്ട് കുരിശുമരണത്തിനു വിധേയനായി രക്ഷിച്ച ഞങ്ങളെ (ഈ കുടുംബത്തെ) തൃക്കൺപാൎക്കണമേ. ഈ യാചന, നിന്നോടും പരിശുദ്ധാത്മാവിനോടും കൂടെ ഏകദൈവമായി സദാകാലം ജീവിച്ചുവാഴുന്ന ഈശോമിശിഹാ മുഖേന ഞങ്ങൾക്കു നീ സാധിച്ചുതരണമേ. ആമ്മേൻ. 1 സ്വ. 3 ത്രി.

## പാഠം 7.

“ഹാശാ” ശനിയാഴ്ചമുതടങ്ങി വി. ത്രിത്വത്തിന്റെ
(പെന്തിക്കോസ്തി കഴിഞ്ഞുവരുന്ന)
ഞായറാഴ്ചയുടെ തലേ ശനിയാഴ്ചവരെ
ചൊല്ലേണ്ട പ്രാൎത്ഥന.

സ്വൎഗ്ഗരാജ്ഞി! നീ സന്തോഷിക്ക. ഹാലേലൂയ്യാ. എന്തെന്നാൽ ഭാഗ്യവതിയായ നിന്റെ തിരുവുദരത്തിൽ അവതരിച്ചയാറം. ഹാലേലൂയ്യാ.

---

* “ഹാശാ” ബുധനാഴ്ച, “ഹാശാ” ശനിയാഴ്ച = പീഡാനുഭവആഴ്ചയിലെ ബുധനാഴ്ചയും ശനിയാഴ്ചയും.

\+ നാമധേയം = പേര്.

www.malankaralibrary.com



അരുളിച്ചെയ്ത തിരുവചനംപോലെ ഉയിൎത്തെഴുന്നേററു. ഹാലേലൂയ്യാ.

ഞങ്ങൾക്കുവേണ്ടി സൎവ്വേശ്വരനോടു പ്രാൎത്ഥിക്ക. ഹാലേലൂയ്യാ.

നിത്യകന്യകയായ മറിയമേ! സന്തോഷിച്ച് ആനന്ദിക്ക. ഹാലേലൂയ്യാ.

എന്തെന്നാൽ കൎത്താവു സത്യമായി ഉത്ഥാനം ചെയ്തു. * ഹാലേലൂയ്യാ.

നമുക്കു പ്രാൎത്ഥിക്കാം.

സൎവ്വേശ്വരാ, കൎത്താവേ! നിന്റെ പുത്രനും, ഞങ്ങളുടെ കൎത്താവുമായിരിക്കുന്ന ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകം സന്തോഷിക്കുവാൻ നീ ഇടവരുത്തിയല്ലോ. അവന്റെ ദിവ്യമാതാവായ കന്യകമറിയാമ്മിന്റെ സഹായത്താൽ നിത്യജീവിതത്തിലെ പരമഭാഗ്യത്തെ × ഞങ്ങൾ പ്രാപിക്കാൻ അനുഗ്രഹം ചെയ്യുണമെന്നു ഞങ്ങളുടെ കൎത്താവീശോമിശിഹാ മുഖേന നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

1 ആ. 3 ത്രി.

## പാഠം 8.

### എത്രയും ദയയുള്ള മാതാവേ! എന്ന പ്രാൎത്ഥന.

എത്രയും ദയയുള്ളമാതാവേ! നിന്റെ സങ്കേതത്തിൽ ഓടിവന്നു, നിന്റെ സഹായം അപേക്ഷിച്ചു, നിന്റെമാദ്ധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ലെന്നു് ഓൎക്കണമേ. കന്യകകളുടെ രാജ്ഞി! ദയയുള്ള മാതാവേ! ഇപ്രകാരമുള്ള വിശ്വാസത്തിൽ ധൈൎയ്യം

* ഉത്ഥാനംചെയ്തു = ഉയിൎത്തെഴുന്നേററു.
× പരമഭാഗ്യത്തെ = ഏററവും വലിയ ഭാഗ്യത്തെ.

www.malankaralibrary.com

പ്രാപിച്ചു നിൻെറ തൃപ്പാദത്തിങ്കൽ ഞാൻ അടുത്തു വരുന്നു. പാപിയായ ഞാൻ നെടുവീപ്പോടും കണ്ണുനീരോടും നിൻെറ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ടു നിൻെറ സന്നിധിയിൽ നില്ക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ! എൻെറ അപേക്ഷയെ നിരസിക്കാതെ * ദയാപൂവ്വം കേട്ടരുളേണമേ.

ആമ്മീൻ.

## പാഠം 9.

### അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം.

ആകാശവും ഭൂമിയും സൃഷ്ടിച്ച സവ്വശക്തിയുള്ള പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. തൻെറ ഏകപുത്രനായ ഞങ്ങളുടെ കത്താവീശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി + കന്യകമറിയത്തിൽനിന്നു ജനിച്ചു്, പൊന്തിയോസ് പീലാത്തോസിൻെറ ദിവസങ്ങളിൽ കഷ്ടതയനുഭവിച്ച്, കുരിശിക്കപ്പെട്ടു, മരിച്ചു് അടക്കപ്പെട്ടു, പാതാളത്തിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാം നാൾ ഉയിത്തു്, സ്വർഗ്ഗത്തിൽ കരേറി സവ്വശക്തനായ പിതാവിൻെറ വലത്തുഭാഗത്തു് ഇരിക്കുന്നുവെന്നും, അവിടെനിന്നു ജീവിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ വീണ്ടും വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും, വിശുദ്ധ കത്തോലിക്കാ സഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, മരിച്ചവരുടെ ഉത്ഥാനത്തിലും, നിത്യായുസ്സിലും ഞാൻ വിശ്വസിക്കുന്നു.

ആമ്മീൻ.

---

* നിരസിക്കാതെ = തള്ളിക്കളയാതെ.

+ ഗർഭസ്ഥനായി = ഗർഭത്തിൽ സ്ഥിതിചെയ്യുന്നവനായി.

www.malankaralibrary.com



## പാഠം 10.

### നിഖ്യാ വിശ്വാസപ്രമാണം.

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും, സർവ്വലോകങ്ങൾക്കുംമുമ്പിൽ പിതാവിൽനിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശത്തിൽ പിതാവിനോടു് സമത്വമുള്ളവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമ്മിൽ നിന്നും ശരീരിയായിത്തീർന്നു് ✝ മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടു് കഷ്ടതയനുഭവിച്ചു് മരിച്ചു് അടക്കപ്പെട്ടു് തിരുമനസ്സായപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തു് ഇരുന്നവനും, ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിനവസാനമില്ലാത്തവനുമായി യേശുമിശിഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പി

www.malankaralibrary.com


താവിൽ നിന്നു പുറപ്പെട്ടു് * പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും, കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ തിരുസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമേയുള്ളു എന്നു ഞങ്ങൾ ഏററുപറഞ്ഞു് മരിച്ചപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ

---

* "പിതാവിൽ നിന്നു പുറപ്പെട്ടു്" എന്നു ഇവിടെ പറയുന്നതുകൊണ്ടു് പരിശുദ്ധാത്മാവു പിതാവിൽ നിന്നു മാത്രമാണു പുറപ്പെടുന്നതു് എന്നു് അർത്ഥമില്ല. പരിശുദ്ധാത്മാവു് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നുള്ള വിശ്വാസ സത്യം തിരുസഭയിൽ എല്ലാക്കാലത്തും ഉണ്ടായിരുന്നതിനാൽ "പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെട്ടു്" എന്നിങ്ങനെ നിഖ്യാ—കുസ്തന്തീനോസ്പോളീസ് വിശ്വാസപ്രമാണത്തിൽ ചേർത്തു ചൊല്ലുന്ന പതിവു് കാലക്രമത്തിൽ പല സ്ഥലങ്ങളിലും നടപ്പായിതീർന്നു. ക്രിസ്ത്വബ്ദം അഞ്ചാം ശതകത്തിൽ സ്പെയിനിലാണു് ആദ്യമായി "പുത്രനിൽ നിന്നും" എന്നുള്ള പാഠം വിശ്വാസപ്രമാണത്തിൽ ചേർത്തു ചൊല്ലുവാൻ തുടങ്ങിയതു്. അനന്തരം ഫ്രാൻസിലും, പിന്നീടു് ഇററലിയിൽ ചില ഭാഗങ്ങളിലും അതിനു ശേഷം ജർമ്മനിയിലും ഈ പതിവു നടപ്പായിതീർന്നു. റോമ്മായിൽ പതിനൊന്നാം ശതാബ്ദത്തിൽ മാത്രമേ ഈ പാഠം ഔദ്യോഗികമായി വിശ്വാസപ്രമാണത്തിൽ ചേർത്തു ചൊല്ലുവാൻ തുടങ്ങിയുള്ളു. എന്നാൽ സഭയുടെ വിശ്വാസം എല്ലായ്പ്പോഴും പരിശുദ്ധാത്മാവു് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നായിരുന്നു. "പരിശുദ്ധാത്മാവു് പിതാവിൽ നിന്നു പുത്രൻ മുഖേ

www.malankaralibrary.com



## പാഠം 11.

### ദൈവകല്പനകൾ പത്ത്.

1. നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു; ഞാനല്ലാതെ അന്യദൈവം നിനക്കുണ്ടാകരുത്.

2. ദൈവത്തിന്റെ തിരുനാമം വൃഥാ + ഉപയോഗിക്കരുത്.

3. ശാബതിനെ (ഞായറാഴ്ചകളെയും കടമുള്ള ദിവസങ്ങളെയും) ശുദ്ധമായി ആചരിക്കുക.

4. നിന്റെ അപ്പനെയും, അമ്മയെയും ബഹുമാനിക്ക.

5. കൊല്ലരുത്.

6. വ്യഭിചാരം ചെയ്യരുത്.

7. മോഷ്ടിക്കരുത്.

8. കള്ളസ്സാക്ഷി പറയരുത്.

9. അന്യന്റെ ഭാര്യയെ ആഗ്രഹിക്കരുത്.

10. അന്യന്റെ വസ്തുക്കളെ ആഗ്രഹിക്കരുത്.

ഈ പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംക്ഷേപിക്കാം.

1. എല്ലാ വസ്തുക്കളെക്കാൾ ദൈവത്തെ സ്നേഹിക്കുക.
2. തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറ്റെല്ലാവരെയും സ്നേഹിക്കുക.

---

+ വൃഥാ=ആവശ്യമില്ലാതെ, തക്ക കാരണം കൂടാതെ.

ന പുറപ്പെടുന്നു; പരിശുദ്ധാത്മാവ് ആദ്യന്തമില്ലാതെ പിതാവിൽ നിന്നു പുറപ്പെടുകയും സാരാംശപ്രകാരം പുത്രനിൽ നിന്ന് എടുക്കുകയും ചെയ്യുന്നു എന്നിങ്ങനെ പൗരസ്ത്യ പിതാക്കന്മാർ പറയുന്നതും, "പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു" എന്നു പാശ്ചാത്യ പിതാക്കന്മാർ പറയുന്നതും തമ്മിൽ അർത്ഥഭേദമില്ല. തന്നിമിത്തം "പുത്രനിൽ നിന്നും" എന്ന പദം വിശ്വാസ

www.malankaralibrary.com



## പാഠം 12.

### തിരുസഭയുടെ കല്പനകൾ അഞ്ച്.

1. വിശുദ്ധ കുർബാന കണ്ടും കൂലിവേല നടത്താതെയും, ഞായറാഴ്ചകളെയും കടമുള്ള ദിവസങ്ങളെയും ശുദ്ധമായി ആചരിക്കുക.

2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും, പെസഹാകാലങ്ങളിൽ യോഗ്യതാപൂർവ്വം വിശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്ക.

3. തിരുസഭ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ നോമ്പു നോൽക്കുകയും, നോമ്പുദിവസങ്ങളിലും, ബുധനാഴ്ചയും വെള്ളിയാഴ്ചയും തിരുസഭ ആവശ്യപ്പെടുന്ന മറ്റു ദിവസങ്ങളിലും നിരോധിച്ചിട്ടുള്ള

---

പ്രമാണത്തിൽ കൂട്ടിച്ചേർത്ത വിശ്വാസസത്യത്തെ കത്തോലിക്കാസഭ ഭേദപ്പെടുത്തി എന്ന് അകത്തോലിക്കർ പറയുന്നതിൽ ന്യായമില്ല. വിശുദ്ധ കുർബാനയിൽ നമ്മുടെ കർത്താവു സന്നിഹിതനാണെന്നുള്ള വിശ്വാസസത്യം വിശ്വാസപ്രമാണത്തിൽ ചേർത്തിട്ടില്ലല്ലോ. എന്നാൽ തിരുസഭയിൽ പരമാധികാരം ലഭിച്ചിട്ടുള്ള ആരും ഈ വിശ്വാസസത്യം കൂടി വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തുന്നെങ്കിൽ മുമ്പേ ഉണ്ടായിരുന്ന വിശ്വാസസത്യങ്ങളെ അദ്ദേഹം ഭേദപ്പെടുത്തി എന്നു പറഞ്ഞുകൂടാ. എന്തെന്നാൽ വിശുദ്ധ കുർബാനയിലുള്ള ദിവ്യസാന്നിദ്ധ്യം വിശ്വാസപ്രമാണത്തിൽ പ്രസ്താവിച്ചിട്ടില്ലെങ്കിലും അതു സഭയിലെ വിശ്വാസസത്യമാണ്. ഇതുപോലെതന്നെ പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നുള്ള വിശ്വാസസത്യം തിരുസഭയിൽ ആദ്യകാലം തുടങ്ങിയുണ്ടായിരുന്നതിനാൽ, "പുത്രനിൽനിന്നും" എന്ന പദം വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തതുകൊണ്ട് കത്തോലിക്കാസഭ നിഖ്യാവിശ്വാസത്തെ ഭേദപ്പെടുത്തി എന്നു പറഞ്ഞുകൂടാ.

www.malankaralibrary.com



ആഹാരസാധനങ്ങളെ ഭക്ഷിക്കാതിരിക്കയും ചെയ്ക.*

4. തിരുസഭ നിരോധിച്ചിട്ടുള്ള കാലത്തു കല്യാണത്തിന്റെ ആഘോഷങ്ങൾ നടത്താതിരിക്കയും, തിരുസഭ + പ്രതിരോധിച്ചിട്ടുള്ള ആളുകളുമായി വിവാഹം നടത്താതിരിക്കയും ചെയ്ക.

5. പള്ളികളുടെയും മററും ആവശ്യങ്ങൾക്കുവേണ്ടി മെത്രാന്മാർ മുതലായ മേലദ്ധ്യക്ഷന്മാർ അംഗീകരിച്ചിട്ടുള്ള ക്രമാനുസരണമായ ധനസഹായം ചെയ്ക.

## പാഠം 13.

× മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും

| | | | |
|---|---|---|---|
| 1. | അഹങ്കാരം | — | വിനയം. |
| 2. | ദ്രവ്യാഗ്രഹം | — | ഔദാര്യം. |
| 3. | വിഷയാസക്തി | — | സംയമനം. |
| 4. | കോപം | — | ക്ഷമ. |

* കൽദായ സുറിയാനിക്കാർക്കും ലത്തീൻ റീത്തുകാർക്കും എല്ലാ വെള്ളിയാഴ്ചയും, അമ്പതുനോമ്പു കാലത്തു് വെള്ളിയാഴ്ചക്കു പുറമെ ബുധനാഴ്ചയുമാണു് മാംസം നിരോധിച്ചിട്ടുള്ളതു്.

+ പ്രതിരോധിച്ചിട്ടുള്ള = വിലക്കിയിട്ടുള്ള.

× മൂലപാപങ്ങൾ = സകല പാപങ്ങൾക്കും കാരണവും അടിസ്ഥാനവുമായിരിക്കുന്ന പാപങ്ങൾ.

ദ്രവ്യാഗ്രഹം = ധനത്തിലുള്ള അമിതമായ ഇച്ഛ.

ഔദാര്യം = വളരെ കൊടുക്കുന്ന സ്വഭാവം.

വിഷയാസക്തി = ജഡീക സുഖങ്ങളിലുള്ള ക്രമാതീതമായ ആഗ്രഹം.

സംയമനം = അടക്കം, ഇന്ദ്രിയനിഗ്രഹം.

ഭോജനപ്രിയം = ഭക്ഷണകാര്യത്തിലുള്ള അമിതമായ താല്പര്യം.

പരഗുണപ്രീതി = അന്യന്റെ നന്മയിലുള്ള തൃപ്തി.

അലസത = മടി.

www.malankaralibrary.com


5. ഭോജനപ്രിയം — മിതഭോജനം.
6. അസൂയ — പരഗുണപ്രീതി.
7. അലസത — ഉത്സാഹം.

## പാഠം 14.

### കൂദാശകൾ (സംസ്കാരങ്ങൾ) ഏഴ്.

1. മാമോദീസാ (സ്നാപനം)
2. മൂറോൻ (സ്ഥിരീകരണം)
3. കുർബാന (യജ്ഞം)
4. കുമ്പസാരം (പാപനിവേദനം)
5. രോഗികളുടെ തൈലാഭിഷേകം (അന്ത്യലേപനം)
6. പട്ടം (പൌരോഹിത്യം)
7. വിവാഹം.

## പാഠം 15.

### ഫലപ്രദമായി കുമ്പസാരിക്കാൻ അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ അഞ്ച്.

1. ചെയ്തുപോയ പാപങ്ങൾ ഓർമ്മയിൽ വരുത്തുക.
2. പാപങ്ങളെപ്പറ്റി അനുതപിക്കുക.
3. വീണ്ടും പാപം ചെയ്കയില്ലെന്നു ദൃഢമായി നിശ്ചയിക്കുക.
4. ലഘുവായ വല്ല പാപവും വിട്ടുപോയാലും ഓർക്കുന്ന മരണകരമായ പാപങ്ങളെല്ലാം കുമ്പസാരത്തിൽ പട്ടക്കാരനെ വെളിപ്പെടുത്തുക.
5. പട്ടക്കാരൻ നല്കുന്ന പ്രായശ്ചിത്തം പൂർണ്ണമായി നിറവേറ്റുക.

www.malankaralibrary.com



## പാഠം 16. +

### A. കുമ്പസാര പ്രകരണം.

മഹാപാപിയായ ഞാൻ, സർവ്വശക്തനായ ദൈവത്തോടും, ഭാഗ്യവതിയും നിത്യകന്യകയുമായ മറിയാമിനോടും, പ്രധാനമാലാഖായായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ യോഹന്നാൻ മാംദാനായോടും, വിശുദ്ധ ശ്ലീഹന്മാരായ മാർ പത്രോസിനോടും, മാർ പൌലോസിനോടും, മാർ തോമ്മായോടും, സകല വിശുദ്ധന്മാരോടും (എന്റെ പിതാവേ! അങ്ങയോടും), എന്റെ പാപങ്ങളെ ഏറ്റുപറയുന്നു. മനസ്സുകൊണ്ടും, വചനംകൊണ്ടും, പ്രവൃത്തികൊണ്ടും, എന്റെ കുറ്റത്താൽ, എന്റെ കുറ്റത്താൽ, എന്റെ വലിയകുറ്റത്താൽ ഞാൻ അത്യധികം പാപം ചെയ്തു*

ആകയാൽ ഭാഗ്യവതിയും, നിത്യകന്യകയുമായ മറിയാമിനോടും, പ്രധാനമാലാഖായായ വി. മിഖായേലിനോടും, വി. യോഹന്നാൻ മാംദാനായോടും, വി. ശ്ലീഹന്മാരായ മാർ പത്രോസിനോടും, മാർ പൌലോസിനോടും മാർ തോമ്മായോടും, സകല വിശുദ്ധന്മാരോടും, (എന്റെ പിതാവേ! അങ്ങയോടും), എനിക്കുവേണ്ടി നമ്മുടെ ദൈവമായ കർത്താവിനോടു പ്രാർത്ഥിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ആമ്മീൻ.

---

× കുമ്പസാരപ്രകരണമോ, "മൌദ്യോനൂസോ" യോ ഏതെങ്കിലും ഒന്നു പഠിച്ചാൽ മതി.

* ഇവിടംവരെ കുമ്പസാരത്തിനു മുമ്പും, ബാക്കിയുള്ളതു കുമ്പസാരത്തിനു ശേഷവും ചൊല്ലണം. കുമ്പസാരിക്കാത്ത സമയത്തു്, "എന്റെ പിതാവേ! അങ്ങയോടും" എന്നു വലയത്തിനകത്തു് എഴുതിയിട്ടുള്ള വാക്യം ചൊല്ലേണ്ട ആവശ്യമില്ല.

www.malankaralibrary.com



## B. മൌദ്യോന്തുസോ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സത്യേകദൈവത്തിൻെറ തിരുമുമ്പാകെയും, പരിശുദ്ധ ദൈവമാതാവിൻെറയും സകല വിശുദ്ധന്മാരുടെയും മുമ്പാകെയും, ദൈവത്തിൻെറ പട്ടക്കാരാ! പാപങ്ങൾ മോചിപ്പാനും ബന്ധിപ്പാനും ദൈവം അങ്ങേയ്ക്കു ഭരമേല്പിച്ചിട്ടുള്ള ആചാര്യസ്ഥാനത്തിൻെറ മുമ്പാകെയും ഞാൻ എൻെറ പാപങ്ങൾ ഏററു പറയുന്നു ഞാൻ പാപിയാകുന്നു. ഞാൻ പാപിയാകുന്നു. ഞാൻ മഹാപാപിയാകുന്നു. എൻെറ പാപങ്ങളെക്കുറിച്ചു ഞാൻ സത്യമായി ദുഃഖിക്കുന്നു. അവയെ ഞാൻ മനഃപൂർവ്വം വെറുത്തു് ഉപേക്ഷിക്കുന്നു, കർത്താവീശോമിശിഹായുടെ രക്ഷാകരമായ വ്യാപാരത്തിലും, കരുണയിലും ഞാൻ ആശ്രയിക്കുന്നു. പിതാവേ! എനിക്കു പ്രായശ്ചിത്തം കല്പിച്ചു പാപമോചനമരുളണമേ.

## പാഠം 17.

### മനസ്താപപ്രകരണം.

സർവ്വവസ്തുക്കളെക്കാൾ സ്നേഹയോഗ്യനായ എൻെറ സർവ്വേശ്വരാ! നിനക്കെതിരായി പാപംചെയ്തതിനാൽ ഞാൻ ദുഃഖിക്കുന്നു. നിന്നെ ഞാൻ സ്നേഹിക്കുന്നു. എൻെറ പാപങ്ങളാൽ എൻെറ ആത്മാവിനെ * മലിനമാക്കിയതിനാലും, സ്വർഗ്ഗീയഭാഗ്യം നഷ്ടപ്പെടുത്തി നരകത്തിനു ഞാൻ അർഹനായിത്തീർന്നതിനാലും ഖേദിക്കുന്നു. നിൻെറ പ്രസാദവരത്തിൻെറ സഹായത്താൽ വീണ്ടും പാപം ചെയ്കയില്ലെന്നു നിശ്ചയിച്ചു്, പാപകാരണങ്ങളെല്ലാം ഉപേക്ഷിക്കുന്നു ഇനിമേൽ ഏതെങ്കിലും പാപം ചെയ്യുന്നതി

* മലിനമാക്കി = അശുദ്ധമാക്കി.

www.malankaralibrary.com



മുമ്പ് മരിക്കുന്നതിനും ഞാൻ ഒരുങ്ങിയിരിക്കണമെ.

ആമ്മേൻ.

## പാഠം 18.

### വിശുദ്ധ കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കുവാൻ ചെയ്യേണ്ട കാര്യങ്ങൾ മൂന്ന്.

1. പാതിരാ മുതൽ, വിശുദ്ധ കുർബാന സ്വീകരിച്ചു കഴിയുന്നതുവരെ ഉപവസിക്കുക. *
2. നല്ല കുമ്പസാരത്താൽ മരണകരമായ പാപങ്ങളെല്ലാം നീക്കി പ്രസാദവരം പ്രാപിക്കുക.
3. വിശുദ്ധ കുർബാനയുടെ മാഹാത്മ്യവും സൽഫലങ്ങളും × മനസ്സിലാക്കി ഭക്തിപൂർവ്വം അതു സ്വീകരിപ്പാൻ ഒരുങ്ങിപ്പോകുക.

## പാഠം 18.

### സ്വർഗ്ഗരാജ്ഞി.

സ്വർഗ്ഗരാജ്ഞി, കരുണയുടെ മാതാവേ! നിനക്കു സ്വസ്തി. ഞങ്ങളുടെ ജീവനും, മാധുര്യവും, ശരണവുമേ! നിനക്കു സ്വസ്തി പ്രവാസികളും + ഹവ്വായുടെ മക്കളുമായ ഞങ്ങൾ കണ്ണുനീരിന്റെ താഴ്വരയായ ഈ ലോകത്തിൽനിന്നു നിന്നെ വിളിക്കുന്നു; കരഞ്ഞു പ്രലപിച്ചുകൊണ്ടു നിന്റെ പക്കൽ ദീർഘനിശ്വാസം ∴ ചെയ്യുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥയായ അമ്മേ! നിന്റെ കരുണയുള്ള കണ്ണുകളെ ഞങ്ങളുടെ നേരെ തിരിക്കണമെ; ഹാ! കൃപയും സ്നേഹവും

---

* സ്വാഭാവികജലം എപ്പോൾ കുടിച്ചാലും വി. കുർബാനയ്ക്കുള്ള ഈ ഉപവാസത്തിനു ഭംഗം വരുന്നതല്ല.

× സൽഫലങ്ങൾ = നല്ല ഫലങ്ങൾ.

+ പ്രവാസികൾ = അന്യദിക്കിൽ താമസിക്കുന്നവർ, യാത്രക്കാർ.

∴ ദീർഘനിശ്വാസം = നെടുവീർപ്പ്.

www.malankaralibrary.com



മാധുര്യവും നിറഞ്ഞ കന്യകമറിയാമേ!നിന്റെ തിരുവുദരത്തിന്റെ അനുഗ്രഹിതഫലമായ ഈശോയെ ഈ പ്രവാസജീവിതത്തിനുശേഷം ഞങ്ങളെ നീ കാണിക്കണമെ. ആമ്മീൻ.

പാഠം 20

ദൈവത്തിന്റെ പ്രധാന ലക്ഷണങ്ങൾ ആറ്.

1. സ്വയംഭൂവായിരിക്കുന്നു. (തന്നാൽ താനായിരിക്കുന്നു)
2. അനാദിയായിരിക്കുന്നു.
3. അശരീരിയായിരിക്കുന്നു.
4. സർവ്വഗുണസമ്പൂർണ്ണനായിരിക്കുന്നു.
5. സർവ്വവ്യാപിയായിരിക്കുന്നു.
6. സകലത്തിനും ആദികാരണമായിരിക്കുന്നു.

പാഠം 21

ദൈവികപുണ്യങ്ങൾ മൂന്ന്.

1. വിശ്വാസം. 2. പ്രത്യാശ.* 3. സ്നേഹം (ഉപവി)

പാഠം 22

A. വിശ്വാസപ്രകരണം. (വലുത്)

അനന്തജ്ഞാനിയും, സത്യസ്വരൂപിയുമായ ദൈവം തിരുസഭയ്ക്കു വെളിപ്പെടുത്തിയതിനാലും തദനുസരണം തിരുസഭ പഠിപ്പിക്കുന്നതിനാലും ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. ഈ ദൈവം സർവ്വഗുണനിധിയും, സകലത്തെയും സൃഷ്ടിച്ച് പരിപാലിച്ചു ഭരിച്ചുവരുന്ന പരമനാഥനുമാകുന്നുവെന്നും, ഈ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ സമ്പൂർണ്ണസമത്വത്തോടുകൂടി വിളിന്ന

---

* പ്രത്യാശ = അഗ്രഹിക്കുന്നതു ലഭിക്കുമെന്നുള്ള പ്രതീക്ഷ.

www.malankaralibrary.com



രായ മൂന്നാളുകളുണ്ടെന്നും, ഈ മൂന്നാളുകളിൽ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ചുവെന്നും, യേശുമിശിഹാ എന്ന പേരോടുകൂടിയ അവിടുന്നു പാപത്തിൽ നിന്നു നമ്മെ രക്ഷിപ്പാനും, സ്വർഗ്ഗീയഭാഗ്യം നമുക്കു നൽകുവാനും പീഡകൾ സഹിച്ച്, കുരിശിൽ മരിച്ചു, മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തു, സ്വർഗ്ഗത്തിലേക്കു എഴുന്നെള്ളി എന്നും, അവിടെ നിന്നു നീതിമാന്മാർക്കു നിത്യഭാഗ്യവും, ദുഷ്ടന്മാർക്കു നിത്യനരകവും നൽകുവാനായി, ജീവിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. കൂടാതെ ദൈവം വെളിപ്പെടുത്തിയതിനാൽ വിശുദ്ധ കത്തോലിക്കാസഭ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നതെല്ലാം ഞാൻ വിശ്വസിക്കുന്നു. ഈ ദൃഢവിശ്വാസത്തിൽ ജീവിപ്പാനും മരിപ്പാനും ഞാൻ നിശ്ചയിച്ചിരിക്കുന്നു. ആമ്മേൻ.

## B വിശ്വാസപ്രകരണം (ചെറുത്)

എന്റെ ദൈവമേ! കത്തോലിക്കാതിരുസഭ വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്ന എല്ലാ ദിവ്യോപദേശങ്ങളും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്തെന്നാൽ വഞ്ചിക്കാത്തവനും, വഞ്ചിക്കപ്പെടാത്തവനുമായ നീ തന്നെ അവയെ വെളിപ്പെടുത്തിയിരിക്കുന്നു. ആമ്മീൻ.

## പാഠം 23.

### പ്രത്യാശാപ്രകരണം.

എന്റെ ദൈവമേ! നീ പരമദയാലുവും * സർവ്വശക്തനുമാകയാൽ ഞങ്ങളുടെ കർത്താവേശുമിശിഹായുടെ യോഗ്യതകളെപ്രതി, എന്റെ പാപങ്ങളുടെ മോചനവും സ്വർഗ്ഗീയഭാഗ്യവും നീ എനിക്കു തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. സ്വർഗ്ഗം

* പരമദയാലു=വളരെ കരുണയുള്ളവൻ.

www.malankaralibrary.com



പ്രാപിക്കാൻ നീ കല്പിച്ച സൽപ്രവൃത്തികളൊക്കെയും നിന്റെ സഹായത്താൽ ഞാൻ ചെയ്‌വാൻ നിശ്ചയിച്ചിരിക്കുന്നു. ആമ്മീൻ.

## പാഠം 24.

### സ്നേഹപ്രകരണം.

സ്നേഹസ്വരൂപിയും, ആദിയും അന്തവും ഇല്ലാത്തവനും, സർവ്വഗുണസമ്പൂർണ്ണനുമായ എന്റെ ദൈവമേ! സകലവസ്തുക്കളെക്കാറും നിന്നെ ഞാൻ സ്നേഹിക്കുന്നു. നിനക്കെതിരായി ഒരു പാപം ചെയ്യുന്നതിനു മുമ്പു എന്റെ സർവ്വസമ്പത്തും, എന്റെ ആയുസ്സുതന്നെയും ഉപേക്ഷിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. മാത്രമല്ല, ഞാൻ എന്നെ സ്നേഹിക്കുന്നതുപോലെ മററുള്ളവരെയും സ്നേഹിപ്പാൻ സന്നദ്ധനായിരിക്കുന്നു. ആമ്മീൻ.

## പാഠം 25.

### സന്മാർഗ്ഗജീവിതത്തിന് ഉപകരിക്കുന്ന പുണ്യങ്ങൾ നാല്.

1. * വിവേകം
2. നീതി.
3. മനഃസ്ഥൈര്യം.
4. സംയമനം.

## പാഠം 26.

### + മൌലികസൽകൃത്യങ്ങൾ മൂന്ന്.

1. ഉപവാസം. 2. പ്രാർത്ഥന. 3. ഭിക്ഷാദാനം.

## പാഠം 27.

### കാരുണ്യപ്രവൃത്തികൾ പതിനാല്.

ശരീരത്തെ സംബന്ധിക്കുന്നവ ഏഴ്.
ആത്മാവിനെ സംബന്ധിക്കുന്നവ ഏഴ്.

---

* വിവേകം = നന്മതിന്മകളെ തിരിച്ചറിയുന്നതിനുള്ള സാമർത്ഥ്യം.
മനഃസ്ഥൈര്യം = മനസ്സിന്റെ ദൃഢത, ഉറപ്പ്.
സംയമനം = അടക്കം, ഇന്ദ്രിയനിഗ്രഹം.

\+ മൌലികസൽകൃത്യങ്ങൾ = ശ്രേഷ്ഠമായ സൽപ്രവൃത്തികൾ.

www.malankaralibrary.com



ശരീരത്തെ സംബന്ധിക്കുന്നവ.

1. വിശക്കുന്നവൎക്ക് ആഹാരം കൊടുക്കുന്നത്.
2. ദാഹിക്കുന്നവൎക്ക് കുടിപ്പാൻ കൊടുക്കുന്നത്.
3. നഗ്നൎക്ക് ഉടുപ്പാൻ കൊടുക്കുന്നത്.
4. പരദേശികൾക്ക പാൎപ്പാൻ സ്ഥലം കൊടുക്കുന്നത്.
5. രോഗികളെയും കാരാഗൃഹത്തിൽ വസിക്കുന്നവരെയും സന്ദൎശിച്ച് ആശ്വസിപ്പിക്കുന്നത്.
6. അടിമകളെ സ്വതന്ത്രരാക്കുന്നത്.
7. മരിച്ചവരെ സംസ്കരിക്കുന്നത്.

ആത്മാവിനെ സംബന്ധിക്കുന്നവ.

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്.
2. സംശയബുദ്ധികളുടെ സംശയം തീൎക്കുന്നത്.
3. ദുഃഖിതരെ ആശ്വസിപ്പിക്കുന്നത്.
4. പാപികൾക്ക ഉപദേശം നൽകുന്നത്.
5. ഉപദ്രവങ്ങളെ ക്ഷമിക്കുന്നത്.
6. അന്യരുടെ ന്യൂനതകളെ ക്ഷമയോടുകൂടി സഹിക്കുന്നത്.
7. ജീവിച്ചിരിക്കുന്നവൎക്കും മരിച്ചവൎക്കുംവേണ്ടി ദൈവത്തോടപേക്ഷിക്കുന്നത്.

## പാഠം 28.

*സുവിശേഷപരമായ ഉൽകൃഷ്ടനിൎദ്ദേശങ്ങൾ മൂന്ന്.

1. ദൈവത്തെപ്രതി സ്വമനസാ വരിക്കുന്ന അനുസരണം
2. ദൈവത്തെപ്രതി സ്വമനസാ വരിക്കുന്ന ×ബ്രഹ്മചര്യം.
3. ദൈവത്തെപ്രതി സ്വമനസാ വരിക്കുന്ന ദാരിദ്ര്യം.

## പാഠം 29.

+ സുവിശേഷപരമായ ഭാഗ്യങ്ങൾ എട്ട്.

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവരുടേതാകുന്നു.

---

* സുവിശേഷപരമായ ഉൽകൃഷ്ട നിൎദ്ദേശങ്ങൾ = സുവിശേഷം വഴിയായി കൎത്താവേശുമിശിഹാ നൽകിയിട്ടുള്ള ശ്രേഷ്ഠമായ ഉപദേശങ്ങൾ.

× ബ്രഹ്മചര്യം = അവിവാഹിതജീവിതം.

+ സുവിശേഷപരമായ ഭാഗ്യങ്ങൾ = സുവിശേഷം വഴിയായി മിശിഹാ വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ.

www.malankaralibrary.com



2. ശാന്തശീലർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ ഭൂമി അവരുടേതാകുന്നു.

3. കരയുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.

4. നീതിയെക്കുറിച്ചു വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

5. കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർക്കു കരുണ ലഭിക്കും.

6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

7. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും.

8. നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു

## പാഠം 30.

### പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ്.

1. * ഗ്രഹണശക്തി.
2. ബുദ്ധിസാമർത്ഥ്യം.
3. വിവേചനം.
4. മന:സ്ഥൈര്യം.
5. ജ്ഞാനം.
6. ഭക്തി.
7. ദൈവഭയം.

## പാഠം 31.

### പരിശുദ്ധാത്മാവിന്റെ പ്രസാദഫലങ്ങൾ പന്ത്രണ്ട്.

1. സ്നേഹം
2. ആനന്ദം.
3. സമാധാനം.
7. ദയ.
8. * സൌമ്യത.
9. വിശ്വാസം.

---

* ഗ്രഹണശക്തി = മനസ്സിലാക്കുന്നതിനുള്ള ശക്തി.
വിവേചനം = നന്മതിന്മകളെ തിരിച്ചറിയുന്നതിനുള്ള സാമർത്ഥ്യം.
മന:സ്ഥൈര്യം = മനസ്സിന്റെ ദൃഢത, ഉറപ്പ്.

* സൌമ്യത = ശാന്തസ്വഭാവം.

www.malankaralibrary.com


4. ക്ഷമ. 10. സംയമനം.
5. ×ദീർഘക്ഷാന്തി. 11. +ഇന്ദ്രിയനിഗ്രഹം.
6. സമ്ഗുണം. 12. ‖ചാരിത്രശുദ്ധി.

പാഠം 32.

പരിശുദ്ധാത്മാവിനു് എതിരായ പാപങ്ങൾ ആറു്.

1. സ്വർഗ്ഗീയഭാഗ്യം കിട്ടുകയില്ലെന്നുള്ള നിരാശ.
2. സൽപ്രവൃത്തി കൂടാതെ സ്വർഗ്ഗം പ്രാപിക്കാമെന്നുള്ള പ്രത്യാശ.
3. ഒരു കാര്യം സത്യമെന്നറിഞ്ഞാലും അതിനെ * വിസമ്മതിക്കുന്നതു്.
4. അന്യരുടെ നന്മയിലുള്ള അസൂയ.
5. പാപം ചെയ്തിട്ടു് അനുതപിക്കാതെ ജീവിക്കുന്നതു്.
6. അന്ത്യ സമയത്തുപോലും അനുതപിക്കാതെ പാപത്തോടുകൂടെ മരിക്കുന്നതു്.

ചോദ്യം. ഈ ആറു പാപങ്ങളെ പരിശുദ്ധാത്മാവിനു് എതിരായ പാപങ്ങൾ എന്നു് വിളിക്കുന്നതെന്തു്?

ഉത്തരം. ഈ പാപങ്ങൾ മനുഷ്യന്റെ ബലഹീനതയാലല്ല, പ്രത്യുത നീചമനഃസ്ഥിതിയാൽ പ്രവർത്തിക്കുന്നതുകൊണ്ടാണു്.

പാഠം 33.

ദൈവസന്നിധിയിൽ പ്രതികാരത്തിനു =വിലപിക്കുന്ന പാപങ്ങൾ നാലു്.

1. മനഃപൂർവ്വം ചെയ്യുന്ന കൊലപാതകം.
2. പ്രകൃതിവിരുദ്ധമായ x വിഷയഭോഗം. f

---

× ദീർഘക്ഷാന്തി=വലിയ സഹനശക്തി.
+ ഇന്ദ്രിയനിഗ്രഹം=ത്യാഗശീലം, പരിത്യാഗം.
‖ ചാരിത്രശുദ്ധി=ജീവിതവിശുദ്ധി.
* വിസമ്മതിക്കുക=സമ്മതിക്കാതിരിക്കുക, നിഷേധിക്കുക.
=വിലപിക്കുക=കരയുക.
x പ്രകൃതിവിരുദ്ധമായ=പ്രകൃതിനിയമങ്ങൾക്കു യോജിക്കാത്തതായ.
f വിഷയഭോഗം=ജഡിക സുഖാനുഭവം.

www.malankaralibrary.com



3. ദരിദ്രരെയും വിധവകളെയും മാതാപിതാക്കന്മാരില്ലാത്ത പൈതങ്ങളെയും പീഡിപ്പിക്കുന്നതു്.
4. വേലക്കാൎക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതു്.

ചോ. ഇവയെ എന്തുകൊണ്ടു് ദൈവതിരുമുമ്പിൽ വിലപിക്കുന്ന പാപങ്ങൾ എന്നു വിളിക്കുന്നു?

ഉ. ഈ പാപങ്ങളുടെ പ്രകൃത്യാലുള്ള നീചത്വവും, ക്രൂരതയും, അനീതിയും ഘോരത്വവും സ്പഷ്ടമാകയാലും ഇവയെ ഒരുപ്രകാരത്തിലും ന്യായീകരിക്കുവാൻ പാടില്ലാത്തതിനാലുമാകുന്നു.

## പാഠം 34.

### മനുഷ്യന്റെ അന്ത്യം നാലു്.

1. മരണം.
2. വിധി.
3. നരകം.
4. സ്വൎഗ്ഗം.

## പാഠം 35.

### അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ! അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിയെ പുതനാക്കി അനുകൂലമാക്കണമെ.

കൎത്താവേ! നിന്നിലുള്ള ആശ്രയത്തോടെ മരിച്ചു നിന്റെ വരവിനായി നോക്കിപ്പാൎക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തണമെ.

അബ്രഹാമിന്റെയും ഇസ്സഹാക്കിന്റെയും യാക്കോബിന്റെയും മടിയിൽ അവരെ പാൎപ്പിക്കണമെ.

വന്നവരും വരുവാനിരിക്കുന്നവരും മരിച്ചവരെ അനുകൂലമാക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്നു് ശരീരങ്ങളും ആത്മാക്കളും ശരിയായി അട്ടഹസിക്കുമാറാകണമെ. ആമ്മീൻ.

## പാഠം 36.

### മോറാനീശോമിശിഹാ.

മോറാനീശോമിശിഹാ, നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടയ്ക്കരുതെ.

www.malankaralibrary.com


കൎത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കൎത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായി നിന്റെ സ്നേഹം നിന്റെ ഉടത്തിൽ നിന്നു ഞങ്ങളുടെ അടുക്കലേക്കു നിന്നെ ഇറക്കിക്കൊണ്ടു വന്നു ഞങ്ങളെ അനുഗ്രഹിക്കണമെ.

## പാഠം 37.

### 51-ാം മസ്മൂറാ.

ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു് കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബാഹുല്യപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമെ.

എന്റെ അന്യായത്തിൽ നിന്നു് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്നു് എന്നെ വെടിപ്പാക്കണമെ.

എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിതന്നെ ഞാൻ പാപംചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കയും ചെയ്വാനായിട്ടുതന്നെ.

എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉരുവായി. പാപങ്ങളിൽ എന്റെ മാതാവു് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു.

സോപ്പാകൊണ്ടു എന്റെമേൽ നീ തളിക്കണമെ, ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ടു് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും.

എന്റെ പാപങ്ങളിൽ നിന്നു് നിന്റെ തിരുമുഖം തിരിച്ചു് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചു കളയണമെ.

ദൈവമേ! ഒരു വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണ

www.malankaralibrary.com


മെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ.

നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതെ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയുമരുതെ.

എന്നാലൊ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമെ. മഹത്വമുള്ള നിന്റെ ആത്മാവു് എന്നെ താങ്ങുമാറാകണമെ.

അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമെ. എന്റെ നാവു് നിന്റെ നീതിയെ സ്തുതിക്കും.

കർത്താവേ! എന്റെ അധരങ്ങൾ എനിക്കു് തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല.

ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ.

അപ്പോൾ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ യാഗങ്ങൾ (ബലിയായി) കരേറും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

www.malankaralibrary.com

# രണ്ടാം ഭാഗം.

വേദസത്യങ്ങളെ സംബന്ധിച്ചുള്ള
ചോദ്യോത്തരങ്ങൾ.

## അദ്ധ്യായം 1.

ദൈവവും സൃഷ്ടിയുടെ ഉദ്ദേശ്യവും.

### 1. ദൈവം.

1. ചോദ്യം. ദൈവം ആരാകുന്നു?
ഉത്തരം. ആദിയും അന്തവുമില്ലാത്ത നിർമ്മലമായ അരൂപിയും, സർവ്വഗുണസമ്പൂർണ്ണനും, ആകാശവും ഭൂമിയും മററു സകല വസ്തുക്കളും സൃഷ്ടിച്ചു പരിപാലിക്കുന്ന പരമ നാഥനുമാകുന്നു.

2. ദൈവത്തെ സൃഷ്ടിച്ചതാര്?
ദൈവം സ്വയംഭൂവായിരിക്കുന്നതുകൊണ്ടു (തന്നാൽ താനായിരിക്കുന്നതുകൊണ്ടു) മറ്റൊരുത്തനാൽ സൃഷ്ടിക്കപ്പെട്ടവനല്ല.

3. ദൈവം എവിടെ ഇരിക്കുന്നു?
ആകാശത്തിലും ഭൂമിയിലും എന്നല്ല, എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു.

4. ദൈവം എല്ലാ കാര്യങ്ങളെയും അറിയുന്നുണ്ടോ?
ദൈവം സംഭവിച്ചവയെയും, സംഭവിക്കുന്നവയെയും, സംഭവിക്കാനിരിക്കുന്നവയെയും മാത്രമല്ല, നമ്മുടെ വിചാരങ്ങളെപ്പോലും അറിയുന്നുണ്ട്.

5. ദൈവം ഉണ്ടായിട്ടു എത്ര നാളായി?
ദൈവം അനാദിയാകയാൽ നിത്യകാലം തുടങ്ങി ഉണ്ട്.

6. ദൈവം എത്ര നാളുണ്ടായിരിക്കും?
എന്നേക്കും ഉണ്ടായിരിക്കും.

7. ദൈവത്തിന്റെ പ്രധാന ലക്ഷണങ്ങൾ ഏവ?

www.malankaralibrary.com



ആരു്. (20-ാം പാഠം കാണുക.)

8. നമുക്കുള്ളതുപോലെ കൈ, കാൽ, കണ്ണു് മുതലായ അവയവങ്ങൾ ദൈവത്തിനുണ്ടോ?

ദൈവം അരൂപി ആയിരിക്കയാൽ അവിടുത്തേക്കു ശരീരമോ, അവയവങ്ങളോ ഇല്ല.

9. ദൈവത്തിനു കണ്ണില്ലെങ്കിൽ സൃഷ്ടികളെ കാണുന്നതെങ്ങനെ?

ദൈവം അളവില്ലാത്ത തന്റെ ബുദ്ധിശക്തിയാൽ സകല വസ്തുക്കളെയും കണ്ടറിയുന്നു. "ചെവി സൃഷ്ടിച്ചവൻ കേൾക്കുകയില്ലേ? കണ്ണുണ്ടാക്കിയവൻ കാണുകയില്ലേ?" (സങ്കീർത്തനം 93: 9)

10. സർവ്വേശ്വരനു കൈയില്ലെങ്കിൽ ഈ ലോകത്തെ സൃഷ്ടിച്ചതെങ്ങനെ?

സർവ്വശക്തനായ ദൈവം തിരുമനസ്സായതിനാൽ ഈ ലോകം സൃഷ്ടിക്കപ്പെട്ടു. "അവൻ പറഞ്ഞു, അപ്പോൾ അവ ഉണ്ടായി; അവൻ കല്പിച്ചു, അപ്പോൾ അവ സൃഷ്ടിക്കപ്പെട്ടു" (സങ്കീർത്തനം 32: 9)

11. സർവ്വേശ്വരൻ എന്തു സാധനംകൊണ്ടു് ലോകത്തെയും, അതിലുള്ള വസ്തുക്കളെയും ഉണ്ടാക്കി?

സൃഷ്ടികർമ്മത്തിനുമുമ്പു് യാതൊരു സാധനവും ഇല്ലാഞ്ഞതിനാൽ ശൂന്യാവസ്ഥയിൽ നിന്നാണു ദൈവം ലോകത്തെയും അതിലുള്ള വസ്തുക്കളെയും സൃഷ്ടിച്ചതു്.

## 2. സൃഷ്ടിയുടെ ഉദ്ദേശ്യം.

1. നിന്നെ സൃഷ്ടിച്ചതാരു്?

ദൈവം എന്നെ സൃഷ്ടിച്ചു.

2. ദൈവം എന്തിനു നിന്നെ സൃഷ്ടിച്ചു?

ദൈവത്തെ അറിയുകയും സ്നേഹിക്കുകയും തന്റെ കല്പനകളെ അനുസരിച്ചു തന്നെ ശുശ്രൂഷിക്കുകയും ചെയ്തു, സ്വർഗ്ഗഭാഗ്യം പ്രാപിക്കുന്നതിനു് എന്നെ സൃഷ്ടിച്ചു

3. സ്വർഗ്ഗഭാഗ്യം എന്നാലെന്തു്?

ദൈവത്തെ അഭിമുഖമായി ദർശിച്ചു നിത്യമായി ആനന്ദിക്കുന്നതത്രേ സ്വർഗ്ഗഭാഗ്യം.

4. ഈ ലോകത്തിൽ ജീവിക്കുന്നകാലമുള്ളു ദൈവത്തെ

www.malankaralibrary.com



സ്നേഹിക്കാത്തവൎക്കും, തന്റെ പ്രമാണങ്ങൾ അനുസരിക്കാത്തവൎക്കും, തനിക്കു ശുശ്രൂഷ ചെയ്യാത്തവൎക്കും, എന്തു ശിക്ഷ ദൈവം നൽകും?
നരകത്തിലെ പീഡ.

7. നരകത്തിൽ എന്തെല്ലാം പീഡയുണ്ടു്?
1) നരകത്തിലെ ഏററവും വലിയ പീഡ ദൈവത്തെ കാണ്മാൻ സാധിക്കുകയില്ല എന്നുള്ളതാണ്. 3) നരകവാസികൾ തീയിൽ കിടന്നു നിത്യകാലത്തേക്ക് അതികഠിനമായ ശാരീരിക പീഡകളും അനുഭവിക്കും.

---

# അദ്ധ്യായം 2.

## നിത്യരക്ഷ പ്രാപിക്കുവാൻ അവശ്യം അറിഞ്ഞു വിശ്വസിക്കേണ്ട വേദസത്യങ്ങൾ.

### 1. പ്രധാന വേദസത്യങ്ങൾ

1. ഒരു ക്രിസ്ത്യാനി വിശ്വസിക്കേണ്ട പ്രധാന വേദസത്യങ്ങൾ എന്തിൽ അടങ്ങിയിരിക്കുന്നു?
വിശ്വാസപ്രമാണത്തിൽ (10-ാം പാഠം നോക്കുക)

2. പ്രധാന വേദസത്യങ്ങൾ ഏവ?
1) ദൈവത്തിന്റെ ഏകത്വവും ത്രിത്വവും, അതായതു് ഒരു ദൈവം മാത്രമേ ഉള്ളൂ; എന്നാൽ ഈ ഏക ദൈവത്തിൽ പിതാവു്, പുത്രൻ പരിശുദ്ധാത്മാവു് എന്നിങ്ങനെ മൂന്നാളുകളുണ്ടു്. 2) ഈ മൂന്നാളുകളിൽ പുത്രൻ തമ്പുരാൻ മനുഷ്യനായി ജനിച്ചു, കുരിശിൽ മരിച്ചു ഉയിൎത്തു, മനുഷ്യവൎഗ്ഗത്തെ രക്ഷിച്ചു.

3. ഇവയെ പ്രധാന വേദസത്യങ്ങൾ എന്നു വിളിക്കുന്നതെന്തു്?
നിത്യരക്ഷ പ്രാപിക്കാൻ ഇവ അറിഞ്ഞു വിശ്വസിക്കേണ്ടതു് ഏറ്റവും ആവശ്യമായിരിക്കയാലും, മററുള്ള എല്ലാ വേദതത്വങ്ങൾക്കും ഇവ അടിസ്ഥാനമായിരിക്കയാലുമാണ്.

www.malankaralibrary.com



## 2. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും.

1. പ്രധാന വേദസത്യങ്ങളിൽ ഒന്നാമത്തേതു് എന്താകുന്നു?
ദൈവത്തിന്റെ ഏകത്വത്തെയും ത്രിത്വത്തെയും സംബന്ധിച്ചുള്ള ദിവ്യരഹസ്യമാകുന്നു.

2. ഈ ദിവ്യരഹസ്യത്തിൽ നിന്നു നാം മനസ്സിലാക്കേണ്ടതു് എന്തു്?
സാരാംശത്തിൽ ദൈവം ഏകനാണെന്നും, എന്നാൽ ഈ ഏകദൈവത്തിൽ മൂന്നാളുകളുണ്ടെന്നും മനസ്സിലാക്കണം.

3 ആകയാൽ എത്ര ദൈവമുണ്ടു്? ഒരു ദൈവമേ ഉള്ളു.

4. ദൈവത്തിൽ എത്ര ആളുകളുണ്ടു്?
പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നിങ്ങനെ അന്യോന്യം വിഭിന്നരായിരിക്കുന്ന മൂന്നാളുകളുണ്ടു്.

5. ഒന്നാമത്തെ ആളെ "പിതാവു്" എന്നു വിളിക്കുന്നതെന്തു്?
മറ്റൊരാളിൽനിന്നു് ആദിയില്ലാത്തവനാകയാലും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും ആദിയാകയാലും പരിശുദ്ധത്രിത്വത്തിന്റെ ഒന്നാമത്തെ ആളെ "പിതാവു്" എന്നു വിളിക്കുന്നു.

6. രണ്ടാമത്തെ ആളെ "പുത്രൻ" എന്നു വിളിക്കുന്നതെന്തു്?
പിതാവിൽനിന്നു ജനിക്കുന്നതിനാൽ പരിശുദ്ധത്രിത്വത്തിന്റെ രണ്ടാമത്തെ ആളെ "പുത്രൻ" എന്നു വിളിക്കുന്നു.

7. മൂന്നാമത്തെ ആളെ "പരിശുദ്ധാത്മാവു്" എന്നു വിളിക്കുന്നതെന്തു്?
പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നതിനാൽ പരിശുദ്ധത്രിത്വത്തിന്റെ മൂന്നാമത്തെ ആളെ "പരിശുദ്ധാത്മാവു്" എന്നു വിളിക്കുന്നു.

8. പിതാവു ദൈവമാണോ?
അതേ, പിതാവു ദൈവമാകുന്നു.

9. പുത്രൻ ദൈവമാണോ?
അതേ, പുത്രൻ ദൈവമാകുന്നു.

10. പരിശുദ്ധാത്മാവു ദൈവമാണോ?
അതേ, പരിശുദ്ധാത്മാവു ദൈവമാകുന്നു.

www.malankaralibrary.com



11. ആകയാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു ദൈവമുണ്ടോ?
ഇല്ല; ഒരു ദൈവമേയുള്ളു. പിതാവും പുത്രനും പരിശുദ്ധാത്മാവും ഈ ഏകദൈവത്തിലെ മൂന്നാളുകളാണു്.
12. ഈ മൂന്നാളുകൾ ഒരു ദൈവം മാത്രമാണെന്നു പറയുന്നതെന്തു്?
മൂവർക്കും ഒരേ ദിവ്യസാരാംശം ഉള്ളതിനാൽ ഈ മൂന്നാളുകൾ ഒരു ദൈവം മാത്രമാണു്.
13. ഈ മൂവരിൽ ഏററവും ബുദ്ധിയും, മഹത്വവും, ശക്തിയുമുള്ളതു് ആർക്കാണു്?
ഒരേ ബോധജ്ഞാനവും, ഒരേ ശക്തിയും, ഒരേ മഹത്വവും മൂവർക്കും ഒരുപോലെ ഉള്ളതിനാൽ മൂന്നുപേരും പരിപൂർണ്ണ സമത്വമുള്ളവരാണു്. അവർ തമ്മിൽ ഭേദമില്ല; വലിപ്പവും ചെറുപ്പവുമില്ല.
14. പുത്രനും പരിശുദ്ധാത്മാവും ഉണ്ടാകുന്നതിനു മുമ്പ് പിതാവല്ലേ ഉണ്ടായതു്?
അല്ല; പിതാവ് അനാദിയായിരിക്കുന്നതുപോലെ പുത്രനും പരിശുദ്ധാത്മാവും അനാദിയായിരിക്കുന്നു. ഇവർ തമ്മിൽ കാലവ്യത്യാസമില്ല; പ്രായഭേദവുമില്ല.

# അദ്ധ്യായം 3.

## ദൈവപുത്രൻെറ മനുഷ്യാവതാരം.

1. രക്ഷ പ്രാപിക്കുവാൻ അവശ്യം അറിഞ്ഞു വിശ്വസിക്കേണ്ട വേദസത്യങ്ങളിൽ രണ്ടാമത്തേതു് എന്താകുന്നു?
പരിശുദ്ധത്രിത്വത്തിൻെറ രണ്ടാം ആൾ ആകുന്ന പുത്രൻതമ്പുരാൻെറ മനുഷ്യാവതാരത്തെപ്പററിയുള്ള ദിവ്യരഹസ്യമാകുന്നു. (2-ാം അദ്ധ്യായത്തിലെ രണ്ടാം ചോദ്യവും ഉത്തരവും കാണുക)
2. മനുഷ്യാവതാരം എന്ന വാക്കിൻെറ അർത്ഥമെന്തു്?
പരിശുദ്ധത്രിത്വത്തിൻെറ രണ്ടാം ആൾ ആകുന്ന പുത്രൻതമ്പുരാൻ, പരിശുദ്ധാത്മാവിൻെറ പ്രവൃത്തിയാൽ

www.malankaralibrary.com



കന്യകമറിയത്തിന്റെ ഗർഭത്തിൽനിന്നു ശരീരം സ്വീകരിച്ച് ആത്മാവോടുകൂടെ മനുഷ്യനായി ലോകത്തിൽ ജനിച്ചു എന്നർത്ഥം.

3. പിതാവും പരിശുദ്ധാത്മാവും മനുഷ്യനായി അവതരിച്ചോ?
ഇല്ല; പുത്രൻ മാത്രമേ മനുഷ്യനായി അവതരിച്ചുള്ളു.

4. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ പേരെന്ത്?
യേശുമിശിഹാ എന്നാകുന്നു.

5. യേശുമിശിഹായുടെ പിതാവ് ആരാകുന്നു?
പരിശുദ്ധത്രിത്വത്തിന്റെ ഒന്നാമത്തെ ആളത്രെ; ആ പിതാവ് അനാദിയുമാണ്.

6. മനുഷ്യരായ നമുക്കുള്ളതുപോലെ ജനിപ്പിച്ച പിതാവ് യേശുമിശിഹായ്ക്കുണ്ടോ?
ഇല്ല; അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളു, അതായതു പരിശുദ്ധ കന്യകമറിയാം.

7. എന്നാൽ വി. യൗസേപ്പ് ആരായിരുന്നു?
വിശുദ്ധ യൗസേപ്പ് യേശുമിശിഹായുടെ വളർത്തുപിതാവായിരുന്നു; ജനിപ്പിച്ച പിതാവല്ല

8. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതെന്തിന്?
നമ്മെ രക്ഷിച്ച് സ്വർഗ്ഗീയഭാഗ്യത്തിന് അവകാശികളാക്കുവാൻ.

9. ദൈവപുത്രൻ മനുഷ്യനായില്ലെങ്കിൽ നമുക്ക നിത്യരക്ഷ ലഭിക്കയില്ലായിരുന്നോ?
ഇല്ല; നമ്മുടെ ആദിമ പിതാവായ ആദത്തിന്റെ പാപം നിമിത്തം പിശാചിന്റെ അടിമകളും നരകയോഗ്യരും നാം ആയിത്തീർന്നതിനാൽ, ദൈവപുത്രൻ മനുഷ്യനായില്ലെങ്കിൽ നമുക്ക നിത്യരക്ഷ ലഭിക്കയില്ലായിരുന്നു.

10. ആദത്തിന്റെ പാപം എന്തെല്ലാം നാശവും നഷ്ടവും നമുക്ക വരുത്തി?
ജന്മപാപം അജ്ഞത, പാപം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്ന ദുരാശ, മരണം എന്നല്ല, നമുക്ക നേരിട്ടിരിക്കുന്ന സകല തിന്മകളും ആദം ചെയ്ത പാപത്തിന്റെ ദുഷ്ഫലങ്ങളാകുന്നു.

www.malankaralibrary.com



11. യേശുമിശിഹാ നമ്മെ രക്ഷിച്ചതെങ്ങനെ?
തന്റെ പീഡാനുഭവത്താലും, കുരിശു മരണത്താലും നമ്മെ രക്ഷിച്ചു.

12. യേശുമിശിഹാ മരിച്ചിട്ട് ഉയിർത്തോ?
മരിച്ചിട്ട മൂന്നാംദിവസം ഉയിർത്തു; നാല്പതാം ദിവസം തന്റെ ശ്ലീഹന്മാരുടെ സന്നിധിയിൽ സ്വർഗ്ഗാരോഹണം ചെയ്തു; ഇപ്പോൾ തന്റെ പരമപിതാവിന്റെ വലത്തു ഭാഗത്തു് അവിടുന്നു് എഴുന്നെള്ളിയിരിക്കുന്നു.

13. സ്വർഗ്ഗത്തിൽ നിന്നു വീണ്ടും മിശിഹാ ഈ ലോകത്തിൽ വരുമോ?

വരും; ലോകാവസാനത്തിൽ ദുഷ്ടരെയും ശിഷ്ടരെയും വിധിപ്പാനായി, മഹാ പ്രഭയോടും പ്രതാപത്തോടും കൂടെ വരും.

14. ഇപ്പോൾ യേശുമിശിഹാ എവിടെ ഇരിക്കുന്നു?
ദൈവമെന്ന നിലയിൽ യേശുമിശിഹാ സർവ്വവ്യാപിയായിരിക്കുന്നു; ദൈവസ്വഭാവത്തോടും മനുഷ്യ സ്വഭാവത്തോടുംകൂടെ സ്വർഗ്ഗത്തിലും വിശുദ്ധ കുർബാനയിലും അവിടുന്നു് എഴുന്നെള്ളിയിരിക്കുന്നു.

---

# അദ്ധ്യായം 4. *

---

## പരിശുദ്ധാത്മാവും തിരുസഭയും.

വിഷയവിഭാഗം:—

1. പരിശുദ്ധാത്മാവ്.
2. തിരുസഭ.

* ഈ അദ്ധ്യായം വളരെ പ്രധാനപ്പെട്ടതാകയാൽ നന്നായിട്ട പഠിക്കണം.

www.malankaralibrary.com



1) തിരുസഭയുടെ പരമാദ്ധ്യക്ഷൻ.
2) റോമ്മാ തിരുസിംഹാസനവുമായുള്ള ഐക്യത്തിന്റെ ആവശ്യകതം.
3) തിരുസഭയ്ക്കു പുറമേ നിത്യരക്ഷയില്ല.
4) സത്യസഭയുടെ ലക്ഷണങ്ങൾ.
5) കത്തോലിക്കാസഭ മാത്രമാണ് സത്യസഭ.
6) തിരുസഭയുടെ അപ്രമാദിത്വം.
7) തിരുസഭാഭരണം.

## 1 പരിശുദ്ധാത്മാവ്.

1. പരിശുദ്ധാത്മാവ് ആരാകുന്നു?
പരിശുദ്ധാത്മാവു ത്രിത്വത്തിലെ മൂന്നാമത്തെ ആളും, പിതാവിനോടും പുത്രനോടും സമത്വമുള്ള ദൈവവുമാകുന്നു.

2. പരിശുദ്ധാത്മാവ് ആരിൽനിന്നു് പുറപ്പെടുന്നു?
പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവ്, പിതാവിന്റെയും പുത്രന്റെയും സ്നേഹമാകുന്നു. (യോഹ് 15: 26; 16: 7–14, നടപടി 16: 7; റോമ്മാ 8: 9; ഗലാ 4,6)

3. പരിശുദ്ധാത്മാവിനെ തിരുസഭയിൽ അയച്ചതു് എന്തിനാകുന്നു?
അദൃശ്യമായ വിധം തിരുസഭയെ നിരന്തരമായി × പഠിപ്പിക്കുവാനും, ഭരിച്ചു നിയന്ത്രിക്കുവാനും, വിശുദ്ധീകരിക്കുവാനുമാകുന്നു.

4. പരിശുദ്ധാത്മാവിനെ പ്രാവിന്റെയും, അഗ്നിജ്വാലയുടെയും രൂപത്തിൽ * ചിത്രീകരിക്കുന്നതെന്തു്?
യേശുമിശിഹാ യോർദ്ദാൻ നദിയിൽ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവു് പ്രാവിന്റെ രൂപത്തിലും, അമ്പതാം തിരുനാളിൽ ശ്ലീഹന്മാരിൽ അഗ്നിജ്വാലയുടെ രൂപത്തിലും ഇറങ്ങി ആവസിച്ചതുകൊണ്ടാകുന്നു.

---

× നിരന്തരമായി = എന്നെന്നേക്കുമായി.

* ചിത്രീകരിക്കുക = പടമായി വരയ്ക്കുക.

www.malankaralibrary.com



## തിരുസഭ.

1. ശ്ലീഹന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം എന്തു ചെയ്തു?
അവർ യേശുമിശിഹാ സ്ഥാപിച്ച തിരുസഭയെ ലോകത്തിന്റെ എല്ലാഭാഗങ്ങളും പ്രസംഗിച്ചു പ്രചരിപ്പിച്ചു.

2. യേശുമിശിഹാ സ്ഥാപിച്ചതും, ശ്ലീഹന്മാർ പ്രചരിപ്പിച്ചതുമായ സഭ ഒന്നു മാത്രമല്ലാതെ വേറെ സത്യ സഭകളുണ്ടോ?
ഇല്ല; ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും എല്ലാവർക്കും പിതാവായിരിക്കുന്ന ഒരു ദൈവവും ഉള്ളതുപോലെ സത്യമായ സഭയും ഒന്നേയുള്ളു. (എപ്പേ. 4, 5-6)

3. വിശുദ്ധസഭ അഥവാ കത്തോലിക്കാസഭ എന്നാലെന്ത്?
മാമോദീസാ സ്വീകരിച്ചു, ഒരേ വേദസത്യങ്ങളിൽ വിശ്വസിച്ചു റോമ്മാ മാർപ്പാപ്പായ്ക്കു കീഴ്വഴങ്ങിയിരിക്കുന്ന വിശ്വാസികളുടെ ഗണമാകുന്നു * കത്തോലിക്കാതിരുസഭ.

### (1) തിരുസഭയുടെ പരമാദ്ധ്യക്ഷൻ. +

1. തിരുസഭയുടെ തലവൻ ആരാകുന്നു?
അദൃശ്യനായ + തലവൻ യേശുമിശിഹാതന്നെ.
ദൃശ്യനായ X തലവൻ ഈ ഭൂമിയിൽ മിശിഹായുടെ പ്രതിനിധിയായ മാർപ്പാപ്പായാകുന്നു.

2. യേശുമിശിഹാ തിരുസഭയുടെ ദൃശ്യതലവനായി ആരെ നിയമിച്ചു?
വിശുദ്ധ പത്രോസ് ശ്ലീഹായെയും, വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമികളായ മാർപ്പാപ്പാമാരെയും നിയമിച്ചു.

---

* ഗണം = സംഘം, കൂട്ടം.
\+ പരമാദ്ധ്യക്ഷൻ = ഏററവും പ്രധാനിയായ അധികാരി, തലവൻ.
X അദൃശ്യനായ = കാണാൻ പാടില്ലാത്തവനായ.
X ദൃശ്യനായ = കാണ്മാൻ സാധിക്കുന്ന.

www.malankaralibrary.com


യേശുമിശിഹാ വിശുദ്ധ പത്രോസിന് മററു ശ്ലീഹന്മാക്കു കൊടുക്കാത്ത വല്ല പ്രാധാന്യവും നൽകിയിട്ടുണ്ടോ?
ഉണ്ട്; 1) യേശുമിശിഹാ വിശുദ്ധ പത്രോസിനെ തൻെറ സഭയുടെ അടിസ്ഥാനക്കല്ലായും, 2) സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽക്കാരനായും, 2) തൻെറ അജഗണമായ * സഭമുഴുവൻെറയും പരമാദ്ധ്യക്ഷനായും, 4) തൻെറ ദിവ്യ പ്രബോധനങ്ങളുടെ × പ്രമാദരഹിതനായ വ്യാഖ്യാതാവും സംരക്ഷകനുമായും നിയമിച്ചു തൻെറ സഭയിൽ വിശുദ്ധ പത്രോസിനു മററു ശ്ലീഹന്മാക്കു കൊടുക്കാത്ത പ്രാധാന്യവും പരമാധികാരവും × നൽകി. (മത്താ. 16, 16-19; ലൂക്കാ. 22, 32; യോ. 21, 15-17)

4. യേശുമിശിഹാ തൻെറ തിരുസഭയിൽ വിശുദ്ധ പത്രോസിനു കൊടുത്ത പരമാധികാരം അദ്ദേഹത്തോടുകൂടി അവസാനിച്ചോ?
ഇല്ല, യേശുമിശിഹാ സ്ഥാപിച്ച തിരുസഭ ലോകാവസാനംവരെ നിലനില്പാനുള്ളതാകയാൽ വിശുദ്ധ പത്രോസിനു കൊടുത്ത പരമാധികാരം അദ്ദേഹത്തിൻെറ ശമിയായ പിൻഗാമികളായിത്തീരുന്ന എല്ലാ മാർപ്പാപ്പാമാർക്കും ലോകാവസാനംവരെ ഉണ്ടായിരിക്കുന്നതാണ്.

## (2) റോമ്മാ തിരുസിംഹാസനവുമായുള്ള ഐക്യത്തിൻെറ ആവശ്യകത.

1. യേശുമിശിഹായുടെ സത്യസഭയിൽ ഉൾപ്പെടുന്നതിനു റോമ്മാ തിരുസിംഹാസനവുമായുള്ള ഐക്യം * ആവശ്യമാണോ?

---

* അജഗണം=ആട്ടിൻകൂട്ടം.
÷ ദിവ്യപ്രബോധനങ്ങൾ=ദിവ്യമായ ഉപദേശങ്ങൾ.
പ്രമാദരഹിതനായ=തെററുവരാൻപാടില്ലാത്തവനായ.
വ്യാഖ്യാതാവ്=വ്യാഖ്യാനിക്കുന്നവൻ, വിശദമാക്കുന്നവൻ.
× പരമാധികാരം=ഏററവും പ്രധാനമായ അധികാരം.
* ഐക്യം=യോജിപ്പ്.

www.malankaralibrary.com



ആവശ്യംതന്നെ; ശ്ലൈഹിക സിംഹാസനമായ റോമ്മാ തിരുസിംഹാസനത്തോടുള്ള + അനുയോജ്യതയും, ഐക്യവും സത്യസഭയിൽ ഉൾപ്പെടുന്നതിന് അവശ്യം വേണ്ട * വ്യവസ്ഥയാകുന്നു.

2, എന്നാൽ തിരുസഭയെ റോമ്മാ കത്തോലിക്കാസഭ എന്നു വിളിക്കുന്നതെന്തു്?

തിരുസഭയുടെ ദൃശ്യതലവനും, വിശുദ്ധ പത്രോസിന്റെ പിൻഗാമിയുമായ മാർപ്പാപ്പായുടെ സിംഹാസനസ്ഥലം റോമ്മാനഗരം ആകയാലും, ഓരോരോ പാഷണ്ഡർ + സ്ഥാപിച്ച വിരുദ്ധ × സഭകളിൽനിന്ന് ഇതിനെ തിരിച്ചറിയുന്നതിന വേണ്ടിയും റോമ്മാ കത്തോലിക്കാ സഭ എന്നു സത്യസഭയെ വിളിച്ചുവരുന്നു.

3, മറ്റ ശ്ലീഹന്മാരുടെ പിൻഗാമികളാരാകുന്നു?

ശരിയായവിധം മെത്രാന്റെ സ്ഥാനം പ്രാപിച്ചവരും തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായോട് ഐക്യം ഉള്ളവരുമായ മെത്രാന്മാരാകുന്നു.

4. തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായോട് ഐക്യമില്ലാത്ത യാതൊരു മെത്രാനും ശ്ലീഹന്മാരുടെ പിൻഗാമിയാകുവാൻ പാടില്ലാത്തതെന്തു്?

(1) തായ്ത്തടിയോട് യോജിച്ചിരിക്കാത്ത ശാഖയ്ക്കു ÷ ജീവനും പോഷകാംശവും * ലഭിക്കാത്തതുപോലെ, തിരുസഭയുടെ പരമാദ്ധ്യക്ഷനോട് യോജിച്ചിരിക്കാത്ത മെത്രാന് സഭയുടെ നൽവരങ്ങളും + അധികാരങ്ങളും ലഭിക്കുന്നതല്ല.

---

+ അനുയോജ്യത = ചേർച്ച, യോജിപ്പ്.

* അവശ്യംവേണ്ട = ഒഴിച്ചുകൂടാൻ പാടില്ലാത്ത.

\+ പാഷണ്ഡർ = തിരുസഭയിലെ വിശ്വാസ സത്യങ്ങളിൽ ഏതെങ്കിലും നിഷേധിക്കുകയോ, തിരുസഭ ശപിക്കുന്നവ പഠിപ്പിക്കുകയോ ചെയ്യുന്ന ക്രിസ്ത്യാനികൾ.

× വിരുദ്ധസഭ = സത്യസഭയ്ക്കു എതിരായ സഭ.

* ശാഖ = കൊമ്പ്. ÷ പോഷകാംശം = ആഹാര സാധനങ്ങളിലെ പോഷിപ്പിക്കുന്ന (കൊഴുപ്പിക്കുന്ന) ഭാഗം.

\+ നൽവരങ്ങൾ = വിശേഷപ്പെട്ട അനുഗ്രഹങ്ങൾ.

www.malankaralibrary.com



2) യേശുനാഥൻ തിരുസഭയിൽ സർവ്വപ്രധാനവും, പരിപൂർണ്ണവുമായ അധികാരം വിശുദ്ധ പത്രോസിനും അദ്ദേഹത്തിന്റെ അനന്തരഗാമികൾക്കും * മാത്രം നല്കിയിരിക്കയാൽ ഇവരോടു ഐക്യവും അനുയോജ്യതയുമില്ലാത്ത മററു ശ്ലീഹന്മാർക്കോ, അവരുടെ അനന്തരഗാമികൾക്കോ യാതൊരു അധികാരവും സിദ്ധിക്കുന്നതിനു ന്യായമില്ല.

## (3) തിരുസഭയ്ക്കു പുറമേ നിത്യരക്ഷയില്ല.

1. സത്യസഭയിൽ ചേരുവാൻ എല്ലാവർക്കും ചുമതലയുണ്ടോ?
ഉണ്ട്; സ്വന്തകുററത്താൽ തിരുസഭയിൽ ചേരാത്തവർക്ക് രക്ഷയില്ല.

2. ശീശ്മസഭയിലും + പാഷണ്ഡസഭയിലും ഉൾപ്പെട്ടിരിക്കുന്നതു വലിയ പാപമാകുന്നോ?
അതെ, നിത്യനാശം വരുത്തുന്ന മഹാ പാപമാകുന്നു; എന്തെന്നാൽ യേശുമിശിഹാ രക്ഷാകരമായ + ഏകസഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അതുകൊണ്ടു ഈ സഭയിൽ നിന്നു മനഃപൂർവ്വം വേർപെട്ടിരിക്കുന്നവർക്ക് രക്ഷയില്ല. (മത്തായി 18: 17; മർക്കോ 16: 16; ലൂക്കാ 10: 16; യോഹ. 10: 9_10) "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ശേഖരിക്കാത്തവൻ ചിതറിക്കതന്നെ ചെയ്യുന്നു" (മത്താ. 12: 30) എന്നു മിശിഹാ അരുളിച്ചെയ്തിരിക്കയാൽ സ-

---

* അനന്തരഗാമി = പിൻഗാമി.

+ ശീശ്മസഭ = സത്യസഭയുടെ പരമാദ്ധ്യക്ഷനു കീഴ്‌വഴങ്ങാത്തതോ, അഥവാ കീഴ്‌വഴങ്ങാത്തതു നിമിത്തം സത്യസഭയിൽ നിന്നു വെട്ടി നീക്കപ്പെട്ടതോ ആയ ക്രിസ്തീയസഭ.

+ പാഷണ്ഡസഭ = സത്യസഭയിലെ വിശ്വാസ സത്യങ്ങളിൽ ഏതെങ്കിലും നിഷേധിക്കുകയോ, തിരുസഭ ശപിക്കുന്നവ പഠിപ്പിക്കുകയോ ചെയ്യുന്ന ക്രിസ്തീയസഭ.

+ രക്ഷാകരമായ = രക്ഷ നൽകുന്ന.

www.malankaralibrary.com



ന്ന കാരണത്താൽ യേശു സ്ഥാപിച്ച സഭയിൽ ചേരാത്തവൻ യേശുവിന്റെ വിരോധിയായിത്തീരുന്നു; യേശു സ്ഥാപിച്ച സഭയിൽ ചേർന്നു ദൈവാനുഗ്രഹങ്ങൾ ശേഖരിക്കാത്തവൻ ആത്മരക്ഷ അപകടത്തിലാക്കുന്നു.

സ്വന്തകാരണത്താൽ സത്യസഭയിൽ ചേരാത്തവർക്ക് നിത്യരക്ഷ ലഭിക്കയില്ലെന്നുള്ളതിനു വിശുദ്ധ ഗ്രന്ഥങ്ങളിലോ, പിതാക്കന്മാരുടെ കൃതികളിലോ വല്ല സാക്ഷ്യവുമുണ്ടോ?

ഉണ്ട്; (1) "സഭയെ കേൾക്കാത്തവൻ പുറജാതിക്കാരനെപ്പോലെയും, ചുങ്കക്കാരനെപ്പോലെയും നിനക്കായിരിക്കട്ടെ" എന്നു മിശിഹാ അരുളിച്ചെയ്യുന്നു. (മത്താ. 18: 17)

(2) ശീശ്മം, പാഷണ്ഡത എന്നിവയെ വിശുദ്ധ പൗലോസ് കൊലപാതകം, വിഗ്രഹാരാധന എന്നീ കുറ്റങ്ങൾക്കു സമമായി എണ്ണുകയും, മററു മതങ്ങളുടെ കർത്താക്കൾക്കു സ്വർഗ്ഗം ലഭിക്കുന്നതല്ലെന്നു അറിയിക്കുകയും ചെയ്യുന്നു. (ഗലാത്തി. 5: 20-21)

(3) "ഞങ്ങൾ നിങ്ങളോടു പ്രസംഗിച്ചതിനു വിരോധമായി ഞങ്ങളാകട്ടെ, സ്വർഗ്ഗത്തിൽനിന്ന് ഒരു ദൈവദൂതനാവട്ടെ ഒരു സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ." (ഗലാത്തി. 1: 8)

"നിങ്ങളെ ഞങ്ങളറിയിച്ചതൊഴി–
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ,
വാനവനെങ്കിലുമട്ടവൻ
താനേൽക്കും സഭയിൻ ശാപം"

എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കയാൽ സത്യസഭയെ പരിത്യജിച്ച് ഇതരസഭകൾ സ്ഥാപിച്ചവർ ശാപയോഗ്യരാണ്. തന്നിമിത്തം തങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സഭ സത്യസഭയല്ലെന്ന് അറിഞ്ഞിട്ടും ക്രിസ്തുനാഥൻ സ്ഥാപിച്ച ഏകസത്യസഭ ഏതെന്ന് അന്വേഷിക്കാതെയും, സത്യസഭ ഏതെന്ന് അറിഞ്ഞിട്ടും

www.malankaralibrary.com



അതിൽ ചേരാതെയും ഇതരസഭകളിൽ ജീവിച്ചുവരുന്നവർ ശാപയോഗ്യരാണ്.

യേശുമിശിഹാ നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടു ദൈവപുത്രനാണെന്നു വെളിപ്പെടുത്തിയിട്ടും തന്റെ ദൈവത്വത്തിൽ യൂദന്മാർ വിശ്വസിച്ചില്ല. തൻമൂലം പരിശുദ്ധാത്മാവിനു വിരുദ്ധമായ കഠിന പാപത്തിൽ അവർ ഉൾപ്പെട്ടിരിക്കുന്നു എന്നു് യേശു അരുളിച്ചെയ്തു (മത്താ. 12: 31-32). ഇതുപോലെതന്നെ സത്യസഭ ഏതെന്നു് അറിഞ്ഞിട്ടും സ്വന്ത കുററത്താൽ അതിൽ ചേരാത്തവർ പരിശുദ്ധാത്മാവിനു വിരുദ്ധമായ പാപത്തിൽ ഉൾപ്പെട്ടിരിക്കയാൽ നിത്യരക്ഷ ലഭിക്കാതെ നശിച്ചുപോകുന്നു.

(4) സഭാപിതാക്കന്മാർ സത്യസഭയെ നോഹിന്റെ പെട്ടകത്തോടാണു് * ഉപമിക്കുന്നതു്. ജലപ്രളയകാലത്തു നോഹിന്റെ പെട്ടകത്തിൽ പ്രവേശിക്കാതിരുന്നവരൊക്കെ നശിച്ചുപോയതുപോലെ, സത്യസഭ ഏതെന്നു് അറിഞ്ഞിട്ടും സ്വന്ത കുററത്താൽ അതിൽ പ്രവേശിക്കാത്തവരൊക്കെ നശിച്ചുപോകുമെന്നു സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

ശീശ്മസഭകളിലും പാഷണ്ഡസഭകളിലും ഉൾപ്പെട്ടിരിക്കുന്ന പരെപ്പററി സഭാപിതാവായ വിശുദ്ധ സിപ്രിയൻ ഇങ്ങനെ പറയുന്നു: "ക്രിസ്തുവിന്റെ മണവാട്ടിയായ സഭ വ്യഭിചരിക്കുന്നതല്ല. അവൾ നിർമ്മലയും പരിശുദ്ധയുമാണു്. എന്നാൽ സത്യസഭയിൽനിന്നു പിന്മാറുന്നവൻ വ്യഭിചരിക്കുന്നു; സഭയുടെ നൽവരങ്ങളിൽനിന്നു് അകലുന്നു. മിശിഹായുടെ സഭയെ പരിത്യജിച്ചുവനു മിശിഹായുടെ വാഗ്ദാനങ്ങൾക്കും അവകാശമില്ല. സഭയെ മാതാവായി സ്വീകരിക്കാത്തവനു ദൈവത്തെ പിതാവായി ലഭിക്കുന്നതല്ല." (De unit. Eccl. 6). ശീശ്മസഭകളെയും, പാഷണ്ഡ സഭകളെയും പററി

* നോഹിന്റെ പെട്ടകം=ജലപ്രളയകാലത്തു നോഹ് ഉണ്ടാക്കിയ കപ്പൽ.

www.malankaralibrary.com



മറെറാരു സഭാപിതാവായ വി. അഗസ്തീനോസു പറഞ്ഞിട്ടുള്ളതും എത്രയും ശ്രദ്ധാർഹമാണ്. അദ്ദേഹം പറയുന്നു: “കത്തോലിക്കാസഭയ്ക്കു പുറമേ നിത്യരക്ഷ ഒഴിച്ചു മററുള്ളതെല്ലാം ലഭിക്കാം. കൂദാശകൾ സ്വീകരിക്കാം; ഹാലെലുയ്യാ പാടാം; “ആമ്മീൻ” എന്നു് ഉത്തരിക്കാം; സുവിശേഷഗ്രന്ഥം കൈയിൽ പിടിച്ചു പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലുള്ള വിശ്വാസം ഏററുപറഞ്ഞു് പ്രസംഗങ്ങൾ നടത്താം. എന്നാൽ കത്തോലിക്കാ സഭയിലല്ലാതെ മറെറാരിടത്തും നിത്യരക്ഷ കണ്ടെത്തുകയില്ല.”

(Serm. ad Caes. Eccl. Plebem. 6)

4, ശീശ്മകളും പാഷണ്ഡതകളും ഉണ്ടാകുമെന്നു യേശുനാഥനും ശ്ലീഹന്മാരും മുൻകൂട്ടി അറിയിച്ചിട്ടുണ്ടോ?

ഉണ്ടു്. ശീശ്മകളും പാഷണ്ഡതകളും ഉണ്ടാകുമെന്നു യേശുനാഥനും ശ്ലീഹന്മാരും സ്പഷ്ടമായി പല പ്രാവശ്യവും അറിയിച്ചിട്ടുണ്ടു്.

(1) “കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്ന വ്യാജപ്രവാചകന്മാരെ * സൂക്ഷിച്ചുകൊള്ളുവിൻ. എന്തുകൊണ്ടെന്നാൽ അകമേ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു” (മത്താ. 7: 15) എന്നു മിശിഹാ അരുളിച്ചെയ്യുന്നു.

(2) “നിങ്ങളുടെ ഇടയിൽ അസത്യോപദേഷ്ടാക്കൾ + ഉണ്ടാകും. അവർ നാശകരമായ ÷ സഭകൾ സ്ഥാപിക്കയും, തങ്ങളെ രക്ഷിച്ച കർത്താവിനെ ഉപേക്ഷിക്കയും ചെയ്യും” എന്നു വിശുദ്ധ പത്രോസും പറഞ്ഞിട്ടുണ്ടു്. (2 പത്രോസ് 2: 1)

(3) “നിങ്ങളുടെ അടുക്കൽ വരുന്ന ഒരാൾ ഈ ഉപദേശം (ശ്ലീഹന്മാർ പ്രസംഗിച്ച സത്യമായ ഉപദേശം) നിങ്ങൾക്കു നൽകുന്നില്ലെങ്കിൽ അവനെ നിങ്ങളുടെ വീട്ടിൽ

* വ്യാജപ്രവാചകന്മാർ = കള്ളദീർഘദർശികൾ.

+ അസത്യോപദേഷ്ടാക്കൾ = സത്യമല്ലാത്ത ഉപദേശം നല്കുന്നവർ. ÷ നാശകരമായ = നാശം വരുത്തുന്ന.

www.malankaralibrary.com


സ്വീകരിക്കുകയോ അവനു സ്വസ്തി പറയുകയോ ചെയ്യരുത്" എന്നു വിശുദ്ധ യോഹന്നാനും ഉപദേശിക്കുന്നു. (2 യോഹ. 10).

## (4) സത്യസഭയുടെ ലക്ഷണങ്ങൾ.

1. എന്നാൽ സത്യസഭയെ അന്യസഭകളിൽ നിന്നു തിരിച്ചറിയുന്നതിനുള്ള പ്രധാന ലക്ഷണങ്ങൾ ഏവയാകുന്നു?
സത്യസഭയെ തിരിച്ചറിയുന്നതിനുള്ള പ്രധാന ലക്ഷണങ്ങൾ നാലാകുന്നു. (1) സത്യസഭ ഏകമായിരിക്കണം. (2) സത്യസഭ വിശുദ്ധമായിരിക്കണം. (3) സത്യസഭ സാർവ്വത്രിക (കാതോലിക) മായിരിക്കണം. (4) സത്യസഭ ശ്ലൈഹികമായിരിക്കണം. "ഏകവും വിശുദ്ധവും, കാതോലികവും (സാർവ്വത്രികവും), ശ്ലൈഹികവുമായ തിരുസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നു നിഖ്യാ വിശ്വാസപ്രമാണത്തിലും ചൊല്ലുന്നുണ്ട്. *

## (5) കത്തോലിക്കാസഭ മാത്രമാണ് സത്യസഭ.

1. കത്തോലിക്കാസഭ സത്യസഭയാണോ?
അതെ, സത്യസഭയുടെ പ്രധാന നാലു ലക്ഷണങ്ങളും, അതായത് ഏകത്വം, വിശുദ്ധി, സാർവ്വത്രികത, ശ്ലൈഹി

---

* 1) സത്യസഭ ഏകമായിരിക്കണം = വിശ്വാസസത്യങ്ങളിലും ഭരണത്തിലും പരിപൂർണ്ണൈക്യമുള്ള സഭയാണു സത്യസഭ (മത്താ. 12: 25; യോഹ. 10: 16; 15: 5; 17: 20:21; റോമാ, 12: 4–5; 1 കോറി. 14: 33; എഫേസ്യ. 4: 3–6)

2) സത്യസഭ വിശുദ്ധമായിരിക്കണം = പരിശുദ്ധമായ ഉപദേശങ്ങൾ നൽകുന്നതും, ആത്മശുദ്ധീകരണത്തിന് ഉപയുക്തമായ എല്ലാമാർഗ്ഗങ്ങളും—പ്രത്യേകിച്ച് ഏഴു വിശുദ്ധ കൂദാശകൾ ഉള്ളതും, ഭക്തന്മാരെയും പുണ്യവാന്മാരെയും എല്ലാ കാലത്തും ഉല്പാദിപ്പിക്കുന്നതിന് ശക്തിയുള്ളതുമായ സഭയാണു സത്യസഭ. (ഏശയ്യാ 2: 2–4; ജറമിയാ 31: 31–34; എസക്കിയേൽ 11: 19–20; മത്താ, 5: 48; യോഹ. 14: 16; എഫേസ്യ. 4. 11–13; 5: 25–27 തീത്തോസ് 2: 14; 1 പത്രോസ് 2: 9). തിരുസഭയുടെ അംഗങ്ങളെല്ലാം പുണ്യവാന്മാർ ആയിരിക്കയില്ല. ലോകാവസാനംവരെ ദുഷ്ട

www.malankaralibrary.com


കത്വം എന്നിവ കത്തോലിക്കാസഭയിൽ മാത്രം പരിപൂർണ്ണമായി നിറവേറിയിരിക്കുന്നതിനാൽ ഈ സഭ മാത്രമാണ് സത്യസഭ.

2. കത്തോലിക്കാസഭ ഏകമാണോ?
കത്തോലിക്കാസഭയുടെ അംഗങ്ങളായ വിശ്വാസികൾ ഒരേ വേദസത്യങ്ങൾ വിശ്വസിക്കുന്നതുകൊണ്ടും, ഒരേ കൂദാശകളും ദിവ്യപൂജയും എല്ലാവർക്കും ഉള്ളതുകൊണ്ടും, എല്ലാവരും ഒരേ തലവന്റെ കീഴ് വഴങ്ങുന്നതുകൊണ്ടും ഈ സഭ ഏകമാകുന്നു.

3. കത്തോലിക്കാസഭ വിശുദ്ധമാണോ?
ഈ സഭയുടെ സ്ഥാപകൻ സർവ്വപരിശുദ്ധനായ യേശുമിശിഹാ ആകയാലും, പ്രസ്തുത സഭ പരിശുദ്ധമായ ദിവ്യോപദേശങ്ങൾ നൽകി ഉത്തമ ജീവിതത്തിന് വേണ്ട എല്ലാ മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനാലും × എല്ലാകാലത്തും ഈ സഭയുടെ മക്കളിൽ അനേകംപേർ ഉൽകൃഷ്ടപുണ്യങ്ങളാൽ പ്രശോഭിതരായി + വിശുദ്ധന്മാരും തിരുസഭയിൽ ഉണ്ടായിരിക്കും. (മത്താ. 13:24–37; 13:47–48; 1കോറി. 5; 2കോറി. 2; 2തിമോത്തി. 1:15 2തിമോത്തി 2.20).

(3) സത്യസഭ സാർവ്വത്രികമായിരിക്കണം = വൃഥക്കം ചില രാജ്യങ്ങളിലോ, അഥവാ ചില ജനവിഭാഗങ്ങളിലോ മാത്രമല്ല, ഭൂഗോളത്തിലെ സകല രാജ്യങ്ങളുടെയും, ജാതികളുടെയും ഗോത്രങ്ങളുടെയും, ഭാഷക്കാരുടെയും ഇടയിൽ പ്രചരിച്ചിട്ടുള്ളതും സദാ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നതുമായ സഭയാണ് സത്യസഭ. (സങ്കീർത്തനം 2:7–9; 18:5 21:28–29; 71; ഏശയ്യാ 2:2; ജറമിയാ 3:17; എസക്കിയേൽ 17:23 സഖറിയാസ് 9:9–10; മലാഖി 1:10–11, മത്താ. 13:31–33, 47;24:14; 28.19; മർക്കോ. 16:15; നടപടി 1:8; റോമാ 10:18).

× നിർദ്ദേശിക്കുക = ചൂണ്ടിക്കാണിക്കുക.
+ ഉൽകൃഷ്ടപുണ്യങ്ങളാൽ പ്രശോഭിതരായി = വലിയ പുണ്യങ്ങളാൽ ഏററവും ശോഭിക്കുന്നവരായി.

www.malankaralibrary.com



ന്മാരായിത്തീരുന്നതിനാലും ഈ സഭ പരിശുദ്ധമാകുന്നു.

4. കത്തോലിക്കാസഭ സാർവ്വത്രികമാകുന്നുവോ?

ഈ തിരുസഭ എല്ലാക്കാലത്തും ഉണ്ടായിരുന്നതിനാലും ലോകാവസാനം വരെ ഇനി നിലനില്പാനുള്ളതാകയാലും, ലോകത്തിലെ സകല രാജ്യങ്ങളുടെയും ജാതികളുടെയും ഇടയിൽ പ്രചരിച്ച് അവരെ പഠിപ്പിക്കുന്നതിനാലും, വേദസത്യങ്ങളെല്ലാം അന്യൂനമായി △ സംരക്ഷിക്കുന്നതിനാലും, കത്തോലിക്കാസഭ സാർവ്വത്രികമാകുന്നു.

5. കത്തോലിക്കാസഭ ശ്ലൈഹികമാകുന്നുവോ?

ഈ തിരുസഭയുടെ ആരംഭവും ദിവ്യോപദേശങ്ങളും ശ്ലീഹന്മാരിൽ നിന്നാകകൊണ്ടും, ഇതിന്റെ ഇടയന്മാരായ മാർപ്പാപ്പാമാരും മെത്രാന്മാരും ശ്ലീഹന്മാരുടെ കാലം മുതൽ ഇടമുറിയാത്ത പിന്തുടർച്ചയോടുകൂടെ അവരുടെ ശരിയായ അനുഗാമികളായിരിക്കുന്നതുകൊണ്ടും, കത്തോലിക്കാസഭ ശ്ലൈഹികമാകുന്നു.

## (6) തിരുസഭയുടെ അപ്രമാദിത്വം.

1. തിരുസഭ വിശ്വാസസത്യങ്ങളെ പഠിപ്പിക്കുമ്പോൾ തെറ്റിൽ ഉൾപ്പെടുമോ?

---

(4) സത്യസഭ ശ്ലൈഹികമായിരിക്കണം=ശ്ലീഹന്മാർ ഒരിക്കൽ തന്നിട്ടുള്ള ഉപദേശങ്ങളിൽ യാതൊന്നും തള്ളിക്കളയുകയോ, ഭേദപ്പെടുത്തുകയോ ചെയ്യാതെ എല്ലാം അന്യൂനമായി പഠിപ്പിക്കുന്നതും, ഇടക്കാലത്ത് ഉത്ഭവിക്കാതെ ശ്ലീഹന്മാരിൽനിന്നും ഇടവിടാത്ത പിന്തുടർച്ചയാൽ അധികാരം സിദ്ധിച്ചിട്ടുള്ളതുമായ സഭയാണ് സത്യസഭ. (മത്താ. 28: 18-20; യോഹ. 20:21; റോമ്മാ. 10: 14-15; ഗലാത്തി. 1:8; എഫേസ്യ. 2:20; എബ്രാ. 5:4; 1 കോറി. 14:34-35)

△ അന്യൂനമായി=കുറവില്ലാതെ, മുഴുവനായി.

അപ്രമാദിത്വം=തെറ്റിൽ ഉൾപ്പെടാത്ത സ്ഥിതി, തെറ്റാവരം.

www.malankaralibrary.com



ഇല്ല. വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിച്ച കാര്യങ്ങളിൽ തിരുസഭയ്ക്കു് തെറ്റുവരുവാൻ പാടില്ല. എന്തെന്നാൽ പരിശുദ്ധാത്മാവു തന്നെ തിരുസഭയെ നിരന്തരമായി പഠിപ്പിച്ചു നിയന്ത്രിച്ചുവരുന്നു.

2. തിരുസഭ തെറ്റിൽ ഉൾപ്പെടുകയില്ലെന്നു നമുക്കു ഉറപ്പു തരുന്നതു് ആരാകുന്നു?

തിരുസഭ തെറ്റിൽ ഉൾപ്പെടുകയില്ലെന്നു നമുക്കു ഉറപ്പു തരുന്നതു്, ലോകാവസാനം വരെ തിരുസഭയോടു കൂടെ താൻ ഉണ്ടായിരിക്കുമെന്നും, സത്യാത്മാവു് അതിനെ എല്ലാക്കാര്യങ്ങളും പഠിപ്പിക്കുമെന്നും അരുളിച്ചെയ്ത യേശുനാഥൻ തന്നെയാകുന്നു. (മത്താ. 28:20; യോഹ 16:13)

3. തിരുസഭയുടെ അപ്രമാദിത്വം നമുക്കു നിഷേധിക്കാമോ?
പാടില്ല; എന്തെന്നാൽ ഇതു തിരുസഭ നിർവ്വചിച്ച * വിശ്വാസ സത്യങ്ങളിൽ ഒന്നാകുന്നു.

4. തിരുസഭയെ അനുസരിക്കുവാൻ നമുക്കു ചുമതലയുണ്ടോ?
ഉണ്ടു്. "സഭയെ കേൾക്കാത്തവൻ പുറജാതിക്കാരനെപ്പോലെയും ചുങ്കക്കാരനെപ്പോലെയും നിനക്കു ആയിരിക്കട്ടെ" എന്നു യേശുനാഥൻ സ്പഷ്ടമായി അരുളിച്ചെയ്തിരിക്കുന്നു. (മത്താ 18: 17)

---

* തിരുസഭ നിർവ്വചിച്ചു = വിശ്വസിക്കണമെന്നു തിരുസഭ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു.

☞ സത്യസഭയുടെ ഈ നാലു ലക്ഷണങ്ങൾ ഒരു സഭയിൽ കാണുന്നില്ലെങ്കിൽ ആ സഭ യേശുനാഥന്റെ സഭയായിരിപ്പാൻ നിവൃത്തിയില്ല. ഈ നാലു ലക്ഷണങ്ങളും ലോകത്തിലുള്ള പല സഭകളിൽവച്ചു കത്തോലിക്കാസഭയിൽ മാത്രമാണു് പരിപൂർണ്ണമായി നിറവേറിയിട്ടുള്ളതു്. തന്നിമിത്തം കത്തോലിക്കാ സഭയെ മാത്രമേ യേശുവിന്റെ സഭയായി—സത്യസഭയായി—പരിഗണിക്കുവാൻ നിവൃത്തിയുള്ളു.

www.malankaralibrary.com



## (7) തിരുസഭാഭരണം.

1. തിരുസഭയെ ഭരിക്കുന്നതു മാർപ്പാപ്പാ മാത്രമാകുന്നുവോ?
ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ മെത്രാന്മാരും തിരുസഭയെ ഭരിക്കുന്നു. എന്നാൽ ഇവർ തങ്ങളുടെ തലവനായ മാർപ്പാപ്പായെ അനുസരിച്ചും, അദ്ദേഹത്തിനു കീഴ്‌വഴങ്ങിയും, അവരവരുടെ രൂപതകളിൽ ഭരണം നടത്തുന്നു.

2. ഇതിനു വേദപുസ്തകത്തിൽ വല്ല സാക്ഷ്യവുമുണ്ടോ?
ഉണ്ട്. "നിങ്ങളെ സംബന്ധിച്ചും, ദൈവം തന്റെ രക്തംകൊണ്ടു സമ്പാദിച്ചിരിക്കുന്ന തന്റെ സഭയെ ഭരിപ്പാനായി പരിശുദ്ധാത്മാവു നിങ്ങളെ മേലദ്ധ്യക്ഷന്മാരായി നിയമിച്ചിരിക്കയാൽ എല്ലാ അജഗണത്തെ * സംബന്ധിച്ചും നിങ്ങൾ ശ്രദ്ധയുള്ളവരാകുവിൻ" (നട. പടി. 20: 28)

3. വൈദിക ജോലിയിൽ മെത്രാന്മാരെ സഹായിക്കുന്നതു് ആരാകുന്നു?
പട്ടക്കാരാകുന്നു.

---

* അജഗണത്തെ = ആട്ടിൻകൂട്ടത്തെ, വിശ്വാസികളുടെ ഗണത്തെ.

www.malankaralibrary.com

# മൂന്നാം ഭാഗം

## അദ്ധ്യായം 1.

## ദൈവകല്പനകൾ.

(പുറപ്പാട് 20; മത്തായി 5.)

### 1. ദൈവകല്പനകൾ അനുസരിക്കേണ്ടതിന്റെ ആവശ്യകത.

1. സ്വർഗ്ഗരാജ്യം ലഭിപ്പാൻ വേദസത്യങ്ങളെ വിശ്വസിച്ചാൽ മാത്രം മതിയോ?
പോരാ; "നിത്യായുസ്സിലേക്കു പ്രവേശിപ്പാൻ നീ ആഗ്രഹിക്കുന്നെങ്കിൽ കല്പനകളെ കാത്തുകൊൾക" എന്നു യേശുമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. (മത്താ. 19:17)

2. കല്പനകൾ എത്ര?
പത്ത്. (11-ാം പാഠം നോക്കുക)

3. ഈ കല്പനകൾ നൽകിയത് ആരാകുന്നു?
ദൈവംതന്നെ ആകുന്നു.

4. നിത്യരക്ഷ ലഭിക്കുവാൻ ഈ കല്പനകളെല്ലാം അനുസരിപ്പാൻ ആവശ്യമുണ്ടോ?
ഉണ്ട്; എന്തെന്നാൽ ഏതെങ്കിലും ഒരു കല്പന ലംഘിക്കുമ്പോൾ ദൈവേഷ്ടത്തിനു വിപരീതമായി പ്രവർത്തിക്കയാണു ചെയ്യുന്നത് (മത്താ. 5: 19). എന്നു മാത്രമല്ല, കല്പനകളിൽ ഒന്നു ലംഘിച്ചാൽ എല്ലാം ലംഘിച്ചതുപോലെ ആകുന്നു എന്നു മാർ യാക്കോബുശ്ലീഹായും അരുളിച്ചെയ്തിരിക്കുന്നു (യാക്കോ. 2: 10). തന്നിമിത്തം

www.malankaralibrary.com



കല്പനകൾ എല്ലാം അനുസരിക്കാതിരുന്നാൽ നിത്യരക്ഷ ലഭിക്കയില്ല.

5. ഈ കല്പനകൾ അനുസരിപ്പാൻ മനുഷ്യർക്ക് എപ്പോൾ തുടങ്ങി ചുമതലയുണ്ട്.

നന്മതിന്മകളെ തിരിച്ചറിവാൻ തക്ക വിവേകമുണ്ടാകുമ്പോൾ തുടങ്ങി, എല്ലാ മനുഷ്യർക്കും ഈ കല്പനകൾ അനുസരിപ്പാൻ ചുമതലയുണ്ട്.

## II. ഒന്നാം കല്പന.

1. "നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു, ഞാനല്ലാതെ അന്യ ദൈവം നിനക്കുണ്ടാകരുത്" എന്നുള്ള ഒന്നാം കല്പനയിൽ ദൈവം അജ്ഞാപിച്ചിരിക്കുന്നതെന്താകുന്നു?

ദൈവത്തെ മാത്രം ആരാധിപ്പാൻ അജ്ഞാപിച്ചിരിക്കുന്നു (ആവർത്തനം 6: 13; മത്താ. 4: 10)

2. എങ്ങനെ ദൈവത്തെ ആരാധിക്കണം?

* ആന്തരികവും ബാഹ്യവുമായ + പ്രവൃത്തികളാലും വിശ്വാസം, പ്രത്യാശ, സ്നേഹം എന്ന മൂന്നു ദൈവിക പുണ്യങ്ങളാലും, മതാനുഷ്ഠാനങ്ങളാലും X ദൈവത്തെ ആരാധിക്കണം.

3. ഒന്നാം പ്രമാണത്തിൽ ദൈവം നിരോധിച്ചിരിക്കുന്നതെന്താകുന്നു?

വിശ്വാസത്തിനും പ്രത്യാശയ്ക്കും, സ്നേഹത്തിനും മററു മതധർമ്മങ്ങൾക്കും വിപരീതമായ വിഗ്രഹാരാധന, കപടഭക്തി, അന്ധവിശ്വാസം മുതലായ പാപങ്ങൾ നിരോധിച്ചിരിക്കുന്നു.

4. വിശുദ്ധന്മാരുടെ പ്രതിമകൾ നിർമ്മിക്കുന്നതും ഈ പ്രമാണത്തിൽ നിരോധിച്ചിട്ടില്ലേ?

ഇല്ല; എന്തെന്നാൽ പുറജാതിക്കാർ ചെയ്യുന്നതുപോലെ

---

* ആന്തരികമായ = അകമേയുള്ള.

\+ ബാഹ്യമായ = പുറമേയുള്ള.

X മതാനുഷ്ഠാനങ്ങൾ = മതപരമായ കർമ്മങ്ങൾ.

www.malankaralibrary.com


പ്രതിമകളെ ദൈവമായിട്ട് ആരാധിക്കുന്നതിനു വേണ്ടി അവയെ നിൎമ്മിക്കുന്നതു മാത്രമേ ദൈവം നിരോധിച്ചിട്ടുള്ളൂ. (ആചാൎയ്യ. 26: 1; പുറപ്പാട് 25: 18; സംഖ്യ. 21: 8-9: 3(1) രാജാ. 6: 23-29)

5. ആകയാൽ വിശുദ്ധന്മാരെ വണങ്ങുന്നതു നിരോധിച്ചിട്ടുണ്ടോ?

ഇല്ല; എന്തെന്നാൽ നാം പുണ്യവാന്മാരെ ദൈവമായിട്ട് ആരാധിക്കുന്നില്ല; നേരെമറിച്ചു, ദൈവത്തിന്റെ സ്നേഹിതന്മാരായിട്ടും നമ്മുടെ മദ്ധ്യസ്ഥന്മാരായിട്ടും മാത്രമേ നാം അവരെ വണങ്ങുകയും ബഹുമാനിക്കയും ചെയ്യുന്നുള്ളൂ.

6. പുണ്യവാന്മാരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതു ശരിയാണോ?

പുണ്യവാന്മാരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതു ശരിയായതും, നല്ലതും, പ്രയോജനമുള്ളതുമാകുന്നു. എന്തുകൊണ്ടെന്നാൽ ലോകത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യരുടെ മാദ്ധ്യസ്ഥം നാം പല കാൎയ്യങ്ങളിലും അപേക്ഷിക്കുന്നുവെങ്കിൽ സ്വൎഗ്ഗത്തിൽ വാഴുന്ന വിശുദ്ധന്മാരുടെ സഹായം അപേക്ഷിക്കുന്നതു് ഏററം ഫലപ്രദവും, ന്യായാനുസരണവുമാകുന്നു. (സൃഷ്ടി. 18, 20-32; പുറപ്പാട് 17: 9-13; 18: 16; തോബിയാസ് 12: 12; ജോബ് 42: 7-10; ബറൂക്ക് 1: 13; സഖറിയാസ് 1, 12-13; 2മക്കാബ. 15, 14; നടപടി 19, 11-12 റോമ്മാ 15, 30; യാക്കോബ് 5, 16-18; വെളി. 5, 8)

## III. രണ്ടാം കല്പന.

1. "ദൈവത്തിന്റെ തിരുനാമം വൃഥാ ഉപയോഗിക്കരുത്" എന്നുള്ള രണ്ടാം കല്പനയിൽ ദൈവം എന്തു് ആജ്ഞാപിക്കുന്നു?

ദൈവത്തെയും വിശുദ്ധന്മാരെയും ദിവ്യകൎമ്മാദികളെയും തിരുവസ്തുക്കളെയും പററി ബഹുമാനത്തോടും ആദരവോടും കൂടിമാത്രമേ സംസാരിക്കാവൂ എന്നും, നേൎച്ചകളെയും

www.malankaralibrary.com


പ്രതിജ്ഞകളെയും നിറവേററണമെന്നും ആജ്ഞാപിക്കുന്നു.

2. ഈ കല്പനയിൽ ദൈവം എന്തു നിരോധിക്കുന്നു?
അസത്യമായും, അധർമ്മമായും, ന്യായരഹിതമായും, * അനാവശ്യമായും ചെയ്യുന്ന ശപഥങ്ങളും, ആണ, ശാപം, ദൈവദൂഷണം മുതലായ ദുർഭാഷണങ്ങളും + നിരോധിക്കുന്നു. (മത്താ. 5: 33_37)

## IV മൂന്നാം കല്പന.

1. "ശാബതിനെ ശുദ്ധമായി ആചരിക്കുക" എന്നുള്ള മൂന്നാം കല്പനയിൽ ദൈവം എന്തു കല്പിക്കുന്നു?
ദിവ്യപൂജയിൽ സംബന്ധിച്ചും ജപധ്യാനങ്ങൾ നടത്തിയും, പുണ്യപ്രവൃത്തികൾ ചെയ്തും, ഞായറാഴ്ചകളെയും കടമുള്ള ദിവസങ്ങളെയും പരിശുദ്ധമായി ആചരിക്കണമെന്നു കല്പിക്കുന്നു.

2. ഈ മൂന്നാം പ്രമാണത്തിൽ നിരോധിച്ചിരിക്കുന്നതെന്താകുന്നു?
കൂലിവേലകളെയും, ദൈവത്തിന്റെ ദിവസത്തെ വിശുദ്ധമായി ആചരിക്കുന്നതിന് വിഘ്നം വരുത്തുന്ന സകലത്തെയും നിരോധിച്ചിരിക്കുന്നു.

## V നാലാം കല്പന.

1. "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്ന നാലാം പ്രമാണത്തിൽ സർവ്വേശ്വരൻ എന്തു കല്പിക്കുന്നു?
മാതാപിതാക്കന്മാരെയും മേലധികാരികളെയും സ്നേഹിപ്പാനും ബഹുമാനിപ്പാനും അനുസരിക്കുവാനും സഹായിക്കുവാനും കല്പിക്കുന്നു

2. മാതാപിതാക്കന്മാരുടെ പ്രധാന ചുമതലകൾ എന്തെല്ലാം?
മക്കളെയും അധീനരെയും * പ്രാർത്ഥനകളും വേദോപദേശവും പഠിപ്പിക്കുകയും, ദൈവത്തിന്റെ മക്കളായിത്തീ

* ന്യായരഹിതമായി = ന്യായം ഇല്ലാതെ, അന്യായമായി.
+ ദുർഭാഷണങ്ങൾ = ചീത്ത സംസാരങ്ങൾ.
* അധീനരെ = കീഴുള്ളവരെ.

www.malankaralibrary.com


ഭവാൻ അവരെ യഥാശക്തി പരിശീലിപ്പിക്കയും ചെയ്യു എന്നിവ മാതാപിതാക്കന്മാരുടെ പ്രധാന ചുമതലയാകുന്നു.

## VI അഞ്ചാം കല്പന.

1. "നീ കൊല്ലരുതു്" എന്നുള്ള അഞ്ചാം കല്പനയിൽ സർവ്വേശ്വരൻ എന്തു നിരോധിക്കുന്നു?
മനഃപൂർവ്വം ചെയ്യുന്ന കൊലപാതകവും, അതിനു കാരണമാകുന്ന അസൂയ, കോപം, പ്രതികാരേച്ഛ + മുതലായവയും, ദുർമ്മാതൃകയും, സമസൃഷ്ടികൾക്കു് ഉപദ്രവം വരുത്തുന്നതൊക്കെയും നിരോധിക്കുന്നു. (മത്താ. 5: 21–22; 38–47)

## VII ആറാം കല്പന.

1. "വ്യഭിചാരം ചെയ്യരുതു്" എന്നുള്ള ആറാം കല്പനയിൽ ദൈവം നിരോധിക്കുന്നതെന്തു്?
വ്യഭിചാരം മുതലായ അശുദ്ധ പ്രവൃത്തികളെയും അശുദ്ധ വചനങ്ങളെയും നിരോധിക്കുന്നു.
2. അശുദ്ധി വലിയ പാപമാണോ?
അശുദ്ധി, ദൈവത്തിന്റെയും മനുഷ്യന്റെയും ദൃഷ്ടിയിൽ ഏററവും വലുതും ലജ്ജാവഹവുമായ ഒരു പാപമാകുന്നു. അതു മനുഷ്യനെ മൃഗപ്രായനാക്കിത്തീർക്കയും വേറെ പല പാപങ്ങളിലേക്കു അവനെ ആനയിക്കയും പരലോകത്തിൽ മാത്രമല്ല ഈ ലോകത്തിൽ തന്നെയും ഏററവും ഭയങ്കരമായ ദൈവശിക്ഷകൾക്കു് ഇടവരുത്തുകയും ചെയ്യുന്നു.

## VIII ഏഴാം കല്പന

1. "മോഷ്ടിക്കരുതെ"ന്നുള്ള ഏഴാം കല്പനയിൽ ദൈവം എന്തു നിരോധിക്കുന്നു?
അന്യരുടെ വസ്തുക്കൾ അപഹരിക്കുന്നതു്, വസ്തുക്കൾക്കും കീർത്തിക്കും ഹാനി വരുത്തുന്നതു്, ഉടമ്പടികളിൽ വഞ്ചന ചെയ്യുന്നതു് മുതലായവ നിരോധിക്കുന്നു.

---

+ പ്രതികാരേച്ഛ=അപകാരം വീട്ടുന്നതിനുള്ള ആഗ്രഹം.

www.malankaralibrary.com



2. ഈ ഏഴാം കല്പനപ്രകാരം നാം എന്തു ചെയ്‌വാൻ ചുമതലപ്പെട്ടിരിക്കുന്നു?
കടങ്ങളെ വീട്ടുവാനും, അന്യരുടെ വസ്തുക്കളെ അവൎക്കു തന്നെ തിരിയെ കൊടുപ്പാനും, വരുത്തിയ വസ്തുനാശവും കീൎത്തിനാശവും കഴിയുന്നത്ര പരിഹരിപ്പാനും ചുമതലപ്പെട്ടിരിക്കുന്നു. (മത്താ. 5:23-26; ലൂക്കൊ. 19:1-10)

## IX എട്ടാം കല്പന.

1. "കള്ളസ്സാക്ഷി പറയരുതു" എന്നുള്ള എട്ടാം കല്പനയിൽ ദൈവം നിരോധിക്കുന്നതെന്താകുന്നു?
കള്ളസ്സാക്ഷിയും അസത്യവും അധിക്ഷേപവും, * സമസൃഷ്ടികളുടെ മാനത്തിനും കീൎത്തിക്കും ഹാനികരമായ സംഭാഷണങ്ങളും എട്ടാം കല്പനയിൽ ദൈവം നിരോധിക്കുന്നു.

2. അസത്യം എന്താകുന്നു?
അന്യരെ വഞ്ചിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സാക്ഷാൽ അറിഞ്ഞിട്ടുള്ളതിനു വിപരീതമായി പറയുന്ന വചനമോ, തദനുസരണമായ ഏതെങ്കിലും ബാഹ്യപ്രകടനമോ ആകുന്നു അസത്യം,

3. കള്ളസ്സാക്ഷി പറഞ്ഞവരും, ഉപദ്രവിക്കുകയോ അപകീൎത്തി വരുത്തുകയോ ചെയ്തവരും എന്തു ചെയ്യണം?
വരുത്തിയ ധനനഷ്ടവും മാനനഷ്ടവും കഴിയുന്ന വിധത്തിലും വേഗത്തിലും തീൎക്കണം, തീൎക്കാഞ്ഞാൽ അവരുടെ പാപത്തിനു മോചനം ലഭിക്കയില്ല (മത്താ. 5: 23-26.)

## X ഒമ്പതാം കല്പന.

1. "അന്യന്റെ ഭാൎയ്യയെ ആഗ്രഹിക്കരുതു" എന്നുള്ള ഒൻപതാം കല്പനയിൽ ദൈവം നിരോധിക്കുന്നതെന്താകുന്നു?
ദുൎമ്മോഹങ്ങളെയും, ദുരാഗ്രഹങ്ങളെയും, ഉഗീയമായ എല്ലാ മാനസികാനന്ദങ്ങളെയും, അവയ്ക്കു കാരണമായിത്തീരുന്ന സകലത്തെയും ദൈവം നിരോധിക്കുന്നു. (മത്താ. 5: 27-32)

---

*അധിക്ഷേപം = നിന്ദനം, ആക്ഷേപം.

www.malankaralibrary.com



2. ദുർമ്മോഹങ്ങൾക്കും, ദുർവ്വികാരങ്ങൾക്കും കാരണമായിത്തീരുന്നതു എന്തെല്ലാം?

അശുദ്ധ വചനങ്ങളും, ദുർഭാഷണങ്ങളും, അശ്ലീലഗ്രന്ഥങ്ങളും, (1) ദുർമ്മാർഗ്ഗപരമായ നാടകങ്ങളും, സിനിമാകളും (2) സന്മാർഗ്ഗജീവിതത്തെ വ്യതിചലിപ്പിക്കുന്ന (3) മററു ഉപകരണങ്ങളുമാകുന്നു.

3. അശുദ്ധവിചാരങ്ങൾ പാപകരമാണോ?

ശുദ്ധതയ്ക്കു എതിരായി മനസ്സിൽ ഉണ്ടാകുന്ന എല്ലാ വിചാരങ്ങളും സ്വയമേവ (4) പാപകരമല്ല; എന്നാൽ അവ പാപം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്ന പ്രലോഭനങ്ങളാകുന്നു. (5)

4. ദുർവ്വികാരങ്ങൾ പാപകരമാകുന്നതു് എപ്പോഴാണു്?

ദുർവ്വികാരങ്ങൾ സ്വയമേവ പാപകരമല്ലെങ്കിലും അവ ഉണ്ടാകുവാൻ മനഃപൂർവ്വം നാം കാരണം നൽകുകയോ അവയ്ക്കു മനസ്സമ്മതം നല്കുകയോ, മനസ്സമ്മതം നല്കാനുള്ള അത്യാസന്നമായ അപകടത്തിൽ നമ്മെത്തന്നെ ഉൾപ്പെടുത്തുകയോ ചെയ്യുമ്പോൾ പാപകരമാകും.

## XI പത്താം കല്പന.

1. "അന്യൻെറ വസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നുള്ള പത്താം കല്പനയിൽ ദൈവം പ്രതിരോധിക്കുന്നതെന്താകുന്നു?

ഭൗമികവസ്തുക്കളെ (6) അമിതമായി സ്നേഹിക്കുക, അന്യരുടെ വസ്തുക്കളെ നീതിവിരുദ്ധമായി ആഗ്രഹിക്കുക മുതലായവ നിരോധിക്കുന്നു.

---

(1) അശ്ലീലഗ്രന്ഥങ്ങൾ = ചീത്ത പുസ്തകങ്ങൾ
(2) സിനിമാകൾ = ചലച്ചിത്രങ്ങൾ.
(3) വ്യതിചലിപ്പിക്കുന്ന = മാററം വരുത്തുന്ന, ഭേദപ്പെടുത്തുന്ന.
(4) സ്വയമേവ = തന്നെത്താൻ.
(5) പ്രലോഭനങ്ങൾ = വശീകരണങ്ങൾ, പരീക്ഷകൾ.
(6) ഭൗമികവസ്തുക്കളെ = ലോകവസ്തുക്കളെ.

www.malankaralibrary.com



### XII ദൈവകല്പനകളുടെ സംഗ്രഹം. +

1. ഈ കല്പനകൾ പത്തും ഏത്ര കല്പനകളിൽ സംക്ഷേപിക്കാം?
രണ്ടു കല്പനകളിൽ സംക്ഷേപിക്കാം. (1) എല്ലാ വസ്തുക്കളെക്കാൾ സർവ്വേശ്വരനെ സ്നേഹിക്കുക. (2) തന്നെത്താൻ സ്നേഹിക്കുന്നതുപോലെ അന്യരെയും സ്നേഹിക്കുക. (മത്താ. 22, 37_40)

# അദ്ധ്യായം 2.

# സുവിശേഷപരമായ ഉൽകൃഷ്ടോപദേശങ്ങളും, തിരുസഭയുടെ കല്പനകളും.

## I. സുവിശേഷപരമായഉൽകൃഷ്ടോപദേശങ്ങൾ

1. സുവിശേഷപരമായ ഉൽകൃഷ്ടോപദേശങ്ങൾ ഏത്രയാകുന്നു.
രണ്ടാകുന്നു. (1) നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടുംകൂടെ സർവ്വവസ്തുക്കളെക്കാൾ ദൈവത്തെ സ്നേഹിക്കുക. (2) ദൈവത്തെപ്രതി അന്യരെയും നിന്നെപ്പോലെ നീ സ്നേഹിക്കുക. (മത്താ. 22: 37_39)
2. ഇവയെ സുവിശേഷപരമായ ഉൽകൃഷ്ടോപദേശങ്ങൾ എന്നു വിളിക്കുന്നതെന്തു്?
ഇവയെ നമ്മുടെ കർത്താവേശുമിശിഹാ പ്രത്യേകവിധം ഉപദേശിച്ചു പഠിപ്പിച്ചതുകൊണ്ടാകുന്നു.

## II. തിരുസഭയുടെ കൽപ്പനകൾ.

### (1) തിരുസഭയുടെ അഞ്ചു കല്പനകൾ.

1. തിരുസഭയുടെ കല്പനകൾ ഏത്ര?
അഞ്ചു്. (12_ാം പാഠം കാണുക)

---

+ സംഗ്രഹം = സംക്ഷേപം, ചുരുക്കം.

www.malankaralibrary.com



## (2) തിരുസഭയുടെ ഒന്നാം കല്പന.

"വിശുദ്ധ കുർബാന കണ്ടും, കൂലിവേല നടത്താതെയും ഞായറാഴ്ചകളെയും കടമുള്ള ദിവസങ്ങളെയും ശുദ്ധമായി ആചരിക്ക."

1. ഞായറാഴ്ചകളിലും, കടമുള്ളതിരുനാളുകളിലും ദിവ്യപൂജയിൽ സംബന്ധിക്കാതിരിക്കുന്നതു മരണകരമായപാപമാണോ?

+ അലസതകൊണ്ടോ, സ്വന്തമായ മററു കുററത്താലോ ദിവ്യപൂജയിൽ സംബന്ധിക്കാതിരിക്കുന്നതു മരണകരമായ പാപമാകുന്നു.

2. മാതാപിതാക്കന്മാർ, മേലധികാരികൾ മുതലായവർ മേല്പറഞ്ഞ ദിവസങ്ങളിൽ ദിവ്യപൂജ കാണുന്നതിനു തങ്ങളുടെ കീഴുള്ളവർക്കു വിഘ്നം വരുത്തിയാൽ അതു പാപമാകുമോ?

തക്കകാരണം കൂടാതെ വിഘ്നം വരുത്തിയാൽ അതു പാപമാകും.

## (3) തിരുസഭയുടെ രണ്ടാം കല്പന.

"ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും, പെസഹാക്കാലങ്ങളിൽ യോഗ്യതാപൂർവ്വം വിശുദ്ധകുർബാന സ്വീകരിക്കുകയും ചെയ്ക."

1. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കണമെന്നുള്ള കല്പന, മനഃപൂർവ്വം പാപം മറച്ചുവച്ചോ, തക്കതായ അനുതാപം ഇല്ലാതെയോ, അഥവാ മററതെങ്കിലുംവിധം അസാധുവായോ× നടത്തുന്നകുമ്പസാരത്താൽനിറവേറുമോ?

നിറവേറുകയില്ല; മാത്രമല്ല, ദിവ്യകൂദാശയെ അയോഗ്യമായി സ്വീകരിക്കുന്നതിനാൽ പുണ്യവസ്തുദൂഷണം × എന്ന കഠിനപാപംകൂടി ചെയ്യുന്നു.

2. പെസഹാക്കാലത്തു യോഗ്യതാപൂർവ്വം വിശുദ്ധ കുർബാന സ്വീകരിക്കണമെന്നുള്ള കല്പന എപ്പോഴാണു നിറവേറേണ്ടതു?

---

+ അലസത = മടി.

× അസാധുവായ = മുറപ്രകാരമല്ലാത്ത, വാസ്തവമല്ലാത്ത.

+ പുണ്യവസ്തുദൂഷണം = പരിശുദ്ധമായവയെ അശുദ്ധമാക്കുന്നതു.

www.malankaralibrary.com



ഓശാന ഞായറാഴ്ചതുടങ്ങി ഉയിർപ്പുതിരുനാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ച വരെയുള്ള ഏതെങ്കിലും ദിവസം ഈ കല്പന നിറവേററണം. എന്നാൽ സ്വന്തം രൂപതാദ്ധ്യക്ഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അമ്പതുനോമ്പിലെ നാലാമത്തെ ഞായറാഴ്ച തുടങ്ങി പെന്തിക്കോസ്ത് (അമ്പതാം തിരുനാൾ) കഴിഞ്ഞുവരുന്ന ഞായറാഴ്ചവരെയുള്ള ഏതെങ്കിലും ദിവസം ഈ കല്പന നിറവേററാവുന്നതാണ്.* ഏതെങ്കിലും കാരണത്താൽ നിശ്ചയിക്കപ്പെട്ട ഈ സമയത്തു് കല്പന നിറവേററാൻ സാധിക്കാതെ വന്നാൽ വിശുദ്ധകർബ്ബാന സ്വീകരിക്കുന്നതിനുള്ള ചുമതല വീണ്ടും ഉണ്ടായിരിക്കുന്നതാണ്.

3. പെസഹാക്കാലത്തു വിശുദ്ധകർബ്ബാന സ്വീകരിക്കണമെന്നുള്ള കല്പന എവിടെ നിറവേററണം?

സ്വന്തം ഇടവകയിൽ നിറവേററുന്നതാണ് നല്ലതു്. അന്യ ഇടവകയിൽ നിറവേററിയെങ്കിൽ സ്വന്തം ഇടവകയിലെ വികാരിയെ കല്പന നിറവേററിയ കാര്യം അറിയിക്കുവാൻ താല്പര്യപ്പെടണം.

## (4) തിരുസഭയുടെ മൂന്നാം കല്പന.

“തിരുസഭ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ നോമ്പുനോല്ക്കുകയും നോമ്പുദിവസങ്ങളിലും, × ബുധനാഴ്ചയും വെള്ളിയാഴ്ചയും തിരുസഭ ആവശ്യപ്പെടുന്ന മററു ദിവസങ്ങളിലും നിരോധിച്ചിട്ടുള്ള ആഹാരസാധനങ്ങളെ ഭക്ഷിക്കാതിരിക്കയും ചെയ്ക.”

---

* സ്വന്തം രൂപതാദ്ധ്യക്ഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അമ്പതുനോമ്പിലെ നാലാമത്തെ ഞായറാഴ്ചയ്ക്കു മുമ്പും ഈ കല്പന നിറവേററാവുന്നതാണ്.

× കൽദായ സുറിയാനിക്കാർക്കും ലത്തീൻ റീത്തുകാർക്കും എല്ലാ വെള്ളിയാഴ്ചയും, അമ്പതു നോമ്പിൽ എല്ലാ വെള്ളിയാഴ്ചയ്ക്കും പുറമേ ബുധനാഴ്ചയും മാംസം നിരോധിച്ചിരിക്കുന്നു. വലിയ നോമ്പിലെ ഏഴു വെള്ളിയാഴ്ചയും, അവസാനത്തെ ശനിയാഴ്ചയും, കർത്താവിന്റെ ജനനത്തിരുനാളിനു മുമ്പുള്ള വെള്ളിയാഴ്ചയും ഒരുനേരം നോല്ക്കുവാൻ അവർക്കു ചുമതലയുണ്ട്.

www.malankaralibrary.com



1. നോമ്പു ആചരിക്കേണ്ടതു് എങ്ങനെ?

മലങ്കര സുറിയാനി കത്തോലിക്കർ താഴെപ്പറയുന്ന പ്രകാരമാണു് നോമ്പു ആചരിക്കേണ്ടതു്. + എല്ലാ ബുധനാഴ്ചകളിലും വെള്ളിയാഴ്ചകളിലും എല്ലാ നോമ്പു കാലങ്ങളിലും ഏവരും മാംസം വർജ്ജിക്കണം. മൂന്നുനോമ്പിലും, അമ്പതുനോമ്പിൽ എല്ലാ വെള്ളിയാഴ്ചകളിലും 40-ാം വെള്ളിയാഴ്ചമുതൽ ഉയിർപ്പു തിരുനാൾ വരെയുള്ള ദിവസങ്ങളിലും മാംസം, മത്സ്യം, മുട്ട, പാൽ, പാലിൽ നിന്നുണ്ടാകുന്ന സാധനങ്ങൾ എന്നിവയെല്ലാം വർജ്ജിക്കണം.

ഇരുപത്തൊന്നു വയസ്സിനു മേൽ അറുപതു വയസ്സിനു താഴെയുള്ളവർ മൂന്നുനോമ്പിലും അമ്പതുനോമ്പിൽ എല്ലാ വെള്ളിയാഴ്ചകളിലും, പീഡാനുഭവ (ഹാശാ) ആഴ്ചയിലും (പെസഹാവ്യാഴാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ) ഉച്ചവരെയെങ്കിലും ഉപവസിക്കണം.

---

+ മാംസവും, നിരോധിക്കപ്പെട്ട മററു ഭക്ഷണസാധനങ്ങളും വർജ്ജിച്ചു, ദിവസത്തിൽ ഒരിക്കൽ മാത്രം പൂർണ്ണഭക്ഷണം കഴിക്കുന്നതത്രേ ഒരുനേരം എന്നു് പറയുന്നതു്. ഒരുനേരദിവസങ്ങളിൽ കാലത്തും വൈകിട്ടും ലഘുവായി വല്ലതും ഭക്ഷിക്കുവാൻ തിരുസഭ അനുവദിച്ചിട്ടുണ്ടു്.

ഇരുപത്തൊന്നു വയസ്സ് പൂർത്തിയാകാത്തവർക്കും, അമ്പത്തൊമ്പതു വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്കും ഒരുനേരം നോല്ക്കുവാൻ കടമയില്ല. ഇതുപോലെതന്നെ കഠിനജോലി ചെയ്യുന്നവർക്കും, രോഗികൾക്കും, ഗർഭിണികൾക്കും, മുലകുടിപ്പിക്കുന്ന സ്ത്രീകൾക്കും, മിതമായ രീതിയിൽ ഒരുനേരത്തെ ഭക്ഷണം കഴിക്കുന്നതിനു വകയില്ലാത്ത നിർദ്ധനർക്കും ഒരുനേരം നോല്ക്കുവാൻ ചുമതലയില്ല. എന്നാൽ ഒരുനേരം നോല്ക്കുവാൻ ചുമതലയില്ലാത്തവർക്കും തക്കതായ കാരണമോ പ്രത്യേകാനുവാദമോ ഇല്ലാതെ നോമ്പുകാലത്തും, ഒരുനേര ദിവസങ്ങളിലും മററും നിരോധിക്കപ്പെട്ട ഭക്ഷണസാധനങ്ങൾ ഉപയോഗിക്കാവുന്നതല്ല. തിരിച്ചറിവിന്റെ പ്രായം വന്നിട്ടില്ലാത്തവരെ (ഏഴുവയസ്സു പൂർത്തിയാകാത്തവരെ) മാത്രമേ ഈ നിയമത്തിൽനിന്നു് ഒഴിവാക്കിയിട്ടുള്ളു.

www.malankaralibrary.com



രോഗികളും, ഗർഭിണികളും, കഠിനവേല ചെയ്യുന്നവ രും മററും ഉപവാസം അനുഷ്ഠിക്കുവാൻ ചുമതലപ്പെട്ടവ രല്ലെങ്കിലും തക്കതായ കാരണമോ, പ്രത്യേകാനുവാദമോ ഇല്ലാതെ നിരോധിക്കപ്പെട്ട ഭക്ഷണസാധനങ്ങൾ നോ മ്പുകാലത്തും, ഉപവാസ ദിവസങ്ങളിലും മററും ഉപ യോഗിച്ചുകൂടാ. തിരിച്ചറിവിന്റെ പ്രായം വന്നിട്ടില്ലാ ത്തവരെ (ഏഴു വയസ്സു പൂർത്തിയാകാത്തവരെ) മാത്രമേ ഈ നിയമത്തിൽനിന്നു ഒഴിവാക്കിയിട്ടുള്ളു.)

2. ഇരുപത്തഞ്ചുനോമ്പു് എന്നു പറയുന്നതു് എന്താകുന്നു? നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ ശുദ്ധമായി ആഘോഷിക്കുന്നതിനുവേണ്ട ആദ്ധ്യാത്മിക ഒരുക്കത്തി നായി, + ജനനത്തിരുനാളിനു് ഇരുപത്തഞ്ചു ദിവസം മുമ്പുതുടങ്ങി ആചരിച്ചുവരുന്ന നോമ്പാണു് ഇരുപത്ത ഞ്ചുനോമ്പു്.

3. വലിയ നോമ്പു് എന്നു പറയുന്നതെന്താകുന്നു? നമ്മുടെ കർത്താവീശോമിശിഹാ * വിജനസ്ഥലത്തു വെ ച്ചു് നാല്പതുദിവസത്തെ നോമ്പു് ആചരിച്ചതിന്റെ ഓർമ്മയ്ക്കായിട്ടും, ഉയിർപ്പു തിരുനാളിനു് ഒരുങ്ങുന്നതി നായിട്ടും, ശ്ലീഹന്മാരുടെ കാലം മുതൽ തിരുസഭയിൽ ആചരിച്ചുവരുന്ന നാല്പതുദിവസത്തെ നോമ്പാകുന്നു വ ലിയ നോമ്പു്.

4. സുറിയാനിക്കാർ ഈ നോമ്പിനെ നാല്പതു നോമ്പെന്നു് വിളിക്കാതെ അമ്പതുനോമ്പെന്നുവിളിച്ചുവരുന്നതെന്തു്? അവരുടെ പുരാതനമായ ആചാരപ്രകാരം ഈ നോമ്പു് അമ്പതാം ഞായറാഴ്ച കഴിഞ്ഞുവരുന്ന ഒന്നാമത്തേ തിങ്ക ളാഴ്ച തുടങ്ങി ആചരിക്കുന്നതുകൊണ്ടും, ഈ കണക്കിൽ അമ്പതാം ഞായറാഴ്ചയും ഉയിർപ്പു ഞായറാഴ്ചയും ഉൾപ്പെ ടുത്തി എണ്ണിയാൽ അമ്പതു ദിവസങ്ങൾ തികയുന്നതു കൊണ്ടും ഇതിനെ അമ്പതുനോമ്പെന്നു വിളിച്ചുവരുന്നു.

5. ചില ദിവസങ്ങളിൽ ഒരുനേരം ആചരിക്കണമെന്നും, മററു ചില ദിവസങ്ങളിൽ മാംസം ഭക്ഷിക്കരുതെന്നും തിരുസഭ ആജ്ഞാപിക്കുന്നതെന്തു്?

---

+ ആദ്ധ്യാത്മികഒരുക്കം = ആത്മാവിനെസംബന്ധിച്ചഒരുക്കം

* വിജനസ്ഥലം = ജനവാസമില്ലാത്ത സ്ഥലം, മരുഭൂമി.

www.malankaralibrary.com



മൂന്നു കാരണങ്ങളാലാകുന്നു. (1) സൃഷ്ടിവസ്തുക്കളിന്മേൽ സ്രഷ്ടാവിനുള്ള പരിപൂൎണ്ണമായ അധികാരം നാം ഓൎക്കുന്നതിനും (2) നമ്മുടെ ദുരാഗ്രഹങ്ങളെ + നിഗ്രഹിക്കുന്നതിനും (3) തപഃക്രിയകൾ ചെയ്തു നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനുമാകുന്നു.

## (5) തിരുസഭയുടെ നാലാം കല്പന.

"തിരുസഭ നിരോധിച്ചിട്ടുള്ള കാലത്തു കല്യാണത്തിന്റെ ആഘോഷങ്ങൾ നടത്താതിരിക്കയും, തിരുസഭ പ്രതിരോധിച്ചിട്ടുള്ള ആളുകളുമായി വിവാഹം നടത്താതിരിക്കുകയും ചെയ്ക".

1. തിരുസഭ നിരോധിച്ചിട്ടുള്ള കാലത്തു വിവാഹത്തിന്റെ ആഘോഷങ്ങൾ നടത്തരുതെന്നു കല്പിച്ചിരിക്കയാൽ വിവാഹം നടത്തരുതെന്നു അൎത്ഥമുണ്ടോ?
ഇല്ല; ഇരുപത്തഞ്ചുനോമ്പിലെ ഒന്നാം ഞായറാഴ്ച മുതൽ ജനനതിരുനാൾവരെയും, അമ്പതുനോമ്പിലെ ഒന്നാം ദിവസം മുതൽ ഉയിൎപ്പു നാളിന്റെ അവസാനംവരെയും വിവാഹത്തിന്റെ ആഘോഷങ്ങൾ നടത്തരുതെന്നു സഭ കല്പിച്ചിട്ടുള്ളു.

2. നോമ്പുകാലത്തു് നിരോധിക്കപ്പെട്ടിട്ടുള്ള ഈ ആഘോഷങ്ങൾ ഏവയാകുന്നു?
വിവാഹകുർബാനയും, വിവാഹാശീർവാദവും, വിവാഹാഡംബരങ്ങളുമാകുന്നു.

3. വിവാഹാഡംബരങ്ങൾ നോമ്പുകാലത്തു നിരോധിച്ചിരിക്കുന്നതു് എന്തുകൊണ്ടു്?
നോമ്പുകാലം തപസ്സിനും, പ്രാൎത്ഥനയ്ക്കുമായി പ്രത്യേകവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കയാൽ വിവാഹാഡംബരങ്ങൾ നടത്തുന്നതു് * അനുചിതമാകയാലാണു്.

## (6) തിരുസഭയുടെ അഞ്ചാം കല്പന.

"പള്ളിയുടെയും മററും ആവശ്യങ്ങൾക്കുവേണ്ടി മെത്രാ

---

+ നിഗ്രഹിക്കുക = അമൎത്തുക, നശിപ്പിക്ക.
* അനുചിതം = ഉചിതമല്ലാത്തതു്, യോഗ്യമല്ലാത്തതു്.

www.malankaralibrary.com


ന്മാർ മുതലായ മതാദ്ധ്യക്ഷന്മാർ അംഗീകരിച്ചിട്ടുള്ള നിയമാനുസരണമായ ധനസഹായം ചെയ്യു''.

1. പള്ളിയുടെയും മററും ആവശ്യങ്ങൾക്കായി മെത്രാന്മാർ മുതലായ മതാദ്ധ്യക്ഷന്മാർ നിശ്ചയിച്ചിട്ടുള്ള ധനസഹായം ചെയ്വാൻ കടമയുണ്ടോ?
ഉണ്ടു്; ദൈവം സകല വസ്തുക്കളുടെയും പരമനാഥൻ ആകയാൽ നമ്മുടെ ധനത്തിന്റെ ഒരംശവും മതകാര്യങ്ങൾക്കും ദൈവശുശ്രൂഷയ്ക്കുമായി നാം ÷ വിനിയോഗിക്കേണ്ടതാണു്.

## (7) തിരുസഭയുടെ കല്പനകൾ
## അനുസരിക്കുന്നതിനുള്ള ചുമതല.

1. തിരുസഭയുടെ കല്പനകൾ അനുസരിക്കുന്നതിനുള്ള ചുമതല എപ്പോഴാണു് ഓരോ മനുഷ്യനും ഉണ്ടാകുന്നതു്?
നന്മതിന്മകളെ തിരിച്ചറിവാൻ തക്ക വിവേകമുണ്ടായ ശേഷമാണു് തിരുസഭയുടെ കല്പനകളെ സാധാരണമായി അനുസരിക്കുന്നതിനു ചുമതലയുള്ളതു്.

2. തിരുസഭയുടെ കല്പനകൾ അനുസരിക്കാതിരുന്നാൽ മരണകരമായ പാപമാകുമോ?
ഗൌരവമുള്ള സംഗതിയിൽ തിരുസഭയുടെ കല്പനയെ അറിഞ്ഞുകൊണ്ടു് ലംഘിക്കുന്നതു മരണകരമായ പാപമാകുന്നു. എന്തുകൊണ്ടെന്നാൽ ''തിരുസഭയെ കേൾക്കാത്തവൻ പുറജാതിക്കാരനെപ്പോലെയും, ചുങ്കക്കാരനെപ്പോലെയും നിനക്കായിരിക്കട്ടെ'' എന്നു യേശുമിശിഹാ അരുളിച്ചെയ്യുന്നു. (മത്താ. 18: 17)

3. തിരുസഭയുടെ കല്പനകളെ അനുസരിക്കുന്നതിൽ നിന്നു് ഒരാളെ ഒഴിവാക്കുവാൻ ആർക്കു കഴിയും?
മാർപ്പാപ്പായ്ക്കോ, മാർപ്പാപ്പായിൽ നിന്നു് പ്രത്യേകാധികാരം ലഭിച്ചിട്ടുള്ളവർക്കോ മാത്രമേ തിരുസഭയുടെ കല്പനകളിൽ നിന്നു് ഒരാളെ ഒഴിവാക്കുവാൻ കഴിയുകയുള്ളു. പ്രത്യേകമായ ഈ അധികാരം ചില കാര്യങ്ങളെ സംബന്ധിച്ചു മെത്രാന്മാർക്കും പട്ടക്കാർക്കും ലഭിച്ചിട്ടുണ്ടു്.

---

÷ വിനിയോഗിക്കേണ്ടതാണു് = ഉപയോഗിക്കേണ്ടതാണു്.

www.malankaralibrary.com



# അദ്ധ്യായം 3.

## പാപം.

### 1. പാപത്തിന്റെ നിർവ്വചനവും വിഭാഗവും.

1. ലോകത്തിലുള്ള തിന്മകളിൽവെച്ച് ഏറ്റവും വലുത് എന്താകുന്നു?
പാപമാകുന്നു, എന്തെന്നാൽ ഈ ലോകത്തിലും പരലോകത്തിലും നേരിടുന്ന പീഡകൾക്കെല്ലാം കാരണം പാപമാകുന്നു.

2. പാപമെന്നാലെന്ത്?
ദൈവകല്പനകളെ മനഃപൂർവ്വം ലംഘിക്കയോ, നിറവേറ്റാതിരിക്കുകയോ ചെയ്യുന്നതാകുന്നു പാപം.

3. പാപം എത്ര തരമുണ്ട്?
ജന്മപാപം, കർമ്മപാപം എന്നിങ്ങനെ രണ്ടു തരമുണ്ട്.

### 2. ജന്മപാപം.

1. ജന്മപാപം എന്താകുന്നു?
ആദിമാതാപിതാക്കന്മാരുടെ പാപം നിമിത്തം നമുക്കു സിദ്ധിച്ചിരിക്കുന്ന പാപമാകുന്നു ജന്മപാപം.

2. ഇതിനെ ജന്മപാപമെന്നു വിളിക്കുന്നതെന്ത്?
ആദിമാതാപിതാക്കന്മാർ ചെയ്ത പാപംനിമിത്തം മനുഷ്യവർഗ്ഗത്തിനു പൊതുവായി പ്രസാദവരം നഷ്ടപ്പെട്ടതിനാൽ എല്ലാ മനുഷ്യരും പാപപങ്കിലരായി + ജനിക്കുന്നു. തന്നിമിത്തം ഈ പാപത്തെ ജന്മപാപമെന്നു വിളിച്ചുവരുന്നു.

3. ജന്മപാപത്തിന് എങ്ങനെ മോചനം ലഭിക്കാം?
മാമ്മോദീസാ എന്ന കൂദാശ വഴിയായി മോചനം ലഭിക്കാം.

---

* കർമ്മപാപം = സ്വന്തം പ്രവൃത്തിയാൽ ഉണ്ടാകുന്നപാപം.

\+ പാപപങ്കിലരായി = പാപത്താൽ അശുദ്ധരായി, മലിനരായി.

www.malankaralibrary.com


## 3. കൎമ്മപാപം.

1. കൎമ്മപാപമെന്താകുന്നു?

നന്മതിന്മകളെ തിരിച്ചറിവാൻ തക്ക വിവേചനം ഉണ്ടായശേഷം മനുഷ്യൻ മനഃപൂൎവ്വം ചെയ്യുന്ന ദൈവകല്പനകളുടെ ലംഘനമാകുന്നു കൎമ്മപാപം.

2. ഈ പാപം എത്ര വിധത്തിൽ സംഭവിക്കാം?

നാലു വിധത്തിൽ:—(1) വിചാരത്താൽ (2) വചനത്താൽ (3) പ്രവൃത്തിയാൽ (നിരോധിച്ചിട്ടുള്ളതു മനഃപൂൎവ്വം ചെയ്യുന്നതിനാൽ) (4) ഉപേക്ഷയാൽ (കല്പിച്ചിരിക്കുന്നതു് മനഃപൂൎവ്വം ചെയ്യാതിരിക്കുന്നതിനാൽ)

3. കൎമ്മപാപം എത്ര തരമുണ്ടു്?

രണ്ടുതരമുണ്ടു്. (1) മരണകരമായ പാപം (2) ലഘുവായ പാപം.

## 4. മരണകരമായ പാപം.

1. മരണകരമായ പാപമെന്തു്?

ദൈവകല്പനയുടെ * ഗുരുതരമായ ലംഘനമാകുന്നു മരണകരമായ പാപം.

2. ഇതിനെ മരണകരമായപാപം എന്നു വിളിക്കുന്നതെന്തു?

ഈ പാപം നമ്മുടെ ആത്മാവിൻെറ സാക്ഷാൽ ജീവനായ പ്രസാദവരം നശിപ്പിച്ചു്, ആത്മാവിനെ നരകശിക്ഷയ്ക്കു് അർഹമാക്കിത്തീൎക്കുന്നതിനാൽ ഇതിനെ മരണകരമായ പാപം എന്നു വിളിക്കുന്നു.

3. ഒരു പാപം എപ്പോൾ മരണകരമായ പാപമാകും?

നല്ല അറിവോടും, മനസ്സമ്മതത്തോടുംകൂടെ ദൈവകല്പനയെയൊ, തിരുസഭയുടെ കല്പനയെയൊ ഗുരുതരമായ വിധം ലംഘിച്ചാൽ മരണകരമായ പാപമാകും.

4. മരണകരമായ പാപം ആത്മാവിനു വരുത്തുന്ന നഷ്ടങ്ങൾ എന്തെല്ലാം?

മരണകരമായ പാപം, (1) ആത്മാവിലുള്ള പ്രസാദവരവും ദൈവസ്നേഹവും നശിപ്പിക്കുന്നു; (2) സ്വർഗ്ഗീയ

* ഗുരുതരമായ വലുതായ, നിസ്സാരമല്ലാത്ത.

www.malankaralibrary.com


ഭാഗ്യം നഷ്ടപ്പെടുത്തുന്നു; (3) സൽപ്രവൃത്തികളാൽ ആത്മാവു നേരത്തെ സമ്പാദിച്ചിട്ടുള്ള യോഗ്യതകളെ നിശ്ശേഷം നശിപ്പിച്ച്, പുതുതായ യോഗ്യത സമ്പാദിക്കുവാൻ ആത്മാവിനെ അശക്തമാക്കുന്നു; (4) ആത്മാവിനെ പിശാചിന്റെ അടിമയാക്കുകയും, നരകത്തിലെ നിത്യപീഡയ്ക്കും, ഈ ജീവിതത്തിലെ ശിക്ഷകൾക്കും അർഹമാക്കുകയും ചെയ്യുന്നു.

5. മരണകരമായ പാപത്തിൽ മരിക്കുന്നവർ എവിടെ പോകും?

നിത്യ നരകത്തിൽ.

6. നരകശിക്ഷ അർഹിക്കാൻ എത്ര മരണകരമായ പാപം വേണം?

അനുതപിക്കാതെ മരണകരമായ പാപത്തോടുകൂടെ മരിച്ചാൽ ഒരു പാപം വേണ്ടുവോളം മതി.

7. മരണകരമായ പാപത്തിന് എങ്ങനെ മോചനം ലഭിക്കാം?

നല്ല ഒരുക്കത്തോടുകൂടിയ കുമ്പസാരത്താലും, കുമ്പസാരിക്കാൻ സാധിക്കാതെവന്നാൽ സാധിക്കുന്ന അവസരത്തിൽ കുമ്പസാരിച്ചുകൊള്ളാമെന്നുള്ള നിശ്ചയത്തോടുകൂടെ ചെയ്യുന്ന പരിപൂർണ്ണമായ അനുതാപപ്രകരണത്താലും മരണകരമായ പാപത്തിന്നു മോചനം ലഭിക്കാം.

## 5. ലഘുപാപം.

1. ലഘുവായ പാപം എന്നാലെന്ത്?

ദൈവകല്പനയെയോ, തിരുസഭയുടെ കല്പനയെയോ, ലഘുവായോ, പൂർണ്ണമായ അറിവും മനസ്സമ്മതവും കൂടാതെയോ ലംഘിക്കുന്നതു ലഘുവായ പാപമാകുന്നു.

2. ഇതിനെ ലഘുപാപം എന്നു വിളിക്കുന്നത് എന്ത്?

മരണകരമായ പാപത്തെക്കാൾ എളുപ്പത്തിൽ ഈ പാപത്തിന്നു മോചനം ലഭിക്കാവുന്നതിനാൽ ഇതിനെ ലഘുപാപമെന്നു വിളിക്കുന്നു.

3. മരണകരമായ പാപത്തിൽ നിന്നല്ലാതെ ലഘുവായ പാപത്തിൽ നിന്നു പിന്മാറാൻ ശ്രമിക്കണമോ?

www.malankaralibrary.com


ശ്രമിക്കണം; എന്തെന്നാൽ ലഘുപാപവും ദൈവേഷ്ടത്തിനു വിപരീതമായ പ്രവൃത്തിയാകുന്നു. മാത്രമല്ല, മരണകരമായ പാപം കഴിഞ്ഞാൽ ലഘുപാപം ഏററം വലിയ തിന്മയുമാണു്.

4. ലഘുപാപംആത്മാവിനുവരുത്തുന്നനഷ്ടങ്ങൾഎന്തെല്ലാം?
ലഘുപാപം, (1) നമ്മിലുള്ള ദൈവസ്നേഹത്തെയും ഭക്തിയെയും മന്ദീഭവിപ്പിക്കുന്നു. (2) പലപ്പോഴും മരണകരമായ പാപത്തിലേക്കു നമ്മെ നയിക്കുന്നു, (3) ഈ ലോകത്തിലോ പരലോകത്തിലോ * സാവധികശിക്ഷയ്ക്കു നമ്മെ അർഹരാക്കുന്നു.

5. ലഘുപാപത്തോടുകൂടെ മരിക്കുന്നവർ എവിടെപോകും?
ശുദ്ധീകരണസ്ഥലത്തിൽ പോകും.

6. ഇങ്ങനെയുള്ള പാപികൾ ശുദ്ധീകരണസ്ഥലത്തിൽ പോകുവാൻ കാരണമെന്തു്?
മരണകരമായ പാപമില്ലാതെ ലഘുപാപത്തോടുകൂടെ മരിക്കുന്നവർ നരകശിക്ഷയ്ക്കു അർഹരല്ല. എന്നാൽ ലഘുപാപങ്ങളാൽ അവരുടെ ആത്മാക്കൾ മലിനമായിരിക്കയാൽ മരിക്കുന്ന ക്ഷണത്തിൽതന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു അവർക്കു യോഗ്യതയുമില്ല. അശുദ്ധമായ യാതൊന്നും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതല്ല എന്നു (വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. വെളിപാടു് 21: 27). തന്നിമിത്തം ലഘുപാപത്തോടു കൂടെ മരിക്കുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ യോഗ്യരായിത്തീരുന്നതിനു്, അവരുടെ പാപങ്ങൾക്കു പൂർണ്ണമായ പരിഹാരം ശുദ്ധീകരണസ്ഥലത്തിൽവച്ചു നിർവ്വഹിക്കണം.

7. അവിടെനിന്നു് അവർ എപ്പോൾ സ്വർഗ്ഗത്തിൽ പ്രവേശിക്കും?
പാപങ്ങൾക്കു തക്കതായ പരിഹാരം ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയിൽ വെച്ചു നിറവേററിക്കഴിഞ്ഞാൽ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കും.

---

* സാവധികശിക്ഷ = അവധിയുള്ള ശിക്ഷ, കുറെ കാലത്തേക്കുള്ള ശിക്ഷ.

www.malankaralibrary.com



8. ശുദ്ധീകരസ്ഥലത്തിൽ പീഡ അനുഭവിക്കുന്ന ആത്മാക്കൾക്കു വല്ല ആശ്വാസവും ലഭിപ്പാൻ ഇടയുണ്ടോ?
ഈ ലോകത്തിൽ വിശ്വാസികൾ അവരെപ്രതി ചെയ്യുന്ന ഉപവാസം, പ്രാർത്ഥന, ഭിക്ഷാദാനം മുതലായ സൽപ്രവൃത്തികളാലും, പ്രത്യേകിച്ച് കുർബാന എന്ന ദിവ്യപൂജയാലും, ബന്ധവിമോചനങ്ങളാലും അവർക്കു ആശ്വാസവും അവരുടെ പീഡകൾക്കു ശമനവും ലഭിക്കുന്നു. മാത്രമല്ല, ശുദ്ധീകരസ്ഥലത്തിൽ പീഡ സഹിക്കേണ്ട കാലത്തിന്റെ ദൈർഘ്യം കുറഞ്ഞു വേഗം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് അവർക്ക് ഇടയാകയും ചെയ്യുന്നു (2 മക്കാബ 12:43-46).

9. ലഘുവായ പാപങ്ങൾക്ക് എങ്ങനെ മോചനം ലഭിക്കാം?
അനുതാപം കൊണ്ടോ, പാപനിവേദനം (കുമ്പസാരം) കൊണ്ടോ, സ്നേഹപ്രകരണങ്ങൾ കൊണ്ടോ, ദൈവത്തെപ്രതി ചെയ്യുന്ന സൽപ്രവൃത്തികൾ കൊണ്ടോ ലഘുവായ പാപങ്ങൾക്കു വിമോചനം ലഭിക്കാം.

## 6. പുണ്യവസ്തുദൂഷണം.

1. പുണ്യവസ്തുദൂഷണം എന്നു പറയുന്നതെന്താകുന്നു?
വിശുദ്ധമായ വസ്തുക്കളെ അശുദ്ധപ്പെടുത്തുന്നതാകുന്നു പുണ്യവസ്തുദൂഷണം, അതായതു ദൈവാരാധനയ്ക്കു പ്രത്യേകവിധം പ്രതിഷ്ഠിച്ചിരിക്കുന്ന ആളുകളോടും, വസ്തുക്കളോടും, സ്ഥലങ്ങളോടും അനാദരപൂർവ്വം വർത്തിക്കുന്നതും, ദിവ്യകൂദാശകളെ അയോഗ്യമായി സ്വീകരിക്കുന്നതും കൊടുക്കുന്നതുമത്രേ പുണ്യവസ്തുദൂഷണം.

## 7. മൂലപാപങ്ങൾ.

1. മൂലപാപങ്ങൾ എത്രയുണ്ട്?
ഏഴുണ്ട്. (13-ാം പാഠം കാണുക)

2. ഇവയെ മൂലപാപങ്ങൾ എന്നു വിളിക്കുന്നതെന്ത്?
ഈ പാപങ്ങൾ ഏഴും, മററനേക പാപങ്ങളുടെ കാരണവും, ഉത്ഭവസ്ഥാനവും, മൂലവുമാകയാൽ ഇവയെ മൂലപാപങ്ങൾ എന്നു വിളിക്കുന്നു.

3. അഹങ്കാരം എന്നാലെന്ത്?
തനിക്കില്ലാത്തഗുണം ഉണ്ടെന്നു വിചാരിക്കുന്നതും, അ

www.malankaralibrary.com



ന്യരെ ഭരിക്കാൻ അമിതമായി ആഗ്രഹിക്കുന്നതും മറവ മാകുന്ന അഹങ്കാരം.

4. ദ്രവ്യാഗ്രഹം എന്നാലെന്തു്?
(1) ഭൌമികവസ്തുക്കളിൽ-പ്രത്യേകിച്ചു ധനത്തിൽ— ഉള്ള (2) ക്രമാതീതമായ പ്രതിപത്തിയാകുന്നു ദ്രവ്യാഗ്രഹം.

5. വിഷയാസക്തി എന്നാലെന്തു്?
(3) ജഡികസുഖങ്ങളിലും, ഭോഗങ്ങളിലുമുള്ള ക്രമരഹിതമായ പ്രതിപത്തിയും അഭിലാഷവുമാകുന്നു വിഷയാസക്തി.

7. കോപമെന്നാലെന്തു്?
സ്വമനസ്സിനു വിരുദ്ധമായതിനെ കഠിനമായും ക്രമാതീതമായും എതിർക്കുന്നതിനു മനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരു വികാരമത്രേ കോപം.

7. ഭോജനപ്രിയമെന്നാലെന്തു്?
ഭക്ഷണപാനീയങ്ങളിലുള്ള അമിതമായ ഇച്ഛയാകുന്നു ഭോജനപ്രിയം.

8. അസൂയ എന്നാലെന്തു്?
അന്യർക്കു ലഭിക്കുന്ന നന്മയിൽ നമുക്കുണ്ടാകുന്ന അതൃപ്തിയത്രേ അസൂയ.

9. അലസത എന്നാലെന്തു്?
(4) ആദ്ധ്യാത്മികകാര്യങ്ങളെയോ നാം തിരഞ്ഞെടുത്തിരിക്കുന്ന ജീവിതത്തിലെ കടമകളെയോ നിറവേറ്റാതിരിക്കുന്നതോ അഥവാ അപൂർണ്ണമായി മാത്രം നിറവേറുന്നതോ ആകുന്നു അലസത.

10. ഈ മൂലപാപങ്ങൾ എല്ലം എപ്പോഴും മരണകരമായ പാപമാകുമോ?

---

(1) ഭൌമികവസ്തുക്കൾ = ലോകവസ്തുക്കൾ.
(2) ക്രമാതീതമായ പ്രതിപത്തി = ക്രമംവിട്ടുള്ള ആഗ്രഹം.
(3) ജഡികസുഖങ്ങൾ = ശാരീരികസുഖങ്ങൾ.
(4) ആദ്ധ്യാത്മികകാര്യങ്ങൾ = ആത്മാവിനെ സംബന്ധിച്ച കാര്യങ്ങൾ.

www.malankaralibrary.com



എപ്പോഴും ഇവ മരണകരമായ പാപമാകയില്ല. എന്നാൽ ഇവയിൽ വിഷയാസക്തി സധാരണമായി മരണകരമായ പാപമാകാൻ ഇടയുണ്ട്. ശേഷം ആറും കാൎയ്യഗൗരവത്തിന് അനുസരണമായി ലഘുവോ മരണകരമോ ആയ പാപമാകും.

## 8. പരിശുദ്ധാത്മാവിനു എതിരായ പാപങ്ങൾ.

1. പരിശുദ്ധാത്മാവിനു എതിരായപാപങ്ങൾ എവയാകുന്നു (1) സ്വൎഗ്ഗീയഭാഗ്യം കിട്ടുകയില്ലെന്നുള്ള നിരാശ. (2) സൽപ്രവൃത്തി കൂടാതെ സ്വൎഗ്ഗം പ്രാപിക്കാമെന്നുള്ള പ്രത്യാശ. (3) ഒരു കാൎയ്യം സത്യമെന്നറിഞ്ഞാലും അതിനെ വിസമ്മതിക്കുന്നതു്. (4) അന്യരുടെ നന്മയിലുള്ള അസൂയ. (5) പാപം ചെയ്തിട്ട് അനുതപിക്കാതെ ജീവിക്കുന്നതു്. (6) അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടുകൂടെ മരിക്കുന്നതു്.

## 9. ദൈവസന്നിധിയിൽ പ്രതികാരത്തിനു വിലപിക്കുന്ന പാപങ്ങൾ.

1. ദൈവസന്നിധിയിൽ പ്രതികാരത്തിനു വിലപിക്കുന്ന പാപങ്ങൾ എവയാകുന്നു?
(1) മനഃപൂൎവ്വം ചെയ്യുന്ന കൊലപാതകം.
(2) പ്രകൃതിവിരുദ്ധമായ വിഷയഭോഗം.
(3) ദരിദ്രരെയും വിധവകളെയും മാതാപിതാക്കന്മാരില്ലാത്ത പൈതങ്ങളെയും പീഡിപ്പിക്കുന്നതു്.
(4) വേലക്കാൎക്കു ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതു്. (33-ാം പാഠം കാണുക)

---

# അദ്ധ്യായം 4.

# പുണ്യങ്ങൾ.

## 1. പുണ്യത്തിന്റെ നിൎവ്വചനവും വിഭാഗവും.

1. പാപം ചെയ്യാതിരിക്കുന്നതുകൊണ്ടു മാത്രം നമ്മുടെ കടമ തീരുമോ?

www.malankaralibrary.com



ള്ള, നാം തെരഞ്ഞെടുത്തിരിക്കുന്ന ജീവിതത്തിനനുയോജ്യമായ പരിപൂർണ്ണത പുണ്യാഭ്യാസത്താൽ സമ്പാദിക്കുന്നതിനും കഴിയുന്നത്ര നാം ശ്രമിക്കണം.

2. പുണ്യം എന്താകുന്നു?
പുണ്യമെന്നതു പൊതുവായി പറഞ്ഞാൽ, സൽപ്രവൃത്തികൾ ഇച്ഛിക്കയും, അവ നിർവ്വഹിക്കുകയും ചെയ്യാനുള്ള മനസ്സിന്റെ * സന്നദ്ധതയും × അഭ്യസ്തശീലവുമാകുന്നു.

3. ക്രിസ്തുമതത്തപ്രകാരം പുണ്യം എന്തിൽ അടങ്ങിയിരിക്കുന്നു?
യേശുമിശിഹായുടെ ദിവ്യോപദേശങ്ങൾക്കനുസരണമായി സൽപ്രവൃത്തികൾ ഇച്ഛിക്കയും അവ നിർവ്വഹിക്കുകയും ചെയ്യുന്നതിനുള്ള മനസ്സിന്റെ സന്നദ്ധതയിലും അഭ്യസ്തശീലത്തിലും അടങ്ങിയിരിക്കുന്നു.

4. പുണ്യങ്ങൾ എത്രതരമുണ്ടു്?
രണ്ടുതരം; ദൈവികപുണ്യങ്ങളും, സാന്മാർഗ്ഗികപുണ്യങ്ങളും.

## II. ദൈവിക പുണ്യങ്ങൾ.

1. ദൈവിക പുണ്യങ്ങൾ ഏവ?
മൂന്നു്, അതായതു്, വിശ്വാസം, പ്രത്യാശ, സ്നേഹം (ഉപവി) (21-ാം പാഠം കാണുക.)

2. ഇവയെ ദൈവികപുണ്യങ്ങളെന്നു വിളിക്കുന്നതെന്തു്?
നാം മാമോദീസാ സ്വീകരിക്കുമ്പോൾ ദൈവം തന്നെ നമ്മുടെ ആത്മാവിൽ ഈ പുണ്യങ്ങളെ * നിവേശിപ്പിക്കുന്നതിനാലും, ഇതുകൾക്കു ദൈവം തന്നെ + വിഷയീഭവിക്കുന്നതിനാലും ഇവയെ ദൈവികപുണ്യങ്ങൾ എന്നു വിളിക്കുന്നു.

---

* സന്നദ്ധത = ഒരുക്കം.
× അഭ്യസ്തശീലം = പരിശീലനംകൊണ്ടു ലഭിച്ചിട്ടുള്ള സ്വഭാവം.
* നിവേശിപ്പിക്കുക = പ്രവേശിപ്പിക്കുക.
+ വിഷയീഭവിക്ക = വിഷയമായിത്തീരുക.

www.malankaralibrary.com


3. വിശ്വാസമെന്താകുന്നു?
ദൈവം തിരുസഭയ്ക്കു വെളിപ്പെടുത്തുകയും, നാം വിശ്വസിക്കുന്നതിനു തിരുസഭ കല്പിക്കുകയും ചെയ്യുന്ന വേദസത്യങ്ങളെ ÷ ദൈവികാവിഷ്കരണത്തിന്റെ പ്രാമാണ്യം നിമിത്തം ദൃഢമായി വിശ്വസിക്കുന്നതിനു നമ്മുടെ മനസ്സിനെ പ്രേരിപ്പിക്കുന്ന ദൈവികപുണ്യമത്രേ വിശ്വാസം.

4. പ്രത്യാശ എന്താകുന്നു?
സ്വർഗ്ഗീയഭാഗ്യവും, അതു പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളും ദൈവസഹായവും നമുക്കു ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയ പ്രതീക്ഷയത്രേ പ്രത്യാശ.

5. നാം പ്രത്യാശയോടെ പ്രതീക്ഷിച്ചിരിക്കേണ്ട കാര്യങ്ങൾ ഏവയാകുന്നു?
പ്രധാനമായി രണ്ടാകുന്നു (1) നിത്യമായതും നമ്മെ പരിപൂർണ്ണമായി ആനന്ദിപ്പിക്കുന്നതുമായ സ്വർഗ്ഗീയഭാഗ്യം (2) യേശുമിശിഹായുടെ യോഗ്യതകളാൽ പാപങ്ങളുടെ മോചനവും, സൽപ്രവൃത്തികൾ ചെയ്തു സ്വർഗ്ഗഭാഗ്യം ലഭിക്കുന്നതിന് ആവശ്യകമായ ദൈവസഹായങ്ങളും.

6. ഉപവി എന്താകുന്നു?
നിസ്സ്വാർത്ഥമായി ദൈവത്തെയും ദൈവത്തെപ്രതി സമസൃഷ്ടികളെയും സ്നേഹിക്കുന്നതാകുന്നു ഉപവി.

7. ഉപവിക്കു വിഷയീഭവിക്കുന്നതെന്താകുന്നു?
ഉപവിക്കു പ്രധാനമായി വിഷയീഭവിക്കുന്നതു ദൈവം തന്നെയാകുന്നു. തന്നിമിത്തം ദൈവത്തെ നമ്മുടെ പരമാന്ത്യമായി പരിഗണിച്ച് സർവ്വവസ്തുക്കളെക്കാൾ നാം സ്നേഹിക്കണം. ഉപവിക്കു രണ്ടാമതായി വിഷയീഭവിക്കുന്നതു നാമും നമ്മുടെ സമസൃഷ്ടികളുമാകുന്നു. നമ്മെപ്പോലെ നമ്മുടെ സഹോദരങ്ങളെയും സ്നേഹിക്കണമെന്നു ദൈവംതന്നെ കല്പിച്ചിരിക്കുന്നു. (മത്താ. 22:36–40)

8. വിശ്വാസം, പ്രത്യാശ, ഉപവി എന്നീ പുണ്യങ്ങളുടെ പ്രകരണങ്ങൾ നാം എപ്പോൾ ചൊല്ലണം?
ദിവസംതോറും ചൊല്ലുന്നതു നല്ലതാണ്. എന്നാൽ

÷ ദൈവികാവിഷ്കരണം = വെളിപാട്.

www.malankaralibrary.com



ഈ പുണ്യങ്ങൾക്കു വിരുദ്ധമായ * പ്രലോഭനങ്ങൾ ഉണ്ടാകുമ്പോഴും, വിശുദ്ധ കൂദാശകൾ സ്വീകരിക്കുമ്പോഴും, മരണാവസരത്തിലും ഈ പുണ്യങ്ങളുടെ പ്രകരണങ്ങൾ ചൊല്ലേണ്ടതാണ്.

## III വിശ്വാസം, പ്രത്യാശ, ഉപവി എന്നീ ദൈവികപുണ്യങ്ങളുടെ പ്രകരണങ്ങൾ

### (1) വിശ്വാസപ്രകരണം (ചെറുത്)
(പാഠം 22 B കാണുക)

### (2) പ്രത്യാശപ്രകരണം.

എന്റെ ദൈവമേ! നിന്റെ സർവ്വശക്തിയിലും അളവില്ലാത്ത അനുഗ്രഹത്തിലും കൃപയിലും ഞാൻ വിശ്വസിക്കുന്നു. നിന്റെ വാഗ്ദാനങ്ങളിൽ നീ വിശ്വസ്തനാകയാൽ ഞങ്ങളുടെ നാഥനും രക്ഷിതാവുമായ യേശുമിശിഹായുടെ യോഗ്യതകളാൽ എന്റെ പാപങ്ങളുടെ മോചനവും നിന്റെ പ്രസാദവരത്തിന്റെ സഹായവും നിത്യജീവനും എനിക്കു ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ആമ്മീൻ.

### (3) സ്നേഹപ്രകരണം.

എന്റെ ദൈവമേ! നീ സർവ്വഗുണസമ്പൂർണ്ണനും സകലസ്നേഹയോഗ്യനും ആയിരിക്കയാൽ എന്റെ പൂർണ്ണഹൃദയത്തോടും ആത്മാവോടുംകൂടെ എല്ലാവസ്തുക്കളെക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്നെ ഉപദ്രവിച്ച എല്ലാവരോടും നീ ക്ഷമിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

## IV സാന്മാർഗ്ഗിക പുണ്യങ്ങൾ.

1. സാന്മാർഗ്ഗിക പുണ്യങ്ങൾ എത്രയുണ്ട്?
അനേകമുണ്ട്; എന്നാൽ അവയിൽ പ്രധാനപ്പെട്ടവ നാലാകുന്നു. (1) വിവേകം. (2) നീതി. (3) മനഃസ്ഥൈര്യം. (4) സംയമനം. (25-ാം പാഠം കാണുക)

* പ്രലോഭനങ്ങൾ=പരീക്ഷകൾ.

www.malankaralibrary.com



2. സാന്മാൎഗ്ഗികപുണ്യങ്ങളിൽ ഈ നാലെണ്ണം സൎവ്വപ്രധാനമെന്നു പറയുന്നതെന്തുകൊണ്ടു്?

ഈ പുണ്യങ്ങൾ സന്മാൎഗ്ഗജീവിതത്തിനു് അടിസ്ഥാനമാകയാലും, മനുഷ്യന്റെ സകല പ്രവൃത്തികളും ഇവയാൽ ക്രമപ്പെടുത്തേണ്ടതിനാലും ആകുന്നു.

---

# അദ്ധ്യായം 5.

## പ്രസാദവരം, പ്രാൎത്ഥനകൾ, കൂദാശകൾ

### 1 പ്രസാദവരം.

(യോഹ. 1: 17; റോമ്മാ. 5: 15_20;
1കൊറി. 12: 3; 2കൊറി. 3: 5;
എഫേസ്യ. 2: 8_9)

1. പാപം ചെയ്യാതെ ജീവിച്ചു സ്വൎഗ്ഗീയഭാഗ്യം പ്രാപിപ്പാൻ സ്വശക്തിയാൽ മനുഷ്യനു സാധിക്കുമോ?

ഇല്ല. "എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യാൻ സാധിക്കുകയില്ല" എന്നു യേശുമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. (യോഹ. 15, 5)

2. പ്രസാദവരമെന്നു പറയുന്നതെന്താകുന്നു?

* പ്രകൃത്യതീതവും, നമ്മെ ദൈവത്തിന്റെ സ്നേഹഭാ

---

* പ്രകൃത്യതീതം = പ്രകൃതിയിൽ ഉള്ളവയെക്കാൾ ഉൽകൃഷ്ടമായ

www.malankaralibrary.com


ജനങ്ങളാക്കുന്നതുമായ ഒരു ദൈവികദാനമാകുന്നു പ്രസാദവരം.

3. പ്രസാദവരം എങ്ങനെ ലഭിക്കുന്നു?

പ്രാർത്ഥനകളാലും, വിശുദ്ധകൂദാശകളുടെ യോഗ്യമായ സ്വീകരണത്താലും ലഭിക്കുന്നു.

## 2 പ്രാർത്ഥന.

(മത്താ. 6:5–13; 7:7–11; മക്കോ. 11:14; എഫേസ്യ. 6, 18)

1. പ്രാർത്ഥന എന്നാലെന്ത്?

ദൈവത്തെ ആരാധിക്കുന്നതിനും, നമുക്ക് ആവശ്യമുള്ള അനുഗ്രഹങ്ങൾ യാചിക്കുന്നതിനുമായി ദൈവത്തിന്റെ പക്കലേക്കുള്ള ആത്മാവിന്റെ *ഉന്നമനമത്രേ പ്രാർത്ഥന.

2. പ്രാർത്ഥനയുടെ ആവശ്യകതയ്ക്ക് അടിസ്ഥാനമായ കാരണങ്ങൾ ഏവയാകുന്നു?

(1) സകല മനുഷ്യരുടെയും മേലുള്ള ദൈവത്തിന്റെ പരമാധികാരം (2) ദൈവം നമുക്കു ചെയ്യുന്ന നിരവധി ഉപകാരങ്ങൾ (3) യേശുമിശിഹായുടെ ആജ്ഞ. (4) മിശിഹായുടെ മാതൃകം. (5) നമ്മുടെ ആവശ്യങ്ങൾ. (6) സൽപ്രവൃത്തികൾ ചെയ്യുന്നതിൽ നമുക്കുള്ള ബലഹീനതം. ഇക്കാരണങ്ങളാൽ ദൈവത്തോടു പ്രാർത്ഥിക്കുന്നതിനു നമുക്കു കടമയുണ്ട്.

3. എന്നാൽ നാം പ്രധാനമായി പ്രാർത്ഥിക്കേണ്ടത് എപ്പോഴാകുന്നു?

കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും, ആപത്തുകളിലും, പ്രലോഭനങ്ങളിലും, ദുഃഖങ്ങളിലും, പീഡകളിലും; ഞായറാഴ്ചകളിലും, കടമുള്ള മററു ദിവസങ്ങളിലും നാം പ്രധാനമായി പ്രാർത്ഥിക്കണം.

---

* ഉന്നമനം = ഉയർത്തൽ.

www.malankaralibrary.com


4. പ്രധാനമായി നാം ചൊല്ലേണ്ട പ്രാൎത്ഥനകൾ ഏവയാകുന്നു?

കൎത്താവിന്റെ പ്രാൎത്ഥന, "നന്മനിറഞ്ഞ മറിയം", "കൎത്താവിന്റെ മാലാഖാ", ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം, അനുതാപപ്രകരണം, "മഹാപാപിയായ ഞാൻ" എന്നിവയാകുന്നു.

5. നമ്മുടെ അപേക്ഷകൾ ഫലവത്തായിത്തീരുന്നതിനുവേണ്ട പ്രധാനവും ഉത്തമവുമായ വ്യവസ്ഥ എന്താകുന്നു?

നമ്മുടെ അപേക്ഷകൾ ഫലവത്തായിത്തീരുന്നതിനുവേണ്ട പ്രധാനവും ഉത്തമവുമായ വ്യവസ്ഥ, നാം പ്രസാദവരത്തിൽ ആയിരിക്കയും, ആ സ്ഥിതിയിൽ അല്ലാഞ്ഞാൽ നമ്മെ അതിൽ ആക്കാനുള്ള ആഗ്രഹം നമുക്കുണ്ടായിരിക്കയും ചെയ്ക എന്നുള്ളതാകുന്നു.

6. നമ്മുടെ അപേക്ഷകൾ ഫലവത്താകുന്നതിനു വേണ്ട മററു വ്യവസ്ഥകൾ ഏവ?

നമ്മുടെ അപേക്ഷകൾ ഫലവത്താകുന്നതിന് 1) കഴിയുന്നത്ര അന്യചിന്തകൾ അകററി ഏകാഗ്രതയോടെ നാം അപേക്ഷിക്കണം.

2) നമ്മുടെ അയോഗ്യതയെയും ബലഹീനതയെയും മനസ്സിലാക്കി വിനയത്തോടുകൂടി നാം അപേക്ഷിക്കണം.

3) നമ്മുടെ അപേക്ഷ ദൈവമഹത്വത്തിനും നമ്മുടെ ആത്മരക്ഷയ്ക്കും അനുയോജ്യമാണെങ്കിൽ ദൈവം കേൾക്കുമെന്നുള്ള പ്രത്യാശ നമുക്കുണ്ടായിരിക്കണം.

4) ദൈവം നമ്മുടെ അപേക്ഷയെ ഉടൻതന്നെ കേൾക്കാത്തപക്ഷം, അപേക്ഷയിൽ വൈമനസ്യം ഉണ്ടാകാതെ സ്ഥിരോത്സാഹത്തോടും അധികം തീക്ഷ്ണതയോടും കൂടി തുടൎന്ന് അപേക്ഷിക്കണം.

5) നമുക്ക് അവശ്യമുള്ള നന്മകൾ ഏവയെന്നു നാം അറിയുന്നതിനേക്കാൾ അധികം നന്നായി ദൈവം അറിയുന്നു എന്നു മനസ്സിലാക്കി നമ്മുടെ അപേക്ഷകൾ കേൾക്കപ്പെടാത്തപ്പോൾകൂടെയും ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങുന്നതിനു സന്നദ്ധത നമുക്കുണ്ടായിരിക്കണം.

www.malankaralibrary.com



ആകയാൽ ഏകാഗ്രത, വിനയം, പ്രത്യാശ, സ്ഥിരോത്സാഹം, ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം എന്നിവയാണ് അപേക്ഷകൾ ഫലവത്താകുന്നതിനു വേണ്ട മററു വ്യവസ്ഥകൾ.

7. ഈ വ്യവസ്ഥകളനുസരിച്ച് അപേക്ഷിക്കുന്ന കാര്യങ്ങളെല്ലാം ദൈവം സാധിച്ചുതരുമോ?

സാധിച്ചുതരും; എന്നാൽ നമ്മുടെ നിത്യരക്ഷയ്ക്കു് ഏററം ഉപയുക്തമായ വിധത്തിലായിരിക്കും ദൈവം ഇവ സാധിച്ചുതരുന്നതു്; അതു് എല്ലായ്പോഴും നാം ആഗ്രഹിച്ച വിധത്തിലായിരിക്കുമെന്നു വരികയുമില്ല.

8. നാം അപേക്ഷിക്കേണ്ടതു് ആർക്കുവേണ്ടിയാണ്?

നാം സകലർക്കുവേണ്ടിയും പ്രാർത്ഥിക്കണം. ഒന്നാമതായി നമുക്കുവേണ്ടിയും, പിന്നെ നമ്മുടെ സംബന്ധികൾ, മേലധികാരികൾ, ഉപകാരികൾ, സ്നേഹിതന്മാർ, ശത്രുക്കൾ എന്നിവർക്കു വേണ്ടിയും, നിർഭാഗ്യപാപികളുടെ മാനസാന്തരത്തിനു വേണ്ടിയും, തിരുസഭയ്ക്കു പുറമേയുള്ളവരുടെ സഭാപ്രവേശനത്തിനുവേണ്ടിയും, ശുദ്ധീകരണസ്ഥലത്തിൽ പീഡ സഹിക്കുന്ന ആത്മാക്കൾക്കുവേണ്ടിയും നാം അപേക്ഷിക്കണം.

## 5 കൂദാശകൾ.

1. പ്രാർത്ഥനകൂടാതെ മററുവിധം പ്രസാദവരം ലഭിപ്പാൻ സാധിക്കുമോ?

കൂദാശകൾ വഴിയായും പ്രസാദവരം ലഭിക്കാം.

2. കൂദാശ എന്താകുന്നു?

പ്രസാദവരം നല്കി ആത്മാക്കളെ ശുദ്ധീകരിക്കുന്നതിനുവേണ്ടി യേശുമിശിഹാ നിത്യമായി തിരുസഭയിൽ സ്ഥാപിച്ച * ദൃശ്യമായ ചിഹ്നമാകുന്നു കൂദാശ.

* ദൃശ്യമായ ചിഹ്നം = കാണപ്പെടാവുന്ന അടയാളം.

www.malankaralibrary.com



3. കൂദാശകൾ എത്രയുണ്ട്?
ഏഴുണ്ട്. (14-ാം പാഠം കാണുക)

4. ഈ കൂദാശകൾ നമ്മുടെ ആത്മാവിൽ എന്തു ചെയ്യുന്നു?
ചിലതു നമ്മുടെ ആത്മാവിൽ പ്രസാദവരം ചിന്തുന്നു; മററു ചിലതു പ്രസാദവരത്തെ വർദ്ധിപ്പിക്കുന്നു.

5. പ്രസാദവരം നല്കാനുള്ള ശക്തി കൂദാശകൾക്ക് എവിടെനിന്നു ലഭിക്കുന്നു?
യേശുമിശിഹായിൽനിന്നും അവിടുത്തെ അളവില്ലാത്ത യോഗ്യതകളിൽ നിന്നും ലഭിക്കുന്നു.

6. നിത്യരക്ഷയ്ക്ക് ഏററവും ആവശ്യകമായ കൂദാശകൾ ഏവ?
നിത്യരക്ഷയ്ക്ക് ഏററവും ആവശ്യകമായ കൂദാശകൾ മാമ്മോദീസാ, കുമ്പസാരം എന്നിവ രണ്ടുമാണ്. മാമ്മോദീസാ സ്വീകരിച്ച ശേഷം മരണകരമായ പാപത്തിലുൾപ്പെട്ടവർക്ക് നിത്യരക്ഷ ലഭിപ്പാൻ കുമ്പസാരം ഏററവും ആവശ്യകമാണ്. എന്നാൽ മാമ്മോദീസാ സ്വീകരിച്ച ശേഷം മരണകരമായ പാപത്തിൽ ഉൾപ്പെടാത്തവർക്ക് (ഉദാഹരണമായി ശിശുക്കൾക്ക) നിത്യരക്ഷ ലഭിപ്പാൻ കുമ്പസാരം ആവശ്യമില്ല.

7. കൂദാശകളിൽവെച്ച് ഏററവും മാഹാത്മ്യമുള്ളത് ഏത്?
കൂദാശകളിൽവെച്ച് ഏററവും മാഹാത്മ്യമുള്ളത് വി. കുർബാന എന്ന കൂദാശയാണ്; എന്തുകൊണ്ടെന്നാൽ വിശുദ്ധ കുർബാനയിൽ സകല പ്രസാദവരങ്ങളും ഉണ്ടെന്നുമാത്രമല്ല, പ്രസാദവരങ്ങളുടെ ഉറവയും, കൂദാശകളുടെ സ്ഥാപകനുമായ യേശുമിശിഹാ തന്നെ അതിൽ എഴുന്നെള്ളിയിരിക്കുന്നു.

8. കൂദാശകളെ എങ്ങനെ വിഭജിച്ചിരിക്കുന്നു?
മരിച്ചവരുടെ കൂദാശകൾ, ജീവിച്ചിരിക്കുന്നവരുടെ കൂദാശകൾ എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു.

www.malankaralibrary.com


## (1) മരിച്ചവരുടെ കൂദാശകൾ.

1. മരിച്ചവരുടെ കൂദാശകൾ ഏത്?

രണ്ടു്. (1) മാമ്മോദീസാ. (2) കുമ്പസാരം

2. ഈ രണ്ടു കൂദാശകളെയും മരിച്ചവരുടെ കൂദാശകൾ എന്നു വിളിക്കുന്നതെന്തു്?

നമ്മുടെ ആത്മാവിന്റെ സാക്ഷാൽ ജീവനെ നശിപ്പിക്കുന്ന മരണകരമായ പാപത്തെ നീക്കി പ്രസാദവരമാകുന്ന ആദ്ധ്യാത്മികജീവൻ നമുക്കു നൽകുന്നതിനു് ഈ കൂദാശകൾക്കു രണ്ടിനും ശക്തിയുള്ളതിനാൽ ഇവയെ മരിച്ചവരുടെ കൂദാശകൾ എന്നു വിളിക്കുന്നു.

## (2) ജീവിച്ചിരിക്കുന്നവരുടെ കൂദാശകൾ.

1. ജീവിച്ചിരിക്കുന്നവരുടെ കൂദാശകൾ ഏത്?

അഞ്ചു്. 1) മൂറോൻ (സ്ഥിരീകരണം) 2) വിശുദ്ധ കുർബാന. 3) രോഗികളുടെ തൈലാഭിഷേകം (അന്ത്യലേപനം). 4) പട്ടം (പൌരോഹിത്യം). 5) വിവാഹം.

2. ഇവയെ ജീവിച്ചിരിക്കുന്നവരുടെ കൂദാശകളെന്നു വിളിക്കുന്നതെന്തു്?

മരണകരമായ പാപമില്ലാത്തവർ, അതായതു് ആത്മാവിന്റെ സാക്ഷാൽ ജീവനായ പ്രസാദവരമുള്ളവർമാത്രം ഈ കൂദാശകൾ സ്വീകരിക്കേണ്ടതുകൊണ്ടു ഇവയെ ജീവിച്ചിരിക്കുന്നവരുടെ കൂദാശകളെന്നു വിളിക്കുന്നു,

## (3) ആത്മാവിൽ * അക്ഷയ ചിഹ്നം (മുദ്ര) പതിക്കുന്ന കൂദാശകൾ.

1. ആത്മാവിൽ അക്ഷയ ചിഹ്നം പതിക്കുന്ന കൂദാശകൾ എത്രയുണ്ടു്?

---

* അക്ഷയ ചിഹ്നം = മാഞ്ഞുപോകാത്ത അടയാളം.

www.malankaralibrary.com



മൂന്നു്; (1) മാമ്മോദീസാ. (2) മൂറോൻ. (3) പൌരോഹിത്യം

2. ആത്മാവിൽ അക്ഷയചിഹ്നം പതിക്കുന്ന കൂദാശകളെന്നു് ഇവയെ വിളിക്കുന്നതെന്തു്?

ഈ കൂദാശകളെ ഒരു പ്രാവശ്യംമാത്രം സ്വീകരിക്കുന്നതിനാലും, ആ സ്വീകരണത്താൽ മററു കൂദാശകളെയും നൽവരങ്ങളെയും സ്വീകരിക്കുന്നതിനോ അധികാരമുള്ളവക്കു ഇവ അന്യക്കു നൽകുന്നതിനോ, ആവശ്യമുള്ള ആദ്ധ്യാത്മികശക്തി അവരവക്കു ലഭിക്കുന്നതിനാലും ഇവയെ ആത്മാവിൽ അക്ഷയചിഹ്നം പതിക്കുന്ന കൂദാശകൾ എന്നു വിളിക്കുന്നു.

## 4. മാമ്മോദീസാ.

(മത്താ. 28:19; യോഹ. 3:5; മക്കോ. 16; 16 നടപടി. 2,38. എഫേസ്യാ. 5:25–26. 1 പത്രോ. 3: 20–21)

1. മാമ്മോദീസാ എന്ന കൂദാശ എന്താകുന്നു?

ജന്മപാപവും കർമ്മപാപങ്ങളുണ്ടെങ്കിൽ അവയും വിമോചിച്ചു്, അക്രൈസ്തവരെ ക്രൈസ്തവരും ദൈവമക്കളും സ്വർഗ്ഗരാജ്യത്തിനു് അവകാശികളുമാക്കുന്നതും നിത്യരക്ഷയ്ക്കു് × അവശ്യം ആവശ്യമായിട്ടുള്ളതുമായ ഒരു കൂദാശയാകുന്നു.

2. മാമ്മോദീസാ നിത്യരക്ഷയ്ക്കു് ആവശ്യമാണോ?

അത്യാവശ്യമാകുന്നു. മാമ്മോദീസാ കൂടാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനു സാധിക്കുന്നതല്ല. "ജലത്താലും പരിശുദ്ധാത്മാവിനാലും ഒരാൾ വീണ്ടും ജനിക്കുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല" എന്നു യേശുമിശിഹാ അരുളിച്ചെയ്യുന്നു. (യോഹ. 3:5) എന്നുമാത്രമല്ല മാമ്മോദീസാ എന്ന കൂദാശ സത്യസഭയിൽ പ്രവേശിക്കുന്നതിനുള്ള വാതിലായിരിക്കയാൽ

× അവശ്യം ആവശ്യമായിട്ടുള്ള = കൂടിയേ തീരൂ എന്നുള്ള

www.malankaralibrary.com



ഈ കൂദാശ സ്വീകരിക്കാതെ മററു യാതൊരു കൂദാശയും സ്വീകരിക്കുന്നതിന് അവകാശമില്ല.

3. ജലത്താലുള്ള മാമ്മോദീസാ കൂടാതെ വേറെ വല്ലപ്രകാരത്തിലും ഈ കൂദാശയെ നിവൎത്തിക്കാമോ?

രക്തസാക്ഷിത്വത്താലോ, മാമോദീസാ സ്വീകരിക്കണമെന്ന് ആന്തരികമായിട്ടെങ്കിലും ആഗ്രഹിച്ചു ചെയ്യുന്ന പൂൎണ്ണമായ ദൈവസ്നേഹത്തിന്റെ പ്രകരണത്താലോ ഈ കൂദാശയെ നിവൎത്തിക്കാം. എന്നാൽ രക്തത്താലും ആഗ്രഹത്താലുമുള്ള ഈ മാമ്മോദീസാ സ്വീകരിക്കുന്നവരും സൌകൎയ്യപ്പെടുന്നപക്ഷം ജലത്താലുള്ള മാമ്മോദീസായും സ്വീകരിക്കേണ്ടതാണ്.

4. നിത്യരക്ഷയ്ക്കു അത്യാവശ്യകമായ മാമ്മോദീസാ എന്ന ഈ കൂദാശ കൊടുക്കുന്നതിന് എല്ലാവൎക്കും അധികാരമുണ്ടോ? ഉണ്ടെങ്കിൽ വാസ്തവമായി കൊടുക്കുന്നതിന് എന്തു ചെയ്യണം?

മാമ്മോദീസാ കൊടുക്കുന്നതു് സാധാരണമായി ഇടവകഭരിക്കുന്ന പട്ടക്കാരൻ തന്നെയാണ്. എന്നാൽ * അത്യാവശ്യമുള്ളപ്പോൾ, അതായതു്, മാമ്മോദീസാ

* അപകടകരമായ പ്രസവത്തിൽ അതായതു് മാതാവിന്റെ ഉദരത്തിൽ വെച്ചുതന്നെ ശിശു മരിച്ചേക്കുമെന്ന് സംശയമുണ്ടാകയും, കുട്ടിയുടെ തലയിൽ വെള്ളമൊഴിക്കാൻ സാദ്ധ്യമല്ലാതെ വരികയും ചെയ്യുന്നെങ്കിൽ അതിന്റെ ഏതെങ്കിലും അവയവത്തിൽ സാദ്ധ്യമായ വിധം വെള്ളം ഒഴിച്ചു സോപാധികമായി (സംശയാസ്പദമായ വ്യവസ്ഥയിൽ) മാമ്മോദീസാ മുക്കണം. എന്നാൽ ജനനശേഷം ആ കുട്ടി ജീവിക്കുന്നെങ്കിൽ തലയിൽ വെള്ളമൊഴിച്ചു സോപാധികമായി, അതായതു് "നീ മാമ്മോദീസാ സ്വീകരിച്ചില്ലെങ്കിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു" എന്നു ചൊല്ലി വീണ്ടും മാമ്മോദീസാ നൽകണം.

www.malankaralibrary.com



സ്വീകരിക്കേണ്ട ആൾ മരണവേളയിലോ, മരണാപകടത്തിലോ ഉൾപ്പെട്ടിരിക്കയാണെങ്കിൽ ആർക്കെങ്കിലും (പുരുഷനോ, സ്ത്രീയോ, പാഷണ്ഡനോ, പുറജാതിക്കാരനോ ആരായിരുന്നാലും) മാമോദീസാ കൊടുക്കാം. മാമോദീസാ നൽകുന്നയാൾ "തിരുസഭ കൊടുക്കുന്നപ്രകാരം ഞാൻ ഈ കൂദാശകൊടുക്കുന്നു" എന്നീ ഉദ്ദേശ്യത്തോടുകൂടെ മാമ്മോദീസാ സ്വീകരിക്കാനുള്ള ആളുടെ പേരു വിളിച്ചു താഴെക്കാണുന്ന വാക്യം ചൊല്ലിക്കൊണ്ട് ആ ആളുടെ തലയിൽ കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം വെള്ളം ഒഴിക്കണം.

വെള്ളം ഒഴിക്കുന്ന സമയത്തു ചൊല്ലേണ്ട വാക്യം

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ (ഇവിടെ മാമ്മോദീസാമുങ്ങുന്ന ആളുടെ പേർ വിളിക്കണം) നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു.

5. മാമ്മോദീസാ മുക്കുന്നതിന് ഉപയോഗിക്കേണ്ട വെള്ളം ഏതു തരത്തിലുള്ളതായിരിക്കണം?
പ്രകൃത്യാലുള്ള വെള്ളമായിരിക്കണം, (തേങ്ങാവെള്ളം, പാൽ, എണ്ണ മുതലായവ കൊള്ളുകയില്ല).

6. ഒരാൾ വെള്ളം ഒഴിക്കയും, മറ്റൊരാൾ "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു" എന്നീ വാക്കുകൾ ചൊല്ലുകയും ചെയ്താൽ ആ മാമ്മോദീസാ സാധുവാകുമോ?
ഇല്ല, വെള്ളം ഒഴിക്കുന്ന ആൾതന്നെ വാക്കുകൾ ഉച്ചരിച്ചെങ്കിലേ മാമ്മോദീസാ സാധുവാകയുള്ളു.

7. മാമ്മോദീസാ സ്വീകരിക്കേണ്ട ആൾ ജീവിക്കുന്നുണ്ടോ ഇല്ലയോ എന്നു സംശയമുള്ളപ്പോൾ അയാൾക്കു മാമ്മോദീസാ കൊടുക്കണമോ?
മാമ്മോദീസാ സ്വീകരിക്കേണ്ട ആൾ ജീവിക്കുന്നുണ്ടോ, ഇല്ലയോ എന്ന് സംശയമുള്ളപ്പോൾ, "നീ ജീവിക്കുന്നു എങ്കിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാ

www.malankaralibrary.com



ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു" എന്നു ചൊല്ലി സംശയാസ്പദമായ വ്യവസ്ഥയിൽ മാമ്മോദീസാ നൽകേണ്ടതാണ്.×

8. മാതാപിതാക്കന്മാർ ഉദാസീനതയാൽ തങ്ങളുടെ ശിശുക്കളെ മാമ്മോദീസാ സ്വീകരിക്കാതെ മരിക്കുവാൻ ഇടയാക്കുകയോ, അഥവാ അവക്കു മാമ്മോദീസാ ലഭിക്കുവാൻ അധികകാലതാമസം വരുത്തുകയോ ചെയ്യുന്നതു പാപമാകുന്നോ?

കഠിനമായ പാപമാണ്; എന്തുകൊണ്ടെന്നാൽ സ്വന്തം ഉദാസീനതയാൽ അവർ ശിശുക്കളുടെ നിത്യരക്ഷയെ നഷ്ടപ്പെടുത്തുന്നു. ഇതുപോലെതന്നെ ശിശുക്കളുടെ മാമ്മോദീസായ്ക്കു് അധികം കാലതാമസം വരുത്തുന്നതും കഠിന പാപമാണ്; എന്തുകൊണ്ടെന്നാൽ ആ ശിശുക്കൾ മാമ്മോദീസാ സ്വീകരിക്കാതെ മരിച്ചുപോകുന്നതിനുള്ള അപകടത്തിനു അവർ ഇടയാക്കുന്നു.

9. മാമ്മോദീസാ സ്വീകരിക്കേണ്ടയാൾ പ്രായം ചെന്ന ഒരാളാണെങ്കിൽ എന്തു് ആദ്ധ്യാത്മിക ഒരുക്കമാണ് അയാൾക്കു് ഉണ്ടായിരിക്കേണ്ടതു്?

മാമ്മോദീസാ സ്വീകരിക്കേണ്ടയാൾ പ്രായം ചെന്ന ഒരാളാണെങ്കിൽ വിശ്വാസം ഉണ്ടായിരിക്കുന്നതിനുപുറമേ ചെയ്ത മരണകരമായ പാപങ്ങളെപ്പറ്റി അപൂർണ്ണമായ അനുതാപമെങ്കിലും അയാൾക്കു് ഉണ്ടായിരിക്കണം.

10. മരണകരമായ പാപം ചെയ്തിട്ടുള്ള ആൾ ഈ അനുതാ

× ഇക്കാരണത്താൽ മാസം തികയുന്നതിനുമുമ്പു് ജനിക്കുന്ന ഗർഭസ്ഥശിശുക്കളെ (ഗർഭപിണ്ഡം മാത്രമായിരുന്നാൽ തന്നെയും) ജീവനുണ്ടോ ഇല്ലയോ എന്നു സംശയമുള്ളപ്പോഴൊക്കെ സംശയാസ്പദമായ വ്യവസ്ഥയിൽ മാമ്മോദീസാ മുക്കേണ്ടതാണ്; അവയ്ക്കു് ജീവനില്ലെന്നു തീർച്ചയുള്ളപ്പോൾ മാത്രമേ മാമ്മോദീസാ നൾകുന്ന കടമയില്ലാതെ വരൂ.

www.malankaralibrary.com


പം കൂടാതെ മാമ്മോദീസാ സ്വീകരിച്ചാൽ അയാൾക്ക് എന്തു ഫലമുണ്ടാകും?
അയാൾക്ക് മാമ്മോദീസായുടെ അക്ഷയചിഹ്നം മാത്രം ലഭിക്കും. ആകയാൽ വീണ്ടും അയാൾക്ക മാമ്മോദീസാ നല്കേണ്ട ആവശ്യമില്ല. എന്നാൽ പാപങ്ങളുടെ മോചനമോ, പ്രസാദവരമോ അയാൾക്ക ലഭിക്കയില്ല. പരിപൂർണ്ണമായ അനുതാപത്താലോ, കുമ്പസാരമെന്ന കൂദാശയാലോ പാപമോചനം പ്രാപിച്ച് പ്രതിബന്ധം നീക്കപ്പെടുന്നതുവരെ മാമ്മോദീസായുടെ ഈ ഫലങ്ങൾ അയാൾ പ്രാപിക്കയില്ല.

## 5. മൂറോൻ (സ്ഥിരീകരണം)

(യോഹ. 14, 16; നടപടി 2; 8, 14-17; 19: 6; 2കൊരി. 1, 21-22; എഫേസ്യ. 1; 13)

1. സ്ഥിരീകരണം എന്ന കൂദാശ എന്താകുന്നു?
പരിശുദ്ധാത്മാവിനെ നമുക്ക തന്നു സൽഗുണങ്ങളിൽ സ്ഥിരമായി നില്പാൻ നമ്മെ ശക്തരാക്കുന്ന ഒരു കൂദാശയാകുന്നു.

2. ഈ കൂദാശ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിന് നല്കുന്ന ഗുണങ്ങൾ ഏവയാകുന്നു?
ഏഴു പരമദാനങ്ങളാകുന്നു. (ഏശയ്യാ 11; 2-3)
(30-ാം പാഠം കാണുക)

## 6. കുർബാന.

1. കുർബാന എന്ന കൂദാശ എന്താകുന്നു?
നമ്മുടെ ആത്മാവിന്റെ ഭക്ഷണമായിത്തീരുന്നതിനുവേണ്ടി * അപ്പത്തിന്റെയും വീഞ്ഞിന്റെയും ആഗന്തുകങ്ങളെ

---

* അപ്പത്തിന്റെയും വീഞ്ഞിന്റെയും ആഗന്തുകങ്ങൾ = ആകൃതി, നിറം, രുചി, പരിമാണം (ഘനം, വലിപ്പം) മുതലായവയായി അപ്പത്തിന്റെയും, വീഞ്ഞിന്റെയും സാരാംശത്തിൽ ഉൾപ്പെടാത്ത ഭാഗങ്ങൾ.

www.malankaralibrary.com


ളിൽ നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവസ്വഭാവവും സംഗ്രഹിച്ചിരിക്കുന്ന ഒരു കൂദാശയാകുന്നു.

## 7. കുമ്പസാരം.

1. കുമ്പസാരം എന്ന കൂദാശ എന്താകുന്നു?
മാമ്മോദീസാ സ്വീകരിച്ചതിൽ പിന്നെ ചെയ്ത പാപങ്ങളുടെ വിമോചനത്തിനായി യേശുമിശിഹാ സ്ഥാപിച്ച ഒരു കൂദാശയാകുന്നു.

## 8. രോഗികളുടെ തൈലാഭിഷേകം.

## (അന്ത്യലേപനം)

(മർക്കോ. 6. 13; യാക്കോ. 5: 14_15)

1. അന്ത്യലേപനം എന്ന കൂദാശ എന്താകുന്നു?
നല്ല മരണം പ്രാപിപ്പാൻ രോഗികൾക്കു പ്രസാദവരം നല്കുന്നതും, ആത്മരക്ഷയ്ക്കു ഉപകരിക്കുമെങ്കിൽ ശരീരസൌഖ്യം പ്രദാനം ചെയ്യുന്നതുമായ ഒരു കൂദാശയാകുന്നു.

2. അന്ത്യലേപനം സ്വീകരിക്കേണ്ടതു് എപ്പോഴാണ്?
അന്ത്യലേപനം സ്വീകരിക്കേണ്ടതു് അപകടകരമായ രോഗത്തിൽ കിടക്കുമ്പോഴാണ്. * സുബോധമുള്ളപ്പോൾതന്നെ രോഗി ഈ കൂദാശ സ്വീകരിക്കുന്നതാണ് ഏററവും നല്ലതു്.

---

* തിരിച്ചറിവിന്റെ പ്രായമാകാത്തവർക്ക് അന്ത്യലേപനം നല്കുകയില്ല. മരണകരമായ അപകടത്തിലാണെങ്കിലും രോഗികളല്ലാത്തതിനാൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവർക്കും അന്ത്യലേപനം നല്കുകയില്ല. വാർദ്ധക്യം, മുറിവ്, വിഷം, ശസ്ത്രക്രിയ മുതലായവയാൽ ശക്തിക്ഷയമുണ്ടായവരെ രോഗികളായി പരിഗണിക്കാവുന്നതിനാൽ അവർക്ക് മരണകരമായ അപകടത്തിൽ അന്ത്യലേപനം നല്കുന്നു.

www.malankaralibrary.com


3. ഈ കൂദാശ സ്വീകരിക്കുന്നതിനു മുമ്പ് എന്തു ചെയ്യണം?

നന്നായി കുമ്പസാരിച്ചശേഷം സാധിക്കുമെങ്കിൽ വിശുദ്ധ കർബാനയും സ്വീകരിക്കണം

## 9. പട്ടത്വം (പൗരോഹിത്യം)

മത്താ. 10, 5;10,40;28,18_20;
മർക്കോ. 16, 15; ലൂക്കോ. 10,3_11,16;
യോഹ. 20, 21_23;
നടപടി. 13,2_4; 14,22;20,28;
1കോറി. 4,1_2, 2കോറി. 5,18,20;10:8;
ഗലാത്തി. 4,14; തീത്തൂസ് 1,4;
1തിമോ. 4,14;5,22; 2തിമോ. 1,6.

1. പൗരോഹിത്യം എന്ന കൂദാശ എന്താകുന്നു?

മെത്രാന്മാരെയും പുരോഹിതന്മാരെയും ശെമ്മാശന്മാരെയും അതാതു സ്ഥാനത്തേക്കു ഉയർത്തി കൂദാശകളും ദൈവശുശ്രൂഷകളും നടത്തുവാനും, അവരുടെ സ്ഥാനത്തിനനുസരണമായ കടമകളെ ശരിയായി നിർവ്വഹിപ്പാനും, അധികാരവും നൽവരവും നല്കുന്ന ഒരു കൂദാശയാകുന്നു.

2. വൈദികസ്ഥാനത്തിൽ പ്രവേശിക്കുന്നവരുടെ ഉദ്ദേശ്യം എന്തായിരിക്കണം?

വൈദിക സ്ഥാനത്തിൽ പ്രവേശിക്കുന്നവരുടെ ഉദ്ദേശ്യം ദൈവത്തിൻെറ മഹത്വവും ആത്മാക്കളുടെ രക്ഷയും മാത്രമായിരിക്കണം.

3. ഈ ഉദ്ദേശ്യങ്ങളില്ലാതെ ലൌകികമായ കാരണങ്ങൾ നിമിത്തം വൈദികസ്ഥാനത്തിൽ പ്രവേശിക്കുന്നത് കുററകരമാണോ?

ഈ ഉദ്ദേശ്യങ്ങളില്ലാതെ ലൌകികമായ കാരണങ്ങൾ നിമിത്തം വൈദികസ്ഥാനത്തിൽ പ്രവേശിക്കുന്നത് ഏററവും കുററകരവും, നിത്യരക്ഷയെ അപകടത്തിലാക്കുന്നതുമായ ഒരു പ്രവൃത്തിയാകുന്നു. തന്നിമിത്തം ലൌകികോദ്ദേശ്യങ്ങൾക്കായി ദൈവവിളി ഇല്ലാത്ത തങ്ങ

www.malankaralibrary.com



ളുടെ മക്കളെ വൈദികസ്ഥാനത്തിൽ പ്രവേശിപ്പാൻ പ്രേരിപ്പിക്കുന്ന മാതാപിതാക്കന്മാരും ഏററവും കഠിനമായ പാപം ചെയ്യുന്നു.

4. പട്ടക്കാരെ നിന്ദിക്കുന്നതു പാപമാണോ?

വലിയ പാപമാണ്; എന്തുകൊണ്ടെന്നാൽ പട്ടക്കാർ മിശിഹായുടെ പ്രതിനിധിമാരാകയാൽ പട്ടക്കാരെ നിന്ദിക്കുന്നവർ മിശിഹായെതന്നെയാണു നിന്ദിക്കുന്നതു്. "നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു" എന്നു യേശു അരുളിച്ചെയ്യുന്നു. (ലൂക്കാ. 10, 16)

## 10. വിവാഹം.

(മത്താ. 19, 3–9; മർക്കോ. 10, 6–9; ലൂക്കാ. 16, 18
1 കോറി. 7, 39–40; എഫേസ്യ. 5, 22–33)

1. വിവാഹം എന്ന കൂദാശ എന്താകുന്നു?

മരണംവരെ പിരിഞ്ഞുപോകാത്തവിധം ഒരു ക്രൈസ്തവ പുരുഷനും സ്ത്രീക്കും തമ്മിൽ ഐക്യം ഉളവാക്കി, അവർക്കുണ്ടാകുന്ന സന്താനങ്ങളെ ദൈവഭക്തിയിൽ വളർത്തുന്നതിനു ചുമതലപ്പെടുത്തുന്ന ഒരു കൂദാശയാകുന്നു.

2. വിവാഹം എന്ന കൂദാശ സ്വീകരിക്കുന്ന ചിലർക്ക് ഈ കൂദാശയുടെ സൽഫലങ്ങൾ ലഭിക്കാത്തതെന്തു്?

ഈ കൂദാശയുടെ ശക്തിക്ഷയം കൊണ്ടല്ല; പ്രത്യുത വേണ്ട ഒരുക്കമില്ലാതെയോ, ദുരുദ്ദേശ്യത്തോടുകൂടെയോ, മരണകരമായ പാപത്തോടുകൂടെയോ ഈ കൂദാശ സ്വീകരിക്കുന്നതിനാലാകുന്നു.

3. ഈ കൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനു് എങ്ങനെയാണ് ഒരുങ്ങേണ്ടതു്?

* വധൂവരന്മാർ പ്രാർത്ഥനകളാലും, സൽപ്രവൃത്തികളാലും തങ്ങളെത്തന്നെ ഒരുക്കി കുമ്പസാരിച്ചു് വിശുദ്ധ കുർബാന ഉൾക്കൊണ്ടു് ഈ കൂദാശ സ്വീകരിക്കണം.

4. മാതാപിതാക്കന്മാരുടെ മുഖ്യകടമകൾ ഏവ?

* വധൂവരന്മാർ = വിവാഹം കഴിക്കുന്ന സ്ത്രീയും പുരുഷനും.

www.malankaralibrary.com



മാതാപിതാക്കന്മാർ:—1) ദാമ്പത്യവിശ്വസ്തതയ്ക്കു ഭംഗം വരുത്താതെ പരസ്പരം സ്നേഹിച്ച് സമാധാനത്തിലും ഐകമത്യത്തിലും ക്രിസ്തീയമായ വിധം ജീവിക്കണം.

2) മക്കളുടെ ലൌകികനന്മ മാത്രമല്ല, ആദ്ധ്യാത്മികനന്മയും കാര്യമായി കരുതി അവരെ ഏതു ജീവിതാവസ്ഥയിലേക്കു ദൈവം വിളിക്കുന്നുവോ, അതു് തിരഞ്ഞെടുക്കാൻ അവർക്ക് സ്വാതന്ത്ര്യം നല്കുകയും ചെയ്യണം.

---

# അദ്ധ്യായം 6.

## കുമ്പസാരം, വിശുദ്ധകർബാന എന്നീ കൂദാശകളെ സംബന്ധിച്ചുള്ള പ്രത്യേക പാഠം.

### 1 കുമ്പസാരം.

(സംഖ്യ. 5: 6—7; മത്താ. 3: 5_6; 16: 19; 18: 18;
മർക്കോ. 1: 5; യോഹ. 20: 21_23.
നടപടി. 19: 18; 2കോറി. 5: 18.)

I. കുമ്പസാരത്തെപ്പററി പൊതുവായി അറിയേണ്ടവ.

1. കുമ്പസാരം എന്ന കൂദാശ യേശുമിശിഹാ സ്ഥാപിച്ചതാണോ?

അതേ; "പരിശുദ്ധാത്മാവിനെ നിങ്ങൾ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുമോ

www.malankaralibrary.com



അവ അവൎക്കു മോചിക്കപ്പെട്ടും, എന്നാൽ നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുമോ അവ ബന്ധിക്കപ്പെട്ടും" (യോഹ. 20: 22. 23) എന്നു ശ്ലീഹന്മാരോട് അരുളിച്ചെയ്തുകൊണ്ട് നമ്മുടെ കൎത്താവ് ഈ കൂദാശ സ്ഥാപിച്ചു.

2. പാപങ്ങൾ മോചിക്കുവാൻ ശ്ലീഹന്മാൎക്കു ലഭിച്ച അധികാരം അവരുടെ പിൻഗാമികൾക്കും ലഭിക്കുന്നുണ്ടോ?

ഉണ്ട്; പാപങ്ങൾ മോചിച്ചു പാപികളെ വീണ്ടും സ്വൎഗ്ഗരാജ്യത്തിനു അവകാശികളാക്കിത്തീൎക്കുന്നതിനാണു യേശുമിശിഹാ ശ്ലീഹന്മാൎക്കു ഈ അധികാരം നല്കിയതു്. അതിനാൽ നമ്മുടെ കൎത്താവു നല്കിയ ഈ അധികാരം പാപവും പാപികളും ലോകത്തിലുള്ള കാലത്തോളം അതായതു് ലോകാവസാനത്തോളം ശ്ലീഹന്മാരുടെ ശരിയായ പിൻഗാമികളായ കത്തോലിക്കമെത്രാന്മാൎക്കും അവരിൽ നിന്നു ശരിയായവിധം ഗുരുപ്പട്ടം സ്വീകരിച്ചു കുമ്പസാരിപ്പിക്കുവാൻ അനുമതി സിദ്ധിച്ചിട്ടുള്ള എല്ലാ പട്ടക്കാൎക്കും ലഭിച്ചുകൊണ്ടിരിക്കുന്നു. സുവിശേഷം പ്രസംഗിപ്പാനും മാമ്മോദീസാ നൽകുവാനുമുള്ള അധികാരം ശ്ലീഹന്മാരുടെ പിൻഗാമികളിൽ നിലനിന്നുവരുന്നുണ്ടെന്നു പാഷണ്ഡരും സമ്മതിക്കുന്നു. ഇതേ ന്യായത്താൽ പാപങ്ങൾ മോചിക്കുന്നതിനുള്ള അധികാരവും ശ്ലീഹന്മാരുടെ പിൻഗാമികളിൽ നിലനില്ക്കേണ്ടതു അത്യാവശ്യമാണു്.

3. നിത്യരക്ഷപ്രാപിക്കുവാൻ കുമ്പസാരമെന്ന കൂദാശ എല്ലാവൎക്കും ആവശ്യമാണോ?

മാമ്മോദീസാ സ്വീകരിച്ചശേഷം മരണകരമായ പാപം ചെയ്തിട്ടുള്ളവൎക്കെല്ലാം നിത്യരക്ഷ പ്രാപിക്കുവാൻ കുമ്പസാരമെന്ന കൂദാശ ആവശ്യമാണു്.

4. കുമ്പസാരം എന്ന കൂദാശയുടെ ഫലങ്ങൾ ഏവ?

കുമ്പസാരം എന്ന കൂദാശ:—

1) മരണകരമായ പാപങ്ങളെയും അനുതാപത്തോടെ

www.malankaralibrary.com



നാം കുമ്പസാരിച്ചിട്ടുള്ള ലഘുപാപങ്ങളെയും മോചിച്ചു പ്രസാദവരം നല്കുന്നു.

2) നിത്യശിക്ഷയെ സാവധികശിക്ഷയാക്കി പകുത്തുകയും സാവധിക ശിക്ഷയെത്തന്നെയും നമ്മുടെ ആദ്ധ്യാത്മിക ഒരുക്കത്തിനു അനുസരണമായി മോചിക്കുകയും ചെയ്യുന്നു.

3) മരണകരമായ പാപത്തിൽ ഉൾപ്പെടുന്നതിനു മുമ്പു നാം ചെയ്തിട്ടുള്ള സൽപ്രവൃത്തികളുടെ യോഗ്യത നമുക്കു തിരികെ തരുന്നു.

4) വീണ്ടും പാപത്തിൽ ഉൾപ്പെടാതിരിപ്പാൻ വേണ്ടി കാലോചിതമായ ദൈവാനുഗ്രഹം നമ്മുടെ ആത്മാവിനു പ്രദാനം ചെയ്യുന്നു.

5) പാപത്താൽ നമുക്കു നഷ്ടപ്പെട്ട മനസ്സമാധാനം തിരികെ തരുന്നു.

5. കുമ്പസാരത്താൽ ഏതു പാപത്തിനും മോചനം ലഭിക്കുമോ?

വേണ്ട ഒരുക്കത്തോടുകൂടി കുമ്പസാരിച്ചാൽ മാമ്മോദീസാ സ്വീകരിച്ചതിൽപിന്നെ ചെയ്തിട്ടുള്ള ഏതു കഠിന പാപത്തിനും മോചനം ലഭിക്കും.

6. കൂടെക്കൂടെ കുമ്പസാരിക്കുന്നതു നല്ലതാകുന്നുവോ?

കൂടെക്കൂടെ കുമ്പസാരിക്കുന്നതു ഉത്തമമായ ഒരു പ്രവൃത്തിയാകുന്നു. എന്തുകൊണ്ടെന്നാൽ കുമ്പസാരമെന്ന കൂദാശ പാപത്തെ മോചിക്കമാത്രമല്ല, മേലിൽ പാപത്തെ വിട്ടൊഴിവാനായി കാലോചിതമായ പ്രസാദവരം നല്കുകയും ചെയ്യുന്നു.

7. എല്ലാ പട്ടക്കാർക്കും പാപം മോചിക്കുവാൻ അധികാരമുണ്ടോ?

ഇല്ല; ശ്ലീഹന്മാരുടെ ശരിയായ പിൻഗാമിയായ മെത്രാനിൽ നിന്നു കുമ്പസാരിപ്പിക്കുന്നതിനു അനുമതി സിദ്ധിച്ചിട്ടുള്ള പട്ടക്കാർക്കു മാത്രമേ പാപം മോചിക്കുവാൻ അധികാരമുള്ളു.

www.malankaralibrary.com



## 2. ഫലപ്രദമായി കുമ്പസാരിക്കാൻ അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ.

1. ഫലപ്രദമായി കുമ്പസാരിക്കുവാൻ അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ എത്രയാകുന്നു?

അഞ്ചു്. (15-ാം പാഠം കാണുക)

2. ഈ അഞ്ചു വ്യവസ്ഥകളിൽ ഏറ്റം പ്രധാനപ്പെട്ടതു ഏതാകുന്നു?

ചെയ്തുപോയ പാപങ്ങളെപ്പറ്റി അനുതപിക്കുക എന്നുള്ള രണ്ടാമത്തെ വ്യവസ്ഥയാണു് ഏറ്റവും പ്രധാനപ്പെട്ടതു്. എന്തുകൊണ്ടെന്നാൽ അനുതാപമില്ലാതെ പാപത്തിനു ഒരിക്കലും മോചനം ലഭിക്കയില്ല. അനുതാപം പൂർണ്ണമായിരുന്നാൽ അതു മാത്രമുണ്ടായിരുന്നാലും പാപത്തിനു മോചനം ലഭിക്കും. എന്നാൽ ഇങ്ങനെ മോചനം ലഭിക്കുന്നതിനു കുമ്പസാരിക്കണമെന്നുള്ള നിശ്ചയം ആന്തരികമായിട്ടെങ്കിലും പാപിക്കു ഉണ്ടായിരിക്കേണ്ടതാണു്.

## 3. കുമ്പസാരത്തിന്റെ ഒന്നാം വ്യവസ്ഥ.

"ചെയ്തുപോയ പാപങ്ങൾ ഓർമ്മയിൽ വരുത്തുക"

1. ചെയ്തുപോയ പാപങ്ങൾ ഓർമ്മയിൽ വരുത്തുക അഥവാ ആത്മശോധന എന്നു പറഞ്ഞാൽ എന്തു്?

നാം ഒടുവിൽ ചെയ്ത നല്ല കുമ്പസാരത്തിനുശേഷം ഏതെല്ലാം പാപങ്ങളിൽ ഉൾപ്പെട്ടു എന്നു ഓർമ്മയിൽ വരുത്തുന്നതിനു ചെയ്യുന്ന മാനസികമായ അന്വേഷണമത്രേ ആത്മശോധനം.

2. ആത്മശോധന ചെയ്യേണ്ടതു് എങ്ങിനെ?

ആത്മശോധന ചെയ്യേണ്ടതു്, ദൈവത്തിന്റെയും തിരുസഭയുടെയും കല്പനകൾക്കും സ്വന്തം ജീവിതത്തിലെ കർത്തവ്യങ്ങൾക്കും വിരുദ്ധമായി വിചാരം, വാക്കു്, പ്ര

www.malankaralibrary.com



വൃത്തി (നിരോധിച്ചിട്ടുള്ളതിനെ ചെയ്യുന്നതു്) ഉപേക്ഷ (കല്പിച്ചിട്ടുള്ളതിനെ ചെയ്യാതിരിക്കുന്നതു്) എന്നിവയാൽ ചെയ്തിട്ടുള്ളതും, കുമ്പസാരിച്ചിട്ടില്ലാത്തതും ആയ പാപങ്ങളെ ശ്രദ്ധാപൂർവ്വം ഓർമ്മയിൽ വരുത്തിക്കൊണ്ടാണു്.

3. വേറെ എന്തു കാര്യമാണു് ആത്മശോധനയിൽ നാം ചെയ്യേണ്ടതു്?
നാം ചെയ്തിട്ടുള്ള മരണകരമായ പാപങ്ങളുടെ എണ്ണവും കൂടെ കണ്ടുപിടിക്കുവാൻ ശ്രമിക്കണം. ഇതിനു പുറമേ നമ്മുടെ ദുശ്ശീലങ്ങൾ, പാപഹേതുക്കൾ മുതലായവയിലും നമ്മെത്തന്നെ നാം പരിശോധിക്കണം.

## 4. കുമ്പസാരത്തിന്റെ രണ്ടാം വ്യവസ്ഥ.

### "പാപങ്ങളെപ്പറ്റി അനുതപിക്കുക."

1. പാപങ്ങളെപ്പറ്റി അനുതപിക്കുക എന്നാൽ എന്തു്?
ചെയ്ത പാപങ്ങൾ വീണ്ടും ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടെ ആ പാപങ്ങളെ സംബന്ധിച്ചു മനസ്സിൽ ഉണ്ടാകുന്ന × വിദ്വേഷവും, ദുഃഖവുമാകുന്നു അനുതാപം.

2. പാപത്തെപ്പറ്റിയുള്ള അനുതാപം എത്രതരമുണ്ടു്?
രണ്ടുതരമുണ്ടു്. 1) പൂർണ്ണമായ അഥവാ ഉത്തമമായ അനുതാപം. 2) അപൂർണ്ണമായ അഥവാ * ദാസ്യാനുതാപം.

3. പൂർണ്ണമായ അഥവാ ഉത്തമമായ അനുതാപം എന്താകുന്നു?
ദൈവത്തോടുള്ള സ്നേഹംനിമിത്തം പാപങ്ങളെപ്പറ്റി അനുതപിക്കുന്നതാകുന്നു പൂർണ്ണമായ അനുതാപം.

4. അപൂർണ്ണമായ അഥവാ ദാസ്യാനുതാപം എന്നാൽ എന്തു്?

---

× വിദ്വേഷം = വെറുപ്പു്.

* ദാസ്യാനുതാപം = കുറ്റം ചെയ്ത ദാസന്മാർ ചെയ്യുന്നതുപോലെ യജമാനനോടുള്ള സ്നേഹത്തേക്കാൾ ശിക്ഷയെ ഭയന്നുകൊണ്ടുള്ള അനുതാപ

www.malankaralibrary.com



ദൈവത്തോടുള്ള സ്നേഹത്തെക്കാൾ പാപത്തിനു നിശ്ചയിച്ചിട്ടുള്ള ശിക്ഷയെ ഭയന്നു് അതിനെ ദ്വേഷിക്കുന്നതത്രേ മാദേസയാനുതാപം.

5. കുമ്പസാരത്തിന്റെ സാധുതയ്ക്കു് * (ഫലപ്രാപ്തിയ്ക്കു) എല്ലോഴും പൂർണ്ണമായ അനുതാപം ആവശ്യമാണോ?
ആവശ്യമല്ല; പട്ടക്കാരനോട്ടു് പാപങ്ങൾ ഏററുപറയുവാൻ സാധിക്കുന്ന അവസരത്തിൽ മാദേസയാനുതാപമെങ്കിലും ഉണ്ടായിരുന്നാൽ കുമ്പസാരം സാധുവാകും. എന്നാൽ പട്ടക്കാരനോട്ടു് പാപങ്ങൾ ഏററുപറയുവാൻ സാധിക്കാത്ത അവസരത്തിൽ പാപമോചനം ലഭിക്കാൻ മാദേസയാനുതാപം പോരാ. പ്രത്യുത കുമ്പസാരിക്കാൻ പിന്നീട്ടു സാധിച്ചെങ്കിൽ അതു നിർവ്വഹിച്ചുകൊള്ളാമെന്നുള്ള നിശ്ചയത്തോടുകൂടിയ പൂർണ്ണമായ അനുതാപം എപ്പോഴും ആവശ്യമാണു്.

6. പട്ടക്കാരനോട്ടു് പാപങ്ങൾ ഏററുപറയാതെ പൂർണ്ണമായ അനുതാപംകൊണ്ടു മാത്രം പാപങ്ങൾക്കു മോചനം ലഭിക്കുമോ?

കുമ്പസാരം കൂടാതെ പൂർണ്ണമായ അനുതാപം കൊണ്ടു് + സ്വയമേവ പാപങ്ങൾക്കു് മോചനം ലഭിക്കയില്ല. എന്നാൽ സൌകര്യം ലഭിക്കുന്ന അവസരത്തിൽ പട്ടക്കാരനോടു പാപങ്ങൾ ഏററുപറഞ്ഞുകൊള്ളാമെന്നുള്ള നിശ്ചയത്തോടുകൂടെ പാപങ്ങളെപ്പററി പൂർണ്ണമായി അനുതപിച്ചാൽ അവയ്ക്കു മോചനം ലഭിക്കും.

7. മരണസമയത്തു കുമ്പസാരം കേൾക്കുവാൻ പട്ടക്കാരൻ ഇല്ലാതെവന്നാൽ പാപങ്ങൾക്കു മോചനം ലഭിക്കുന്നതിനു വല്ല മാർഗ്ഗവുമുണ്ടോ?
ഉണ്ടു്. മരിക്കുന്നതിനു മുമ്പു് പട്ടക്കാരൻ വരുന്നതിനിടയായാൽ കുമ്പസാരിച്ചുകൊള്ളാമെന്നുള്ള നിശ്ചയത്തോടുകൂടി (വിവക്ഷയോടുകൂടി) പാപങ്ങളെപ്പററി

---

* കുമ്പസാരത്തിന്റെ സാധുതയ്ക്കു് = കുമ്പസാരം വാസ്തവമായിത്തീരുന്നതിനു്.

\+ സ്വയമേവ = താനേതന്നെ

www.malankaralibrary.com



പൂൎണ്ണമായി അനുതപിച്ചാൽ അവയ്ക്കു മോചനം ലഭിക്കും.

8. സൌകൎയ്യം ലഭിച്ചാൽ പട്ടക്കാരനോട് പാപങ്ങൾ ഏറ്റുപറഞ്ഞുകൊള്ളാമെന്നുള്ള * വിവക്ഷ പൂൎണ്ണമായ അനുതാപം ഉള്ളപ്പോഴും പാപമോചനത്തിന് ആവശ്യമായിരിക്കുന്നതു് എന്തുകൊണ്ട്?

യേശുനാഥൻ പാപങ്ങൾ മോചിക്കുന്നതിനുള്ള അധികാരം ശ്ലീഹന്മാൎക്കും അവരുടെ പിൻഗാമികൾക്കും മാത്രം നൽകിയിരിക്കയാൽ അവരുടെ അധികാരത്തിനു് നമ്മുടെ പാപങ്ങൾ X വിധേയമാകാതെയിരുന്നാൽ അവയ്ക്കു മോചനം ലഭിക്കുന്നതല്ല. അതുകൊണ്ടു് കുമ്പസാരിക്കാൻ സാധിക്കാതെവരുന്ന അവസരത്തിലും പിന്നീടു അവസരം ലഭിച്ചെങ്കിൽ കുമ്പസാരിച്ചുകൊള്ളാമെന്നുള്ള വിവക്ഷയോടുകൂടെ പാപങ്ങളെപ്പറ്റി പൂൎണ്ണമായി അനുതപിച്ചെങ്കിലേ അവയ്ക്കു് മോചനം ലഭിക്കൂ.

9. കുമ്പസാരത്തിൽ ഏതു സമയത്താണു് പാപങ്ങളെപ്പറ്റി അനുതപിക്കേണ്ടതു്?

അനുതാപത്തോടുകൂടിയാണു് പാപങ്ങൾ ഏറ്റുപറയേണ്ടതു്; അല്ലെങ്കിൽ പട്ടക്കാരൻ പാപങ്ങളെ മോചിക്കുന്ന അവസരത്തിലെങ്കിലും കുമ്പസാരിക്കുന്നയാൾക്കു് അനുതാപം ഉണ്ടായിരിക്കേണ്ടതാണു്.

10 പാപമോചനം ലഭിക്കുന്നതിനു ചെയ്തുപോയ എല്ലാ മരണകരമായ പാപങ്ങളെപ്പറ്റിയും അനുതപിക്കേണ്ടതു് ആവശ്യമാണോ?

ആവശ്യമാണു്; എന്തുകൊണ്ടെന്നാൽ ചെയ്തുപോയ ഏതെങ്കിലും മരണകരമായ പാപത്തെപ്പറ്റി അനുതപിക്കാതിരിക്കുമ്പോൾ ദൈവത്തിന്റെ ശത്രുവായിത്തന്നെ നാം ഇരിക്കുന്നതിനാൽ എല്ലാ മരണകരമായ പാപങ്ങളെപ്പറ്റിയും അനുതപിച്ചില്ലെങ്കിൽ പാപമോചനം ലഭിക്കയില്ല.

---

* വിവക്ഷ = ആഗ്രഹം, ഉദ്ദേശ്യം, നിശ്ചയം.

X വിധേയമാകാതിരു[illegible]ൽ = കീഴ്പ്പെടാതെയിരുന്നാൽ.

www.malankaralibrary.com



11. പാപങ്ങളെപ്പററി അനുതാപവും വിദ്വേഷവും ഉണ്ടാകുന്നതിനു് നാം എന്തു ചെയ്യണം?

പാപങ്ങളെപ്പററി അനുതാപവും വിദ്വേഷവും ഉണ്ടാകുന്നതിനു് (1) ദൈവത്തോടു് ഹൃദയംഗമമായി അപേക്ഷിക്കണം. (2) ദൈവം പാപത്തെ എത്ര കഠിനമായി നരകത്തിലും ശുദ്ധീകരണസ്ഥലത്തിലും ശിക്ഷിക്കുന്നുവെന്നും, (3) നാം പാപം ചെയ്യുമ്പോഴൊക്കെ നമുക്കുവേണ്ടി കുരിശിൽ മരിച്ച രക്ഷിതാവിനോടു് എത്രമാത്രം കൃതഘ്നതയാണു നാം കാണിക്കുന്നതെന്നും, (4) പാപത്താൽ പ്രസാദവരം നഷ്ടപ്പെടുത്തുമ്പോൾ നമ്മുടെ സ്രഷ്ടാവും സർവ്വഗുണനിധിയും സകല സ്നേഹയോഗ്യനുമായ ദൈവത്തെത്തന്നെ നാം പരിത്യജിക്കുകയാണു ചെയ്യുന്നതെന്നും ചിന്തിക്കണം.

12. ലഘുപാപങ്ങളെ മാത്രം കുമ്പസാരിക്കുന്ന ഒരാൾ അവ എല്ലാററിനെയുംപററി അനുതപിക്കണമെന്നുണ്ടോ?

കുമ്പസാരം സാധുവാകാൻ എല്ലാ ലഘുപാപങ്ങളെപ്പററിയും അനുതപിക്കണമെന്നില്ല; എന്നാൽ അവയെല്ലാം മോചനം ലഭിക്കണമെങ്കിൽ ചെയ്തിട്ടുള്ളതായി ഓർമ്മയുള്ള സകല ലഘുപാപങ്ങളെപ്പററിയും അനുതപിക്കേണ്ടതു് ആവശ്യമാണു്.

13. ലഘുപാപങ്ങളെ മാത്രം കുമ്പസാരിക്കുന്ന ഒരാൾക്കു് അവയിൽ യാതൊന്നിനെപ്പററിയും അനുതാപമില്ലെങ്കിൽ ആ കുമ്പസാരം സാധുവാകുമോ?

സാധുവാകയില്ല. എന്നുതന്നെയല്ല, യാതൊരു പാപത്തെപ്പററിയും തനിക്കു അനുതാപമില്ലെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ടാണു് അയാൾ കുമ്പസാരിക്കുന്നതെങ്കിൽ ആ കുമ്പസാരം പുണ്യവസ്തുദൂഷണമായിരിക്കയും ചെയ്യും. (പുണ്യവസ്തുദൂഷണം എന്തെന്നു് 68-ാം വശത്തു കാണുക)

14. ശരിയായ അനുതാപമുണ്ടോ എന്നു തീർച്ചയില്ലാതെ ലഘുപാപങ്ങൾ മാത്രം കുമ്പസാരിക്കുമ്പോൾ പുണ്യവസ്തുദൂഷണം ഉണ്ടാകാതിരിക്കുന്നതിനു് എന്തു ചെയ്യണം?

ലഘുപാപങ്ങൾ കുമ്പസാരിക്കുന്നതിനു് പുറമേ മുമ്പു

www.malankaralibrary.com



കുമ്പസാരിച്ചിട്ടുള്ള മരണകരമായ ഏതെങ്കിലും പാപത്തെയും ശരിയായ അനുതാപത്തോടുകൂടി ഏററുപറയുന്നതു് ഏററവും ബുദ്ധിപൂർവ്വകമായിരിക്കും.

15. കൂടെക്കൂടെ പൂർണ്ണമായ അനുതാപപ്രകരണം ചെയ്യുന്നതു ഗുണപ്രദമാണോ?

കൂടെക്കൂടെ പൂർണ്ണമായ അനുതാപപ്രകരണം ചെയ്യുന്നതു —പ്രത്യേകിച്ചു് ഉറങ്ങാൻ പോകുന്നതിനുമുൻപും മരണകരമായ പാപത്തിൽ ഉൾപ്പെടുകയോ ഉൾപ്പെട്ടെന്നു സംശയിക്കയോ ചെയ്യുമ്പോഴും പൂർണ്ണമായ അനുതാപപ്രകരണം ചെയ്യുന്നതു് — ഗുണകരവും ഏററവും ഉപകാരപ്രദവുമാണു്; ഈ പരിശീലനം മരണാപകടത്തിൽ അനുതാപപ്രകരണം ചെയ്വാനുള്ള പ്രസാദവരം ലഭിപ്പാൻ നമ്മെ സഹായിക്കുകയും ചെയ്യും. (അനുതാപപ്രകരണം പാഠം 17-ൽ കാണുക)

## 5. കുമ്പസാരത്തിന്റെ മൂന്നാം വ്യവസ്ഥ.

"വീണ്ടും പാപം ചെയ്കയില്ലെന്നു
ദൃഢമായി നിശ്ചയിക്കുക."

1. വീണ്ടും പാപം ചെയ്കയില്ലെന്നുള്ള ദൃഢ നിശ്ചയത്താൽ ഉദ്ദേശിക്കുന്നതെന്തു്?

ദൈവസഹായത്താൽ വീണ്ടും മരണകരമായ ഒരു പാപംപോലും ചെയ്കയില്ലെന്നുള്ള മനസ്സിന്റെ നിശ്ചയവും ജീവിതത്തെ ക്രമപ്പെടുത്തിക്കൊള്ളാമെന്നുള്ള പരമാർത്ഥമായ ആഗ്രഹവുമത്രെ ഉദ്ദേശിക്കുന്നതു്.

2. വീണ്ടും പാപംചെയ്കയില്ലെന്നുള്ള ഈ ദൃഢനിശ്ചയം ഉണ്ടാകുന്നതിനു് എന്തു ചെയ്യണം?

ഈ ദൃഢനിശ്ചയം ഉണ്ടാകുന്നതിനു്, സകല പാപങ്ങളെയും അഥവാ മരണകരമായ പാപങ്ങളെയെങ്കിലും പരിത്യജിച്ചു ജീവിച്ചുകൊള്ളണമെന്നും, പാപത്തിനുള്ള ആപൽക്കരമായ അവസരങ്ങളെ വിട്ടകന്നുകൊള്ളാമെന്നും, പാപംനിമിത്തം ഉണ്ടായ നാശനഷ്ടങ്ങൾ യഥാ

www.malankaralibrary.com


ശക്തി പരിഹരിച്ചുകൊള്ളാമെന്നും തീർച്ചപ്പെടുത്തണം.

3. പാപത്തിനുള്ള ആപൽക്കരമായ അവസരങ്ങൾ ഏവയാകുന്നു?

പാപത്തിനുള്ള ആപൽക്കരമായ അവസരങ്ങൾ നാം പാപം ചെയ്യാൻ ഇടയാകുന്ന സമയം, സ്ഥലം, ആൾ അഥവാ വസ്തുക്കൾ എന്നിവയുടെ സകല സാഹചര്യങ്ങളുമാകുന്നു. (ഉദാഹരണങ്ങൾ—മദ്യശാലകൾ, ദുഷ്ടമിത്രങ്ങൾ, ചീത്തപുസ്തകങ്ങൾ, ദുർവ്വിനോദങ്ങൾ മുതലായവ)

4. മരണകരമായ പാപത്തിന്റെ ആപൽക്കരമായ അഥവാ * ആസന്നമായ അവസരങ്ങളെ വിട്ടകലുവാൻ നമുക്കു ചുമതലയുണ്ടോ?

വലുതായ ചുമതലയുണ്ട്. എന്തുകൊണ്ടെന്നാൽ ജീവനഷ്ടം നേരിടുന്ന അപകടത്തിൽനിന്നു ഒഴിഞ്ഞുമാറുവാൻ നമുക്കു ചുമതലയുണ്ടെങ്കിൽ ആത്മാവിനു നാശം വരുത്തുന്നതും ദൈവത്തെ അതൃപ്തിപ്പെടുത്തുന്നതുമായ മരണകരമായ പാപത്തിന്റെ ആസന്നമായ അവസരങ്ങളെ വിട്ടകലുന്നതിനുള്ള നമ്മുടെ ചുമതല എത്രയോ വലുതാണ്. ആകയാൽ മരണകരമായ പാപം ചെയ്‌വാൻ സാധാരണമായി ഇടയാകുന്ന സാഹചര്യങ്ങളിൽ യാതൊരു ആവശ്യവുമില്ലാതെ മനഃപൂർവ്വം ഉൾപ്പെടുന്നവർ, പാപം ചെയ്യാത്തപ്പോഴും മരണകരമായ പാപത്തോട് അവർക്ക് ആന്തരികമായിട്ടെങ്കിലും പ്രതിപത്തിയുണ്ട് എന്നുള്ള കാരണത്താൽ കഠിനമായ പാപത്തിൽ ഉൾപ്പെടുന്നു.

5. മരണകരമായ പാപത്തെയോ, അതിന്റെ ആപൽക്കരമായ അഥവാ ആസന്നമായ അവസരങ്ങളെയോ വിട്ടകലുന്നതിനുള്ള നിശ്ചയമില്ലാതെ ചെയ്യുന്ന കുമ്പസാരം സാധുവാകുമോ?

സാധുവാകയില്ല; എന്തുകൊണ്ടെന്നാൽ മരണകരമായ പാപത്തെയോ, അതിന്റെ ആപൽക്കരമായ അഥ

---

* ആസന്നമായ = സമീപസ്ഥമായ, അടുത്തതായ.

www.malankaralibrary.com



വാ ആസന്നമായ അവസരങ്ങളേയോ വിട്ടകലുന്നതിന് നിശ്ചയിക്കാതെ കുമ്പസാരിക്കുന്ന ആർക്കു ശരിയായ അനുതാപമില്ലാത്തതിനാൽ ആ കുമ്പസാരം സാധുവാകയോ അയാൾക്കു പാപമോചനം ലഭിക്കയോ ചെയ്യുകയില്ല.

6. പാപത്തിനുള്ള ആസന്നമായ അവസരം വിട്ടകലുവാൻ നിവ്വാഹമില്ലാത്തവൻ എന്തു ചെയ്യണം?

പാപത്തിനുള്ള ആസന്നമായ അവസരം വിട്ടകലുവാൻ നിവ്വാഹമില്ലാത്തവൻ അക്കാര്യം തന്റെ കുമ്പസാരക്കാരനെ അറിയിച്ച് അദ്ദേഹത്തിന്റെ ഉപദേശപ്രകാരം വേണ്ടതു പ്രവത്തിക്കണം.

7. ലഘുപാപങ്ങൾ മാത്രം കുമ്പസാരിക്കുന്ന ഒരാൾക്കു മേലിൽ പാപം ചെയ്കയില്ലെന്നുള്ള നിശ്ചയം ഉണ്ടാകേണ്ടതു് ഏതു തരത്തിലാണ്?

ലഘുപാപങ്ങൾമാത്രം കുമ്പസാരിക്കുന്ന ഒരാളുടെ കുമ്പസാരം സാധുവാകുന്നതിന് ലഘുവായ ഏതെങ്കിലും പാപം വിട്ടകന്നുകൊള്ളാമെന്നുള്ള ദൃഢനിശ്ചയമുണ്ടായാലും മതി; അല്ലെങ്കിൽ മനസ്സിന്റെ പൂണ്ണമായ അറിവോടുകൂടി ചെയ്യുന്ന പാപങ്ങളെ മുഴുവനായും മാനുഷിക ബലഹീനതകളാൽ വന്നുപോകുന്ന ലഘു പാപങ്ങളെ സാധിക്കാവുന്ന വിധത്തിലും വിട്ടകന്നുകൊള്ളാമെന്നോ അഥവാ ലഘുപാപങ്ങളുടെ സംഖ്യയോ, കൂടെക്കൂടെയുള്ള ആവത്തനമോ മേലിൽ കുറച്ചുകൊള്ളാമെന്നോ നിശ്ചയിച്ചാലും മതിയാകുന്നതാണ്.

8. പാപത്തെയും പാപാവസരങ്ങളെയും വിട്ടകലുന്നതിനു ഉപയുക്തമായ ചിന്തകൾ ഏവ?

പാപത്തെപ്പറ്റി ശരിയായ അനുതാപം ഉളവാക്കാൻ സഹായിക്കുന്ന ചിന്തകൾതന്നെ ഈ വിഷയത്തിലും ഉപകരിക്കും. (രണ്ടാം വ്യവസ്ഥയിലെ 11-ാം ചോദ്യത്തിന്റെ ഉത്തരം കാണുക)

www.malankaralibrary.com



## 6. കുമ്പസാരത്തിന്റെ നാലാം വ്യവസ്ഥ.

“പാപങ്ങളെല്ലാം പട്ടക്കാരനു വെളിപ്പെടുത്തുക”

1. പാപങ്ങളെല്ലാം പട്ടക്കാരനു വെളിപ്പെടുത്തുക എന്നു പറഞ്ഞാലെന്ത്?

ഒടുത്തുകഴിഞ്ഞ നല്ല കുമ്പസാരത്തിനു ശേഷം ചെയ്തിട്ടുള്ളതും ഓർമ്മയിൽ വരുന്നതുമായ എല്ലാ മരണകരപാപങ്ങളെയെങ്കിലും സ്വമനസാ * ദ്വേഷിച്ച് കുമ്പസാരിപ്പിക്കുവാൻ അധികാരവും അനുവാദവുമുള്ള പട്ടക്കാരനെ അറിയിക്കുന്നതത്രേ.

2. കുമ്പസാരിക്കുന്നതിന് പട്ടക്കാരന്റെ അടുക്കൽ പോയി മുട്ടുകുത്തിയശേഷം എന്തു ചെയ്യണം?

കുരിശുവരച്ച് “മഹാപാപിയായ ഞാൻ” എന്ന പ്രാർത്ഥന ചൊല്ലി, ആചാരപൂർവ്വം തലകുനിച്ച്, കുമ്പസാരിച്ചിട്ട് എത്രനാളായി എന്ന വിവരം ആദ്യമായി പട്ടക്കാരനെ അറിയിക്കണം, ആദ്യകുമ്പസാരമാണു നടത്തുന്നതെങ്കിൽ അക്കാര്യം പ്രത്യേകം പറയണം. ആദ്യകുമ്പസാരമല്ലെങ്കിൽ ഒടുത്തു നടത്തിയ നല്ല കുമ്പസാരത്തിനുശേഷം ചെയ്തിട്ടുള്ളതും ഓർമ്മയിൽ വരുന്നതുമായ പാപങ്ങളെ പട്ടക്കാരനു വെളിപ്പെടുത്തണം. മുമ്പു നടത്തിയിട്ടുള്ള കുമ്പസാരത്തിൽ ഓർമ്മക്കുറവുകൊണ്ടു മരണകരമായ വല്ല പാപവും പറയാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതും പട്ടക്കാരനെ അറിയിക്കണം. മരണകരമായ പാപങ്ങൾ മനഃപൂർവ്വം മറച്ചുവച്ച് ഒരിക്കലും കുമ്പസാരിക്കരുത്. ദൈവത്തിന്റെയും തിരുസഭയുടെയും കല്പനകൾക്കും സ്വന്തം ജീവിതാവസ്ഥയിലെ കർത്തവ്യങ്ങൾക്കും വിരുദ്ധമായി ഏതെല്ലാം മരണകരമായ പാപങ്ങൾ ചെയ്തിട്ടുണ്ടെന്നും എത്ര പ്രാവശ്യം ചെയ്തു എന്നും വ്യക്തമായി പട്ടക്കാരനെ അറിയിക്കണം. മരണകരമായ പാപങ്ങൾ ചെയ്തില്ലെങ്കിൽ ഓർമ്മയിലുള്ള ലഘുപാപങ്ങൾ പറയണം. യേശുമിശിഹായുടെ പ്രതിനിധിയാണു പട്ടക്കാരൻ. അതുകൊണ്ടു കുമ്പസാരിക്കുന്ന ആളുടെ ആത്മസ്ഥിതിയോ, പാപങ്ങളുടെ

---

* ദ്വേഷിച്ചു = വെറുത്തു.

www.malankaralibrary.com



ഗൌരവമോ ശരിയായി മനസ്സിലാക്കുന്നതിന വേണ്ടി പാപങ്ങളെല്ലാററിയോ അവയുടെ സാഹചര്യങ്ങളെല്ലാററിയോ വല്ല ചോദ്യവും പട്ടക്കാരൻ ചോദിച്ചാൽ അവയ്ക്കു സത്യമായ മറുപടി നൽകണം. അനന്തരം പട്ടക്കാരൻ പറയുന്ന ഉപദേശം ശ്രദ്ധാപൂർവ്വം കേൾക്കണം. ഉപദേശത്തിനശേഷം പട്ടക്കാരൻ നൽകുന്ന പ്രായശ്ചിത്തം നിറവേററാൻ ഒരുക്കമുണ്ടായിരിക്കയും വേണം. പട്ടക്കാരൻ പാപം മോചിക്കുമ്പോൾ ഭക്തിപൂർവ്വം തലകുനിച്ചു മനസ്താപത്തോടുകൂടി "അനുതാപപ്രകരണം" ചൊല്ലണം. പാപമോചനവാക്യങ്ങൾ അവസാനിക്കുമ്പോൾ പട്ടക്കാരനു സ്തുതിപറഞ്ഞു സ്വസ്ഥാനത്തുപോയി മുട്ടുകുത്തി ദൈവത്തിനു നന്ദിപറയണം. പട്ടക്കാരൻ നൽകിയ പ്രായശ്ചിത്തം ഉടനെ നിറവേററുവാൻ സൗകര്യമുണ്ടെങ്കിൽ നിറവേററുന്നതു കൊള്ളാം. അല്ലെങ്കിൽ പിന്നീടു നിറവേററണം.

## 7. കുമ്പസാരത്തിനുശേഷം ചൊല്ലാവുന്ന
## കൃതജ്ഞതാപ്രകരണം.

കരുണാനിധിയായ യേശുവേ! നിന്റെ പ്രതിനിധിയായ പട്ടക്കാരൻമൂലം എന്റെ പാപങ്ങൾക്കു മോചനം നൽകിയതിനാൽ നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. കഠിനപാപങ്ങൾ ചെയ്തു നിന്റെ കല്പനകളെ ഞാൻ ലംഘിച്ചുവെങ്കിലും നരകാഗ്നിയിലേക്കു എന്നെ തള്ളിവിടാതെ അനന്തമായ സ്നേഹത്താൽ സ്വർഗ്ഗരാജ്യത്തിന് അവകാശിയായി വീണ്ടും എന്നെ നീ സ്വീകരിച്ചതിനാൽ അത്യധികമായി നിനക്കു ഞാൻ സ്തോത്രം പറയുന്നു. കരുണയേറിയ പിതാവേ! നിന്റെ സന്നിധിയിലേക്കു തിരിച്ചെത്തിയ ഈ ധൂർത്തപുത്രനു സമൃദ്ധമായ നിന്റെ അനുഗ്രഹങ്ങൾ നൽകി മേലിൽ പാപം ചെയ്യാതെ ജീവിക്കുന്നതിന ഇടവരുത്തണമേ.

www.malankaralibrary.com


3. മരണകരമായ ഏതെങ്കിലും പാപം മനഃപൂർവ്വം മറച്ചുവെച്ചു കുമ്പസാരിച്ചാൽ ആ കുമ്പസാരം സാധുവാകുമോ?

ഇല്ല; ആ കുമ്പസാരത്തിൽ പറഞ്ഞ പാപങ്ങൾക്കു മോചനം സിദ്ധിക്കയില്ലെന്നു മാത്രമല്ല വിശുദ്ധ കൂദാശയെ അയോഗ്യമായി സ്വീകരിക്കുന്നതിനാൽ പുണ്യവസ്തു ദൂഷണം എന്ന കഠിന പാപത്തിനുകൂടി ഇടവരുന്നു.

4. മനഃപൂർവ്വം അവാസ്തവമായ കുമ്പസാരം കഴിച്ചാൽ പിന്നീട് എന്തു ചെയ്യണം?

മനഃപൂർവ്വം മറച്ചുവെച്ച എല്ലാ മരണകരപാപങ്ങളെയും കുമ്പസാരത്തിൽ പട്ടക്കാരനെ വെളിപ്പെടുത്തുന്നതിനു പുറമേ എത്രപ്രാവശ്യം അവാസ്തവമായി കുമ്പസാരിക്കുകയും വിശുദ്ധ കുർബാനയോ മററു കൂദാശയോ അയോഗ്യമായി സ്വീകരിക്കയും ചെയ്തു എന്നുള്ള വിവരവും അറിയിക്കണം. മരണകരമായ ഏതെങ്കിലും പാപത്തെ മനഃപൂർവ്വം മറച്ചുവെച്ചുകൊണ്ടു മററു പാപങ്ങളെ കുമ്പസാരിച്ചാൽതന്നെയും അവയ്ക്കൊന്നിനും മോചനം സിദ്ധിക്കാത്തതിനാൽ അവാസ്തവമായി നടത്തിയിട്ടുള്ള ആ കുമ്പസാരങ്ങളിൽ ഏററുപറഞ്ഞിട്ടുള്ള എല്ലാ മരണകരമായ പാപങ്ങളെയും ഒരിക്കൽകൂടി പട്ടക്കാരനെ അറിയിക്കണം.

5. ഏതെങ്കിലും പാപം കുമ്പസാരിക്കുവാൻ ഒരാൾക്കു ലജ്ജ തോന്നുന്നെങ്കിൽ എന്തു ചെയ്യണം?

(1) പട്ടക്കാരൻ ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയിൽ കുമ്പസാരം കേൾക്കുന്നതിനാൽ പാപം മറച്ചുവെച്ചു കുമ്പസാരിക്കുന്ന ആൾ പരിശുദ്ധാത്മാവിനോടാണു വ്യാജം പറയുന്നതു് എന്നും (നട. 5:1–11, (2) കുമ്പസാരത്തിൽ കേൾക്കുന്ന കാര്യങ്ങൾ യാതൊരു കാരണത്താലും – ജീവൻതന്നെ അപകടത്തിലായാലും – പട്ടക്കാരൻ അന്യർക്കു വെളിപ്പെടുത്തുകയില്ലെന്നും (3) വിധിദിവസത്തിൽ സകല ജനങ്ങളുടെയും മുമ്പാകെ നമ്മുടെ പാപങ്ങൾ വെളിപ്പെടുത്തുന്നതിനേക്കാൾ ഇപ്പോൾ രഹസ്യമായി

www.malankaralibrary.com


പട്ടക്കാരന് അവ വെളിപ്പെടുത്തുന്നതാണ് ഉത്തമമെന്നും വിചാരിക്കണം. (4) പട്ടക്കാരൻ മനുഷ്യരുടെ ബലഹീനതകൾ നന്നായി അറിയുന്നതുകൊണ്ടും, പലരുടെയും കുമ്പസാരങ്ങൾ കേട്ടിട്ടുള്ളതുകൊണ്ടും, സ്വന്തം പാപങ്ങളെ അദ്ദേഹം വേറൊരു പട്ടക്കാരന്റെ അടുക്കൽ ഏററുപറയുന്നതുകൊണ്ടും; നാം പറയുന്ന പാപങ്ങൾ അദ്ദേഹത്തെ വിസ്മയിപ്പിക്കയോ കോപിപ്പിക്കയോ ചെയ്കയില്ലെന്നു മനസ്സിലാക്കി, ഒരു രോഗി എത്ര പരമാർത്ഥതയോടുകൂടെ തന്റെ രോഗത്തെ വൈദ്യനു വെളിപ്പെടുത്തി ഔഷധം ആവശ്യപ്പെടുമോ അതുപോലെ നാമും പാപരോഗങ്ങളെ നമ്മുടെ ആദ്ധ്യാത്മിക വൈദ്യനായ പട്ടക്കാരനെ അറിയിച്ചു പാപമോചനം പ്രാപിക്കയും, പാപത്തെ വിട്ടകന്നു ജീവിക്കുന്നതിനു വേണ്ട ഉപദേശങ്ങൾ അദ്ദേഹത്തിൽ നിന്നു സ്വീകരിക്കയും ചെയ്യണം.

6. മറവിനിമിത്തം മരണകരമായ ഏതെങ്കിലും പാപം കുമ്പസാരത്തിൽ പറയുവാൻ ഇടയാകാഞ്ഞാൽ ആ കുമ്പസാരം സാധുവാകുമോ?

സാധുവാകും; മറന്നുപോയ ആ പാപത്തെ പിന്നീടു ഓർത്തുവെങ്കിൽ അടുത്ത കുമ്പസാരത്തിൽ പറയേണ്ടതു് ആവശ്യമാണ്.

7. താൻ ചെയ്ത പ്രവൃത്തി പാപമാകയോ ഇല്ലയോ എന്നു ഒരാൾക്കു സംശയമുള്ളപ്പോൾ അതിനെ കുമ്പസാരത്തിൽ പറയണമെന്നുണ്ടോ?

ഇങ്ങനെ സംശയമുള്ളപ്പോൾ ആ പ്രവൃത്തി കുമ്പസാരത്തിൽ പറയുവാൻ കടമയില്ല. എന്നാൽ സംശയം തീർക്കുന്നതിനും മനസ്സമാധാനം ലഭിക്കുന്നതിനും ഇടവരുന്നെങ്കിൽ അതിനെ കുമ്പസാരത്തിൽ വെളിപ്പെടുത്തുന്നതാണു നല്ലതു്.

8. ചെയ്ത പാപങ്ങളുടെ സംഖ്യ എത്രയെന്നു ശരിയായി ഓർക്കുന്നില്ലെങ്കിൽ എന്തു ചെയ്യണം?

ചെയ്ത പാപങ്ങളുടെ സംഖ്യ എത്രയെന്നു ശരിയായി

www.malankaralibrary.com



ഓർക്കുന്നില്ലെങ്കിൽ സാധിക്കുന്ന വിധം ഏകദേശം ശരിയായ ഒരു സംഖ്യ പറയണം.

9. കുമ്പസാരിക്കാൻ വരുന്ന ഒരാൾക്കു ഫലപ്രദമായി ഈ ശുശ്രൂഷ സ്വീകരിക്കുവാൻ വേണ്ട ആദ്ധ്യാത്മിക ഒരുക്കം ഇല്ലെന്നു പട്ടക്കാരനു മനസ്സിലായാൽ അയാൾക്കു പാപമോചനം കൊടുക്കാതിരിക്കയോ, അഥവാ പാപമോചനത്തെ വേറൊരവസരത്തിലേക്കു നീട്ടിവെയ്ക്കുകയോ ചെയ്യാമോ?

കുമ്പസാരം അസാധുവാകാതിരിക്കുന്നതിനും പാപിയെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്നതിനും വേണ്ടി പാപമോചനം നൽകാതിരിക്കയോ, വേറൊരവസരത്തിലേക്കു നീട്ടിവയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നല്ല, ചില സന്ദർഭങ്ങളിൽ ഇപ്രകാരം ചെയ്വാൻ പട്ടക്കാരന് കടമയുമുണ്ട്. ഇങ്ങനെ പാപമോചനം നിഷേധിക്കയോ, നീട്ടിവയ്ക്കുകയോ ചെയ്യുന്നയവസരത്തിൽ രോഗിയുടെ ജീവനെ രക്ഷിക്കുന്നതിനുവേണ്ടി സകല ഔഷധങ്ങളെയും—രുചിക്കാത്തതും വേദന നൽകുന്നതുമായവയെപ്പോലും—പ്രയോഗിക്കുന്ന ഒരു നല്ല വൈദ്യനെപ്പോലെയാണ് പട്ടക്കാരൻ ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നതെന്നു വിചാരിച്ചു, കഴിയുന്നത്ര വേഗത്തിൽ പാപമോചനം ലഭിപ്പാൻ തക്ക സ്ഥിതിയിൽ തന്റെ ആത്മാവിനെ ഒരുക്കുവാൻ പാപി ശ്രമിക്കേണ്ടതാണ്.

## 8. കുമ്പസാരത്തിന്റെ അഞ്ചാം വ്യവസ്ഥ.

### “പട്ടക്കാരൻ നൽകുന്ന പ്രായശ്ചിത്തം പൂർണ്ണമായി നിറവേററുക”

1. പ്രായശ്ചിത്തം എന്നാൽ എന്ത്?

ദൈവകല്പനയുടെ ലംഘനം നിമിത്തമുണ്ടായ ദൈവനിന്ദനത്തിനു പരിഹാരമായി ചെയ്യുന്ന പ്രവൃത്തിയാകുന്നു പ്രായശ്ചിത്തം.

2. കുമ്പസാരത്തിൽ പട്ടക്കാരൻ നൽകുന്ന പ്രായശ്ചിത്തം നിറവേററാതിരിക്കുന്നതു് പാപമാണോ?

www.malankaralibrary.com


ക്കതായ കാരണം കൂടാതെ മനഃപൂർവ്വം നിറവേററാതിരിക്കുന്നതു് പാപമാകുന്നു.

3. കുമ്പസാരത്തിൽ പട്ടക്കാരൻ നൽകുന്ന പ്രായശ്ചിത്തം നിറവേററാൻ സാധിക്കയില്ലെങ്കിൽ എന്തു ചെയ്യണം?

ആ വിവരം പട്ടക്കാരനെ വിനയപൂർവ്വം അറിയിക്കുകയും അതിനുപകരം വേറൊന്നു തരുവാൻ അപേക്ഷിക്കയും ചെയ്യണം.

4. പ്രായശ്ചിത്തം എപ്പോൾ നിറവേററണം?

കുമ്പസാരിപ്പിച്ച പട്ടക്കാരൻ പ്രായശ്ചിത്തം നിറവേററേണ്ട സമയം നിശ്ചയിച്ചില്ലെങ്കിൽ കഴിയുന്നത്ര വേഗത്തിലും നിവൃത്തിയുള്ളപക്ഷം പ്രസാദവരസ്ഥിതിയിലും അതു നിറവേററണം; സമയം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ സമയത്തു് നിറവേററിയാൽ മതി.

5. കുമ്പസാരത്തിൽ പ്രായശ്ചിത്തം നിശ്ചയിച്ചിരിക്കുന്നതു് എന്തുകൊണ്ടു്?

കുമ്പസാരം എന്ന കൂദാശയാൽ പാപത്തിന്റെയും നിത്യശിക്ഷയുടെയും മോചനം നമുക്കു ലഭിക്കുന്നുണ്ടെങ്കിലും, നമ്മുടെ പാപത്തിനു് ഈ ലോകത്തിലോ ശുദ്ധീകരണസ്ഥലത്തിലോ വെച്ചു നാം അനുഭവിക്കേണ്ട സാവധിക ശിക്ഷ നമ്മുടെ അനുതാപത്തിന്റെ കൂടുതൽ കുറവനുസരിച്ചു മാത്രമേ നീങ്ങുകയുള്ളു. അതുകൊണ്ടു സാവധികശിക്ഷ നീക്കുന്നതിനാണു് കുമ്പസാരത്തിൽ പ്രായശ്ചിത്തം നിശ്ചയിച്ചിരിക്കുന്നതു്.

6. കുമ്പസാരത്തിൽ പട്ടക്കാരൻ നൽകുന്ന പ്രായശ്ചിത്തം പാപത്തിന്റെ സാവധികശിക്ഷയെ മുഴുവനായി നീക്കിക്കളയുവാൻ എല്ലായ്പ്പോഴും മതിയാകുമോ?

സാധാരണമായി ആ പ്രായശ്ചിത്തം സാവധികശിക്ഷയെ മുഴുവനായി നീക്കുവാൻ മതിയാകയില്ല. അതുകൊണ്ടു് സ്വമനസ്സാ മററു പ്രായശ്ചിത്ത പ്രവൃത്തികൾ കൂടെ ചെയ്തു സാവധികശിക്ഷയെ പൂർണ്ണമായി നീക്കുവാൻ ശ്രമിക്കേണ്ടതാണു്.

7. പ്രായശ്ചിത്ത പ്രവൃത്തികൾ ഏവ?

www.malankaralibrary.com



പ്രായശ്ചിത്തപ്രവൃത്തികളെ പ്രാർത്ഥന, ഉപവാസം, ഭിക്ഷാദാനം എന്നിങ്ങനെ മൂന്നായി വിഭജിക്കാം. പ്രാർത്ഥനയിൽ ഭക്തിപരമായ കൃത്യങ്ങളും, ഉപവാസത്തിൽ ആത്മനിയന്ത്രണത്തെയും മററും സംബന്ധിക്കുന്ന എല്ലാ ത്യാഗപ്രവൃത്തികളും, ഭിക്ഷാദാനത്തിൽ ആദ്ധ്യാത്മികമോ, ശാരീരികമോ ആയ പരോപകാരപ്രവൃത്തികളും ഉൾപ്പെടുന്നു. (26, 27 എന്നീ പാഠങ്ങൾ കാണുക.)

8. കുമ്പസാരിച്ചു ആൾ പ്രായശ്ചിത്തം നിറവേററുന്നതിനു പുറമേ എന്തു ചെയ്യണം?

കുമ്പസാരിച്ചയാൾ പ്രായശ്ചിത്തം നിറവേററുന്നതിനു പുറമേ ആരുടെയെങ്കിലും വസ്തുക്കളെ അന്യായമായി എടുക്കുകയോ, കീർത്തിയെ നശിപ്പിക്കയോ, ആർക്കെങ്കിലും ദുർമ്മാതൃക കൊടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ കഴിയുന്ന വേഗത്തിലും സാധിക്കുന്നിടത്തോളവും ആ വസ്തുക്കളെ തിരികെ കൊടുക്കുകയോ, മാനനഷ്ടം തീർക്കുകയോ, ദുർമ്മാതൃക പരിഹരിക്കുകയോ ചെയ്യേണ്ടതാണ്.

## 9. ബന്ധവിമോചനം.

(മത്താ. 16: 19; 18: 18; 2കൊറി. 2: 6-10)

1. ബന്ധവിമോചനം എന്നാലെന്ത്?

പാപം ചെയ്തതിലുണ്ടായ കുററവും, നിത്യശിക്ഷയും ക്ഷമിക്കപ്പെട്ടശേഷം, പാപത്തിന് ഈ ലോകത്തിലോ ശുദ്ധീകരസ്ഥലത്തിലോ ന്യായമായി ലഭിക്കേണ്ട സാവധിക ശിക്ഷയുടെ പൂർണ്ണമോ അപൂർണ്ണമോ ആയ മോചനമത്രെ ബന്ധവിമോചനം.

2. ബന്ധവിമോചനം എത്രവിധമുണ്ട്?

രണ്ടുവിധം (1) പൂർണ്ണമായത് (2) അപൂർണ്ണമായത്.

3. പൂർണ്ണ ബന്ധവിമോചനമെന്നാലെന്ത്?

ഈ ലോകത്തിലോ ശുദ്ധീകരസ്ഥലത്തിലോ പാപി അനുഭവിക്കേണ്ട സാവധികശിക്ഷയുടെ പരിപൂർണ്ണമായ മോചനമത്രെ പൂർണ്ണബന്ധവിമോചനം. ആകയാൽ പൂർണ്ണബന്ധവിമോചനം ലഭിച്ചു ഉടനെ ഒരാൾ മരിക്കു

www.malankaralibrary.com



നാപക്ഷം ശുദ്ധീകരണസ്ഥലത്തിൽ പീഡിപ്പിക്കപ്പെടാതെ നേരെ സ്വർഗ്ഗത്തിൽ പ്രവേശിക്കും.

4. അപൂർണ്ണബന്ധവിമോചനം എന്നാലെന്ത്?

ഈ ലോകത്തിലോ, ശുദ്ധീകരണസ്ഥലത്തിലോ പാപി അനുഭവിക്കേണ്ട സാവധികശിക്ഷയ്ക്കു പരിപൂർണ്ണമായ മോചനം ലഭിക്കാതെ ഏതാനുമെങ്കിലും ലഭിക്കുന്നതത്രേ അപൂർണ്ണ ബന്ധവിമോചനം.

5. ബന്ധവിമോചനം നൽകുന്നതിനുള്ള അധികാരം തിരുസഭയ്ക്കു ആരിൽനിന്നു ലഭിച്ചു?

“നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിലും അഴിക്കപ്പെടും” എന്നു അരുളിച്ചെയ്ത യേശുമിശിഹായിൽനിന്നു ലഭിച്ചു. (മത്താ. 18:18; 16:19)

6. ബന്ധവിമോചനത്തിന്റെ ഫലപ്രാപ്തി എവിടെ നിന്നാകുന്നു?

യേശുമിശിഹായുടെയും, കന്യകമറിയാമിന്റെയും വിശുദ്ധന്മാരുടെയും യോഗ്യതകളാകുന്ന * അക്ഷയഭണ്ഡാരത്തിൽനിന്നാകുന്നു.

7. ബന്ധവിമോചനം നല്കുന്നതിൽ തിരുസഭയുടെ ഉദ്ദേശ്യം എന്ത്?

ബന്ധവിമോചനങ്ങൾ നല്കുന്നതിൽ തിരുസഭയ്ക്കുള്ള ഉദ്ദേശ്യം, നമ്മുടെ പാപങ്ങൾക്കുള്ള സാവധികശിക്ഷ മുഴുവനും ഈ ലോകത്തിൽ വച്ചുതന്നെ പരിഹരിക്കുവാൻ പ്രാപ്തിയില്ലാത്ത നമ്മെ സഹായിക്കുക എന്നതാണ്. തന്നിമിത്തം പുരാതനകാലത്തു ക്രിസ്ത്യാനികൾ തിരുസഭയിൽ നിശ്ചയിക്കപ്പെട്ടിരുന്ന കഠിന പ്രായശ്ചിത്തങ്ങൾ ചെയ്തു പ്രാപിച്ചു അനുഗ്രഹങ്ങൾ ഭക്തിപരവും ക്രിസ്തീയസ്നേഹത്തിനു അനുയോജ്യവുമായ പ്രവൃത്തികൾ വഴിയായി ലഭിപ്പാൻ നമുക്കു ഇടവരുത്തുന്നു.

* അക്ഷയഭണ്ഡാരം = ഒരിക്കലും തീർന്നുപോകാത്ത ഭണ്ഡാരം.

www.malankaralibrary.com


8. ‘നാല്പതോ’ ‘നൂറോ’ ദിവസത്തെ അല്ലെങ്കിൽ ‘ഏഴുകൊല്ലത്തെ’ ബന്ധവിമോചനം എന്നും മറ്റും പറയുന്നതിന്റെ അർത്ഥമെന്ത്?

പുരാതനകാലത്തു തിരുസഭയിൽ നിശ്ചയിക്കപ്പെട്ടിരുന്ന പ്രായശ്ചിത്തപ്രവൃത്തികൾ നാല്പതോ നൂറോ ദിവസം അല്ലെങ്കിൽ ഏഴുകൊല്ലം ചെയ്താൽ സാവധിക ശിക്ഷയ്ക്കു എത്രത്തോളം മോചനം ലഭിക്കുമോ, അത്രയും മോചനം, നാല്പതോ, നൂറോ ദിവസത്തെ അഥവാ ഏഴുകൊല്ലത്തെ ബന്ധവിമോചനംകൊണ്ടു ലഭിക്കുമെന്നാണർത്ഥം.

9. ബന്ധവിമോചനം ലഭിപ്പാൻ ആവശ്യകമായ വ്യവസ്ഥകൾ ഏവ?

ബന്ധവിമോചനം ലഭിപ്പാൻ ആവശ്യകമായ വ്യവസ്ഥകൾ:— 1) ബന്ധവിമോചനം പ്രാപിപ്പാൻ തിരുസഭ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾ ചെയ്തുതീർക്കുന്ന അവസരത്തിലെങ്കിലും പ്രസാദവരസ്ഥിതിയിൽ ആയിരിക്കുക; പൂർണ്ണബന്ധവിമോചനം മുഴുവനായി ലഭിക്കണമെങ്കിൽ ആത്മാവു സകല ലഘുപാപങ്ങളിൽ നിന്നുകൂടെയും വിമുക്തമായിരിക്കണം.

2) ബന്ധവിമോചനം ലഭിപ്പാൻ തിരുസഭ നിശ്ചയിച്ചിട്ടുള്ള സകല പ്രവൃത്തികളും നിറവേറ്റുക.
3) ബന്ധവിമോചനം ലഭിപ്പാനുള്ള ഉദ്ദേശ്യം ഉണ്ടായിരിക്കുക.

## II. വി. കുർബാന.

(യോഹ. 6:26–70; മത്താ. 26:26–28; 1 കൊറി. 10:16–17; 11:23–30; നടപടി. 2:42; 20:7)

### 1. വി. കുർബാനയുടെ നിർവ്വചനവും വിഭാഗവും.

1. വിശുദ്ധ കുർബാന എന്ന കൂദാശ എന്താകുന്നു?

നമ്മുടെ ആത്മാവിന്റെ ഭക്ഷണമായിത്തീരുന്നതിന്

www.malankaralibrary.com


അപ്പത്തിൻെറയും വീഞ്ഞിൻെറയും ആഗന്തുകങ്ങളിൽ നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവസ്വഭാവവും സംഗ്രഹിച്ചിരിക്കുന്ന ഒരു കൂദാശയാകുന്നു.

2. അപ്പത്തിൻെറയും വീഞ്ഞിൻെറയും ആഗന്തുകങ്ങൾ എന്നു പറഞ്ഞാൽ എന്ത്?

അപ്പത്തിൻെറയും വീഞ്ഞിൻെറയും ആഗന്തുകങ്ങൾ എന്നുപറഞ്ഞാൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാരാംശത്തിൽ ഉൾപ്പെടാത്ത ഭാഗങ്ങൾ—അതായത് ആകൃതി, നിറം, രുചി, പരിമാണം (ഘനം, വലിപ്പം) മുതലായവ—ആകുന്നു. *

---

* അപ്പത്തിന് ആകൃതി, നിറം, രുചി, പരിമാണം എന്നീ ഗുണങ്ങളുണ്ടെങ്കിലും ഇവയൊന്നും അപ്പമല്ല. ഉദാഹരണമായി നിറത്തിൻെറ കാര്യംതന്നെ എടുക്കാം. വെളുപ്പുനിറം ഉള്ളതുകൊണ്ടല്ല ഒരു വസ്തു അപ്പമായിത്തീർന്നിട്ടുള്ളത്. അങ്ങനെയെങ്കിൽ വെളുത്ത വസ്തുക്കളെല്ലാം അപ്പമായിരിക്കണം. ഇങ്ങനെ തന്നെ ആകൃതി, രുചി, പരിമാണം എന്നീഗുണങ്ങൾ ഉള്ളതുകൊണ്ടല്ല ഒരു വസ്തു അപ്പമായിത്തീർന്നിട്ടുള്ളത്. അപ്പത്തിനു ഈ ഗുണങ്ങളെല്ലാമുണ്ടെങ്കിലും ഈ ഗുണങ്ങളോ ഇവയുടെ സമുച്ചയമോ (കൂട്ടമോ) അല്ല അപ്പം, പ്രത്യുത ഈ ഗുണങ്ങൾക്കെല്ലാം ആധാരമായിരിക്കുന്നത് ഏതോ അതാണ് അപ്പം. അതിനെയാണ് അപ്പത്തിൻെറ സാരാംശമെന്നു പറയുന്നത്. ആകൃതി, നിറം മുതലായ ഗുണങ്ങളെ അപ്പത്തിൻെറ ആഗന്തുകങ്ങൾ (വന്നുചേന്ന അംശങ്ങൾ) എന്നു പറയുന്നു. ഇതുപോലെതന്നെ വീഞ്ഞിൻെറ നിറം, രുചി, പരിണാമം മുതലായവല്ല വീഞ്ഞിൻെറ സാരാംശം, ഇവയ്ക്കെല്ലാം ആധാരമായിരിക്കുന്നത് എന്തോ അതാണ് വീഞ്ഞിൻെറ സാരാംശം. കൂദാശ ചെയ്യുമ്പോൾ അപ്പത്തിൻെറയും വീഞ്ഞിൻെറയും ഈ സാരാംശമാണ് കർത്താവിൻെറ തിരുശരീരരക്തങ്ങളായിത്തീരുന്നത്. ആകയാൽ കൂദാശ ചെയ്തശേഷവും അപ്പത്തിൻെറയും വീഞ്ഞിൻെറയും ആഗന്തുകങ്ങൾക്കു മാററമൊന്നും ഉണ്ടാകുന്നില്ല.

www.malankaralibrary.com



3. വിശുദ്ധ കർബ്ബാനയെ എത്രവിധമായി നാം കരുതണം?
ദിവ്യബലി, ദിവ്യഭോജനം എന്നിങ്ങനെ രണ്ടായി കരുതണം.

## II. വി. കർബ്ബാനയുടെ സ്ഥാപനവും അതിൽ യേശുവിൻെറ സാക്ഷാൽ സാന്നിദ്ധ്യവും.

യേശുമിശിഹാ ഈ കൂദാശ എപ്പോൾ സ്ഥാപിച്ചു? എങ്ങനെ സ്ഥാപിച്ചു?
തൻെറ പീഡാനുഭവത്തിൻെറ തലേരാത്രി അവസാനത്തെ അത്താഴത്തിൽ വച്ചു തൻെറ കൈകളിൽ അപ്പം എടുത്തു ആശീർവദിച്ചു മുറിച്ചു ശിഷ്യന്മാർക്കു കൊടുത്തു "നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ, ഇതു എൻെറ ശരീരമാകുന്നു" എന്നും, അപ്രകാരം തന്നെ വീഞ്ഞിരുന്ന കാസാ എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു "നിങ്ങൾ എവരും ഇതിൽ നിന്നു കുടിപ്പിൻ ഇതു എൻെറ രക്തമാകുന്നു" എന്നും അരുളിച്ചെയ്തുകൊണ്ടു യേശുമിശിഹാ ഈ കൂദാശ സ്ഥാപിച്ചു. (മത്താ. 26:26-28 മർക്കോ. 14:22-24; ലൂക്കോ. 22:19-20; 1 കോറി. 11:23-30).

2 അപ്പവും വീഞ്ഞും തൻെറ തിരുശരീരവും തിരുരക്തവുമാക്കിത്തീർക്കുന്നതിനുള്ള അധികാരം യേശുമിശിഹാ വല്ലവർക്കും നൽകിയിട്ടുണ്ടോ?
ഉണ്ടു. "എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" എന്നു കല്പിച്ചുകൊണ്ടു തൻെറ ശ്ലീഹന്മാർക്കും അവരുടെ ശരിയായ പിൻഗാമികളായിത്തീരുന്ന മെത്രാന്മാർക്കും പട്ടക്കാർക്കും യേശുമിശിഹാ ഈ അധികാരം കൊടുത്തു. (ലൂക്കാ. 22:19; 1 കോറി. 11:25-26)

3. ഈ അധികാരം അവർ എപ്പോൾ പ്രയോഗിക്കുന്നു?
കർബ്ബാനയെന്ന ദിവ്യപൂജയിൽ അപ്പവും വീഞ്ഞും എടുത്തു കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ പ്രയോഗിക്കുന്നു.

www.malankaralibrary.com



4. ദിവ്യപൂജയിൽ അവർ അപ്പവും വീഞ്ഞും എടുത്തു കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ അവ യഥാർത്ഥത്തിൽ മിശിഹായുടെ ശരീരവും രക്തവുമായിത്തീരുന്നുണ്ടോ?

ഉണ്ടു്; ദിവ്യപൂജയിൽ കൂദാശവചനങ്ങൾ ഉച്ചരിച്ചശേഷം അപ്പത്തിന്റെയും വീഞ്ഞിന്റെയും ആകൃതിക്കും രുചിക്കും മാറ്റം വ്യത്യാസമൊന്നുമില്ലെങ്കിലും ആ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശം വസ്തുപരമായും യഥാർത്ഥമായും അത്ഭുതകരമായ വിധം യേശുമിശിഹായുടെ തിരുശരീരവും തിരുരക്തവുമായിത്തീരുന്നു.

5. പട്ടക്കാരൻ കൂദാശവചനങ്ങൾ ഉച്ചരിക്കുമ്പോൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശം മിശിഹായുടെ തിരുശരീരവും രക്തവുമായിത്തീരുമെന്നു നാം വിശ്വസിക്കുന്നതു എന്തുകൊണ്ടു്?

ഇങ്ങനെ നാം വിശ്വസിക്കുന്നതു് മിശിഹാതന്നെ അരുളിച്ചെയ്തതുകൊണ്ടും, അവിടുന്നു സ്ഥാപിച്ച സഭ അപ്രകാരം പഠിപ്പിക്കുന്നതുകൊണ്ടുമാകുന്നു. (മത്താ. 26: 26–28; 1 കോറി. 10: 16; 11: 27–29)

6. കൂദാശവചനങ്ങൾക്കു് ഈ ശക്തി നൽകിയതു് ആരു്?

"എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്വിൻ" എന്നു അരുളിച്ചെയ്തുകൊണ്ടു് അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും ഈ അധികാരം നൽകിയ സർവ്വശക്തിയുള്ള ദൈവമായ നമ്മുടെ കർത്താവീശോമിശിഹാ തന്നെയാണു്.

7. കൂദാശ ചെയ്യപ്പെട്ട അപ്പത്തിൽ യേശുമിശിഹായുടെ തിരുശരീരം മാത്രവും, കൂദാശ ചെയ്യപ്പെട്ട വീഞ്ഞിൽ അവിടുത്തെ തിരുരക്തം മാത്രവുമേ ഉള്ളുവോ?

യേശുമിശിഹായ്ക്കു ഇനിയും മരിക്കുവാൻ സാധിക്കാത്തതുകൊണ്ടു തന്റെ മാംസവും രക്തവും ആത്മാവും ശരീരവും ഒരിക്കലും വേർപെടുന്നതല്ല. ആകയാൽ കൂദാശ

www.malankaralibrary.com


ചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലും യേശുമിശിഹാ സ്വർഗ്ഗത്തിൽ ആയിരിക്കുന്നതുപോലെ പൂർണ്ണനായി അതായതു തന്റെ ശരീരത്തോടും രക്തത്തോടും കൂടെ എഴുന്നെള്ളിയിരിക്കുന്നു. (റോമാ. 6: 9-10; 1 യോഹ. 4: 3; യോഹ. 6: 52)

8. യേശുമിശിഹാ വിശുദ്ധ കുർബാനയിൽ ഉള്ളപ്പോൾ സ്വർഗ്ഗത്തിൽ ഇല്ലാതെ വരുന്നുണ്ടോ?

യേശുമിശിഹാ വിശുദ്ധ കുർബാനയിൽ ഉള്ളപ്പോൾ സ്വർഗ്ഗത്തിൽ ഇല്ലാതെ വരുന്നില്ല; എന്തുകൊണ്ടെന്നാൽ അവിടുന്ന് ഒരേ സമയത്തുതന്നെ സ്വർഗ്ഗത്തിലും വിശുദ്ധ കുർബാനയിലും സന്നിഹിതനായിരിക്കുന്നു.

9. ലോകത്തിൽ കൂദാശചെയ്യപ്പെട്ട എല്ലാ അപ്പത്തിലും യേശുമിശിഹായുണ്ടോ?

എല്ലാം ചെയ്‌വാൻ കഴിവുള്ള ദൈവത്തിന്റെ സർവ്വശക്തിയാൽ ലോകത്തിൽ കൂദാശചെയ്യപ്പെട്ട എല്ലാ അപ്പത്തിലും യേശുമിശിഹായുണ്ട്.

10. കൂദാശചെയ്യപ്പെട്ട അപ്പം മുറിക്കുമ്പോൾ യേശുവിന്റെ ശരീരവും മുറിയുന്നുണ്ടോ?

ഇല്ല; അപ്പത്തിന്റെ ആഗന്തുകങ്ങൾ മാത്രമേ മുറിയുന്നുള്ളൂ.

11. അപ്പത്തിന്റെ എല്ലാ അംശങ്ങളിലും യേശുവിന്റെ ശരീരം ഉണ്ടോ?

അപ്പത്തിന്റെ എല്ലാ അംശങ്ങളിലും യേശുവിന്റെ ശരീരമുണ്ട്. അതുകൊണ്ട് അപ്പത്തെ എത്ര അംശങ്ങളായിട്ടു മുറിക്കുന്നുവോ, ആ അംശങ്ങളിലെല്ലാം യേശുവിന്റെ ശരീരം മുഴുവനായിട്ടും കുറവുകൂടാതെയും ഉണ്ട്. മാത്രമല്ല, യേശുമിശിഹാ കൂദാശചെയ്യപ്പെട്ട ഒരു വലിയ അപ്പത്തിലുള്ളതുപോലെ, അപ്പത്തി

www.malankaralibrary.com



ന്റെ ഒരു കഷണത്തിലുമുണ്ടു്; രണ്ടിലും ഉള്ളതു അതേ യേശുമിശിഹാതന്നെയാണു്. +

## III. വി. കുർബാന ആത്മാവിന്റെ ഭോജനമാകുന്നു.

(യോഹ. 6: 48–59)

1. ദിവ്യഭോജനമായിട്ടു വിശുദ്ധ കുർബാനയെ എങ്ങനെ നിർവചിക്കാം?

നമ്മുടെ ആത്മാവിന്റെ ഭക്ഷണമായിത്തീരുന്നതിനു് അപ്പത്തിന്റെയും വീഞ്ഞിന്റെയും ആഗന്തുകങ്ങളിൽ നമ്മുടെ കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവസ്വഭാവവും സംഗ്രഹിച്ചിരിക്കുന്ന ഒരു കൂദാശയാകുന്നു.

2. വിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോൾ യേശുമിശിഹായെ നാം പൂർണ്ണമായി സ്വീകരിക്കുന്നുണ്ടോ?

ഉണ്ടു്; യേശുമിശിഹാ തന്റെ ശരീരത്തോടും രക്തത്തോടും ദൈവസ്വഭാവത്തോടും മനുഷ്യസ്വഭാവത്തോടുംകൂടെ വിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നതിനാൽ വിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോൾ മിശിഹായെ യഥാർത്ഥമായും പരിപൂർണ്ണമായും നാം സ്വീകരിക്കുന്നു.

3. വിശുദ്ധ കുർബാന സ്വീകരിക്കുന്ന ഓരോരുത്തനും യേശുമിശിഹായെ പരിപൂർണ്ണമായി സ്വീകരിക്കുന്നുണ്ടോ?

യേശുമിശിഹാ ഒന്നേയുള്ളു; എന്നാൽ കൂദാശ ചെയ്യപ്പെട്ട ഓരോ അപ്പത്തിലും അവിടുത്തെ പരിപൂർണ്ണസാന്നിദ്ധ്യം ഉണ്ടായിരിക്കയാൽ വി. കുർബാന സ്വീ

---

+ ഒരു ഉദാഹരണംകൊണ്ടു ഇക്കാര്യം ഒന്നുകൂടി വിശദമാക്കാം. ഒരു കണ്ണാടിയിൽ കാണുന്ന പ്രതിബിംബം ആ കണ്ണാടി എത്രഭാഗമായിട്ടു മുറിച്ചാലും ഓരോ ഭാഗത്തിലും പൂർണ്ണമായി കാണാം. ഇതുപോലെതന്നെ കൂദാശചെയ്യപ്പെട്ട അപ്പം എത്ര ഭാഗമായിട്ടു മുറിച്ചാലും ഓരോവിഭാഗത്തിലും യേശുവിന്റെ പരിപൂർണ്ണസാന്നിദ്ധ്യമുണ്ടു്.

www.malankaralibrary.com



കരിക്കുന്ന ഓരോരുത്തനും മിശിഹായെ പരിപൂർണ്ണമായി സ്വീകരിക്കുന്നു. *

4. വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുമ്പോൾ നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങളിൽ പ്രധാനപ്പെട്ടതു് ഏവയാകുന്നു?

വിശുദ്ധ കുർബ്ബാനയുടെ സ്വീകരണം (1) ഏറ്റവും ആന്തരികമായ വിധം യേശുമിശിഹായോടു നമ്മുടെ ആത്മാവിനെ സംയോജിപ്പിക്കയും പ്രസാദവരത്തെ നമ്മിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. (2) പാപങ്ങളിലേക്കു നമ്മെ ആകർഷിക്കുന്ന നമ്മുടെ ദോഷങ്ങളുടെ ശക്തിയെ ക്ഷയിപ്പിച്ചു സുകൃതജീവിതം നയിക്കുവാൻ നമുക്കു അനുഗ്രഹവും ധൈര്യവും നൽകുന്നു. (3) ലഘുവായ പാപങ്ങളിൽ നിന്നു നമ്മെ ശുദ്ധീകരിക്കയും മരണകരമായ പാപം ചെയ്യാതെ ജീവിക്കുന്നതിനുള്ള ശക്തി നമുക്കു നല്കുകയും ചെയ്യുന്നു. (4) പുനരുത്ഥാനത്തിന്റെയും സ്വർഗ്ഗീയ സൌഭാഗ്യത്തിന്റെയും ÷ പൂർവ്വദത്തമായ അവകാശത്തെ നമുക്കു പ്രദാനം ചെയ്യുന്നു.

---

* ഒരു ഉദാഹരണംകൊണ്ടു് ഇക്കാര്യം ഒന്നുകൂടി വിശദമാക്കാം. ഞാൻ ഒരു വാക്കു ഉച്ചരിച്ചാൽ കേൾവിക്കാരായി ഇവിടെ ഉള്ളവരെല്ലാം അതു കേൾക്കുന്നു. ഒററ വാക്കു മാത്രമേ ഞാൻ ഉച്ചരിക്കുന്നുള്ളുവെങ്കിലും ഓരോരുത്തനും പൂർണ്ണമായി ആ വാക്കു കേൾക്കുന്നു. കേൾവിക്കാരുടെ സംഖ്യ എത്ര വർദ്ധിച്ചാലും ഓരോരുത്തനും പരിപൂർണ്ണമായി ഈ വാക്കു കേൾക്കാം. എങ്കിലും ഞാൻ ഉച്ചരിച്ച വാക്കു വർദ്ധിക്കുന്നില്ല. അതു് ഒന്നുമാത്രമാണു്. ഇതുപോലെതന്നെ വചനമായ ദൈവം (യേശുമിശിഹാ) ഒന്നുമാത്രമേയുള്ളു. കൂദാശ ചെയ്യപ്പെട്ട അപ്പത്തിന്റെയോ വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്ന ആളുകളുടെയോ സംഖ്യ വർദ്ധിക്കുന്നതുകൊണ്ടു യേശുവിന്റെ ശരീരം വർദ്ധിക്കുന്നില്ല യേശു ഒരാൾമാത്രം. എന്നാൽ വിശുദ്ധ കുർബ്ബാന വഴി ഓരോരുത്തനും ഈ യേശുവിനെ പൂർണ്ണമായി സ്വീകരിക്കുന്നു.

÷ പൂർവ്വദത്തമായ അവകാശം=മുൻകൂട്ടി നല്കുന്ന അവകാശം, അച്ചാരം.

www.malankaralibrary.com



5. വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്കെല്ലാം ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നുണ്ടോ?

ഇല്ല. മനഃപൂർവ്വം മരണകരമായ പാപത്തോടുകൂടി വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നവർക്കാർക്കും ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നില്ല; എന്നുതന്നെയല്ല, യൂദാസ്കറിയോത്തായെപ്പോലെ നിത്യനരകാഗ്നിയിലേക്കുള്ള സ്വന്തം ശിക്ഷാവിധിയെ ഭക്ഷിക്കുന്നതിനാൽ പുണ്യവസ്തുദൂഷണം എന്ന ഭയങ്കരപാപവും അവർ ചെയ്യുന്നു. "ആകയാൽ അയോഗ്യതയോടെ ഈ അപ്പം ഭക്ഷിക്കുകയോ, കർത്താവിന്റെ കാസായെ പാനം ചെയ്കയോ ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും കുററക്കാരനാകും. എന്തെന്നാൽ കർത്താവിന്റെ ശരീരത്തെ വിവേചിക്കാതെ അയോഗ്യതയോടെ ഭക്ഷിക്കയും പാനം ചെയ്കയും ചെയ്യുന്നവൻ തനിക്കു വിധിയെ ഭക്ഷിക്കുകയും പാനം ചെയ്കയും ചെയ്യുന്നു" (2കൊറി. 11: 27, 29).

## IV. വിശുദ്ധ കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കുവാൻ വേണ്ട ഒരുക്കങ്ങൾ.

1. വിശുദ്ധ കുർബാന യോഗ്യതാപൂർവ്വം സ്വീകരിക്കുന്നതിനു നാം എങ്ങനെ ഒരുങ്ങണം?

ആദ്യമായി ശരിയായ കുമ്പസാരത്താൽ മരണകരമായ പാപത്തിൽ നിന്നു നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കണം. രണ്ടാമതായി ലഘുപാപങ്ങളിൽ നിന്നും കഴിയുന്നത്ര നമ്മുടെ ആത്മാവിനെ ശുചീകരിക്കണം. മൂന്നാമതായി സൽപ്രവൃത്തികളാൽ നമ്മുടെ ആത്മാവിനെ അലങ്കരിക്കയും ജപധ്യാനങ്ങളാൽ ദൈവസ്നേഹവും ഭക്തിയും നമ്മിൽ വർദ്ധിപ്പിക്കയും ചെയ്യണം. (18-ാം പാഠം കാണുക)

2. സാധുവായതും ഫലപ്രദമായതുമായ കുമ്പസാരത്തിന്റെ ശേഷം സ്വന്തം കുററമൊന്നും കൂടാതെ മറന്നുപോയ മരണകരമായ ഒരു പാപം ഒരാൾക്കു ഓർമ്മ വരുന്നു

www.malankaralibrary.com



**ങ്കിൽ കർബാന കൈക്കൊള്ളുന്നതിനു മുമ്പ് ഒന്നുകൂടി കുമ്പസാരിക്കണമോ?**

ഉടനെ കുമ്പസാരിക്കുവാൻ കടമയില്ല, എന്തുകൊണ്ടെന്നാൽ മരണകരമായ ആ പാപത്തെ കുമ്പസാരത്തിൽ പറയാതിരുന്നതു് സ്വന്തം കുററം കൂടാതെയുള്ള മറവി നിമിത്തമാകയാൽ ആ പാപത്തിനും കുമ്പസാരത്തിൽ മോചനം ലഭിച്ചിട്ടുണ്ടു്. അതുകൊണ്ടു വീണ്ടും കുമ്പസാരിക്കാതെ വിശുദ്ധ കർബാന സ്വീകരിക്കാം. എന്നാൽ മറന്നുപോയ ആ പാപം പിന്നീടു ഓർത്തുവെങ്കിൽ അടുത്ത കുമ്പസാരത്തിൽ പറയുവാൻ കടമയുണ്ടു്.

3. **ലഘുപാപത്തോടുകൂടി വിശുദ്ധ കർബാന ഉൾക്കൊള്ളുന്നവർ അയോഗ്യമായിട്ടാണോ ഈ കൂദാശ സ്വീകരിക്കുന്നതു്?**

ലഘുപാപങ്ങൾ വിശുദ്ധ കർബാനയുടെ സ്വീകരണത്തെ അയോഗ്യമാക്കുകയില്ല; എന്നാൽ അവ പല ദൈവാനുഗ്രഹങ്ങളെയും തടയുന്നതുകൊണ്ടു വിശുദ്ധ കർബാനയിൽ നിന്നു കിട്ടാവുന്ന എല്ലാ സൽഫലങ്ങളും ലഘുപാപത്തോടുകൂടി വിശുദ്ധ കർബാന സ്വീകരിക്കുന്നവർക്കു ലഭിക്കാതെ വരുന്നു.

4. **ആത്മാവു പ്രസാദവരസ്ഥിതിയിലാണോ അല്ലയോ എന്നു ഒരാൾക്കു സംശയമുള്ളപ്പോൾ വിശുദ്ധ കർബാന സ്വീകരിക്കാമോ?**

ഈ സംശയസ്ഥിതിയിൽ വിശുദ്ധ കർബാന സ്വീകരിക്കുവാൻ പാടില്ല; എന്തുകൊണ്ടെന്നാൽ വിശുദ്ധ കർബാന സ്വീകരിക്കുന്ന ആൾക്കു താൻ പ്രസാദവരസ്ഥിതിയിലാണെന്നു തീർച്ച ഉണ്ടായിരിക്കണം. അതുകൊണ്ടു മരണകരമായ ഏതെങ്കിലും പാപം ചെയ്തിട്ടുണ്ടെന്നു തീർച്ചയുണ്ടെങ്കിൽ കുമ്പസാരിച്ച ശേഷമേ വിശുദ്ധ കർബാന സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ മരണകരമായ പാപം ചെയ്തിട്ടില്ലെന്നു തീർച്ചയുണ്ടായിരിക്കയും മരണകരമല്ലെങ്കിലും അല്പം ഗൗരവമേറിയ വല്ല പാപവും ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു സംശയമുണ്ടായിരിക്കയും ചെയ്യുന്നെങ്കിൽ പൂർണ്ണമായ

www.malankaralibrary.com



അനുതാപം ഉണ്ടായിരുന്നാൽ വിശുദ്ധ കുർബാന സ്വീകരിക്കാം; എങ്കിലും മനസ്സമാധാനം പൂർണ്ണമായി ലഭിക്കുന്നതിനുവേണ്ടി ഇങ്ങനെ സംശയമുള്ളപ്പോഴും കുമ്പസാരിച്ചശേഷം വിശുദ്ധ കുർബാന സ്വീകരിക്കുന്നതാണു് നല്ലതു്.

5. വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനു മുമ്പു എങ്ങനെയുള്ള ഉപവാസമാണു വേണ്ടതു്?

പരിപൂർണ്ണമായ ഉപവാസമാണു വേണ്ടതു്; സ്വാഭാവികജലം ഒഴിച്ചു മറെറന്തെങ്കിലും ഭക്ഷണമോ പാനീയമോ ആയിട്ടു് അല്പമായിട്ടുപോലും അനുഭവിച്ചാൽ ഈ ഉപവാസത്തിനു ഭംഗം വരും.

6. ഉമിനീർ ഇറക്കുകയോ, പല്ലിനിടയിൽ കയറിയിരുന്ന വല്ലതും അറിയാതെ ഒരാൾ വിഴുങ്ങുകയോ ചെയ്താൽ അയാൾക്കു വിശുദ്ധ കുർബാന സ്വീകരിക്കാമോ?

സ്വീകരിക്കാം; എന്തുകൊണ്ടെന്നാൽ ഇവയെ ഭക്ഷണമോ പാനീയമോ ആയിട്ടു കരുതുവാൻ പാടില്ല. *

7. ഉപവസിക്കാതെ വിശുദ്ധ കുർബാന കൈക്കൊള്ളുവാൻ എപ്പോഴെങ്കിലും പാടുണ്ടോ?

മരണാപകടത്തിലിരിക്കുന്ന രോഗികൾക്കും, മാർപ്പാപ്പായിൽ നിന്നു പ്രത്യേക അനുവാദം ലഭിച്ചിട്ടുള്ളവ

---

* ഇതുപോലെ തന്നെ പൊടി വലിക്കുമ്പോൾ അല്പം വല്ലതും വായിൽകൂടി ഉള്ളിലേക്കു് ഇറങ്ങിപ്പോകയോ, പുകവലിക്കുമ്പോൾ പുക വിഴുങ്ങുകയോ, വെററിലനീരു തുപ്പിക്കളഞ്ഞെങ്കിലും ഉമിനീരോടുകൂടെ ഉള്ളിലേക്കു വല്ല അംശവും ഇറങ്ങിപ്പോകയോ ചെയ്താലും ഉപവാസത്തിനു ഭംഗം വരുന്നില്ല എന്തുകൊണ്ടെന്നാൽ ഇവയെ ഭക്ഷണമോ പാനീയമോ ആയിട്ടു കരുതുവാൻ പാടില്ല. എന്നാൽ ഒരു കാരണവുമില്ലാതെ വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനു മുമ്പു് ഇവ ഉപയോഗിക്കുന്നതു് അനുചിതമാണു്.

www.malankaralibrary.com



ക്കു ഉപവസിക്കാതെ വിശുദ്ധ കുർബാന കൈക്കൊള്ളാം. + മരണാപകടത്തിൽ രോഗികൾക്കു കൊടുക്കുന്ന വിശുദ്ധ കുർബാനയെ തിരുപാഥേയം (വിശുദ്ധമായ യാത്രാഭക്ഷണം) എന്നു വിളിക്കുന്നു; എന്തുകൊണ്ടെന്നാൽ ഈ ജീവിതത്തിൽനിന്നു നിത്യത്വത്തിലേക്കുള്ള യാത്രയിൽ അതു് അവരെ പോഷിപ്പിച്ചു രക്ഷിക്കുന്നു.

8. വിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോൾ അണ്ണാക്കിൽ പറ്റിപ്പിടിച്ചാൽ എന്തു ചെയ്യണം?

അപ്പോൾ വിശുദ്ധ കുർബാനയെ നാക്കുകൊണ്ടു മാറ്റുകയല്ലാതെ വിരൽകൊണ്ടു ഒരിക്കലും മാറ്റുവാൻ പാടുള്ളതല്ല.

9. വിശുദ്ധ കുർബാന ഉൾക്കൊണ്ടശേഷം നാം എന്തു ചെയ്യണം?

അത്യധികമായ വിനയത്തോടുകൂടെ സ്വന്തം സ്ഥലത്തു ചെന്നു മുട്ടുകുത്തി കൈകൾകൂപ്പി ഓരോരോ ജപങ്ങൾ ചൊല്ലി കാൽമണിക്കൂറെങ്കിലും നല്ല ഭക്തിയോടും തീക്ഷ്ണതയോടും സ്നേഹത്തോടുംകൂടി നമ്മുടെ ആത്മാവിൽ എഴുന്നെള്ളിവന്നിരിക്കുന്ന ദിവ്യരക്ഷകനെ സ്തുതിച്ചാരാധിച്ചു് അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിക്കയും, നമുക്കു ആവശ്യമുള്ള അനുഗ്രഹങ്ങൾ അപേക്ഷിക്കയും, നമ്മെത്തന്നെയും നമുക്കു

---

+ രോഗികൾ, പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട വൈദികർ, ഒന്നിൽ കൂടുതൽ ദിവ്യബലികൾ അർപ്പിക്കേണ്ട വൈദികർ, പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട അൽമായക്കാർ, സായാഹ്നബലി അർപ്പിക്കുന്ന വൈദികർ, അതിൽ സംബന്ധിച്ചു വി. കുർബാന സ്വീകരിക്കുന്നവർ മുതലായവരെ ഉദ്ദേശിച്ചു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി 1953 ജനുവരി 6-ാംനു നല്കിയ ശ്ലൈഹിക നിയമാവലിയിൽ ദിവ്യകാരുണ്യ ഉപവാസത്തെ സംബന്ധിച്ചു വരുത്തിയിട്ടുള്ള ചില ലഘൂകരണവും ഭേദഗതികളും കാണുക. കുമ്പസാരിപ്പിക്കുന്ന പട്ടക്കാരനോടു ചോദിച്ചു് ഇക്കാര്യങ്ങൾ മനസ്സിലാക്കുക.

www.malankaralibrary.com



ള്ള സകലത്തെയും കാഴ്ചയായി അവിടുത്തേക്കു സമർപ്പിക്കയും ചെയ്യണം.

10. വിശുദ്ധ കുർബാന ഉൾക്കൊണ്ടശേഷം യേശുമിശിഹാ നമ്മുടെ ഉള്ളിൽ എത്രനേരം ഉണ്ടായിരിക്കും?

വിശുദ്ധ കുർബാന ഉൾക്കൊണ്ടശേഷം മരണകരമായ പാപങ്ങളിൽ നാം ഉൾപ്പെടുന്നതുവരെ യേശുമിശിഹാ തന്റെ പ്രസാദവരത്താൽ നമ്മുടെ ആത്മാവിൽ എഴുന്നെള്ളിയിരിക്കും; എന്നാൽ തന്റെ സാക്ഷാൽ സാന്നിദ്ധ്യംകൊണ്ടു നമ്മുടെ ഉള്ളിൽ എഴുന്നെള്ളിയിരിക്കുന്നതു വിശുദ്ധ കുർബാനയിലുള്ള ആഗന്തുകങ്ങൾ ദഹിക്കുന്നതുവരെ—ഏകദേശം കാൽ മണിക്കൂർവരെ—ആകുന്നു. ഇക്കാരണത്താലാണു് വിശുദ്ധ കുർബാന ഉൾക്കൊണ്ടശേഷം കാൽ മണിക്കൂറെങ്കിലും സ്തോത്രപ്രാർത്ഥന നടത്തണമെന്നു് ഉപദേശിക്കുന്നതു്.

## V. വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുള്ള കടമ.

1. വിശുദ്ധ കുർബാന സ്വീകരിക്കണമെന്നുള്ള കല്പന ദൈവത്തിൽ നിന്നുള്ളതോ തിരുസഭയിൽ നിന്നുള്ളതോ?

ദൈവത്തിൽ നിന്നുള്ളതും, തിരുസഭയിൽ നിന്നുള്ളതുമാകുന്നു. "സത്യമായിട്ടും സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം നിങ്ങൾ ഭക്ഷിക്കാതെയും അവന്റെ രക്തം നിങ്ങൾ പാനം ചെയ്യാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽ തന്നെ ജീവനുണ്ടാകയില്ല" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. (യോഹ. 6: 54)

2. ആണ്ടിൽ ഒരു പ്രാവശ്യം മാത്രം വിശുദ്ധ കുർബാന സ്വീകരിച്ചാൽ മതിയോ?

തിരുസഭയുടെ കല്പന നിറവേറുന്നതിനു് ആണ്ടിൽ ഒരു പ്രാവശ്യം മാത്രം വിശുദ്ധ കുർബാന സ്വീകരിച്ചാൽമതി. എന്നാൽ സുകൃതജീവിതം നയിക്കുന്നതിനും, പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും ആ

www.malankaralibrary.com



ഗ്രഹിക്കുന്നവർ കൂടെക്കൂടെ വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതു് ആവശ്യമാണു്.

## VI. അനുദിന ദിവ്യകാരുണ്യ സ്വീകരണം.

1. കൂടക്കൂടെ അഥവാ അനുദിനം വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനു വേണ്ട വ്യവസ്ഥകൾ ഏവ?

കൂടക്കൂടെ അഥവാ അനുദിനം വിശുദ്ധ കുർബാന കൈക്കൊള്ളുന്നതിനു ഫലപ്രദമായി വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനു സാധാരണമായി അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ അനുഷ്ഠിച്ചാൽ മതിയാകും. (18-ാം പാഠം കാണുക.) ഇവയെ അല്പം വിശദീകരിക്കാം.

1) വിശുദ്ധ കുർബാന കൈക്കൊള്ളുന്ന ആൾ പ്രസാദവരസ്ഥിതിയിലായിരിക്കണം.

2) നല്ലതും ഭക്തിപരവുമായ ഉദ്ദേശ്യം അയാൾക്കുണ്ടായിരിക്കണം. (പതിവുനിമിത്തമോ, വ്യർത്ഥാഭിമാനത്താലോ അഥവാ ലൌകികമായ മറെറന്തെങ്കിലും കാരണത്താലോ അല്ലാതെ ദൈവേഷ്ടം നിറവേററുന്നതിനും, ദൈവത്തോടു സ്നേഹം വഴിയായി കൂടുതൽ യോജിക്കുന്നതിനും, വിശുദ്ധ കുർബാനയെന്ന ദിവ്യൌഷധത്താൽ ആദ്ധ്യാത്മിക രോഗങ്ങളെയും ന്യൂനതകളെയും പരിഹരിക്കുന്നതിനും ആഗ്രഹിക്കുന്നതിലത്രേ നല്ലതും ഭക്തിപരവുമായ ഈ ഉദ്ദേശ്യം അടങ്ങിയിരിക്കുന്നതു്.)

3) വിശുദ്ധ കുർബാനയുടെ കൂടക്കൂടെയോ അനുദിനമായോ ഉള്ള ഈ സ്വീകരണം കൂടുതൽ വിവേകത്തോടുകൂടി നടത്തുന്നതിനും കൂടുതൽ ഫലപ്രദമായിത്തീരുന്നതിനും സ്വന്തം കുമ്പസാരക്കാരന്റെ ഉപദേശം അനുസരിച്ചു ചെയ്യേണ്ടതാണു്.

4) ഓരോരുത്തന്റെയും പ്രാപ്തിക്കും, സാഹചര്യങ്ങൾക്കും, ചുമതലകൾക്കും അനുയോജ്യമായി വിശുദ്ധ കുർബാന ഉൾക്കൊള്ളുവാൻ ശ്രദ്ധാപൂർവ്വം ഒരുങ്ങുകയും, അതിനു ശേഷം തദനുസരണമായ സ്തോത്ര പ്രാർത്ഥന നടത്തുകയും ചെയ്യണം.

www.malankaralibrary.com



5) നല്ലതും ഭക്തിപരവുമായ ഉദ്ദേശ്യത്തോടുകൂടെ, കൂടക്കൂടെയോ അനുദിനമോ വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നവർ എല്ലാ ലഘുപാപങ്ങളിൽനിന്നും വിമുക്തരായില്ലെങ്കിലും ചുരുങ്ങിയപക്ഷം പൂർണ്ണമായ മനസ്സാറിവോടുകൂടി ചെയ്യുന്ന ലഘുപാപങ്ങളിൽ നിന്നും അവയോടുള്ള * ആസക്തിയിൽ നിന്നും ക്രമേണ വിമുക്തരാകുന്നതാണ്. ഇവർ ലഘുപാപങ്ങളിൽ മാത്രം ഉൾപ്പെട്ടുണ്ടവരായാലും കുമ്പസാരക്കാരന്റെ ഉപദേശമനുസരിച്ചു കൂടക്കൂടെ കുമ്പസാരമെന്ന കൂദാശയെയും സ്വീകരിക്കുന്നതു് ഏററവും ഫലപ്രദമായിരിക്കും. അനുദിനം വിശുദ്ധ കുർബാന ഉൾക്കൊള്ളുന്നവർ സാധാരണമായി ആഴ്ചയിൽ ഒരു പ്രാവശ്യം കുമ്പസാരിക്കാറുണ്ടു്.

2. ഏതു ജീവിതാവസ്ഥയിലുള്ളവർക്കും അനുദിനം വിശുദ്ധ കുർബാന സ്വീകരിക്കാമോ?

മേല്പറഞ്ഞ വ്യവസ്ഥകളനുസരിച്ചു് ഏതു ജീവിതാവസ്ഥയിലുള്ളവർക്കും അനുദിനം വിശുദ്ധ കുർബാന സ്വീകരിക്കാവുന്നതാണ്.

## VII. വിശുദ്ധ കുർബാനയോടുള്ള ഭക്തി.

1. നമ്മുടെ പള്ളികളിൽ വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വച്ചിരിക്കുന്നതു് എന്തിനാകുന്നു?

പള്ളികളിൽ വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വച്ചിരിക്കുന്നതു വിശ്വാസികൾക്കു് ആരാധിപ്പാനും, ആവശ്യപ്പെട്ടാൽ രോഗികൾക്കും, മരണാസന്നരായവർക്കും കൊടുപ്പാനും വേണ്ടിയാണ്.

2. വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വെച്ചിരിക്കുന്ന ദേവാലയത്തിൽ നാം പ്രവേശിക്കുമ്പോൾ എന്തു ചെയ്യണം?

* ആസക്തി = സ്നേഹം, ആഗ്രഹം.

www.malankaralibrary.com



സകല ദൈവദൂതന്മാരും, വിശുദ്ധന്മാരും, ഭയഭക്തിയോടുകൂടെ ആരാധിക്കുന്ന ദൈവവും മനുഷ്യനുമായ യേശുമിശിഹാ നമ്മോടുള്ള അതിരറ്റ സ്നേഹത്താലും തന്റെ അനുഗ്രഹ ദാനങ്ങൾ നമ്മിൽ വർഷിക്കുന്നതിനുവേണ്ടിയും, വിശുദ്ധ ബലിപീഠത്തിൽ എഴുന്നെള്ളിയിരിക്കുന്നു എന്നു ദൃഢമായി വിശ്വസിച്ചു, അത്യധികമായ വണക്കത്തോടും വിനയത്തോടും സ്നേഹത്തോടുംകൂടെ മുട്ടിന്മേൽനിന്നു് അവിടുത്തെ ആരാധിക്കയും സ്തുതിക്കയും, അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കയും, യാതൊരു വിധത്തിലുമുള്ള അനാചാരം കാണിക്കാതിരിപ്പാൻ ശ്രദ്ധിക്കയും ചെയ്യണം.

## VIII വിശുദ്ധ കുർബാന ദിവ്യബലിയാകുന്നു.

(മലാഖി 1: 10–11; ഏശയ്യാ 19: 19–21; 61: 6; 66: 21–22; യറമിയാ 33: 15–18; ലൂക്കാ, 22: 19–20; 1 കോറി. 10: 20–21; എബ്രാ. 13: 10).

1. ദിവ്യ ബലിയെന്ന നിലയിൽ വിശുദ്ധ കുർബാന എന്താകുന്നു?

നമ്മുടെ കർത്താവേശുമിശിഹാ പട്ടക്കാരന്റെ കരങ്ങളാൽ തന്റെ പരമപിതാവിനു സ്വയം ബലി അർപ്പിക്കുന്ന പുതിയനിയമത്തിലെ നിരന്തരമായ ഒരു യാഗമാകുന്നു.

2. കുർബാനയെന്ന ദിവ്യബലി യേശുമിശിഹാ കുരിശിൽ അർപ്പിച്ച ബലിതന്നെയാണോ?

അതേ; ഈ രണ്ടു ബലികളിലും ബലി അർപ്പിക്കുന്ന പ്രധാന പുരോഹിതനും ബലിവസ്തുവും യേശുമിശിഹാ തന്നെ ആകയാൽ ഈ രണ്ടു ബലികളും ഒന്നുതന്നെയാകുന്നു. എന്നാൽ കുരിശിൽ രക്തം ചിന്തിയും, വിശുദ്ധ കുർബാനയിൽ അപ്പത്തിന്റെയും വീഞ്ഞിന്റെയും ആഗന്തുകങ്ങളിൽ രക്തരഹിതമായും ഈ ബലികൾ അർപ്പിക്കുന്നതിനാൽ ബലി അർപ്പിക്കുന്ന വിധം മാത്രം വ്യത്യാസമുണ്ടു്.

www.malankaralibrary.com



3. കുർബാന എന്ന ദിവ്യബലി എന്തെല്ലാം ഉദ്ദേശ്യങ്ങൾക്കായിട്ടാണു ദൈവത്തിനു സമർപ്പിക്കപ്പെടുന്നതു്?

കുർബാന എന്ന ദിവ്യബലി ദൈവത്തിനു സമർപ്പിക്കപ്പെടുന്നതു് നാലു് ഉദ്ദേശ്യങ്ങൾക്കായിട്ടാണു്. (1) ദൈവത്തെ യഥായോഗ്യം ആരാധിക്കുന്നതിനും (2) ദൈവം നമുക്കു ചെയ്ത ഉപകാരങ്ങൾക്കു നന്ദി പ്രദർശിപ്പിക്കുന്നതിനും (3) ദൈവകോപത്തെ ശമിപ്പിച്ചു നമ്മുടെ പാപങ്ങൾക്കു തക്ക പരിഹാരം ചെയ്യുകയും, ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ സഹായിക്കുകയും ചെയ്യുന്നതിനും (4) നമുക്കു ആവശ്യമുള്ള അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുമാകുന്നു. ഈ നാലു് ഉദ്ദേശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി കുർബാന എന്ന ദിവ്യബലിയെ ആരാധനബലി, സ്തോത്രബലി, സമാധാനബലി, പ്രാർത്ഥനാബലി എന്നിങ്ങനെ നാലുതരത്തിൽ പരിഗണിച്ചുവരുന്നു.

4. വിശുദ്ധന്മാർക്കും നാം ദിവ്യബലി അർപ്പിക്കുന്നുണ്ടോ?
ഇല്ല; ദൈവത്തിനു മാത്രമേ നാം ദിവ്യബലി അർപ്പിക്കുന്നുള്ളു. എന്നാൽ വിശുദ്ധന്മാരുടെ തിരുനാൾ ആഘോഷിക്കുമ്പോൾ ദൈവം ഈ ലോകത്തിൽ അവർക്ക് നല്കിയ അനുഗ്രഹങ്ങളെയും, സ്വർഗ്ഗത്തിൽ അവർക്ക് നല്കിയിരിക്കുന്ന പരമഭാഗ്യത്തെയും അനുസ്മരിച്ചു കൃതജ്ഞതാസൂചകമായി ദൈവത്തിനു നാം ദിവ്യബലി അർപ്പിക്കുകയും, അവിടുത്തെ സന്നിധിയിൽ വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യുന്നു.

5. ദിവ്യ പൂജയുടെ പ്രധാന ഭാഗങ്ങൾ ഏവ?
ദിവ്യപൂജയുടെ പ്രധാനഭാഗങ്ങൾ പട്ടക്കാരൻ അപ്പവും വീഞ്ഞും കാഴ്ചവെയ്ക്കുകയും, അവ കൂദാശ ചെയ്യുകയും, തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഭാഗമാണു്.

6. കുർബാന എന്ന ദിവ്യബലിയുടെ യോഗ്യതാഫലങ്ങളെ നാം ആർക്കുവേണ്ടി കാഴ്ചവയ്ക്കണം?
ജീവിച്ചിരിക്കുന്നവർക്കും, മരിച്ചവർക്കും, തിരുസഭയുടെ ഐശ്വര്യാഭിവൃദ്ധിക്കുംവേണ്ടി കാഴ്ചവയ്ക്കണം.

www.malankaralibrary.com



7. കുർബ്ബാന എന്ന ദിവ്യബലിയിൽ സംബന്ധിക്കേണ്ടതു് എങ്ങനെ?

(1) ഗാഗുൽത്താമലയിൽ യേശുമിശിഹാ രക്തം ചിന്തി അർപ്പിച്ച ബലിയിൽ ദൈവമാതാവും ശ്ലീഹന്മാരും, മറിയംമഗ്ദലേനയും, ഭക്തരായ മററു സ്ത്രീകളും എങ്ങനെ സംബന്ധിച്ചുവോ അതേ ഭക്തചിന്തകളോടും സ്നേഹത്തോടുംകൂടി രക്തരഹിതമായി നമ്മുടെ ബലിപീഠങ്ങളിൽ അർപ്പിക്കുന്ന ദിവ്യപൂജയിൽ സംബന്ധിക്കുവാൻ നാം ശ്രമിക്കണം.

ആകയാൽ (1) ദിവ്യപൂജയിലെ എല്ലാ അപേക്ഷകളിലും കർമ്മങ്ങളിലും പട്ടക്കാരനെ ആത്മനാ അനുഗമിച്ചു യേശുമിശിഹായുടെ പീഡകളെയും മരണത്തെയും പററി ധ്യാനിക്കയും, അവയ്ക്കു കാരണമായ നമ്മുടെ പാപങ്ങളെ വെറുക്കുകയും ചെയ്യണം. (2) കുർബ്ബാനയുടെ ആരംഭത്തിൽതന്നെ ദിവ്യപൂജയുടെ നാലു് ഉദ്ദേശ്യങ്ങൾക്കായിട്ടു വിശുദ്ധ കുർബ്ബാന നാം കാഴ്ചവയ്ക്കണം. (3–ാം ചോദ്യം കാണുക) (3) പട്ടക്കാരൻ അപ്പവും വീഞ്ഞും കാഴ്ചവയ്ക്കുമ്പോൾ നമ്മെത്തന്നെ നിത്യപിതാവിനു നാം സമർപ്പിക്കണം. (4) പട്ടക്കാരൻ അപ്പവും വീഞ്ഞും കൂദാശചെയ്യുമ്പോൾ വിശുദ്ധ കൂദാശകളിൽ എഴുന്നെള്ളിവരുന്ന നമ്മുടെ കർത്താവിനെ നാം ആരാധിക്കണം. (5) പട്ടക്കാരൻ തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുമ്പോൾ കൂദാശ വഴിയായിട്ടു തന്നെ യേശുവിന്റെ തിരുശരീരം ഉൾക്കൊള്ളുവാൻ നമുക്കു സാധിച്ചില്ലെങ്കിൽ ആദ്ധ്യാത്മികമായ വിധത്തിലെങ്കിലും അതായതു്, വിശുദ്ധ കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന യേശുവിനോടു് ആന്തരികമായി യോജിക്കണമെന്നുള്ള തീവ്രമായ ആഗ്രഹത്താലെങ്കിലും യേശുവിന്റെ തിരുശരീരരക്തങ്ങളെ നാമും ഉൾക്കൊള്ളണം.

8. ദിവ്യപൂജയുടെ സമയത്തു ജപമാലപ്രാർത്ഥനയോ മററു വല്ല പ്രാർത്ഥനകളോ ചൊല്ലുന്നതുകൊണ്ടു കുർബ്ബാന ഫലപ്രദമായി കാണുന്നതിനു വിഘ്നം വരുമോ?

ഈ പ്രാർത്ഥനകൾ ചൊല്ലുമ്പോഴും കഴിയുന്നത്ര കുർബ്ബാന

www.malankaralibrary.com



യുടെ ഭാഗങ്ങളെ അനുഗമിക്കുവാൻ നാം ശ്രമിക്കുന്നപക്ഷം ഫലപ്രദമായി കർബാന കാണുന്നതിനു് ഇവ വിഘ്നമാകയില്ല.

---

# അദ്ധ്യായം 7.

## ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനം.

1. "ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം" എന്ന നമസ്കാരം ഉണ്ടാക്കിയതാരു്?

പന്ത്രണ്ടു ശ്ലീഹന്മാരാകുന്നു. തന്നിമിത്തം ഈ നമസ്കാരം പന്ത്രണ്ടു * ഖണ്ഡികകളായി വിഭജിച്ചിരിക്കുന്നു.

2. ഈ നമസ്ക്കാരം ചൊല്ലി കേൾപ്പിക്കുക.

ആകാശവും ഭൂമിയും സൃഷ്ടിച്ച........ഇത്യാദി
(9_ാം പാഠം കാണുക)

3. വിശ്വാസപ്രമാണത്തിൽ എന്തു് അന്തർഭവിച്ചിരിക്കുന്നു.

ക്രിസ്തുമതത്തിന്റെ പ്രധാന വിശ്വാസസത്യങ്ങൾ.

### 1. വിശ്വാസപ്രമാണത്തിന്റെ ഒന്നാം ഖണ്ഡിക.

1. "ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ പിതാവിൽ ഞാൻ വിശ്വസിക്കുന്നു" എന്ന വിശ്വാസപ്രമാണത്തിന്റെ + ആദിമഖണ്ഡിക എന്തെല്ലാം നമ്മെ പഠിപ്പിക്കുന്നു?

---

* ഖണ്ഡിക = വിഭാഗം.
+ ആദിമഖണ്ഡിക = ഒന്നാമത്തെ ഭാഗം.

www.malankaralibrary.com



അന്യോന്യം വിഭിന്നരായിരിക്കുന്ന മൂന്നാളുകളുള്ള ഏക ദൈവത്തിൽ ആദ്യത്തെയാൾ പിതാവാകുന്നവനെന്നും, സർവ്വശക്തനായ അവിടുന്നു ശൂന്യാവസ്ഥയിൽ നിന്നു് ആകാശത്തെയും ഭൂമിയെയും അവയിലുള്ള സകല വസ്തുക്കളെയും സൃഷ്ടിച്ചെന്നും പഠിപ്പിക്കുന്നു. (സൃഷ്ടി. 1; സങ്കീ. 18: 2–4; 101: 16–28; 2മക്കാബ. 7: 28)

2. ഈ ഒന്നാമത്തെ ആളെ "പിതാവു്" എന്നു വിളിക്കുന്നതെന്തു്?

സ്രഷ്ടാവും, നാഥനും, പരിപാലകനുമായ അവിടുന്നു മനുഷ്യരെല്ലാവരുടെയും—പ്രത്യേകിച്ചു ദൈവത്തിന്റെ ദത്തുപുത്രരെന്നു വിളിക്കപ്പെടുന്ന ഭക്തിവിശ്വാസമുള്ള ക്രിസ്ത്യാനികളുടെ—പിതാവാകയാലും വിശിഷ്യ പരിശുദ്ധതമ ത്രിത്വത്തിന്റെ + രണ്ടാമത്തെ ആളാകുന്ന പുത്രനെ ഉല്പാദിപ്പിച്ചു് ഈ ദൈവപുത്രന്റെ സാക്ഷാൽ പിതാവാകയാലുമാകുന്നു.

3. ദൈവം സർവ്വശക്തനാകുന്നു എന്നു പറഞ്ഞാൽ അർത്ഥമെന്തു്?

മനസ്സുള്ളതെല്ലാം ദൈവത്തിനു ചെയ്‌വാൻ സാധിക്കുമെന്നാകുന്നു. (സങ്കീ. 113: 3)

## 2. വിശ്വാസപ്രമാണത്തിന്റെ രണ്ടാം ഖണ്ഡിക.

1. "ദൈവത്തിന്റെ ഏകപുത്രനായ ഞങ്ങളുടെ കർത്താവേശുമിശിഹായിലും ഞാൻ വിശ്വസിക്കുന്നു" എന്ന രണ്ടാം ഖണ്ഡിക എന്തെല്ലാം നമ്മെ പഠിപ്പിക്കുന്നു?

പരിശുദ്ധതമ ത്രിത്വത്തിന്റെ 'രണ്ടാമത്തെ ആൾ പുത്രൻ ആകുന്നുവെന്നും, ഈ പുത്രൻ പിതാവിനെപ്പോലെ * അനാദിയും, സർവ്വശക്തനും, നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവവും സർവ്വനാഥനുമാകു

+ പരിശുദ്ധതമത്രിത്വം = ഏറാവും പരിശുദ്ധമായത്രിത്വം
* അനാദി = ആരംഭം ഇല്ലാത്തവൻ.

www.malankaralibrary.com



ന്നുവെന്നും നമ്മെ പരിത്രാണം X ചെയ്‌വാൻ മനുഷ്യനായി അവതരിച്ച ഈ ദൈവസുതന്റെ * നാമം യേശുമിശിഹാ എന്നാകുന്നുവെന്നും നമ്മെ പഠിപ്പിക്കുന്നു.

2. യേശുമിശിഹായെ ദൈവത്തിന്റെ ഏകപുത്രൻ എന്നു വിളിക്കുന്നതെന്തു്?
പിതാവായ ദൈവത്തിന്റെ സ്വാഭാവികപുത്രൻ യേശുമിശിഹാ മാത്രമാകുന്നതിനാൽ മിശിഹായെ ദൈവത്തിന്റെ ഏകപുത്രൻ എന്നു വിളിക്കുന്നു. (മനുഷ്യർ ദൈവത്തിന്റെ ദത്തുപുത്രന്മാരാകുന്നു) (കൊലൊ. 1: 15.)

3. “യേശു” എന്ന തിരുനാമത്തിന്റെ അർത്ഥമെന്തു്?
രക്ഷകൻ എന്നാകുന്നു.

4. മിശിഹാ എന്ന തിരുനാമത്തിന്റെ അർത്ഥമെന്തു്?
അഭിഷിക്തൻ + എന്നാകുന്നു.

5. ദൈവപുത്രനായ യേശുവിനെ മിശിഹാ എന്നു വിളിക്കുന്നതെന്തു്?
പുരാതന കാലത്തെ രാജാക്കന്മാരും ആചാര്യന്മാരും ദീർഘദർശികളും അഭിഷേകം ചെയ്യപ്പെട്ടിരുന്നതുകൊണ്ടും, യേശു രാജാക്കന്മാരുടെ രാജാവും, ആചാര്യ പ്രമുഖനും, ഏററവും വലിയ ദീർഘദർശിയും ആയതുകൊണ്ടും ആണു്.

6. യേശുമിശിഹായുടെ അഭിഷേകം ശാരീരികമായ ഒന്നായിരുന്നോ?
അല്ല; യേശുമിശിഹാ സത്യ ദൈവമായിരിക്കയാൽ അവിടത്തെ അഭിഷേകം ആദ്ധ്യാത്മികവും ദൈവികവുമായ ഒന്നായിരുന്നു.

7. മിശിഹാ ലോകത്തിൽ ജനിക്കുന്നതിനു മുമ്പ് മനു

---

X പരിത്രാണം ചെയ്‌വാൻ = രക്ഷിക്കാൻ.
* ദൈവസുതൻ = ദൈവപുത്രൻ.
+ അഭിഷിക്തൻ = അഭിഷേകം ചെയ്യപ്പെട്ടവൻ, തൈലംകൊണ്ടു പൂശപ്പെട്ടവൻ.

www.malankaralibrary.com



ഷ്യക്ക് അവിടത്തെപ്പററി വല്ല അറിവും ഉണ്ടായിരുന്നോ?

നമ്മുടെ ആദിമ മാതാപിതാക്കന്മാരോടു ദൈവം അരുളിച്ചെയ്കയും (സൃഷ്ടി. 3. 15), ഗോത്രപിതാക്കന്മാരോടു പല പ്രാവശ്യം ആവത്തിച്ചു പറയുകയും ചെയ്ത വാഗ്ദാനങ്ങളും (സൃഷ്ടി. 12: 3; 18: 18; 22: 18; 26: 4; 28: 14), ദീർഘദർശിമാരുടെ പ്രവചനങ്ങളും, പഴയനിയമത്തിലുള്ളതും യേശുവിനെ പ്രതിരൂപിക്കുന്നതുമായ അനവധി സാദൃശ്യങ്ങളും വഴിയായി മിശിഹാ ലോകത്തിൽ ജനിക്കുമെന്നു മനുഷ്യർ മുൻകൂട്ടി അറിഞ്ഞിരുന്നു.

8. യേശുമിശിഹാ സാക്ഷാലുള്ള മിശിഹായും വാഗ്ദാനം ചെയ്യപ്പെട്ട രക്ഷിതാവുമാണെന്നു നാം അറിയുന്നതു് എങ്ങനെ?

ദീർഘദർശിമാർ അരുളിച്ചെയ്ത സകല പ്രവചനങ്ങളും, പഴയനിയമത്തിൽ മുൻകൂട്ടി പ്രതിരൂപിക്കപ്പെട്ട സകല സാദൃശ്യങ്ങളും യേശുവിൽ നിറവേറിയിരിക്കുന്നതുകൊണ്ടു് അവിടുന്നു സാക്ഷാൽ മിശിഹായും വാഗ്ദാനം ചെയ്യപ്പെട്ട രക്ഷിതാവുമാണെന്നു നാം അറിയുന്നു.

9. യേശുവിനെപ്പററി ദീർഘദർശിമാർ അരുളിച്ചെയ്ത പ്രവചനങ്ങൾ ഏവ?

യേശു ജനിക്കാനിരുന്ന ഗോത്രവും കുടുംബവും; തൻെറ ജനനത്തിൻെറ സ്ഥലവും സമയവും (സൃഷ്ടി. 49: 8–10; സംഖ്യ. 24: 17–19; ആവത്തം. 18: 15–19; ഏശയ്യാ. 7: 10–14; മിഖായേസ്. 5: 2; ദാനിയേൽ 9: 24—27) താൻ ചെയ്വാനിരുന്ന അത്ഭുതങ്ങളും, തൻെറ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും പല സാഹചര്യങ്ങളും (ഏശയ്യാ 35: 4–5; സങ്കീ. 21; ഏശയ്യാ 53; സഖറി. 11: 12–13; 12: 10) തൻെറ ഉയിർപ്പും സ്വർഗ്ഗാരോഹണവും, താൻ സ്ഥാപിക്കാനിരുന്ന സാർവ്വത്രികവും ശാശ്വതവുമായ ആദ്ധ്യാത്മിക രാജ്യവും അഥവാ വിശുദ്ധ കത്തോലിക്കാസഭയും (സങ്കീ. 15: 10; 2; 44; 71; 109;

www.malankaralibrary.com



ഏശയ്യാ 2: 2_4; മിഖാ. 4: 1_7; സഖറി. 8: 20_23 എസക്കിയേൽ 34: 13_27) സംബന്ധിച്ചുള്ള പലേ കാര്യങ്ങളും ദീർഘദർശിമാർ മുൻകൂട്ടി അറിയിച്ചിരുന്നു.

10. പഴയനിയമത്തിൽ രക്ഷിതാവിനെ സംബന്ധിച്ചുള്ള മുഖ്യമായ സാദൃശ്യങ്ങൾ ഏവ?

പഴയനിയമത്തിൽ രക്ഷിതാവിനെ സംബന്ധിച്ചുള്ള മുഖ്യമായ സാദൃശ്യങ്ങൾ:—(1) നിർദ്ദോഷിയായ ഹാബേൽ (സൃഷ്ടി. 4) (2) പ്രധാനാചാര്യനായ മെൽക്കിസദെക്ക് (സൃഷ്ടി. 14: 18; സങ്കീ. 109: 4; എബ്രാ. 5: 6; 6: 20; 7) (3) ഇസഹാക്കിന്റെ ബലി (സൃഷ്ടി. 22); (4) സ്വസഹോദരന്മാരാൽ വിൽക്കപ്പെട്ട യൗസേഫ് (സൃഷ്ടി. 37); (5) യോനാസ് ദീർഘദർശി (യോനാസ് 2; മത്താ. 12: 39 40; 16: 4); (6) പെസഹാക്കുഞ്ഞാട് (പുറപ്പാട് 12; സംഖ്യ. 9; യോഹ. 1: 29 ; (7) മരുഭൂമിയിൽ മോശ സ്ഥാപിച്ച പിച്ചള സർപ്പം (സംഖ്യ. 21: 9; യോഹ. 3: 14_15) എന്നിവയാകുന്നു.

11. യേശുമിശിഹായെ "നമ്മുടെ കർത്താവ്" എന്നു വിളിക്കുന്നതെന്ത്?

ദൈവസ്വഭാവത്താൽ പിതാവായ ദൈവത്തെപ്പോലെ യേശുമിശിഹാ നമ്മുടെ നാഥനും, സ്രഷ്ടാവും ആകുന്നതിനാലും, അവിടുന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു തന്റെ അമൂല്യരക്തത്താൽ നമ്മെ പിശാചിന്റെ ദാസ്യത്തിൽനിന്നു പരിത്രാണം ചെയ്തതിനാലും യേശുമിശിഹായെ നാം നമ്മുടെ കർത്താവും രക്ഷകനുമെന്നു വിളിക്കുന്നു' (മത്താ 28: 18; യോഹ. 3: 35; മത്താ. 1: 21; നടപടി 4: 12; കൊലൊ. 1: 12_20.

3. വിശ്വാസപ്രമാണത്തിന്റെ മൂന്നാം ഖണ്ഡിക.

1. "ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി

www.malankaralibrary.com


"കന്യകമറിയത്തിൽനിന്നും ജനിച്ചു" എന്ന ഖണ്ഡിക എന്തെല്ലാം നമ്മെ പഠിപ്പിക്കുന്നു?

ദൈവപുത്രനായ യേശുമിശിഹാ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കന്യകമറിയത്തിന്റെ ഗർഭത്തിൽ വസിച്ചു നമുക്കുള്ളതുപോലെ ഒരു ആത്മാവും ശരീരവും സ്വീകരിച്ചു മനുഷ്യനായി അവതരിച്ചു എന്നർത്ഥമാകുന്നു. (ഏശയ്യാ 7: 14; ലൂക്കാ. 1: 30-35; യോഹ. 1: 14; ഫിലിപ്പോ. 2: 6-7).

2. യേശുമിശിഹായ്ക്കു എത്ര സ്വഭാവമുണ്ട്?

രണ്ട്; അതായത് ദൈവസ്വഭാവവും, മനുഷ്യസ്വഭാവവും.

3. രണ്ടുസ്വഭാവമുള്ള യേശുമിശിഹായിൽ എത്ര ആൾ അഥവാ വ്യക്തിത്വം ഉണ്ട്?

ഒരാൾ മാത്രമേയുള്ളു, അതായത് പരിശുദ്ധത്രിത്വത്തിലെ രണ്ടാമത്തെ ആൾ.

4. യേശുമിശിഹായുടെ അമ്മ ആരാകുന്നു?

പരിശുദ്ധ കന്യകമറിയാം.

5. പരിശുദ്ധ കന്യകമറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നതു ശരിയോ?

ശരിതന്നെ; സത്യദൈവമായ യേശുമിശിഹായെ പ്രസവിച്ചതിനാൽ കന്യകമറിയം യഥാർത്ഥമായി ദൈവമാതാവായിത്തീർന്നിരിക്കുന്നു.

## 4. വിശ്വാസപ്രമാണത്തിന്റെ നാലാം ഖണ്ഡിക.

1. "പീലാത്തോസിന്റെ ദിവസങ്ങളിൽ പീഡിപ്പിക്കപ്പെട്ടു, കുരിശിൽ തറയ്ക്കപ്പെട്ടു, മരിച്ചു അടക്കപ്പെട്ടു" എന്ന നാലാം ഖണ്ഡികയിൽനിന്നു നാം എന്തു മനസ്സിലാക്കണം?

കർത്താവേശുമിശിഹാ ലോകത്തെ പരിത്രാണം ചെയ്യാൻ യഹൂദരാജ്യത്തിലെ അധികാരിയായിരുന്ന പീലാത്തോസിന്റെ വിധിയാൽ മരണശിക്ഷയ്ക്കു വിധേ

www.malankaralibrary.com



യനായി പീഡകൾ സഹിച്ചു കുരിശിന്മേൽ മരിച്ചു എന്നും, അവന്റെ തിരുശരീരം നവമായ ഒരു പ്രേതാലയത്തിൽ * സംസ്കരിക്കപ്പെട്ടു എന്നും നാം മനസ്സിലാക്കണം.

2. യേശുമിശിഹാ പീഡകൾ സഹിച്ചു മരിച്ചതു ദൈവമായിട്ടോ മനുഷ്യനായിട്ടോ?

ദൈവം എന്ന നിലയിൽ പീഡകൾ സഹിപ്പാനും മരിപ്പാനും സാധിക്കുന്നതല്ല. മനുഷ്യനെന്ന നിലയിൽ മാത്രമേ പീഡകൾ സഹിക്കയും, മരിക്കയും ചെയ്തുള്ളു. (1 പത്രോ. 3:18; 4:1)

3. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരം ചെയ്‌വാൻ ഒരു ദൈവദൂതൻ മനുഷ്യനായി അവതരിച്ചു പീഡകൾ സഹിച്ചാൽ മതിയാകുമായിരുന്നോ?

ഇല്ല; എന്തെന്നാൽ പാപംമൂലം അനന്തമഹത്വമുള്ള ദൈവത്തോടു ദ്രോഹം ചെയ്യുന്നതിനാൽ ആ പാപത്തിന്റെ മാലിന്യം ഒരു പ്രകാരത്തിൽ അനന്തമായിരുന്നു. അതിനെ പരിഹരിപ്പാൻ അനന്തയോഗ്യതയുള്ള ഒരാൾ അവശ്യമായിരുന്നു. ദൈവത്തിനല്ലാതെ മറ്റാർക്കും അനന്തയോഗ്യതയില്ല.

4. പാപത്തിനു പൂർണ്ണമായ പരിഹാരം ചെയ്‌വാൻ വേണ്ടി യേശുമിശിഹാ ദൈവവും മനുഷ്യനും കൂടെ ആയിരിപ്പാൻ ആവശ്യമായിരുന്നോ?

ആവശ്യമായിരുന്നു; എന്തെന്നാൽ പീഡകൾ സഹിച്ചു മരിപ്പാൻ കഴിയുന്നതിനുവേണ്ടി മനുഷ്യനും, തന്റെ പീഡാനുഭവങ്ങൾക്കു അനന്തമായ യോഗ്യത ഉണ്ടാകുന്നതിനുവേണ്ടി ദൈവവും ആയിരിപ്പാൻ ആവശ്യമായിരുന്നു.

5. മിശിഹായുടെ പീഡാനുഭവങ്ങൾക്കു അനന്തമായ യോഗ്യത ഉണ്ടായിരിക്കണമെന്നുള്ളതിന്റെ ആവശ്യമെന്തു? പാപത്താൽ ദ്രോഹിക്കപ്പെട്ട ദൈവത്തിന്റെ മഹത്വം അനന്തമായിരിക്കയാൽ ആ ദ്രോഹത്തിനു ശരി

* പ്രേതാലയം = ശവക്കല്ലറ.

www.malankaralibrary.com


യായ പരിഹാരം ചെയ്യു മിശിഹായുടെ യോഗ്യതയും അനന്തമായിരിക്കേണ്ടതാണ്.

6. മനുഷ്യരെ രക്ഷിപ്പാൻ യേശുമിശിഹാ ഇത്രവളരെ പീഡകൾ സഹിപ്പാൻ ആവശ്യമുണ്ടായിരുന്നോ?

ഇല്ല; മിശിഹാ ദൈവവും കൂടായിരുന്നതിനാൽ അവിടുത്തെ ഓരോ പ്രവൃത്തിക്കും അനന്തമായ യോഗ്യതയുണ്ടായിരുന്നു; തൻമൂലം തന്റെ പീഡാനുഭവങ്ങളുടെ ഏററവും തുച്ഛമായ ഓംശംകൊണ്ടു നമ്മുടെ നിത്യരക്ഷ സാധിക്കാമായിരുന്നു.

7. അങ്ങനെയെങ്കിൽ യേശു ഇത്രവളരെ പീഡകൾ സഹിപ്പാൻ തിരുമനസ്സായതു് എന്തുകൊണ്ടു്?

പാപം നിമിത്തം കോപിച്ച ദൈവത്തെ ഏത്രയും അധികമായി തൃപ്തിപ്പെടുത്തുന്നതിനും, നമ്മുടെ നേരെയുള്ള തന്റെ സ്നേഹം ഏററവും കൂടുതലായി വെളിപ്പെടുത്തുന്നതിനും പാപത്തിന്റെ നേരെ കഠിനമായ വിദ്വേഷം നമ്മിൽ ജനിപ്പിക്കുന്നതിനുമാകുന്നു.

8. മിശിഹാ ആർക്കുവേണ്ടി മരിച്ചു?

സകല മനുഷ്യരുടെയും ആത്മരക്ഷയ്ക്കുവേണ്ടി മരിച്ചു. (ഏശയ്യാ 53:5–6; 1 തിമോ. 2:6)

9. മിശിഹാ സകല മനുഷ്യരുടെയും ആത്മരക്ഷയ്ക്കുവേണ്ടി മരിച്ചു എങ്കിൽ എല്ലാമനുഷ്യരും നിത്യരക്ഷ പ്രാപിക്കാത്തതു് എന്തുകൊണ്ടു്?

എല്ലാ മനുഷ്യരും നിത്യരക്ഷ പ്രാപിക്കാത്തതു്, എല്ലാവരും യേശുമിശിഹായെ സ്വീകരിച്ചു് അവിടുത്തെ കല്പനകളെ അനുസരിക്കാത്തതുകൊണ്ടും, അവിടുന്നു് നൽകിയിട്ടുള്ള രക്ഷാ മാർഗ്ഗങ്ങളെ എല്ലാവരും ഉപയോഗിക്കാത്തതുകൊണ്ടുമാണു്.

10. നിത്യരക്ഷ പ്രാപിക്കുന്നതിനു് മിശിഹാ നമുക്കുവേണ്ടി മരിച്ചു എന്നുള്ളതു പോരായോ?

പോരാ; മിശിഹായുടെ പീഡകളുടെയും മരണത്തി

www.malankaralibrary.com



ന്റെയും ഫലങ്ങൾ നമുക്കു ഓരോരുത്തർക്കും ലഭിക്കേണ്ടിയിരിക്കുന്നു. ഈ ഫലങ്ങൾ പ്രധാനമായി ലഭിക്കുന്നതു് യേശുമിശിഹാതന്നെ ഈ ഉദ്ദേശ്യത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള കൂദാശകൾ വഴിയായിട്ടാകുന്നു. ആകയാൽ ഈ കൂദാശകളെ സ്വീകരിക്കാത്തവർ അഥവാ അയോഗ്യമായി ഇവയെ സ്വീകരിക്കുന്നവർ യേശുവിന്റെ പീഡകളുടെയും മരണത്തിന്റെയും ഫലങ്ങൾ തങ്ങളെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനകരമാക്കിത്തീർക്കുന്നതിനാൽ നിത്യരക്ഷ പ്രാപിക്കയില്ല.

## 5. വിശ്വാസപ്രമാണത്തിന്റെ അഞ്ചാം ഖണ്ഡിക.

1. "പാതാളങ്ങളിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽ നിന്നു മൂന്നാംനാൾ ഉയിർത്തു" എന്ന അഞ്ചാമത്തെ ഖണ്ഡികയിൽ നിന്നു നാം എന്തു ഗ്രഹിക്കണം?

കർത്താവേശുമിശിഹാ മരിച്ചു ഉടനെ തന്റെ നിർമ്മലമായ ആത്മാവു് അബ്രഹാമിന്റെ മാർവ്വിടം എന്നു പേരുള്ള പാതാളത്തിൽ ഇറങ്ങി അവിടെയുണ്ടായിരുന്ന നീതിമാന്മാരുടെ ആത്മാക്കളെ രക്ഷിച്ചെന്നും, താൻ മരിച്ചിട്ടു് മൂന്നാംനാൾ ഉത്ഥാനം ചെയ്തെന്നും ഗ്രഹിക്കണം.

2. ലോകാവസാനത്തിൽ മനുഷ്യരെല്ലാം ഉയിർക്കുന്നതു പോലെയാണോ മിശിഹാ ഉയിർത്തതു്?

അല്ല; ലോകാവസാനത്തിൽ മനുഷ്യർ ദൈവത്തിന്റെ ശക്തിയാൽ ആയിരിക്കും ഉയിർക്കുന്നതു്. എന്നാൽ മിശിഹാ ദൈവമായിരിക്കയാൽ സ്വശക്തിയാൽ ഉയിർത്തു.

## 6. വിശ്വാസപ്രമാണത്തിന്റെ ആറാം ഖണ്ഡിക.

1. "സ്വർഗ്ഗത്തിൽ കരേറി സർവ്വശക്തനായ പിതാവിന്റെ വലത്തുഭാഗത്തു് ഇരിക്കുന്നു" എന്ന ആറാം ഖണ്ഡികയിൽ നിന്നും നാം ഗ്രഹിക്കേണ്ടതു് എന്തു്?

www.malankaralibrary.com



മിശിഹാ ഉത്ഥാനം ചെയ്തശേഷം നാല്പതാം ദിവസം തന്റെ ശ്ലീഹന്മാരുടെ സന്നിധിയിൽ സ്വർഗ്ഗത്തിലേക്ക് എഴുന്നെള്ളിയെന്നും, ദൈവം എന്ന നിലയിൽ തന്റെ പരമപിതാവിന്റെ മഹത്വത്തിൽ അവിടുന്നു * സമനായിത്തീർന്നുവെന്നും, മനുഷ്യൻ എന്ന നിലയിൽ അവിടുന്നു സകല ദൈവദൂതന്മാരിലും പുണ്യവാന്മാരിലും ശ്രേഷ്ഠനായി സർവ്വവസ്തുക്കളുടെയും നാഥനായിത്തീർന്നിരിക്കുന്നു എന്നും ഈ ആറാം ഖണ്ഡികയിൽ നിന്നു നാം ഗ്രഹിക്കണം. (റോമാ. 8:34; എബ്രായ. 1: 2–4)

2. പിതാവായ ദൈവത്തിനു വലത്തുഭാഗവും ഇടത്തുഭാഗവുമുണ്ടോ?

അശരീരിയായ ദൈവത്തിനു വലത്തുഭാഗവും ഇടത്തുഭാഗവുമില്ല. മനുഷ്യൻ എന്ന നിലയിൽ നമ്മുടെ കർത്താവേശുമിശിഹായ്ക്കു സകല സൃഷ്ടികളെക്കാളും സ്വർഗ്ഗത്തിൽ നൽകപ്പെട്ട അവർണ്ണനീയമായ ബഹുമാനത്തെയും, മഹത്വത്തെയും അറിയിക്കുന്നതിനുവേണ്ടി അവിടുന്ന് പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നുവെന്നു പറയുന്നു.

## 7. വിശ്വാസപ്രമാണത്തിന്റെ ഏഴാം ഖണ്ഡിക.

1. “അവിടെനിന്നു ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ വരും” എന്ന ഏഴാം ഖണ്ഡികയിൽ നിന്ന് എന്തു നാം മനസ്സിലാക്കണം.

യേശുമിശിഹാ ലോകാന്ത്യത്തിൽ അവസാനവിധി (പൊതുവിധി) നടത്തുവാൻ + അതീവ മഹത്വത്തോടും പ്രാഭവത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് എഴുന്നെള്ളിവന്നു മനുഷ്യരെല്ലാവരെയും വിധിച്ച് അവ

---

* സമനായി = സമത്വമുള്ളവനായി, തുല്യനായി,

\+ അതീവമഹത്വം = വലിയമഹത്വം.

www.malankaralibrary.com



രവരുടെ + ധർമ്മാധർമ്മങ്ങൾക്ക അനുയോജ്യമായ സമ്മാനവും, ശിക്ഷയും നൽകുമെന്ന് ഏഴാം ഖണ്ഡികയിൽ നിന്നു നാം മനസ്സിലാക്കണം. (മത്താ. 25: 1-30; 25: 31-46. യോഹ. 5: 22. റോമ്മാ. 14: 10-11 2കോറി. 5: 10)

2. മരണക്ഷണത്തിൽത്തന്നെ എല്ലാവരും വിധിക്കപ്പെടുന്നില്ലേ?

ഉണ്ട്; ആ വിധിയെ സ്വകീയവിധി X എന്നു വിളിക്കുന്നു. (എബ്രാ. 9: 27)

3. മരിക്കുന്ന ഉടനെ എല്ലാവരും വിധിക്കപ്പെടുമെങ്കിൽ, അവസാനവിധി അഥവാ സർവ്വജനീയ വിധിയുടെ * ആവശ്യമെന്ത്?

അതിനു പല കാരണങ്ങളുമുണ്ട്. 1-ാമതു് ദൈവത്തിന്റെ സ്തുതിക്കും; 2-ാമതു് യേശുമിശിഹായുടെ മഹത്വത്തിനും; 3-ാമതു് നീതിമാന്മാരുടെ ബഹുമാനത്തിനും; 4-ാമതു് ദുഷ്ടന്മാരുടെ ലജ്ജയ്ക്കും; 5-ാമതു് നീതിമാന്മാർ ആത്മശരീരത്തോടുകൂടെ നിത്യമായ സ്വർഗ്ഗീയഭാഗ്യം പ്രാപിപ്പാനും, ദുഷ്ടന്മാർ ആത്മശരീരത്തോടുകൂടെ നിത്യമായ നരകശിക്ഷ സ്വീകരിപ്പാനുംവേണ്ടി അവസാനവിധി അഥവാ സർവജനീയവിധി നിശ്ചയിച്ചിരിക്കുന്നു.

## 8. വിശ്വാസപ്രമാണത്തിന്റെ എട്ടാം ഖണ്ഡിക.

1. "പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു" എന്ന എട്ടാമത്തെ ഖണ്ഡികയിൽ നിന്നു് എന്താണു നാം ഗ്രഹിക്കേണ്ടതു്?

---

+ ധർമ്മാധർമ്മങ്ങൾ = ധർമ്മവും അധർമ്മവും; സൽപ്രവൃത്തികളും ദുഷ്പ്രവൃത്തികളും.

X സ്വകീയവിധി=തന്നെമാത്രം സംബന്ധിക്കുന്ന വിധി.

* സർവ്വജനീയവിധി=സകല മനുഷ്യരെയും സംബന്ധിക്കുന്നവിധി, പൊതുവിധി.

www.malankaralibrary.com



പരിശുദ്ധാത്മാവ് വിശുദ്ധ ത്രിത്വത്തിന്റെ മൂന്നാമത്തെ ആളാകുന്നുവെന്നും, പിതാവിനെയും പുത്രനെയുംപോലെ അനാദിയും സർവ്വശക്തനുമായ ദൈവവും സകല വസ്തുക്കളെയും സൃഷ്ടിച്ചു പരിപാലിച്ചു രക്ഷിക്കുന്ന പരമനാഥനും ആകുന്നുവെന്നും, അവിടുന്ന് പരിശുദ്ധാത്മാവ് എന്ന് അർത്ഥമുള്ള "റൂഹാദ്ക്കുദ്ശാ" എന്നു വിളിക്കപ്പെടുന്നുവെന്നും നാം മനസ്സിലാക്കണം.

## 9. വിശ്വാസപ്രമാണത്തിന്റെ ഒൻപതാംഖണ്ഡിക.

1. "വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു" എന്ന ഒമ്പതാമത്തെ ഖണ്ഡികയിൽ നിന്നു നാം എന്താണു ഗ്രഹിക്കേണ്ടതു്?

ദൈവപുത്രനായ മിശിഹാ മനുഷ്യവർഗ്ഗത്തിന്റെ നിത്യരക്ഷയ്ക്കുവേണ്ടി ഒരു സാർവ്വത്രിക സഭയെ ഭൂമിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും, അതിലുൾപ്പെട്ടവരൊക്കെയും, ഒരേ വേദസത്യങ്ങൾ വിശ്വസിച്ചും ഒരേ കൂദാശകൾ സ്വീകരിച്ചും ഏക തലവനായ റോമ്മാ മാർപ്പാപ്പായ്ക്കു കീഴ്വഴങ്ങിയും പരിപൂർണ്ണമായ ഐക്യത്തിൽ വർത്തിക്കുന്നുവെന്നും നാം മനസ്സിലാക്കണം.

(നാലാം അദ്ധ്യായം കാണുക.)

2. തിരുസഭ എന്നാലെന്തു്?

മാമ്മോദീസാ സ്വീകരിച്ചു് ഒരേ വേദസത്യങ്ങളെ വിശ്വസിച്ചു് മിശിഹായുടെ പ്രതിനിധിയും തിരുസഭയുടെ ദൃശ്യതലവനുമായ റോമ്മാ മാർപ്പാപ്പായ്ക്കു കീഴ്വഴങ്ങുന്ന വിശ്വാസികളുടെ ഗണമാകുന്നു തിരുസഭ.

3. നിത്യരക്ഷ പ്രാപിക്കുന്നതിനു കത്തോലിക്കാ തിരുസഭയുടെ നാമമാത്രമായ അംഗമോ, നിഷ്ഫലമായ അംഗമോ ആയിരുന്നാൽ മതിയോ?

പോരാ, തിരുസഭയുടെ സജീവമായ ഒരു അംഗമായിരിക്കണം.

www.malankaralibrary.com



4. തിരുസഭയുടെ സജീവ അംഗങ്ങൾ ആരാണ്?
തിരുസഭയുടെ സജീവാംഗങ്ങൾ നീതിമാന്മാർ, അതായത് പ്രസാദവരത്തിലിരിക്കുന്നവർ മാത്രമാണ്.

5. തിരുസഭയുടെ നിർജ്ജീവ അംഗങ്ങൾ ആരാണ്?
തിരുസഭയുടെ നിർജ്ജീവാംഗങ്ങൾ മരണകരമായ പാപത്തിലിരിക്കുന്ന വിശ്വാസികളാകുന്നു.

6. തിരുസഭയുടെ അംഗങ്ങളിൽ ഉൾപ്പെടാത്തവർ അഥവാ തിരുസഭയ്ക്കു പുറമേയുള്ളവർ ആരാകുന്നു?
തിരുസഭയുടെ അംഗങ്ങളിൽ ഉൾപ്പെടാത്തവർ:— (1) മാമ്മോദീസാ സ്വീകരിക്കാത്തവർ (യൂദന്മാർ, ഹിന്ദുക്കൾ, മഹമ്മദീയർ മുതലായ അക്രൈസ്തവർ)

2. പാഷണ്ഡികൾ (മാമ്മോദീസാ സ്വീകരിച്ചവരെങ്കിലും സത്യസഭയായ കത്തോലിക്കാ സഭയിലെ വിശ്വാസസത്യങ്ങളിൽ ഏതെങ്കിലും നിഷേധിക്കുകയോ തിരുസഭ ശപിക്കുന്നവ പഠിപ്പിക്കുകയോ ചെയ്യുന്ന ക്രിസ്തീയ സഭകളിൽ ഉൾപ്പെട്ടവർ. ഉദാഹരണം:—നെസ്തോറിയർ, പ്രോട്ടസ്റ്റൻറുകാർ, മാർത്തോമ്മാക്കാർ)

3) ശീശ്മക്കാർ (തിരുസഭയിലെ വിശ്വാസസത്യങ്ങളിൽ യാതൊന്നും പ്രത്യക്ഷത്തിൽ നിഷേധിക്കുന്നില്ലെങ്കിലും ന്യായപ്രകാരമുള്ള ഇടയന്മാർക്കു പ്രത്യേകിച്ചു തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായ്ക്കു കീഴ്‌വഴങ്ങാത്തതോ, അഥവാ കീഴ്‌വഴങ്ങാത്തതുനിമിത്തം തിരുസഭയിൽനിന്നു വെട്ടിനീക്കപ്പെട്ടതോ ആയ ക്രിസ്തീയ സഭകളിൽ ഉൾപ്പെട്ടവർ.)
ഉദാ:—യാക്കോബായക്കാർ, ഗ്രീക്കുസഭക്കാർ.

4) മതത്യാഗികൾ (മുമ്പ് അനുസരിച്ചിരുന്ന കത്തോലിക്കാ വിശ്വാസത്തെ നിശ്ശേഷം ത്യജിച്ചുകളയുകയോ അഥവാ ബാഹ്യമായ പ്രവൃത്തിയാൽ നിഷേധിക്കയോ ചെയ്യുന്നവർ. ഉദാ:—കത്തോലിക്കരായിരുന്ന ശേഷം അന്യ സഭകളിൽ ചേരുന്നവർ)

5) മഹറോൻ ഏററവർ—അഥവാ സഭാഭ്രഷ്ടന്മാർ. (കഠിനമായ കുററങ്ങൾ നിമിത്തം ശിക്ഷനൽകി തിരുസഭയിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടവർ)

www.malankaralibrary.com



7. "പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു" എന്ന ഒമ്പതാം ഖണ്ഡികയിൽ നിന്നു് എന്തു നാം മനസ്സിലാക്കണം?

തിരുസഭയുടെ സന്താനങ്ങളായി ഈ ലോകത്തിൽ മിശിഹായെപ്രതി യുദ്ധം ചെയ്തു പീഡകൾ സഹിക്കുന്ന വിശ്വാസികളും ശുദ്ധീകരസ്ഥലത്തിൽ വേദന അനുഭവിക്കുന്ന പരേതരും * സ്വർഗ്ഗത്തിൽ ഭാഗ്യമോടെ വാഴുന്ന പുണ്യവാന്മാരും ഏകശരീരത്തിലെ അംഗങ്ങൾപോലെ മിശിഹായിൽ അന്യോന്യം സംയോജിച്ചും ഏകീഭവിച്ചും ഇരിക്കുന്നുവെന്നു് ഈ ഒൻപതാം ഖണ്ഡികയിൽനിന്നു നാം മനസ്സിലാക്കണം. (റോമാ. 12:4–5; 1 കോറി. 12: 11–31; എഫേസ്യ. 4: 4–13)

8. സത്യസഭയെ എത്രയായി വിഭജിക്കാം?

സമരസഭ, സഹനസഭ, വിജയസഭ എന്നിങ്ങനെ മൂന്നായി വിഭജിക്കാം. സമരസഭയിൽ ലോകത്തിൽ ജീവിച്ചു മിശിഹായ്ക്കുവേണ്ടി പോരാടുന്നവരും, സഹനസഭയിൽ ശുദ്ധീകരസ്ഥലത്തിൽ പീഡകൾ സഹിക്കുന്ന പരേതരും, വിജയസഭയിൽ സ്വർഗ്ഗത്തിൽ പരമഭാഗ്യം അനുഭവിക്കുന്ന പുണ്യാത്മാക്കളും ഉൾപ്പെടുന്നു. പ്രാർത്ഥനകളും യോഗ്യതകളും വഴിയായി തിരുസഭയുടെ ഈ മൂന്നു വിഭാഗങ്ങളിലുമുള്ള അംഗങ്ങളുടെ അന്യോന്യമുള്ള ഐക്യവും ഏകീകരണവുമാണു് "വിശുദ്ധന്മാരുടെ ഐക്യം" എന്നു പറയുന്നതു്.

9. സമരസഭയിലുള്ളവർക്കു് അന്യോന്യം എന്തു് ഐക്യമാണുള്ളതു്?

സമരസഭയിലുള്ളവർ പ്രത്യേകിച്ചു പ്രസാദവരത്തിലിരിക്കുന്നവർ തിരുസഭ മുഴുവനിലും നടക്കുന്ന ദിവ്യപൂജകളിലും പ്രാർത്ഥനകളിലും മററു സൽപ്രവൃത്തികളിലും ഭാഗഭാക്കുകളാകുന്നു.

10. സഹനസഭയിലുള്ളവരുമായിട്ടു് എങ്ങനെയാണു നമുക്കു ഐക്യം ഉണ്ടാകുന്നതു്?

---

* പരേതർ = മരിച്ചവർ.

www.malankaralibrary.com



ശുദ്ധീകരസ്ഥലത്തിൽ പീഡ സഹിക്കുന്ന ആത്മാക്കൾക്കുവേണ്ടി നാം പ്രാർത്ഥിക്കയും, സൽപ്രവൃത്തികൾ ചെയ്യുകയും, ബന്ധവിമോചനങ്ങൾ പ്രാപിക്കയും, പ്രത്യേകിച്ച് ദിവ്യപൂജ വഴിയായി അവരെ നാം സഹായിക്കുകയും, അവർ നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതിനാൽ ഈ ഐക്യം ഉളവാകുന്നു. (2മക്കാബായ. 12: 46)

11. വിജയസഭയിലുള്ളവരുമായിട്ട് എങ്ങനെയാണു നമുക്കു ഐക്യം ഉണ്ടാകുന്നത്?

വിശുദ്ധന്മാരെ നാം ബഹുമാനിക്കയും, അവരുടെ മാദ്ധ്യസ്ഥം നാം അപേക്ഷിക്കയും, അവർ നമുക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നതിനാൽ ഈ ഐക്യം ഉണ്ടാകുന്നു. (തോബിയാസ് 12: 12; ദാനിയേൽ 3: 35; 2മക്കാബായ. 15: 14; വെളിപാട് 5: 8; 8: 3)

12. പുണ്യവാന്മാരുടെ ഈ ഐക്യത്തിൽ ഉൾപ്പെടാത്തവർ ആരാകുന്നു?

പുണ്യവാന്മാരുടെ ഈ ഐക്യത്തിൽ ഉൾപ്പെടാത്തവർ നരകത്തിൽ നിത്യശിക്ഷ അനുഭവിക്കുന്നവരും, ഈ ലോകത്തിൽ തിരുസഭയ്ക്കു പുറമെയുള്ളവരുമാകുന്നു. (തിരുസഭയ്ക്കു പുറമേയുള്ളവർ ആരെന്നു വിശ്വാസപ്രമാണത്തിന്റെ ഒമ്പതാം ഖണ്ഡികയിൽ 6-ാം ചോദ്യവും ഉത്തരവും കാണുക)

13. തിരുസഭയുടെ അംഗങ്ങൾക്കെല്ലാം പുണ്യവാന്മാരുടെ ഐക്യത്തിൽ പൂർണ്ണമായ പങ്കുണ്ടോ?

പ്രസാദവരത്തിലിരിക്കുന്ന തിരുസഭാംഗങ്ങൾക്കു മാത്രമേ ഈ ഐക്യത്തിൽ പൂർണ്ണമായ പങ്കുള്ളു. ഇക്കാരണത്താലാണ് 'വിശുദ്ധന്മാരുടെ ഐക്യം' എന്ന് ഇതിനെ വിളിക്കുന്നത്.

14. മരണകരമായ പാപത്തിൽ ഇരിക്കുന്നവർക്കു പുണ്യവാന്മാരുടെ ഐക്യത്തിൽ യാതൊരു പങ്കും ലഭിക്കുന്നില്ലേ?

മരണകരമായ പാപത്തിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് ഈ ഐക്യത്തിൽ യാതൊരു പങ്കും ലഭിക്കാതെ വരു

www.malankaralibrary.com


ന്നിലും തിരുസഭയുടെ പരസ്യപ്രാർത്ഥനകളും, പ്രസാദവരത്തിലിരിക്കുന്നവരുടെ പ്രാർത്ഥനകളും, സൽപ്രവൃത്തികളും നഷ്ടപ്പെടുത്തിയ പ്രസാദവരത്തെ വീണ്ടും അവർ പ്രാപിപ്പാൻ അവരെ സഹായിക്കുന്നു.

## 10. വിശ്വാസപ്രമാണത്തിന്റെ പത്താംഖണ്ഡിക.

1. "പാപമോചനത്തിലും ഞാൻ വിശ്വസിക്കുന്നു" എന്ന പത്താംഖണ്ഡികയിൽ നിന്നു് എന്തു മനസ്സിലാക്കണം?

മാമോദീസാ, കുമ്പസാരം എന്നീ കൂദാശകൾവഴി സകല പാപങ്ങളും, അവയുടെ ശിക്ഷയും മോചിക്കുവാൻ കർത്താവീശോമിശിഹാ തന്റെ തിരുസഭയ്ക്കു അധികാരം നൽകിയിട്ടുണ്ടെന്നു ഗ്രഹിക്കണം. (യോഹ. 3, 5; മത്താ. 16: 19; 18: 18; യോഹ. 20: 23)

2. പാപം മോചിക്കുന്നതിനുള്ള അധികാരം വിശുദ്ധ കത്തോലിക്കാസഭയ്ക്കല്ലാതെ ഇതര സഭകൾക്കുണ്ടോ?

വിശുദ്ധ കത്തോലിക്കാസഭയിൽനിന്നു വേർപെട്ടിരിക്കുന്ന യാതൊരു സഭയിലും പാപം മോചിക്കുന്നതിനുള്ള അധികാരമോ, നിത്യരക്ഷ പ്രാപിക്കാമെന്നുള്ള പ്രത്യാശയോ ഇല്ല. (നാലാം അദ്ധ്യായം കാണുക.)

## 11. വിശ്വാസപ്രമാണത്തിന്റെ പതിനൊന്നാം ഖണ്ഡിക.

1. "മരിച്ചവരുടെ ഉത്ഥാനത്തിലും ഞാൻവിശ്വസിക്കുന്നു" എന്ന പതിനൊന്നാമത്തെ ഖണ്ഡികയിൽ നിന്നു് എന്താണു നാം ഗ്രഹിക്കേണ്ടതു്.

ലോകാവസാനത്തിൽ സർവ്വശക്തനായ ദൈവം എല്ലാമനുഷ്യരെയും അവരവർക്കു മുമ്പുണ്ടായിരുന്ന ശരീരത്തോടുകൂടെ ഉയിർപ്പിക്കുമെന്നുള്ളതത്രേ (യോഹ. 5: 28–29; റോമാ. 8: 11; 1കോറി. 15: 12–58)

2. മരിച്ചവരുടെ ആത്മാക്കൾ ഉയിർപ്പിനു മുമ്പു് എവിടെ ആയിരിക്കും?

സ്വർഗ്ഗത്തിലോ, ശുദ്ധീകരണസ്ഥലത്തിലോ, നരകത്തി-

www.malankaralibrary.com



ലോ ആയിരിക്കും. (പൊതുവിധിക്കുശേഷം ശുദ്ധീകരസ്ഥലം ഉണ്ടായിരിക്കയില്ല.)

3. ശരീരത്തെ ഉയർപ്പിക്കുവാൻ ദൈവം തിരുമനസ്സാകുന്നതു് എന്തുകൊണ്ടു്?

ശരീരത്തെ ഉയിർപ്പിക്കുവാൻ ദൈവം തിരുമനസ്സാകുന്നതു്, മനുഷ്യൻ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ശരീരവും പുണ്യത്തിൽ അല്ലെങ്കിൽ പാപത്തിൽ സഹകരിച്ചിട്ടുള്ളതിനാൽ ആത്മാവോടുകൂടി ശരീരവും സമ്മാനം അഥവാ ശിക്ഷ സ്വീകരിക്കുന്നതിനാകുന്നു.

4. ഉയിർപ്പിൽ എല്ലാവരുടെയും ശരീരം ഒരേ വിധത്തിലായിരിക്കുമോ?

അല്ല, ദുഷ്ടന്മാരുടെ ശരീരം ഏറ്റവും വിരൂപമായതും, നീതിമാന്മാരുടെ ശരീരം ഉയിർത്ത യേശുമിശിഹായുടെ ശരീരംപോലെ അബാധം, ദീപ്തി, ലഘുത്വം സൂക്ഷ്മത എന്നീ നാലു വരങ്ങൾ പ്രാപിച്ചതുമായിരിക്കും. *

## 12. വിശ്വാസപ്രമാണത്തിന്റെ പന്ത്രണ്ടാം ഖണ്ഡിക.

1. "നിത്യായുസ്സിലും ഞാൻ വിശ്വസിക്കുന്നു" എന്ന പന്ത്രണ്ടാമത്തെ ഖണ്ഡികയിൽ നിന്നു് എന്തു ഗ്രഹിക്കണം?
നീതിമാന്മാർക്കു സ്വർഗ്ഗരാജ്യത്തിൽ നിത്യമായ ഭാഗ്യം ഒരുക്കി വെച്ചിരിക്കുന്നു എന്നും, നേരെമറിച്ചു ദുഷ്ട

---

* 1) അബാധം എന്ന വരത്താൽ നീതിമാന്മാർ യാതൊരു തരത്തിലുമുള്ള ദുഃഖത്തിനും ഉപദ്രവത്തിനും അധീനരാകയില്ല. 2) ദീപ്തി എന്ന വരത്താൽ അവർ സൂര്യനെപോലെ ശോഭിക്കും. 3) ലഘുത്വം എന്ന വരത്താൽ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കും, ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കും നിഷ്പ്രയാസം പോകുവാൻ അവർക്കു സാധിക്കും. 4) സൂക്ഷ്മത എന്ന വരത്താൽ യേശുമിശിഹാ ഉയിർപ്പിനുശേഷം കതകുകൾ അടച്ചുപൂട്ടിയ മുറിയിൽ പ്രവേശിച്ചതുപോലെ യാതൊരു പ്രതിബന്ധവും കൂടാതെ ഏതു വസ്തുവിന്റെയും ഉള്ളിൽക്കൂടെ കടന്നുപോകുവാൻ അവർക്കു സാധിക്കും.

www.malankaralibrary.com



ന്മാർ നരകത്തിൽ നിത്യശിക്ഷ അനുഭവിക്കണമെന്നും മനസ്സിലാക്കണം.

സ്വർഗ്ഗീയഭാഗ്യത്തെ സംബന്ധിക്കുന്ന വാക്യങ്ങൾ:— സൃഷ്ടി. 15, 1; സങ്കീ. 35, 9—10; മത്താ. 13, 43; 25, 46; യോഹ. 4, 13—14; 1 കോറി. 2, 9; വെളിപാട് 7, 15–17; 21, 4; 22, 1—5)

നരകത്തെ സംബന്ധിക്കുന്ന വാക്യങ്ങൾ.

സങ്കീ. 9, 18; എശയ്യാ 66, 24; മത്താ. 8, 12; മർക്കോ. 9, 44..45; എബ്രാ. 10 31; വെളി. 20, 9–15;21 ,8)

2. സ്വർഗ്ഗത്തിൽ എല്ലാ നീതിമാന്മാരുടെയും ഭാഗ്യം ഒരുപോലെയാണോ?

അല്ല; ലോകത്തിൽവെച്ചു ചെയ്ത സൽപ്രവൃത്തികൾക്കു അനുസരണമായിട്ടായിരിക്കും ഓരോരുത്തനും സ്വർഗ്ഗത്തിൽ ഭാഗ്യം അനുഭവിക്കുന്നതു്. (1 കോറി 3, 8; 2കോറി. 9, 6)

3. നരകത്തിൽ എല്ലാ ദുഷ്ടന്മാരുടെയും പീഡ ഒരുപോലെയാണോ?

അല്ല, ഓരോരുത്തനും ലോകത്തിൽവെച്ചു ചെയ്ത പാപങ്ങൾക്കും, അവഗണിച്ച ദൈവാനുഗ്രഹങ്ങൾക്കും അനുസരണമായിട്ടായിരിക്കും നരകത്തിൽ പീഡകൾ സഹിക്കുന്നതു്. (1 കോറി. 3, 8)

## 13. "ആമ്മീൻ" എന്ന വാക്കിന്റെ അർത്ഥം.

1. വിശ്വാസപ്രമാണത്തിന്റെ അവസാനം ചൊല്ലുന്ന "ആമ്മീൻ" എന്ന വാക്കിന്റെ അർത്ഥമെന്തു്?

"അങ്ങനെതന്നെ" എന്നു് അർത്ഥമാകുന്നു; അതായതു് മേൽപറഞ്ഞവയൊക്കെയും യഥാർത്ഥവും സുനിശ്ചിതവുമാകുന്നുവെന്നു് അർത്ഥമാകുന്നു. എന്നാൽ പ്രാർത്ഥനയുടെ അവസാനത്തിൽ നാം പറയുന്ന "ആമ്മീൻ" എന്ന വാക്കിനു "അങ്ങനെ സംഭവിക്കട്ടെ" എന്നാണു് അർത്ഥം.

www.malankaralibrary.com

# കത്തോലിക്കരുടെ ഇടയിൽ ഏററവും പ്രചാരത്തിലിരിക്കുന്ന ചില പ്രാൎത്ഥനകൾ.

---

## 1. പരിശുദ്ധ ദൈവമാതാവിന്റെ ജപമാല (കന്യാക്ഷമാല)

### സൂചന.

കത്തോലിക്കാസഭയിൽ ദൈവമാതാവിന്റെ സ്തുതിക്കായിട്ടു നടത്തിവരുന്ന ഭക്തികൃത്യങ്ങളിൽ ഏററവും പ്രചാരം സിദ്ധിച്ചിരിക്കുന്ന ഒന്നാകുന്നു ജപമാലപ്രാൎത്ഥന. ജപമാല ഉപയോഗിച്ചു പ്രാൎത്ഥനകൾ ചൊല്ലിവരുന്ന പതിവു പുരാതനകാലം തുടങ്ങിയുള്ളതാണെങ്കിലും ഇപ്പോൾ ചൊല്ലിവരുന്ന വിധം ജപമാലപ്രാൎത്ഥന നടത്തുവാൻ തുടങ്ങിയതു പന്ത്രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വിശുദ്ധ ദൊമിനിക്കൊസിന്റെ കാലം തുടങ്ങിയാണു്. അൽബിജെൻസിയൻ പാഷണ്ഡത യൂറോപ്പാസകലം വ്യാപിച്ചപ്പോൾ അതിനു പ്രതിവിധിയായി ജപമാലപ്രാൎത്ഥന നടപ്പിൽ വരുത്തുന്നതിനു ദൈവമാതാവു വിശുദ്ധ ദൊമിനിക്കോസിനു പ്രത്യക്ഷയായി ആജ്ഞ നല്കി. ഈ നിർദ്ദേശമനുസരിച്ചു വിശുദ്ധൻ പ്രവൎത്തിക്കയും തൽഫലമായി അൽബിജെൻസിയൻ പാഷണ്ഡത നിശ്ശേഷം നശിക്കുന്നതിനു് ഇടയാകയും ചെയ്തു. കാലക്രമത്തിൽ ജപമാലപ്രാൎത്ഥനയ്ക്കു തിരുസഭയിൽ സാൎവ്വത്രികമായ പ്രചാരം സിദ്ധിച്ചു. ഈ ഭക്തികൃത്യം വഴിയായി ദൈവത്തിന്റെ അനുഗ്രഹവൎഷങ്ങൾ

www.malankaralibrary.com


തിരുസഭയിൽ ഇപ്പോഴും നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലൂർദ്ദ്, ഫാത്തിമാ എന്നീ സ്ഥലങ്ങളിൽ ദൈവമാതാവു പ്രത്യക്ഷയായി ജപമാലപ്രാർത്ഥന ഭക്തിപൂർവ്വം നടത്തണമെന്നും, അങ്ങനെ നടത്തിയാൽ ലോകത്തിനു പൊതുവെ നേരിട്ടുകൊണ്ടിരിക്കുന്ന ദുഃഖങ്ങളും ദുരിതങ്ങളും നീങ്ങി ആദ്ധ്യാത്മികവും ലൌകികവുമായ നന്മകൾ ധാരാളം സിദ്ധിക്കുമെന്നും അറിയിക്കയുണ്ടായി.

ഈ ഭക്തികൃത്യം തിരുസഭ അംഗീകരിക്കുകയും ഇതു നടത്തുന്നവർക്കു അനേകം ബന്ധവിമോചനങ്ങൾ പല മാർപ്പാപ്പാമാർ കല്പിച്ചരുളുകയും ചെയ്തിട്ടുണ്ടു്. ഈ ബന്ധവിമോചനങ്ങൾ ലഭിക്കുന്നതിനു രണ്ടു വ്യവസ്ഥകൾ പ്രത്യേകം നിശ്ചയിച്ചിരിക്കുന്നു.

1. പ്രാർത്ഥനയ്ക്കു് ഉപയോഗിക്കുന്ന ജപമാല പ്രത്യേകമായ അനുവാദം ലഭിച്ചിട്ടുള്ള പട്ടക്കാരൻ ആശീർവ്വദിച്ചതായിരിക്കണം.

2. ജപമാലപ്രാർത്ഥന നടത്തുമ്പോൾ ഓരോ ദിവ്യരഹസ്യത്തെയുംപററി ധ്യാനിക്കയും, ജപമാല ഉപയോഗിച്ചുകൊണ്ടു് പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യണം. എന്നാൽ ഭക്തിയോടുകൂടെ പ്രാർത്ഥനകൾ ചൊല്ലിയാൽ ഏതെങ്കിലും കാരണം നിമിത്തം ധ്യാനിപ്പാൻ സാധിക്കാത്തവർക്കും ബന്ധവിമോചനങ്ങൾ ലഭിക്കുന്നതാണു്.

കുടുംബങ്ങളിലും ദേവാലയങ്ങളിലും മററും പൊതുവായി ജപമാലപ്രാർത്ഥന ചൊല്ലുമ്പോൾ ആശീർവ്വദിക്കപ്പെട്ട ജപമാല ഒരാൾക്കെങ്കിലും ഉണ്ടായിരുന്നാൽ മതിയാകും. ആ ആളോടു യോജിച്ചു ഭക്തിയോടും അന്യചിന്തകൾ കൂടാതെയും പ്രാർത്ഥിച്ചാൽ നൽകപ്പെട്ട എല്ലാ ബന്ധവിമോചനങ്ങളും ജപമാല ഇല്ലാത്തവർക്കും ലഭിക്കുന്നതാണു്.

☞ ഈ സൂചനയിൽ പറഞ്ഞിട്ടുള്ള സംഗതികളെല്ലാം അദ്ധ്യാപകന്മാർ വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കണം.

www.malankaralibrary.com



## പ്രാരംഭപ്രാൎത്ഥന

അളവില്ലാത്ത സകല നന്മസ്വരൂപിയായ സർവ്വേശ്വരാ! കർത്താവേ! നീചരും നന്ദിഹീനരും പാപികളുമായ അടിയങ്ങൾ അനന്തമഹിമ പ്രതാപത്തോടുകൂടിയ നിന്റെ സന്നിധിയിൽ പ്രാൎത്ഥിപ്പാൻ അയോഗ്യരാകുന്നു. എങ്കിലും നിന്റെ അറുതിയില്ലാത്ത ദയയിൽ ശരണപ്പെട്ടു, പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി ജപമാല പ്രാൎത്ഥന നടത്തുവാൻ ആഗ്രഹിക്കുന്നു. ഇതു ഭക്തിയോടെ ചൊല്ലി, അന്യചിന്തകൾ കൂടാതെ നിറവേററുവാൻ കർത്താവേ! സഹായം ചെയ്യണമേ.

[അപ്പോസ്തോലന്മാരുടെ വിശ്വാസപ്രമാണം (9-ാം പാഠം കാണുക.) ചൊല്ലിയശേഷം 1ത്രി. ചൊല്ലണം]

പിതാവായ ദൈവത്തിന്റെ പുത്രിയായ പരിശുദ്ധ മറിയമേ! ഞങ്ങളിൽ വിശ്വാസമെന്ന ദൈവികപുണ്യം ഫലവത്തായിത്തീരുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1നന്മ.

പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധ മറിയമേ! ഞങ്ങളിൽ ശരണമെന്ന ദൈവികപുണ്യം വൎദ്ധിപ്പാനായിട്ട് നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1നന്മ.

പരിശുദ്ധാത്മാവായ ദൈവത്തിന് ഏററവും പ്രിയമുള്ളവളായ പരിശുദ്ധ മറിയമേ! ഞങ്ങളിൽ സ്നേഹമെന്ന ദൈവികപുണ്യം പ്രബലപ്പെടുവാൻ നിന്റെ തിരുക്കുമാരനോട് അപേക്ഷിക്കണമേ. 1നന്മ. 1ത്രി.

[തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിലും, ആഗമനകാലം (25 നോമ്പു തുടങ്ങുന്ന ആഴ്ചയുടെ ആരംഭം) മുതൽ അമ്പതുനോമ്പു വരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ട സന്തോഷകരമായ ദിവ്യരഹസ്യങ്ങൾ.]

### 1-ാം ദിവ്യരഹസ്യം.

പരിശുദ്ധ കന്യകമറിയമേ! ദൈവപുത്രൻ നിന്റെ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്നു ഗബ്രിയേൽ മാ

www.malankaralibrary.com


ലാഖാ ദൈവകല്പനയാൽ നിന്നെ അറിയിച്ചപ്പോൾ നിനക്കുണ്ടായ സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന നിന്റെ മക്കളായ ഞങ്ങളുടെ ഹൃദയത്തിൽ പ്രസാദവരം വഴിയായി ദൈവപുത്രൻ എപ്പോഴും വസിക്കുന്നതിനു ഇടവരുത്തണമേ.

1ആം. 10നന്മ. 1ത്രി.

## 2-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ ഇളയമ്മയായ എലിശ്ബാപുണ്യവതിയെ നീ സന്ദൎശിച്ചപ്പോൾ ആ പുണ്യവതിക്കു സൎവ്വേശ്വരൻ ചെയ്ത കരുണയെ കണ്ടു നിനക്കുണ്ടായ അത്യന്ത സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾക്കു ലൗകിക സന്തോഷങ്ങളെ ത്യജിച്ചു പരലോക സന്തോഷത്തെ ആഗ്രഹിച്ചു അന്വേഷിപ്പാൻ അനുഗ്രഹം ലഭിക്കുമാറാക്കണമേ.

1ആം. 10നന്മ. 1ത്രി.

## 3-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ കന്യാത്വത്തിനു ഭംഗം വരാതെ ദൈവപുത്രനെ നീ പ്രസവിച്ചതിനാൽ നിനക്കുണ്ടായ സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ അവിടുന്നു ആദ്ധ്യാത്മികമായ വിധം ജനിപ്പാൻ നീ ഇടയാക്കണമേ.

1ആം. 10നന്മ. 1ത്രി.

## 4-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ ദിവ്യപുത്രനെ ദേവാലയത്തിൽ നീ കാഴ്ചവെച്ചപ്പോൾ മഹാത്മാക്കൾ അവനെ സ്തുതിക്കുന്നതു കണ്ടു നിനക്കുണ്ടായ സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾ അവനു യോഗ്യമായ ദേവാലയമായിത്തീരുവാൻ സംഗതിയാക്കണമേ.

1ആം. 10നന്മ. 1ത്രി.

## 5-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ പന്ത്രണ്ടാമത്തെ വയസ്സിൽ കാണാതെ പോയപ്പോൾ മൂന്നാം ദിവസം ദേവാലയത്തിൽ തൎക്കിച്ചു കൊണ്ടിരിക്കു-

www.malankaralibrary.com



യിൽ അവനെ നീ കണ്ടെത്തിയതിനാൽ നിനക്കുണ്ടായ സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ പാപത്താൽ ഒരിക്കലും അവനെ വിട്ടുപിരിയാതിരിപ്പാനും, വിട്ടുപിരിഞ്ഞുപോയാൽ ഉടനെ അനുതാപത്താൽ കണ്ടെത്തുവാനും ഇടയാക്കണമേ. 1 ആം. 10 നന്മ 1 ത്രി.

[ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിലും അമ്പതു
നോമ്പിലെ ഞായറാഴ്ചകളിലും ചൊല്ലേണ്ട
ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ ]

1-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ പൂങ്കാവനത്തിൽ പ്രാർത്ഥിച്ചപ്പോൾ രക്തം വിയർത്തു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്കു പാപങ്ങളെപ്പറ്റി അനുതപിച്ചു മോചനം പ്രാപിപ്പാൻ കൃപ ലഭിക്കുമാറാകണമേ.

1 ആം. 10 നന്മ. 1 ത്രി.

2-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ കൽത്തൂണിൽ കെട്ടപ്പെട്ട് ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്നതോർത്തു ധ്യാനിക്കുന്ന ഞങ്ങൾക്ക് ഞങ്ങളുടെ പാപങ്ങളാൽ നേരിടുന്ന കഠിനശിക്ഷകളെ അനുതാപത്താലും, സുകൃതജീവിതത്താലും അകററുവാൻ കൃപ ലഭിക്കുമാറാകണമെ.

1 ആം. 10 നന്മ. 1 ത്രി.

3-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരന്റെ തിരുത്തലയിൽ മുൾമുടി ധരിപ്പിച്ച് അവനെ പരിഹാസരാജാവാക്കിയതിനെപ്പററി ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ നിന്നു പാപമുള്ളുകളെ അനുതാപത്താൽ പിഴുതുകളയുവാൻ കൃപ ലഭിക്കുമാറാകണമെ. 1 ആം. 10 നന്മ. 1 ത്രി.

4-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ട് ഭാരമേറിയ കുരി

www.malankaralibrary.com



ശ്രു ഷുമന്നുകൊണ്ടു ഗാഗുൽത്താമലയിലേക്കു പോയതിനെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾക്കു ദുഃഖാനന്തരമെന്ന കുരിശിനെ ക്ഷമാപൂൎവ്വം വഹിച്ചുകൊണ്ടു് അവനെ അനുഗമിക്കുവാൻ കൃപ ലഭിക്കുമാറാക്കണമെ. 1 ആ. 10 നന്മ. 1 ത്രി.

## 5-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ ഗാഗുൽത്താമലയിൽ നിന്റെ സന്നിധിയിൽവച്ചു് ഇരുമ്പാണികളാൽ കുരിശിൽ തറയ്ക്കപ്പെട്ടതിനെ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ, നിന്റെ ദിവ്യപുത്രന്റെ പീഡകളും നിന്റെ വ്യാകുലങ്ങളും നീ പതിച്ചരുളണമെ. 1 ആ. 1 നന്മ. 1 ത്രി.

[ബുധൻ, ശനി എന്നീ ദിവസങ്ങളിലും ഉയിൎപ്പു മുതൽ ആഗമനം (ഇരുപത്തഞ്ചുനോമ്പു) വരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ട യശസ്കരമായ ദിവ്യരഹസ്യങ്ങൾ.]

## 1-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ പീഡകൾ സഹിച്ചു മരിച്ചു്, മൂന്നാം ദിവസം എന്നന്നേക്കും ജീവിക്കുന്നവനായി ഉത്ഥാനം ചെയ്തതിനെ ധ്യാനിക്കുന്ന ഞങ്ങൾക്കു പാപമരണത്തിൽനിന്നു് എന്നന്നേക്കും ഉയിൎത്തെഴുന്നേല്പാൻ കൃപ ലഭിക്കുമാറാക്കണമെ. 1 ആ. 10 നന്മ. 1 ത്രി.

## 2-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ ഉയിൎത്തു്, നാല്പതാംദിവസം എത്രയും പ്രാഭവത്തോടെ സ്വൎഗ്ഗാരോഹണം ചെയ്തതിനെ ധ്യാനിക്കുന്ന ഞങ്ങൾക്കു് പരലോകകാൎയ്യങ്ങൾ മാത്രം ആഗ്രഹിച്ചു് അന്വേഷിച്ചു് സ്വൎഗ്ഗഭാഗ്യം പ്രാപിപ്പാൻ കൃപ ലഭിക്കുമാറാക്കണമെ. 1 ആ. 10 നന്മ. 1 ത്രി.

## 3-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ സ്വൎഗ്ഗത്തിലേക്കു് എഴുന്നള്ളിയതിന്റെ പത്താംനാൾ സെഹിയോൻ മാളികയിൽ ധ്യാനിച്ചിരുന്ന നിന്നിലും ശിഷ്യ

www.malankaralibrary.com


ന്മാരിലും പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ചു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്ക്, പരിശുദ്ധാത്മാവിൻെറ പ്രസാദവരത്താൽ ദൈവേഷ്ടപ്രകാരം ജീവിപ്പാൻ കൃപലഭിക്കുമാറാക്കണമേ. 1 ആ. 10 നന്മ. 1 ത്രി.

## 4-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിൻെറ തിരുക്കുമാരൻ ഉയിർത്തെഴുന്നെള്ളി കുറെക്കാലം കഴിഞ്ഞപ്പോൾ നീ ഈ ലോകത്തിൽ നിന്നു ദൈവദൂതന്മാരാൽ സ്വർഗ്ഗത്തിലേക്കു കരേററപ്പെട്ടു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്ക്, നിൻെറ സഹായത്താൽ സ്വർഗ്ഗത്തിൽ വന്നുചേരുവാൻ കൃപ ലഭിക്കുമാറാക്കണമേ. 1 ആ. 10 നന്മ. 1 ത്രി.

## 5-ാം ദിവ്യരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നീ പരലോകത്തിൽ എഴുന്നെള്ളിയ ഉടനെ നിൻെറ തിരുക്കുമാരൻ നിന്നെ ത്രിലോകരാജ്ഞിയായി മുടിധരിപ്പിച്ചു എന്നതിനെ ധ്യാനിക്കുന്ന ഞങ്ങൾക്കു, സ്വർഗ്ഗത്തിൽ നിന്നോടുകൂടെ സന്തതം ദൈവത്തെ സ്തുതിച്ചനുഭവിപ്പാൻ ഇടവരുത്തണമേ. 1 ആ. 10 നന്മ. 1 ത്രി.

## സമർപ്പണം.

മുഖ്യദൂതന്മാരായ വിശുദ്ധ മിഖായേലേ! വിശുദ്ധ ഗബ്രിയേലേ! വി. റപ്പായേലേ! ശ്ലീഹന്മാരായ മാർ പത്രോസേ! മാർ പൗലോസേ! മാർ യോഹന്നാനേ! ഞങ്ങളുടെ പിതാവായ മാർ തോമ്മായേ! മഹാപാപികളായ ഞങ്ങൾ നിവർത്തിച്ച ഈ പ്രാർത്ഥനയെ നിങ്ങളുടെ സ്തുതികളോടുകൂടെ ഒരുമിച്ചുചേർത്ത് പരിശുദ്ധ ദൈവമാതാവിൻെറ തൃപ്പാദത്തിങ്കൽ കാണിക്കയായി സമർപ്പിക്കാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## പരിശുദ്ധ ദൈവമാതാവിൻെറ ലുത്തിനിയാ.

(കീർത്തനമാല)

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.

www.malankaralibrary.com


മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
സ്വർഗ്ഗസ്ഥപിതാവായ ദൈവമേ!
ലോകരക്ഷിതാവായ ദൈവപുത്രാ!
പരിശുദ്ധാത്മാവായ ദൈവമേ!
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ!

ഞങ്ങളെ അനുഗ്രഹിക്കണമേ.

പരിശുദ്ധ മറിയമേ!
തമ്പുരാന്റെ പുണ്യജനനിയേ!
കന്യകൾക്ക മകുടമായ നിർമ്മല കന്യകയേ!
മിശിഹായുടെ മാതാവേ!
പ്രസാദവരത്തിന്റെ മാതാവേ!
ഏറ്റവും പരിശുദ്ധയായ മാതാവേ!
അത്യന്തവിരക്തയായ മാതാവേ!
കന്യാത്വത്തിന് ഭംഗം വരാത്ത മാതാവേ!
നിർമ്മലകന്യകയായ മാതാവേ!
സ്നേഹഭാജനമായ മാതാവേ!
അത്ഭുതത്തിന് വിഷയമായ മാതാവേ!
സദുപദേശത്തിന്റെ മാതാവേ!
സ്രഷ്ടാവിന്റെ മാതാവേ!
രക്ഷിതാവിന്റെ മാതാവേ!
ഏറ്റവും വിവേകമുള്ള കന്യകയേ!
*അതീവ സ്തുതിക്ക യോഗ്യയായ കന്യകയേ!
+പ്രഭാവവതിയായ കന്യകയേ!
കരുണയുള്ള കന്യകയേ!
വിശ്വസ്തയായ കന്യകയേ!
നീതിയുടെ × ദർപ്പണമേ!
ബോധജ്ഞാനത്തിന്റെ സിംഹാസനമേ!
ഞങ്ങളുടെ ആനന്ദത്തിന്റെ കാരണമേ!
ആദ്ധ്യാത്മിക പാത്രമേ!
ബഹുമാനത്തിന്റെ പാത്രമേ!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

---

* അതീവ സ്തുതി = വളരെ അധികമായ സ്തുതി.
\+ പ്രഭാവവതി = ശക്തിയും അധികാരവുമുള്ളവൾ.
× ദർപ്പണം = കണ്ണാടി.

www.malankaralibrary.com



അസാമാന്യ ഭക്തിയുടെ പാത്രമേ!
ദിവ്യരഹസ്യം നിറഞ്ഞ റോസപുഷ്പമേ!
ദാവീദിന്റെ കോട്ടയേ!
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ!
സ്വർണ്ണാലയമേ!
വാഗ്ദാനത്തിന്റെ പെട്ടകമേ!
സ്വർഗ്ഗരാജ്യത്തിന്റെ വാതിലേ!
ഉദയകാലത്തിലെ നക്ഷത്രമേ!
രോഗികളുടെ സ്വാസ്ഥതയേ!
പാപികളുടെ സങ്കേതമേ!
ദുഃഖിതരുടെ ആശ്വാസമേ!
ക്രിസ്ത്യാനികളുടെ സഹായമേ!
മാലാഖാമാരുടെ രാജ്ഞീ!
പൂർവ്വപിതാക്കന്മാരുടെ രാജ്ഞീ!
ദീർഘദർശികളുടെ രാജ്ഞീ!
ശ്ലീഹന്മാരുടെ രാജ്ഞീ!
രക്തസാക്ഷികളുടെ രാജ്ഞീ!
ഖ്യാപകന്മാരുടെ * രാജ്ഞീ!
കന്യകകളുടെ രാജ്ഞീ!
സകല വിശുദ്ധന്മാരുടെയും രാജ്ഞീ!
അമലോത്ഭവയായ രാജ്ഞീ!
പരിശുദ്ധ ജപമാലയുടെ രാജ്ഞീ!
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞീ!
സമാധാനത്തിന്റെ രാജ്ഞീ!
സ്വർഗ്ഗാരോപണം ചെയ്ത രാജ്ഞീ!

ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടായ ഈശോതമ്പുരാനേ!
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.
ഭൂലോകപാപങ്ങൾ നീക്കുന്ന...............
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോകപാപങ്ങൾ നീക്കുന്ന...............
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

---

* ഖ്യാപകന്മാർ = വിശ്വാസത്തെപ്രതി പീഡകൾ സഹിച്ചവർ

www.malankaralibrary.com



സർവ്വേശ്വരന്റെ പരിശുദ്ധമാതാവേ! ഇതാ നിന്റെ പക്കൽ ഞങ്ങൾ അഭയം പ്രാപിക്കുന്നു. ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളുടെ യാചനകൾ നീ നിരസിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യകയേ! സകല ആപത്തുകളിൽ നിന്നു എപ്പോഴും ഞങ്ങളെ കാത്തുകൊള്ളണമെ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

നമുക്കു പ്രാർത്ഥിക്കാം.

കർത്താവേ! പൂർണ്ണഹൃദയത്തോടുകൂടെ സാഷ്ടാംഗപ്രണാമം * ചെയ്യുന്ന ഞങ്ങളെ (ഈ കുടുംബത്തെ) കടാക്ഷിച്ചു നിത്യവും കന്യകയായിരിക്കുന്ന മർത്തമറിയാമ്മിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടെ ഉപദ്രവത്തിൽനിന്നും സംരക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

["സ്വർഗ്ഗരാജ്ഞി! കരുണയുടെ മാതാവേ!" എന്ന പ്രാർത്ഥന ചൊല്ലുന്നു. 19-ാം പാഠം കാണുക.]

നമുക്കു പ്രാർത്ഥിക്കാം.

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ! ഭാഗ്യവതിയായ മറിയാമ്മിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ നിന്റെ ദിവ്യപുത്രനു യോഗ്യമായ ആലയമായിരിപ്പാൻ പൂർവ്വികമായി നീ നിശ്ചയിച്ചുവല്ലോ. ഈ ദിവ്യമാതാവിൽ സന്തോഷിക്കുന്ന ഞങ്ങൾ ഇവളുടെ x അനുഗ്രഹദായകമായ അപേക്ഷയാൽ ഈ ലോകത്തിലെ സകല ആപത്തുകളിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷപ്രാപിക്കുവാൻ കൃപചെയ്യണമെ. ഈ യാചനകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹാ മുഖേന ഞങ്ങൾക്കു തന്നരുളണമേ. ആമ്മീൻ.

---

* സാഷ്ടാംഗപ്രണാമം = താണുവീണുള്ള ആരാധന.

x അനുഗ്രഹദായകമായ = അനുഗ്രഹം നൽകുന്ന.

www.malankaralibrary.com



### എത്രയും ദയയുള്ളമാതാവേ! എന്ന പ്രാൎത്ഥന.

എത്രയും ദയയുള്ളമാതാവേ! നിന്റെ സങ്കേതത്തിൽ ഓടിവന്നു, നിന്റെ സഹായം അപേക്ഷിച്ചു, നിന്റെ മാദ്ധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചുതായി ലോകത്തിൽ കേട്ടിട്ടില്ലെന്നു ഓൎക്കണമേ. കന്യകകളുടെ രാജ്ഞി! ദയയുള്ളമാതാവേ! ഇപ്രകാരമുള്ള വിശ്വാസത്താൽ ധൈൎയ്യം പ്രാപിച്ചു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അടുത്തുവരുന്നു പാപിയായ ഞാൻ നെടുവീൎപ്പോടും കണ്ണുനീരോടും നിന്റെ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ടു് നിന്റെ സന്നിധിയിൽ നില്ക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ! എന്റെ അപേക്ഷയെ നിരസിക്കാതെ ദയാപൂൎവ്വം കേട്ടരുളേണമേ. ആമ്മീൻ.

### 2. തിരുസഭയുടെ മദ്ധ്യസ്ഥനായ
### മാർ യൗസേപ്പുപിതാവിനോടുള്ള പ്രാൎത്ഥന.

ഭാഗ്യവാനായ മാർ യൗസേപ്പേ! ഞങ്ങളുടെ അനൎത്ഥങ്ങളിൽ നിന്റെ പക്കൽ ഞങ്ങൾ അണഞ്ഞു് നിന്റെ മദ്ധ്യസ്ഥതയെ ഞങ്ങൾ ഇപ്പോൾ മനശ്ശരണത്തോടുകൂടി യാചിക്കുന്നു. ദൈവജനനിയായ അമലോത്ഭവകന്യകയോടു നിന്നെ യോജിപ്പിച്ച പക്ഷത്തെപ്രതിയും ഉണ്ണിഈശോയെ നീ ആലിംഗനം ചെയ്ത പിതാവിനടുത്ത സ്നേഹത്തെപ്രതിയും ഈശോമിശിഹാ തന്റെ തിരുരക്തത്താൽ നേടിയ അവകാശത്തെ കൃപയോടെ നീ നോക്കണമെന്നും നിന്റെ ശക്തിയാലും വല്ലഭത്വത്താലും ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമെന്നും എളിമയോടെ ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

തിരുക്കുടുംബത്തിന്റെ എത്രയും വിവേകിയായ കാവൽക്കാരാ! ഈശോമിശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ നീ ആദരിക്കണമേ. ഏററവും പ്രിയമുള്ള പിതാവേ! അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും കറകളൊക്കെയിൽ

www.malankaralibrary.com



നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങളുടെ ഏത്രയും വല്ലഭനായ പാലകനേ! അന്ധകാര ശക്തികളോട്ട ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ സ്വർഗ്ഗത്തിൽ നിന്ന ഞങ്ങളെ സദയം സഹായിക്കേണമേ.

നീ ഒരിക്കൽ ഉണ്ണീശോയെ മരണകരമായ അപകടത്തിൽ നിന്ന രക്ഷിച്ചതുപോലെ ഇപ്പോൾ ദൈവത്തിന്റെ തിരുസഭയെ ശത്രുവിന്റെ കണികളിൽ നിന്നും ആപത്തുകളൊക്കയിൽ നിന്നും കാത്തുകൊള്ളണമേ. ഞങ്ങൾ നിന്റെ മാതൃക അനുസരിച്ച്, നിന്റെ സഹായത്താൽ ബലംപ്രാപിച്ച പുണ്യജീവിതം കഴിപ്പാനും, നല്ലമരണം ലഭിച്ച സ്വർഗ്ഗത്തിൽ നിത്യഭാഗ്യം പ്രാപിപ്പാനും തക്കവണ്ണം നിന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങൾ എല്ലാവരെയും എല്ലായ്പോഴും കാത്തുകൊള്ളണമേ. ആമ്മീൻ. (3(0 ദി. ദ. വി.)

വി. യൗസേപ്പേ! ഞങ്ങൾ പരിശുദ്ധരായി ജീവിപ്പാനും ഞങ്ങളുടെ ജീവിതം നിന്റെ മദ്ധ്യസ്ഥതയാൽ കുററമില്ലാത്തതാകുവാനും സഹായം ചെയ്യണമേ. (300 ദി. ദ. വി.)

## 3. തിരുഹൃദയജപമാല.

(ഈ പ്രാർത്ഥന ഭക്തിപൂർവ്വം ചൊല്ലുന്നവർക്ക് ഓരോ പ്രാവശ്യവും ഇരുപതിനായിരം ദിവസത്തെ ദണ്ഡവിമോചനം ലഭിക്കുന്നതാണ്. ഈ ഫലം ശുദ്ധീകര സ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി കാഴ്ചവെക്കയും ചെയ്യാം.)

മിശിഹായുടെ ദിവ്യാത്മാവേ! എന്നെ ശുദ്ധീകരിക്കണമേ.
മിശിഹായുടെ തിരുശരീരമേ! എന്നെ രക്ഷിക്കണമേ.
മിശിഹായുടെ തിരുരക്തമേ! എന്നെ ലഹരിപിടിപ്പിക്കണമേ.
മിശിഹായുടെ തിരുവിലാവിലെ വെള്ളമേ! എന്നെകഴുകണമേ.
മിശിഹായുടെ പീഡാനുഭവമേ! എന്നെധൈര്യപ്പെടുത്തണമേ.

www.malankaralibrary.com



നല്ല ഈശോയേ! എന്റെ അപേക്ഷ കേൾക്കണമേ.

നിന്റെ തിരുമുറിവുകളിൽ എന്നെ മറച്ചുകൊള്ളണമേ.

നിന്നിൽ നിന്നു പിരിഞ്ഞുപോകുവാൻ എന്നെ അനുവദിക്കരുതേ.

ദുഷ്ടശത്രുവിൽ നിന്നു് എന്നെ കാത്തുകൊള്ളണമേ.

എന്റെ മരണനേരത്തിൽ എന്നെ നിന്റെ പക്കലേക്കു വിളിക്കണമേ.

നിന്റെ പരിശുദ്ധന്മാരോടുകൂടെ നിത്യമായി നിന്നെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നതിനു് നിന്റെ അടുക്കൽ വരുവാൻ എന്നോടു് കല്പിക്കണമേ. ആമ്മീൻ

ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ! എന്റെ ഹൃദയം നിന്റെ ദിവ്യഹൃദയത്തിനു് അനുയോജ്യമാക്കിയരുളണമേ.

ഈശോയുടെ മധുരമുള്ള തിരുഹൃദയമേ! എന്റെ സ്നേഹമായിരിക്കണമേ.

[ഇതു പത്തുപ്രാവശ്യം ചൊല്ലിയശേഷം]

മറിയത്തിന്റെ മധുരമുള്ള ഹൃദയമേ! എന്റെ രക്ഷയായിരിക്കണമേ. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ! എന്റെ ഹൃദയം നിന്റെ ദിവ്യഹൃദയത്തിനു് അനുയോജ്യമാക്കിയരുളണമേ.

[എന്നു് ഒരു പ്രാവശ്യം ചൊല്ലണം. ഇപ്രകാരം അഞ്ചുദശകം ചൊല്ലിയിട്ടു]

## സമർപ്പണം.

ഈശോയുടെ ദിവ്യഹൃദയമേ! ഞങ്ങളോടു അലിവായിരിക്കണമേ.

അമലോത്ഭവമറിയത്തിന്റെ കറയില്ലാത്ത ഹൃദയമേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

ഈശോയുടെ തിരുഹൃദയം എല്ലായിടത്തും എല്ലാവരാലും സ്നേഹിക്കപ്പെടട്ടെ.

മരണപീഡയനുഭവിച്ച ഈശോയുടെ തിരുഹൃദയമേ! ഇന്നു മരിക്കുന്നവരോടു കൃപചെയ്യണമേ.

www.malankaralibrary.com



## 4. അകത്തോലിക്കരുടെ മാനസാന്തരത്തിനായുള്ള പ്രാൎത്ഥന.

പാപികളായ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി തന്റെ ഏക പുത്രനെക്കൂടി ബലി കഴിപ്പാൻ തിരുമനസ്സായ പിതാവാം ദൈവമേ! നിന്റെ പക്കലേക്കുള്ള നേർവഴിതെറ്റി ഇടയനും തൊഴുത്തുമില്ലാത്ത ആടുകളെപ്പോലെ അലഞ്ഞു കഷ്ടപ്പെടുന്ന നിന്റെ മക്കളും ഞങ്ങളുടെ സഹോദരങ്ങളുമായ അകത്തോലിക്കരോടു കൃപചെയ്യണമേ. നിന്റെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ യേശുമിശിഹായുടെ വികാരിയും വി. പത്രോസിന്റെ അനന്തരഗാമിയും റോമ്മാ മാർപ്പാപ്പാ ആകുന്നവനും അദ്ദേഹത്താൽ ഭരിക്കപ്പെടുന്ന സഭമാത്രം ഏക സത്യ തിരുസഭയെന്നും അറിഞ്ഞു വിശ്വസിപ്പാൻ വേണ്ടുന്ന വെളിവും മനോധൈൎയ്യവും അവൎക്കു കൊടുത്തരുളണമെന്നു ഞങ്ങളുടെ കൎത്താവേശുമിശിഹാ മുഖാന്തിരം കരുണാനിധിയായ പിതാവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മീൻ.

www.malankaralibrary.com



## 4. അകത്തോലിക്കരുടെ മാനസാന്തരത്തിനായുള്ള പ്രാർത്ഥന.

പാപികളായ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി തന്റെ ഏക പുത്രനെക്കൂടി ബലി കഴിപ്പാൻ തിരുമനസ്സായ പിതാവാം ദൈവമേ! നിന്റെ പക്കലേക്കുള്ള നേർവഴിതെറ്റി ഇടയനും തൊഴുത്തുമില്ലാത്ത ആടുകളെപ്പോലെ അലഞ്ഞു കഷ്ടപ്പെടുന്ന നിന്റെ മക്കളും ഞങ്ങളുടെ സഹോദരങ്ങളുമായ അകത്തോലിക്കരോടു കൃപചെയ്യണമേ. നിന്റെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ യേശുമിശിഹായുടെ വികാരിയും വി. പത്രോസിന്റെ അനന്തരഗാമിയും റോമ്മാ മാർപ്പാപ്പാ ആകുന്നുവെന്നും അദ്ദേഹത്താൽ ഭരിക്കപ്പെടുന്ന സഭമാത്രം ഏക സത്യ തിരുസഭയെന്നും അറിഞ്ഞു വിശ്വസിപ്പാൻ വേണ്ടുന്ന വെളിവും മനോധൈര്യവും അവർക്ക് കൊടുത്തരുളണമെന്നു ഞങ്ങളുടെ കർത്താവേശുമിശിഹാ മുഖാന്തരം കരുണാനിധിയായ പിതാവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മീൻ.